പുതുവർഷ പുലരിയിൽ
ശാന്തി നിറയട്ടെ...

THE MALANKARA SABHA

മലങ്കരസഭ

ജനുവരി 2015

The Official Media of Malankara Orthodox Syrian Church

Rs : 15

ദേവലോകത്ത് പുതിയ ഓഫീസ് സമുച്ചയം

പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ചരമ സുവർണ്ണ ജൂബിലി സമാപനം

22-ാം ചരമവാർഷികം

എം. ജോർജ് മുത്തൂറ്റ്

കോഴഞ്ചേരി

ജനനം: 4-2-1911 മരണം: 31-1-1993

By Sorrowing Family & Staff Members of The Muthoot Group



മലങ്കരസഭ

ഏറ്റവും പ്രചാരമുള്ള സഭാ പ്രസിദ്ധീകരണം

www.malankarasabhaonline.in
malankarasabha1946@gmail.com
sabhamasika@yahoo.com

ലക്കം 1, പുസ്തകം 72, ജനുവരി 2015

5 മഹാപുരോഹിത സന്ദേശം

6 എഡിറ്റോറിയൽ
- ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
ഘർ വാപസി

10 അവൻ നിങ്ങളോട്...
ലേഖനം
- യൂഹാനോൻ മാർ പോളികാർപ്പോസ്

11 സെൽഫി
ന്യൂഇയർ
- സഖേർ

13 പ. ഏലിയാസ് തൃതീയൻ...
പഠനം
- ഫാ. ഡോ. ബി. വർഗീസ്

16 ദീനാ:യുവതികൾക്ക്...
പ്രഭാഷണം
- ഫാ.ഡോ.റ്റി.ജെ. ജോഷ്വാ

20 നിനുവാ നോമ്പ്..
പഠനം
- വെരി.റവ.എ.ജി. ജോസഫ് റമ്പാൻ

28 ആദ്ധ്യാത്മിക തേജസിന്റെ...
ജന്മശതാബ്ദി
- ഫാ. ജോയിക്കുട്ടി വർഗീസ്

31 വാങ്ങിപ്പോയവർ...
വിശ്വാസപാഠം
- ഫാ. ജോർജ് കുറ്റിയിൽ, മാത്തൂർ

34 സുറിയാനി ഭാഷയുടെ...
അതിഥി
- ഫാ. ദീപു ഫിലിപ്പ്

സമ്യഗ് ദർശനം, പെണ്മ, പിൻവഴി,
അനുസ്മരണങ്ങൾ,
വാർത്തകൾ...

www.malankarasabhaonline.in

പരി. ബസേലിയോസ് മാർത്തോമ്മാ
മാത്യൂസ് ദ്വിതീയൻ കാതോലിക്കാ
ബാവായുടെ 9-ാം ഓർമ്മ
ജനുവരി 25 മുതൽ 31 വരെ

President
Dr. Zachariah Mar Aprem
Chief Editor
Fr. John Thomas Karingattil

Printed and Published by
Fr. Deepu Philip for Orthodox
Viswasa Paripalana Samithy,
Kottayam.
Sub Editor
Fr. Shalu Lukose Thirumangalam

Printed at
Catholicate press, Devalokam
Kottayam-04;

To Contact Malankara Sabha
For Subscription queiries
sabhamasika@yahoo.com
For Editorial queries
malankarasabha1946@gmail.com

www.malankarasabhaonline.in

Devalokam Kottayam-04;
Ph:0481-2573234
Fax : +91 481 2573234

Rs. 15/-

BRIEFLY

സെറാംമ്പൂർ സർവ്വകലാശാല കോൺവൊക്കേഷൻ ഫെബ്രുവരി ഏഴിന് ശനിയാഴ്ച മൂന്നുമണിക്ക് പഴയസെമിനാരിയിൽ. പഴയസെമിനാരി ദ്വിശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ചിട്ടുള്ള സെറാംമ്പൂർ കോൺവൊക്കേഷന്റെ വിവിധ സമ്മേളനങ്ങൾ ഫെബ്രുവരി 4 മുതൽ 7 വരെ നടത്തും.

അഖില മലങ്കര ബാലസമാജം വാർഷിക ക്യാമ്പ് 2015 ജനുവരി 24-26 വരെ പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നടത്തും.

മൂന്നുനോമ്പ്: ജനുവരി 5 മുതൽ 29 വരെ. യോനാ ദീർഘദർശിയുടെ ഓർമ്മ.

ഫെബ്രുവരി 16-ന് വലിയ നോമ്പ് ആരംഭം. മാർച്ച് 11. പാതിനോമ്പ്, മാർച്ച് 29 ഓശനാ ഞായറാഴ്ച

മാർച്ച് 22 ഞായർ മലങ്കര ഓർത്തഡോക്സ് സഭാ ദിനം. (കാതോലിക്കാ ദിനം)

സെറാംമ്പൂർ സർവ്വകലാശാലയുടെ 2015 ലെ ബിരുദദാന സമ്മേളനം ഫെബ്രുവരി 7-ന് ശനിയാഴ്ച കോട്ടയം പഴയസെമിനാരിയിൽ നടത്തും.

www.facebook.com/malankarasabha
(മലങ്കരസഭ മാസികയുടെ ഫെയ്സ് ബുക്ക് അക്കൗണ്ട്)

'മലങ്കരസഭാ വാർത്തകൾ' സഭയുടെ ഔദ്യോഗിക വെബ്സൈറ്റായ കാതോലിക്കേറ്റ് ന്യൂസിലേക്ക് അയച്ചു തരണം.
വിലാസം :
www.catholicatenews.in

മലങ്കരസഭ

10 ജനുവരി 2015

എല്ലാ മാസവും മലങ്കരസഭയുടെ അക്ഷര പ്രകാശം

EDITORIAL BOARD

പ്രസിഡന്റ്
ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ
Phone: 0481- 2578500, 2578499

ചീഫ് എഡിറ്റർ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 9447141639

മാനേജിംഗ് എഡിറ്റർ
ഫാ. ദീപു ഫിലിപ്പ്
Mob:- 9446996224

സബ് എഡിറ്റർ
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

സർക്കുലേഷൻ മാനേജർ
കെ. എ. ജോൺ
Mob:- 9744648617

അംഗങ്ങൾ
ഫാ. ഡോ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫാ. കെ. റ്റി. ഫിലിപ്പ്, എറണാകുളം
ഡോ. ജോർജ്ജ് ജോസഫ് (അസ്സോസിയേഷൻ സെക്രട്ടറി)
അഡ്വ. ഡോ. പിസി. മാത്യു പുലിക്കോട്ടിൽ
പ്രൊഫ. മേരി കുര്യൻ
പ്രൊഫ. മേരി മാത്യു

Cover & Graphic Designing:-
Jinto Kurichy at Malankara Sabha

www.malankarasabhaonline.in

വരിസംഖ്യ

ഇന്ത്യയിൽ
ഒറ്റപ്രതി:15 രൂപ
ഒരുവർഷം: 180 രൂപ
2 വർഷം : 360 രൂപ
4 വർഷം: 700 രൂപ
6 വർഷം: 1000 രൂപ

വിദേശത്തേക്ക്
ഒരു വർഷം : 2000 രൂപ

വിലാസം:
മലങ്കരസഭ മാസിക,
ദേവലോകം അരമന,
ദേവലോകം പി.ഒ., മുട്ടമ്പലം (via),
കോട്ടയം-686004

www.facebook.com: malankarasabha

ഗുരുമൊഴി

സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്താ

പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ചരമ സുവർണ്ണ ജൂബിലി സമാപനത്തിൽ ആ പിതാവിന്റെ പ്രിയ ശിഷ്യനായ പ. ബസേലിയോസ് മാത്യൂസ് ദ്വിതീയൻ ബാവായുടെ 100-ാം ജന്മദിന വാർഷികമാണ്.

പ. ബാവായുടെ ജന്മശതാബ്ദിയുടെ പശ്ചാത്തലത്തിൽ അദ്ദേഹത്തിന്റെ എളിയ ശിഷ്യൻ എന്ന നിലയിൽ ചില കാര്യങ്ങൾ സ്മരിക്കുകയാണ്.

പ. മാത്യൂസ് ദ്വിതീയൻ ബാവായുടെ നിശ്ചയദാർഢ്യം കൊല്ലം ഭദ്രാസനത്തിന്റെ സമഗ്രമായ വളർച്ചയ്ക്ക് വഴി ഒരുക്കി. പ്രത്യേകിച്ച് സ്ക്കൂൾ കോളജുകളുടെയും സഭാ സ്ഥാപനങ്ങളുടെയും പ്രാരംഭത്തിന് നേതൃത്വം നൽകുവാൻ. പരിശുദ്ധ ബാവാ തിരുമേനിയുടെ ദീർഘകാലത്തെ പരിശ്രമഫലമായിട്ടാണ് തെക്കേ അറ്റത്ത് തിരുവിതാംകോടു മുതൽ വടക്ക് മാവേലിക്കര വരെയുള്ള വളരെ വിസ്തൃതമായ ഒരു മെത്രാസനം പരിപാലിക്കപ്പെട്ടത്. അത് ഇന്ന് അഞ്ചു മെത്രാസനങ്ങളായി തീർന്നിരിക്കുകയാണ്-കൊല്ലം, തിരുവനന്തപുരം, മാവേലിക്കര, അടൂർ-കടമ്പനാട്, കൊട്ടാരക്കര-പുനലൂർ.

1953 മെയ് 15 മുതൽ 1978 ഡിസംബർ 31 വരെ ഇത് ഒറ്റ മെത്രാസനമായിരുന്നു. അന്ന് ഇവിടെ ഉണ്ടായിരുന്ന പൊതു സ്ഥാപനങ്ങൾ തിരുവിതാംകോട് അരപ്പള്ളിയും പ. പരുമല തിരുമേനി സ്ഥാപിച്ച കോട്ടപ്പുറം സെമിനാരിയും ഭാഗ്യസ്മരണാർഹനായ ദീവന്നാസ്യോസ് അഞ്ചാമൻ സ്ഥാപിച്ച തഴക്കര സെമിനാരിയും പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ സ്ഥാപിച്ച കുണ്ടറ സെമിനാരിയും മാത്രമായിരുന്നു. പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവായുടെ കാലത്ത് സ്ക്കൂളുകളും കോളജുകളും ഐ.ടി.സി.കളും ആശുപത്രികളും എല്ലാംകൂടി മുപ്പത്തിയഞ്ചോളം സ്ഥാപനങ്ങളായി വളർന്നു. കൊല്ലം അരമന അൻപതുകളുടെ ഒടുവിൽ തിരുമേനി ഒരേക്കർ സ്ഥലം വാങ്ങി സ്ഥാപിച്ചിട്ടുള്ളതാണ്. 1975 ജനുവരി 30-ന് കൊല്ലത്ത് സെ. തോമസ് കത്തീഡ്രൽ പണി പൂർത്തിയാക്കി കൂദാശ ചെയ്തു. രണ്ട് എൻജിനീയറിംഗ് കോളജുകളും (ശാസ്താംകോട്ട, പീരുമേട്) തിരുമേനിയുടെ മുൻഗാമിയുടെ പേരു നിലനിർത്തുംവിധം മെത്രാസനത്തിന്റെ നേരിട്ടുള്ള ഭരണത്തിൽ, ശാസ്താംകോട്ട മാർ തേവോദോസ്യോസ് മെമ്മോറിയൽ ആശുപത്രിയും സ്ഥാപിച്ചു. തിരുമേനിയുടെ ആത്മീയ പിതാവും ഗുരുവും ആയിരുന്ന പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ സ്മരണയ്ക്കായി തലവൂരിൽ ശാന്തിഭവനും സ്ഥാപിച്ചു. പല ദയറാകളും കോൺവെന്റുകളും തിരുമേനിയാൽ സ്ഥാപിതമായതാണ്. മെത്രാസനത്തിന്റെ ഒരു ഭവന ദാന പദ്ധതിപ്രകാരം തിരുമേനിയുടെ 75-ാം പിറനാളിന്റെയും മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനിയുടെ 60-ാം പിറന്നാളിന്റെയും ഭാഗമായി 135 ഭവനങ്ങൾ പണിയുവാൻ ഇടയായി.

സഭയിൽ മാത്രമല്ല പൊതു സമൂഹത്തിലും പ. ബാവായുടെ നേതൃത്വം അദ്വിതീയമാണ്. സാമൂഹിക പ്രശ്നങ്ങളിൽ ക്രിയാത്മകമായി ഇടപെട്ട് പ്രശ്ന പരിഹാരത്തിന് നേതൃത്വം നൽകി. ഒരിക്കൽ കൊല്ലം കടൽ തീരത്ത് പ്രശ്നങ്ങൾ ഉണ്ടായി. തീവെയ്പ് നടന്നു. അനേകർക്ക് ഒട്ടേറെ ഭവനങ്ങളും വസ്തുക്കളും നഷ്ടപ്പെട്ടു. പ. ബാവാ കൃത്യമായി ഇടപെട്ടു. പ്രശ്നങ്ങൾ രമ്യമായി പരിഹരിച്ചു. 'കാസായുമായി' സഹകരിച്ച് ഭവനങ്ങൾ നിർമിച്ചും നൽകി.

നിലയ്ക്കൽ വിഷയത്തിലും പ. ബാവായുടെ നേതൃത്വവും നിശ്ചയ ദാർഢ്യവും സമൂഹത്തിന് ഏറെ ഗുണം ചെയ്തു. നിലയ്ക്കൽ പ്രശ്നം പരിഹാരത്തിനായി വളരെ ദിവസങ്ങൾ രാപ്പകലെന്യേ കഷ്ടപ്പെട്ടു, രമ്യമായ പരിഹാരമുണ്ടാക്കി. ഇതുമൂലം കേരളത്തിൽ ഒരു സമുദായ സംഘർഷാവസ്ഥ ഒഴിവാക്കാനായി. ഏതെങ്കിലും ഇടവകയിൽ പ്രശ്നങ്ങൾ ഉണ്ടായാൽ വ്യക്തിപരമായി ഓരോരുത്തരേയും കണ്ട് പരിഹാരം കണ്ടെത്തിയിരുന്നു. ഇടവകയിൽ വ്യക്തികൾ തമ്മിലുള്ള വിവിധ

ശേഷം 8-ാം പേജിൽ



മഹാപുരോഹിത സന്ദേശം

ലോക ജീവിതത്തിൽ ദൈവാഭിമുഖ്യമുള്ള ജീവിതം നയിച്ചവർ എക്കാലവും ഓർക്കപ്പെടും. ആദരിക്കപ്പെടും.വലിയ മഹത്തായ വ്യക്തിത്വം തപസുകൊണ്ട് മെനഞ്ഞ് എടുത്ത ദൈവ ഭക്തരെ സഭയ്ക്ക് ലഭ്യമായിട്ടുണ്ട്. എല്ലാവരേയും സ്നേഹിക്കുവാനുള്ള വിശാല മഹാമനസ്കതയാണ് ദൈവഭക്തരായിട്ടുള്ള പിതാക്കന്മാർക്കുള്ളത്. പ്രാർത്ഥനവഴി, ഈശ്വരാഭിമുഖ്യമുള്ള ജീവിതം നയിച്ച് അഗ്രഗണ്യരാകുവാൻ കഴിയണം. ലോകത്തെ ധനം കൊണ്ടോ,അധികാരം കൊണ്ടോ ഇത് നേടി എടുക്കുവാൻ കഴിയുന്നതല്ല.

ഉയരങ്ങളിൽ നിന്നു ലഭ്യമായ ജ്ഞാനമാണ് പിതാക്കന്മാർക്കുള്ളത്. ദൈവാഭിമുഖ്യമുള്ള മനുഷ്യമനസിനു മാത്രമെ അന്തർജ്ഞാനം ലഭ്യമാകുകയുള്ളു. ലോകത്ത് ഏവർക്കും നേടുവാൻ കഴിയുന്നതാണ് ഈശ്വരാഭിമുഖ്യം. എന്നാൽ, അതിന് നിരന്തരമായ പ്രാർത്ഥനയും മൗനവും ആവശ്യമാണ്. ദൈവിക ജ്ഞാനത്തേക്കാൾ വലിയ ജ്ഞാനം ഒന്നുമില്ല. ഈശ്വരാഭിമുഖ്യം നേടി വിശുദ്ധി പകരുന്ന പിതാക്കന്മാർ മനുഷ്യമനസിൽ എന്നുമെന്നും ഓർമ്മിക്കപ്പെടും.

ചിന്തകളിലും പ്രവർത്തനങ്ങളിലും കർമാനുഷ്ഠാനങ്ങളിലും വിശുദ്ധിയുടെ വിമല കിരണങ്ങൾ പ്രസരിപ്പിച്ച മഹാവ്യക്തിത്വങ്ങളാണ് പരിശുദ്ധ പിതാക്കന്മാരുടേത്. ചില മനുഷ്യരുടെ ജീവചരിത്ര രേഖകൾ ഒരു ഭൂപടം പോലെയാണ്. അതു മെല്ലെ വിടർത്തിനോക്കുമ്പോൾ ഗ്രഹിക്കാവുന്ന ഒന്നുണ്ട്. മഹരഥികളായ അത്തരം പൂർവഗാമികൾ വർത്തമാനകാല ചരിത്രത്തിലെ നമ്മുടെ സ്ഥാനത്തെ വ്യക്തമായി അടയാളപ്പെടുത്തുന്നുണ്ട് എന്നത്. നമ്മുടെ ലക്ഷ്യത്തിൽ നിന്നു നാം എത്രമാത്രം അകലെയാണെന്നും അടുത്ത ചുവടുവെയ്പ് എവിടേക്കാണെന്നുമൊക്കെ നിരന്തരം ഓർമിപ്പിക്കുന്നു. ദിശാബോധം സമ്മാനിക്കുന്നവർ എന്നൊക്കെയുള്ള ലാവണ്യപദങ്ങൾകൊണ്ടു ജീവിതത്തെ പൂരിപ്പിക്കാവുന്ന ചിലർ. വലിയ മൈതാനങ്ങളിൽ ചില ഒറ്റയടിപ്പാതകൾ രൂപപ്പെടുന്നത് മനുഷ്യന്റെ നിരന്തരമായ ചവിട്ടടിയേറ്റാണ്. അതുപോലെയാണു വലിയ സ്ഥലകാലങ്ങളിൽ, ചരിത്രം ചില മനുഷ്യരിലൂടെ സഞ്ചരിക്കുന്നത്. ചില മനുഷ്യരുടെ നിലപാടുകളും സമീപനങ്ങളും പരിശ്രമങ്ങളും എത്ര അക്ഷീണമായും അവിരാമമായും അനുസ്യൂതമായുമാണു തുടരുന്നത്. മരണനാഴിക വരെയും അങ്ങനെ തന്നെയാവും.

ഭാരതീയ പാരമ്പര്യത്തിൽ മൺമറഞ്ഞുപോയ ഗുരുക്കന്മാരെയും പിതാക്കന്മാരെയും ആദരിക്കുന്ന മഹത്തായ പൈതൃകമാണുള്ളത്. നമ്മുടെ പിതാക്കന്മാരെ ഓർക്കുന്നത് പുണ്യകർമ്മമാണ്. ആ മഹത്വത്തിന്റെ വഴികൾ പിൻപറ്റുവാൻ കഴിയുമ്പോൾ അവർ ഉയർത്തിപ്പിടിച്ച ജീവിത മാതൃകകൾ ഉൾക്കൊള്ളുവാൻകഴിയും. അങ്ങനെ നമ്മുടെ പൂർവ്വികരായ പിതാക്കന്മാരോടുമുള്ള ആദരവും ഭക്തിയും പുലർത്തുവാൻ സാധിക്കും.

ദൈവം അനുഗ്രഹിക്കട്ടെ.

(പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ചരമ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ജനുവരി ഒന്നിന് ദേവലോകത്ത് നടത്തിയ സ്മൃതി സംഗമത്തിലെ ഉദ്ഘാടന പ്രസംഗം)



ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

EDITORIAL

‘ഘർ വാപസി’

Ghar Wapsi: Home Coming or Re conversion Campaign...?

മതങ്ങൾ തമ്മിൽ ഫലപ്രദമായ മതാന്തര സംവാദങ്ങളും കൂട്ടായ്മകളും വളർത്തണം

‘

ഭാരതത്തിൽ ആവശ്യമായിട്ടുള്ളത്
മത വൈവിധ്യത്തെ ഉൾക്കൊള്ളുന്നതും
എല്ലാ മതങ്ങൾക്കും ഒരുപോലെ സർഗ്ഗാത്മക
സ്വാതന്ത്ര്യമുള്ളതും എന്നാൽ ഒരു പ്രത്യേക
മതത്തിനും മുൻതൂക്കം കൊടുക്കാത്തതുമായ
ഒരു വിശ്വ നാഗരികതയാണ്.

– ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

* * *

മത വിശ്വാസികൾ പരസ്പരം ഹിംസിക്കുന്നത്
മൃഗീയ പ്രവണതകൊണ്ടാണ്.
ദൈവസ്വഭാവം സ്നേഹമാണ് എന്ന സാരാംശം
എല്ലാ മതവിഭാഗങ്ങളും വിശ്വസിച്ച് പ്രാവർത്തികമാക്കണം.

– ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്

* * *

എല്ലാ മത മൗലിക വാദവും
അതതു മതത്തെ തന്നെയാണ് നശിപ്പിക്കുക.
ഹിന്ദു തീവ്രവാദം ഹിന്ദുവിനെ തകർക്കുമെന്ന പോലെ
മുസ്ലീം തീവ്രവാദം മുസ്ലീമിനെ തകർക്കും.
യൂറോപ്പിലെ ക്രൈസ്തവ തീവ്രവാദങ്ങൾ
ക്രിസ്തുമതത്തെ അവിടെ അശക്തമാക്കി.

– സക്കറിയ

* * *

’

ഇന്ത്യൻ ഭരണഘടനയുടെ തായ്‌വേര് മതസ്വാതന്ത്ര്യമാണ്. ഏതു മതത്തിൽ വിശ്വസിക്കുവാനും അത് പ്രചരിപ്പിക്കുവാനും ഭരണഘടന അനുവദിക്കുന്നു. മതം മാറുവാനുള്ള അവകാശവും ഉണ്ട്. മത, ജാതി, വർഗ്ഗത്തിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രം യാതൊരു വിധ വിവേചനവും പ്രകടിപ്പിക്കുകയില്ലെന്നും ഏതു മത വിശ്വാസിക്കും തുല്യപരിഗണന ലഭിക്കുമെന്നും വിഭാവനം ചെയ്തിരിക്കുന്നതാണ് ഭരണഘടനയിലെ ‘മതേതര രാഷ്ട്ര’ സങ്കല്പം. ഏതെങ്കിലും ഒരു മതത്തെ പിന്താങ്ങുകയോ, ഏതെങ്കിലും മതത്താൽ നിയന്ത്രിക്കപ്പെടുവാൻ അനുവദിക്കുകയോ ചെയ്യുന്നില്ല. ഓരോരുത്തർക്കും ഏതെങ്കിലും ഒരു മതത്തിൽ വിശ്വസിക്കുവാനും (വിശ്വസിക്കാതിരിക്കുവാനും) അത് പഠിക്കുവാനും പ്രചരിപ്പിക്കുവാനുമുള്ള അവകാശവും രാഷ്ട്രം ഉറപ്പു നൽകുന്നു. എന്നാൽ പ്രലോഭനം, സമ്മർദ്ദം, കാപട്യം നിർബന്ധം എന്നിവ വഴിയുള്ള മതപരിവർത്തനം അനുവദിക്കുന്നില്ല. അതിനാൽ മതേതരത്വം ഇന്ത്യൻ ഭരണഘടനയുടെ ഹൃദയവും ആത്മാവുമാണ്.

ഇന്ത്യയിലെ ജനസംഖ്യ 2014-ലെ കണക്കിൻ പ്രകാരം 127 കോടിയാണ്. 1000 പുരുഷന്മാർക്ക് 940 സ്ത്രീകളും ഉണ്ട്. ഇന്ത്യൻ ജനതയിൽ 65 ശതമാനവും 35 വയസിൽ താഴെയുള്ളവരാണ്. ലോക ജനസംഖ്യയിൽ 17.31 ശതമാനവും ഇന്ത്യയിലാണ്. ദാരിദ്ര്യം, നിരക്ഷരത, സന്താന ലഭ്യത, മരണനിരക്കിന്റെ കുറവ്, അയൽ രാജ്യങ്ങളിൽ നിന്നുള്ള കുടിയേറ്റം എന്നിവ ജനസംഖ്യാവർദ്ധനവിന് ഇടയാക്കുന്നു. ഇന്ത്യൻ ജനസംഖ്യയിൽ 80.5% ഹിന്ദുക്കളും 13.4% മുസ്ലീങ്ങളുമാണ്. ക്രിസ്ത്യാനികൾ 2.3%വും സിക്കുകാർ 1.9% വും മാത്രമാണ്. ബുദ്ധ ജൈന മതക്കാർ ഒരു ശതമാനത്തിൽ താഴെയുമാണ്. മതം, ഭാഷ, വംശം, വർണ്ണം, സംസ്ക്കാരം, പ്രത്യയശാസ്ത്രം എന്നിവയുടെ വൈവിധ്യതയുള്ള സംഘാത ഭൂമികയാണ് ഇന്ത്യ. മത സൗഹാർദ്ദവും മതസഹിഷ്ണുതയും ഏവരേയും ഹഠാദാകർഷിക്കുന്നു. ഇവിടെ ‘നാനാത്വത്തിലെ ഏകത്വം’ എന്ന മഹത്തായ ഭാരതീയ പൈതൃകം



EDITORIAL

പ്രകാശം പരത്തുന്നു. അവരവരുടെ മത വിശ്വാസങ്ങൾക്ക് അനുസരിച്ച് ജീവിക്കുവാനും പ്രവർത്തിക്കുവാനുമുള്ള മൗലികമായ അവകാശം ഭരണഘടന വിളമ്പരം ചെയ്യുന്നു. മതസൗഹാർദ്ദവും സാഹോദര്യവും ഇന്ത്യൻ ജനതയുടെ ആത്മാവിൽ നിറഞ്ഞു നിൽക്കുന്ന പവിത്രമായ ദർശനമാണ്. എന്നാൽ ഇതിന് വിരുദ്ധമായ സന്ദേശമാണ് മാധ്യമങ്ങൾ വഴി എത്തുന്ന 'ഘർ വാപസി'.

'സ്വധർമ്മത്തിലേക്ക് തിരിച്ചുവരിക', 'സ്വധർമ്മത്തിലേക്ക് മടങ്ങാൻ ഒരുങ്ങുക' എന്ന രാഷ്ട്രീയ സന്ദേശമാണ് 'ഘർ വാപസി' പ്രഖ്യാപിക്കുന്നത്. 'ശരിയായ മത വിശ്വാസത്തിലേക്കുള്ള മടങ്ങി വരവ്' എന്നും വ്യാഖ്യാനം ഉണ്ട്. 'ഇങ്ങോട്ട് മതം മാറ്റിയാൽ അങ്ങോട്ടും മാറ്റും' എന്നതാണ് നയം. ആവശ്യമെങ്കിൽ മതപരിവർത്തന നിരോധന നിയമത്തിന് കർശന വ്യവസ്ഥകൾ ആലോചിക്കാമെന്നും 'അധികാരികൾ' (?) പ്രഖ്യാപിച്ചു. 'ഘർ വാപസി' വീട്ടിലേക്കുള്ള തിരിച്ചുവരവ് മാത്രമാണ് അത് മത പരിവർത്തനമല്ല. ഇന്ത്യയിലെ എല്ലാ മുസ്ലീങ്ങളും ക്രിസ്ത്യാനികളും ഹിന്ദുമതത്തിലേക്ക് തിരിച്ചു വരണം' എന്നാണ് വിശ്വഹിന്ദു പരിഷത്ത് നേതാവ് പ്രവീൺ തൊഗാഡിയായുടെ പ്രസ്താവന. ഇത്തരം പ്രഖ്യാപനങ്ങൾ ഇന്ത്യയിലെ ന്യൂനപക്ഷത്തിൽ ആശങ്കകൾ സൃഷ്ടിക്കുന്നു. ഇന്ത്യയുടെ ചരിത്രം, സംസ്ക്കാരം, വിശ്വാസം, ജീവിതരീതി എന്നിവ തമസ്ക്കരിച്ചും വക്രീകരിച്ചുമുള്ള വ്യാഖ്യാനങ്ങൾ വർഗീയ ധ്രുവീകരണത്തിന് വഴിയൊരുക്കും. പ്രലോഭനവും ഭീഷണിയും അധികാരവും ഉപയോഗിച്ച് നിയമവിരുദ്ധ സമീപനങ്ങളിലൂടെയുള്ള നിർബന്ധിത (പ്രലോഭന) പുനർപരിവർത്തനങ്ങൾ ഭരണ ഭീകരത'യായി മാറുകയാണ്. ഇത് വർഗീയ വിദ്വേഷവും മത തീവ്രതയും വർദ്ധിപ്പിക്കും.

ഒരു മതവും നിർബന്ധിത മതപരിവർത്തനത്തിന് ശ്രമിക്കരുത്.ഒരാൾക്ക് ഏതു മതത്തിലോ പ്രത്യയ ശാസ്ത്രത്തിലോ വിശ്വസിക്കുവാനും സ്വയം മറ്റൊന്നിലേക്ക് മാറുവാനും സ്വാതന്ത്ര്യം ഉണ്ട്. ഇതര മതവിശ്വാസത്തെ ആദരിക്കുവാനും അവരോട് സൗഹാർദ്ദത്തിലും സഹവർത്തിത്വത്തിലും പ്രവർത്തിക്കുവാനും കഴിയണം. മത വർഗീയ ധ്രുവീകരണത്തിന് വിത്തുപാകി യുദ്ധവും ഭീകരതയും സൃഷ്ടിക്കുന്ന കാലമാണിത്. മത വൈവിധ്യതയും ബഹുസ്വരതയും ഉൾക്കൊണ്ട് ശാന്തിയും നീതിയും സ്നേഹവും സൃഷ്ടിക്കുന്നതിനുള്ള മതാന്തര സംവാദങ്ങളും സമീപനങ്ങളും വളർത്തിയെടുക്കണം.

മത തീവ്രവാദം, വർഗീയ ധ്രുവീകരണം, ജാതീയ പ്രീണനം എന്നിവ ദേശീയ ബോധത്തിനും മതസൗഹാർദ സമീപനത്തിനും ആഘാതം സൃഷ്ടിക്കും. ഇത് ഇന്ത്യൻ ഭരണഘടനയോടുള്ള വെല്ലുവിളിയും ആകും.

സ്വന്തം ഭരണകൂടം പ്രഖ്യാപിച്ച് 2014-ൽ എത്തിയ 'ഇസ്ലാമിക് സ്റ്റേറ്റ്' എന്ന സംഘടന (ഭീകര) സൃഷ്ടിച്ച മനുഷ്യ കുരുതിയുടെ ചോരപ്പാടുകൾ ഉണങ്ങിയിട്ടില്ല. അമേരിക്ക ഇറാഖിൽ നടത്തിയ അധിനിവേശത്തിന്റെ ബാക്കി പത്രമാണിത്. മത തീവ്രവാദം സൃഷ്ടിച്ച കൂട്ടക്കുരുതികളുടെയും വെടിയൊച്ചകളുടെയും ചോരപ്പുഴകളുടെയും ബീഭത്സമായ ഭീകരത സാമൂഹിക മാധ്യമങ്ങളിലൂടെ കണ്ട് മുറിപ്പെട്ട മനസ്സ് ഇനിയും ശാന്തമായിട്ടില്ല. 'ഭീകരതയ്ക്ക് എതിരെ ആഗോള യുദ്ധം' അമേരിക്ക പ്രഖ്യാപിച്ചെങ്കിലും ഇന്ത്യ ഉൾപ്പെടെ എല്ലായിടത്തും ശക്തിപ്പെടുന്നത് ഭീകരതയുടെ ക്രൂരമുഖമാണ്. ആഗോള തലത്തിൽ മാധ്യമങ്ങൾ ഉല്പാദിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതും 'മത സംഘർഷങ്ങളാണ്. യുദ്ധം, ഭീകരത, ആക്രമണം, തീവ്രവാദം, അധിനിവേശം തുടങ്ങിയ സംജ്ഞകളിൽ ഇത് ആഘോഷിക്കപ്പെടുന്നു. 'ഘർ വാപസി'യുടെ പേരിൽ ഇന്ത്യൻ മാധ്യമങ്ങളിലെ വാർത്തകളും വ്യാഖ്യാനങ്ങളും സമീപനങ്ങളും അതിരു കടന്നാൽ വർഗീയ സംഘർഷങ്ങൾക്കിടയാക്കും.

മാധ്യമങ്ങളിൽ മത-രാഷ്ട്രീയ നിലപാടുകൾ ശക്തമാണ്. ധനലാഭവും അധികാരവും കീഴടക്കി 'ലഭോത്സവങ്ങളുടെ' വർണ്ണക്കാഴ്ചകളാണ് ഇന്ത്യൻ മാധ്യമങ്ങളിൽ നിറയുന്നത്. വർണ്ണപ്പൊലിമയോടെ മാധ്യമങ്ങൾ അവരിപ്പിക്കുന്ന പുനർ മതപരിവർത്തനത്തിന്റെ കാഴ്ചപ്പാടുകളും ആത്യന്തികമായി സൃഷ്ടിക്കുന്നത് മതേതര സങ്കല്പത്തിന്റെ അടിത്തറയിളക്കുന്ന പ്രചരണ സന്ദേശങ്ങളാണ്. രാഷ്ട്രത്തിന്റെ ഐക്യവും സാഹോദര്യവും അഖണ്ഡതയും തകർക്കുന്ന വർഗീയ ധ്രുവീകരണത്തിന്റെ തെറ്റും ശരിയും തിരിച്ചറിയുവാൻ കഴിയണം.

മാധ്യമ കവറേജുകളുടെ രാഷ്ട്രീയം കമ്പോളത്തിന്റെയും മത പക്ഷപാതത്തിന്റെയും പ്രത്യയ ശാസ്ത്രത്തിലുള്ളതാണ്. 'മാധ്യമ നിലപാടുകളുടെ' പശ്ചാത്തലത്തിലാണ് വാർത്താ വിഭവങ്ങൾ വിശകലനം ചെയ്യുന്നത്. പ്രത്യക്ഷത്തിൽ മാധ്യമങ്ങൾ മതവികാരങ്ങളുടെ സംരക്ഷകരെങ്കിലും തന്ത്രപരമായി മതസൗഹാർദ്ദം ശിഥിലമാക്കുന്ന പ്രവണതയാണ് സൃഷ്ടിക്കുന്നത്.

" മതവും രാഷ്ട്രീയവും ഇടകലർത്തിയുള്ള വ്യാഖ്യാനങ്ങളിൽ തകർന്നടിയുന്നത് മനുഷ്യബന്ധവും കൂട്ടായ്മയുമാണ്. മനുഷ്യത്വവും മതാത്മകതയും നൈസർഗ്ഗികമായി പരിരക്ഷിച്ച് സത്യവും നീതിയും ധർമ്മവും സ്നേഹവും പുനഃസ്ഥാപിക്കുന്ന മത സാഹോദര്യ ഐക്യത്തിന്റെ വിശാല മാനവികത യാഥാർത്ഥ്യമാക്കണം. "

ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
ചീഫ് എഡിറ്റർ
karingattilachan@gmail.com

4-ാം പേജിൽ നിന്നും...

പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുന്നതിനാൽ വളരെയേറെ സുഹൃത് ബന്ധങ്ങൾ നേടി. സമ്പത്തിന്റെ വിനിയോഗം വ്യക്തിപരമായി വളരെ ചുരുക്കി ഉപയോഗിച്ചിരുന്നു. സ്ക്കൂൾ, കോളജ്, ആശുപത്രി എന്നിവ പണിയുവാൻ സാമ്പത്തികമായി കഴിവുള്ളവരെ കണ്ടെത്തിയിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ആവശ്യങ്ങൾ എപ്പോഴും പരിമിതിപ്പെടുത്തിയിരുന്നു. 'Waste not, Want not' എന്നതായിരുന്നു സമീപനം.

പ്രയാസങ്ങളും പ്രശ്നങ്ങളും വരുമ്പോൾ ദൈവസന്നിധിയിൽ മുട്ടിപ്പായി അപേക്ഷിക്കുകയും എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും മധ്യസ്ഥതയിൽ അഭയം പ്രാപിക്കുകയും ചെയ്തിരുന്നു. തിരുമേനിയുടെ ഗുരുഭക്തി വളരെ പ്രസിദ്ധമാണ്. എല്ലാത്തരത്തിലുള്ള ആളുകളേയും ഒരുമിച്ചു കൊണ്ടുപോകുവാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അതിന് പറയുന്ന ഉദാഹരണം ശ്രദ്ധേയമാണ്: "എല്ലാത്തിനും എടുത്തുചാടി ഉത്തരം പറയുന്ന പത്രോസിനേയും സംശയാലുവായ തോമ്മായേയും എപ്പോൾ ഒറ്റികൊടുക്കണമെന്ന് ചിന്തിച്ചു നടക്കുന്ന യൂദായേയും പിന്നോക്കം നിന്ന് കാര്യങ്ങൾ അവതരിപ്പിക്കുന്ന അന്ത്രയോസിനേയും ആകാശത്തു നിന്നും തീ ഇറങ്ങി ഇവരെ നശിപ്പിക്കണമെന്നു പറഞ്ഞ യാക്കോബ്, യോഹന്നാനേയും...." ഇങ്ങനെയുള്ള ശിഷ്യസമൂഹത്തെയാണ് നമ്മുടെ കർത്താവ് കൊണ്ടു നടന്നത്. ഈ മാതൃക ഏവരും ജീവിതത്തിൽ മാതൃകയായി സ്വീകരിക്കണമെന്ന് പ.മാത്യൂസ് ദ്വിതീയൻ ബാവ എപ്പോഴും പറയുമായിരുന്നു.

പ. ഗീവർഗീസ് ദ്വിതീയൻ ബാവായോടു വളരെ വിധേയത്വവും, അതുപോലെതന്നെ പത്തനംതിട്ട അരമനയിൽ വച്ച്, ദാനിയേൽ മാർ പീലക്സീനോസ് തിരുമേനി പഠിപ്പിച്ചിരുന്നതുകൊണ്ട് അദ്ദേഹത്തോടു വളരെ ഭക്തിയും ഉണ്ടായിരുന്നു. പുലർച്ചെ അഞ്ചിനു മുമ്പ് ഉണരുകയും രാത്രി വൈകി ഉറങ്ങുകയുംചെയ്തു. ഈ ദീർഘ സമയം, സമൂഹത്തിന്റെ നന്മയ്ക്കായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്നു.

1969-ൽ അന്നത്തെ മാത്യൂസ് മാർ കൂറിലോസ് തിരുമേനിയിൽ നിന്നു ശുപാർശക്കത്തുവാങ്ങി 1973-ൽ സെമിനാരി പഠനം പൂർത്തിയാക്കുന്നതുവരെ കൊല്ലം അരമനയിൽ തിരുമേനിയുടെ കൂടെ ആയിരുന്ന വ്യക്തിയാണു ഞാൻ. അതിനാൽ വളരെയേറെ കാര്യങ്ങൾ പറയുവാനുണ്ട്. എങ്കിലും ചുരുക്കുന്നു. യൗപ്പയ്ദക്നോ സ്ഥാനം മുതൽ മെത്രാപ്പോലീത്താ സ്ഥാനം വരെയുള്ള എല്ലാ പൗരോഹിത്യസ്ഥാനങ്ങളും തിരുമേനിയിൽ നിന്നാണ് ഞാൻ പ്രാപിച്ചിട്ടുള്ളത്. ആ പിതാവിന്റെ പുണ്യ സ്മരണകളിൽ ശിരസ് നമിക്കുന്നു. ■

സഭാവാർത്തകൾ

ദേവലോകത്ത്

ലോകമെമ്പാടുമുള്ള വിവിധ ക്രിസ്തീയ വിഭാഗങ്ങളുമായി ബന്ധപ്പെടുകയും, അവയുടെ ആഥിത്യം അതാതിന്റെ ആസ്ഥാനങ്ങളിൽ സ്വീകരിക്കുകയും, W.C.C.-യുടെ പ്രസിഡന്റ് സ്ഥാനം അലങ്കരിക്കുകയും ചെയ്ത, ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ഒരു ദർശനവും ആഗ്രഹവും ആയിരുന്നു നമ്മുടെ സഭയുടെ പഴമയ്ക്കും, തനിമയ്ക്കും അനുയോജ്യവും പ്രൗഢവും ആയ ഒരു ആസ്ഥാന മന്ദിരം പ. സഭയുടെ കേന്ദ്രമായ ദേവലോകത്ത് ഉണ്ടാവണം എന്നുള്ളത്. തന്റെ ആഗ്രഹം അദ്ദേഹം മാനേജിംഗ് കമ്മറ്റിയിലും, വർക്കിംഗ് കമ്മറ്റിയിലും, പ. എപ്പിസ്കോപ്പൽ സിനഡിലും അവതരിപ്പിക്കുകയും അംഗീകാരം തേടുകയും ചെയ്തു. എല്ലാ സമിതികളും അതിനെ അംഗീകരിക്കുകയും പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് ആയത് പ. സഭയുടെ ഒരു ആവശ്യമായി പരിഗണിച്ച് സകലവിധ പ്രോത്സാഹനങ്ങളും നല്കി. പ. പിതാവ് തന്നെ 1999 ജനുവരി 30-ന് തന്റെ ശതാഭിഷേക ആഘോഷവേളയിൽ ആസ്ഥാന മന്ദിരത്തിന്റെ അടിസ്ഥാന ശില സ്ഥാപിക്കുകയും തുടർന്ന് പണികൾ ആരംഭിക്കുകയും ചെയ്തു. നിർമ്മാണപ്രവർത്തനങ്ങൾക്കായി തന്റെ വ്യക്തിഗത സമ്പാദ്യങ്ങളിൽ നിന്നും പ. സഭയുടെ ജനറൽ അക്കൗണ്ട്, കാതോലിക്കാദിന പിരിവ് എന്നിവയിൽ നിന്നും ഗണ്യമായ തുക നല്കി പണികൾ ത്വരിതപ്പെടുത്തുകയും ചെയ്തു.

എല്ലാറ്റിനും ഒരു കാലവും സമയവും ഉണ്ടല്ലോ. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാതിരുമേനിയുടെയും, പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനിയുടെയും കാലഘട്ടങ്ങളിൽ പൂർത്തീകരിക്കാൻ സാധിക്കാതിരുന്ന കെട്ടിടനിർമ്മാണം എത്രയും വേഗം സാധ്യമാക്കണമെന്നുള്ള ആഗ്രഹം പ. ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ ചുമതലയേറ്റതിനുശേഷം പ്രകടിപ്പിക്കുകയുണ്ടായി. കോൺട്രാക്ടർമാർ അമിതമായ നിരക്കുകൾ ആവശ്യപ്പെടുന്നുവെന്നു വരികിൽ, ഇടനിലക്കാരില്ലാതെ നേരിട്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ പ. പിതാവ് കല്പിക്കുകയും ആയതിലേക്ക് ഒരു കമ്മറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ അദ്ധ്യക്ഷനായുള്ള കമ്മറ്റിയിൽ, അസോസിയേഷൻ സെക്രട്ടറി ഡോ. ജോർജ് ജോസഫ്, അരമന മാനേജർ ഫാ. എം.കെ. കുര്യൻ, പ. ബാവാതിരുമേനിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ഫാ. തോമസ് പി. സഖറിയാ, സഭാ മാനേജിംഗ് കമ്മറ്റി അംഗം സാജൻ ജോർജ്, ലേഖകൻ എന്നിവരാണ് അംഗങ്ങൾ. അതിൻപ്രകാരം ഓരോ ഇനത്തിലും വേണ്ടതായ ജോലിക്കാരെ കണ്ടെത്തി പണികൾ പുനരാരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ കമ്മറ്റിക്കാർ ഏർപ്പാടാക്കി.

2011 ജൂലൈ 14-ന് പ. ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് ദേവലോകം അരമന ചാപ്പലിൽ വി. കുർബ്ബാന അർപ്പിക്കുകയും, പ. ബസേലിയോസ് ദിദിമോസ് പ്രഥമൻ വലിയബാവായെ വിവരങ്ങൾ ധരിപ്പിച്ച് അനുഗ്രഹങ്ങൾ തേടുകയും ചെയ്തു. പ. ബാവാതിരുമനസ്സുകൊണ്ട് പ്രാർത്ഥിച്ച് പണികൾ പുനഃരാരംഭിച്ചു. പ. വലിയബാവാ തിരുമനസ്സിലെയും പ. ബാവാതിരു

സഭയുടെ കേന്ദ്ര ആഫീസ് സമുച്ചയം

മനസ്സിലെയും പ്രാർത്ഥനകൾ മൂലം ലഭിച്ച ദൈവകൃപയാൽ പണികൾ മുടങ്ങാതെ നടന്നു. ഇരു പിതാക്കന്മാരുടെയും അതിയായ ആഗ്രഹമായിരുന്നു കെട്ടിടത്തിന്റെ പണികൾ പൂർത്തീകരിക്കുക എന്നുള്ളത്.

സായാഹ്നവേളകളിൽ അരമന വളപ്പിൽ വീൽ ചെയറിൽ എത്തിയിരുന്ന പ. ദിദിമോസ് പ്രഥമൻ വലിയബാവാ തിരുമനസ്സുകൊണ്ട് എന്നെ കാണുവാൻ ഇടയായാൽ ഉടൻ ചോദിക്കുമായിരുന്നു. "ജോൺ മത്തായി, പണി എവിടം വരെയായി" എന്ന്. പ. വലിയബാവാ തിരുമസ്സിലെ ഈ അന്വേഷണവും താല്പര്യവും മനസ്സിലാക്കിയ പ. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് ആവശ്യപ്പെട്ടതിൻപ്രകാരം ഗ്രൗണ്ട് ഫ്ളോറിൽ പൂർത്തീകരിച്ച ഏതാനും മുറികൾ പ. ദിദിമോസ് പ്രഥമൻ വലിയബാവാ തിരുമനസ്സുകൊണ്ട് 2012 ഫെബ്രുവരി 29-ന് കാണുകയും ആശീർവ്വദിക്കുകയും ചെയ്തു. കെട്ടിടത്തിന്റെ പണികൾ തുടർന്നു കൊണ്ടേയിരുന്നു. വൈകുന്നേരങ്ങളിൽ വീൽ ചെയറിൽ കെട്ടിടത്തിന്റെ മുമ്പിൽ എത്തിയിരുന്ന പ. വലിയ ബാവാതിരുമേനിക്ക് പണികൾ പൂർത്തീകരിച്ചു കാണണമെന്നുള്ളത് വലിയ ആഗ്രഹമായിരുന്നു. എന്നിരുന്നാലും പരിശുദ്ധ പിതാവിന്റെ കാലത്ത് ഈ പണികൾ പൂർത്തീകരിക്കുന്നതിന് സാധിച്ചില്ല.

കെട്ടിടം പണി ആരംഭിച്ച് മുടങ്ങാതെ പണികൾ നടന്നിരുന്നുവെന്നു വരികിൽ നേരത്തെ തന്നെ പൂർത്തീകരിക്കുമായിരുന്നു.പക്ഷേ, ഇന്നത്തെ മനോഹാരിതയിലും ചാരുതയിലും അത് പൂർത്തീകരിക്കുവാൻ സാധ്യമാവില്ലായിരുന്നുവെന്നുള്ളത് വ്യക്തം. ഈ കെട്ടിടം പ. സഭയുടെ ആസ്ഥാന മന്ദിരമാണെന്നും, സഭയുടെ പഴമയ്ക്കും തനിമയ്ക്കും, സ്വയം ശീർഷകത്വത്തിനും ഒത്തവണ്ണം ആയിരിക്കണം അതിന്റെ നിർമ്മാണം എന്നും ഉള്ള ബോദ്ധ്യത്തിലാണ് പുന:രാരംഭിച്ച നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത്. പ്രധാന വാതിലിലൂടെ കെട്ടിടത്തിനുള്ളിലേക്ക് കടക്കുമ്പോഴും, പ. ബാവാതിരുമേനിയുടെ ഓഫീസ് മുറിയിലേക്ക് കടക്കുമ്പോഴും, പരിശുദ്ധമായ ഒരു അന്തരീക്ഷത്തിലേക്കാണ് തങ്ങൾ കടന്നുവരുന്നതെന്ന ചിന്ത ഏവരിലും ഉളവാകത്തക്കവിധത്തിലാണ് മനോഹരവും അർത്ഥവത്തുമായ കൊത്തുപണികളിലൂടെ സാധ്യമാക്കിയിരിക്കുന്നത്.

30,000 ചതുരശ്ര അടിയോളം വിസ്തീർണ്ണമുള്ള ഈ കെട്ടിടത്തിൽ പ. ബാവാ തിരുമനുസ്സിലെ ഔദ്യോഗിക മുറി, നിയുക്ത കാതോലിക്കാ, പരിശുദ്ധ ബാവായുടെ പ്രിൻസിപ്പൽ സെക്രട്ടറി, സഭയുടെ മൂന്ന് സ്ഥാനികൾ എന്നിവർക്കുള്ള മുറികൾ, കാതോലിക്കോസ് ഓഫീസ്, കാതോലിക്കേറ്റ് ഓഫീസ്, സ്വീകരണ മുറികൾ, കോൺഫറൻസ് ഹാൾ, വിശിഷ്ടാതിഥികൾക്ക് താമസിക്കുന്നതിനുള്ള മുറികൾ എന്നിവ ക്രമീകരിച്ചിട്ടുണ്ട്. ഏതാനും മിനുക്കുപണികൾ ബാക്കി ഉണ്ട് എന്നു വരികിലും, ദേവലോകം അരമന സ്ഥാപകനായ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ 51-ാം ഓർമ്മ പെരുന്നാളായ 2015 ജനുവരി 3-ന് ഈ കെട്ടിടത്തിന്റെ കൂദാശ പ. ബാവാതിരുമനസ്സുകൊണ്ട് നിർവ്വഹിച്ചു.

പ. ബാവാതിരുമേനിയുടെ അനുഗ്രഹാശിസുകളോടെയും, ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്തായുടെ ഉപദേശങ്ങളോടെയും, ബഹുമാനപ്പെട്ട അസോസിയേഷൻ സെക്രട്ടറി ഡോ. ജോർജ് ജോസഫിന്റെ പ്രോത്സാഹനത്തോടെയും, അരമന മാനേജർ ബഹു. എം.കെ. കുര്യൻ അച്ചൻ, പ. ബാവാതിരുമനസ്സിലെ പ്രിൻസിപ്പൽ സെക്രട്ടറി ബഹു. തോമസ് പി. സഖറിയാച്ചൻ, സഭാ മാനേജിംഗ് കമ്മറ്റി അംഗം സാജൻ ജോർജ് എന്നിവരോട് ചേർന്ന് ഒത്തൊരുമയോടെ ഒരു ടീമായി പ്രവർത്തിക്കുന്നതിന് ബലഹീനനായ എനിക്കും സംഗതിയാക്കിയ ദൈവ കൃപയെ മഹത്വപ്പെടുത്തുന്നു. ഈ കെട്ടിട സമുച്ചയം പ. സഭയുടെ ആസ്ഥാനമായും, തലമുറകളുടെ അഭിമാനമായും നിലകൊള്ളട്ടെ.

– ജോൺ മത്തായി തുരുത്താമഠം
(ഡെപ്യൂട്ടി സെക്രട്ടറി, കാതോലിക്കേറ്റ് ഓഫീസ്)

പരിശുദ്ധ സഭയെക്കുറിച്ചും, വി.കന്യക മറിയാമിനെക്കുറിച്ചും പന്തിരുവരിൽ ഒരുവനായ യൂഹാനോൻ, പദ്മോസ് ദ്വീപിൽ ഏകാന്തവാസം നയിക്കുമ്പോൾ കണ്ട ദർശനങ്ങൾ വെളിപാട് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അതിൽ അമ്മയെക്കുറിച്ച് പറയുന്നത് 'നീതി സൂര്യനെ അണിഞ്ഞവൾ' എന്നാണ്. മാതാവിനെക്കുറിച്ച് കൂടുതൽ പറഞ്ഞിട്ടുള്ളതും വി.യോഹന്നാൻ തന്നെ. ചെറുപ്രായത്തിൽ തന്റെ ഗുരുവിനോടൊപ്പം ശ്രദ്ധയോടെ നടന്ന് കേട്ട് പഠിക്കുകയും, നെഞ്ചിൽ ചാരിയിരുന്ന് ഹൃദയരഹസ്യങ്ങൾ മനസ്സിലാക്കുകയും, രഹസ്യങ്ങളുടെ കലവറയായ ക്രൂശാരോഹണ സമയത്ത് തന്റെ ഗുരുവിനെ വിട്ട് പിരിയാതെ നിൽക്കുകയും, തന്റെ നാഥൻ, നാഥന്റെ പ്രാണനെ പിതാവാം ദൈവത്തെ ഏൽപ്പിക്കുന്നതിന് മുമ്പ്, അമ്മേ സ്വീകരിക്കുവാനുള്ള ഭാഗ്യം ലഭിക്കുകയും ചെയ്തയാളാണ്.

1. സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കുമെന്ന ദൈവീക വചനം അന്വർത്ഥമായത് വി.കന്യക മറിയാമിലൂടെയാണ്. നമ്മുടെ സൃഷ്ടാവിന് നമ്മുടെ തെറ്റ് തിരുത്തുവാനും, സാത്താനെ നിഷ്പ്രഭമാക്കുവാനും തന്റെ ഒരു വചനം മതിയായിരുന്നു. പക്ഷെ, സ്ത്രീയുടെ സന്തതി വഴി തന്നെ അത് നടക്കണമെന്ന് നമ്മുടെ സൃഷ്ടാവ് മുൻകൂട്ടി നിശ്ചയിച്ചിരുന്നു. യെഹെസ്കേൽ 37-ാം അദ്ധ്യായത്തിൽ ഉണങ്ങിയ അസ്ഥികൾക്ക് ജീവൻ നൽകുന്നത് രേഖപ്പെടുത്തിയിരിക്കുന്നു, അവിടെയും ദൈവത്തിന് ഒരു വാക്ക് മതിയായിരുന്നു. പക്ഷെ, അങ്ങനെ ചെയ്യാതെ പ്രവാചകനെക്കൊണ്ടും, കാറ്റിനെക്കൊണ്ടും ആ ദൗത്യം നിർവ്വഹിക്കുന്നു. ദൈവം തമ്പുരാന് സർപ്പത്തിന്റെ തല തകർക്കുക മാത്രമല്ല ഉദ്ദേശ്യം, വീണ്ടും മനുഷ്യൻ സാത്താന് വഴിപ്പെടാതിരിക്കണമെങ്കിൽ സ്ത്രീയുടെ സന്തതിയെക്കൊണ്ട് തന്നെ അത് ചെയ്യിക്കണമായിരുന്നു. ദൈവം നമുക്ക് യഥേഷ്ടം സ്വാതന്ത്ര്യം നൽകുന്നതോടൊപ്പം, എങ്ങനെ ദൈവഹിതപ്രകാരം ജീവിക്കുവാൻ കഴിയുമെന്ന് കാണിക്കുക കൂടിയാണ് ഇതിന്റെ ലക്ഷ്യം. ഉൽപ്പത്തി 12-ാം അദ്ധ്യായം വായിക്കുമ്പോൾ ദൈവം കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പോകുന്ന അബ്രഹാം പിതാവിനെ നാം കാണുന്നു. ദൈവത്തോടൊപ്പം നടക്കുകയും, ജീവിക്കുകയും, നമ്മുടെ ചുമതലകൾ നിർവ്വഹിക്കുകയുമാണ് ദൈവവഹിതം. സൃഷ്ടാവിന്റെ രക്ഷണ്യ പ്രവർത്തിയുടെ അർത്ഥവ്യാപ്തി അത്രയ്ക്ക് വിശാലവും ഉത്തുംഗവുമാണ്.

2. ബഥേലിൽ ഗോത്രപിതാവായ യാക്കോബ് കണ്ട പ്രകാശ പൂരിതമായ ദർശനം, സ്വർഗ്ഗത്തോളം എത്തുന്ന ഗോവണി, മാലാഖമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്ന കാഴ്ച, ഇതിന്റെയെല്ലാം പൂർത്തീകരണമാണ് നസ്രേത്തിൽ സംഭവിച്ചത്. ചില മഹത് വ്യക്തികളുടെ അടുക്കലേക്ക് ദൈവം മാലാഖയെ അയക്കുന്നു. മനുഷ്യരുടെ കണ്ണുകളിൽ കുറവുള്ളവരാണന്ന് തോന്നിയേക്കാമെങ്കിലും ദൈവസന്നിധിയിൽ ഉത്തമരായ അഞ്ചുപേരുടെ അടുക്കലേക്കാണ് മാലാഖ പ്രധാനമായും അയക്കപ്പെട്ടത്, പിന്നെ ആട്ടിടയൻമാരുടെ അടുത്തേക്കും പുൽക്കൂട്ടിലേക്കും. ഇതിൽ പ്രധാനമായതാണ് വചനിപ്പിന്റെ ദിവസം വി.കന്യകമറിയാമിന്റെ അടുത്ത് പ്രത്യക്ഷപ്പെട്ടത്. മാലാഖ ; "കൃപ നിറഞ്ഞ മറിയമെ നിനക്ക് സമാധാനം, നമ്മുടെ കർത്താവ് നിന്നോടുകൂടെ" എന്നുള്ള സംബോധന വാക്യം ഉച്ചരിക്കുമ്പോൾ മാതാവ് എല്ലാ അർത്ഥത്തിലും ഞെട്ടി. പിന്നീട് പറഞ്ഞ കാര്യങ്ങൾ ആ പിഞ്ചുമനസ്സിന് ഉൾക്കൊള്ളാവുന്നതിൽ അധികമായിരുന്നു. അതുകൊണ്ടുതന്നെ സംശയങ്ങൾ ചോദിക്കുകയും ചെയ്തു. ഈ പ്രത്യക്ഷപ്പെടലിന് ആറ് മാസം മുമ്പ് പണ്ഡിതനും, ശ്രേഷ്ഠനും, സദ്ഗുരുവും, ഇസ്രായേൽക്കാരുടെ പുണ്യവാനുമായ സക്കറിയായുടെ അടുത്ത് ദൈവത്തിന്റെ പ്രധാന മാലാഖ ചെന്ന്, ദൂതു കൊടുക്കുമ്പോൾ വിശ്വസിക്കാതിരുന്ന സക്കറിയായെ വിരട്ടുന്ന മാലാഖയെ നമുക്ക് കാണാം. കുഞ്ഞുണ്ടാവുന്നതു

ശേഷം 30-ാം പേജിൽ

അവൻ നിങ്ങളോട് എന്തെങ്കിലും കൽപിച്ചാൽ...

യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്താ

ന്യൂ ഇയർ

സഖേർ

ദൂഷിതമാക്കപ്പെട്ട ഒരു പുഴയായിത്തീർന്ന മനുഷ്യൻ എങ്ങനെയാണ് പുതുവർഷത്തിലൊഴുകി പരക്കുക. മനസ്സ് മിടിക്കുന്നു. കഴിഞ്ഞ മാത്രകളെ ഓരോന്നായി ചികഞ്ഞെടുക്കുമ്പോൾ ഉള്ള് രാവുന്നു.

സെൽഫി

പുതുവർഷം. എഴുത്ത് മേശയിലെ ഈ കടലാസിനുമപ്പുറം എന്താണത് ? ജീവിതദൈർഘ്യം അളക്കുന്ന മാപിനികൾ കണ്ടെത്താത്തിടത്തോളം ഒരുപക്ഷേ, ആയുസ്സിന്റെ പുസ്തകത്തിലെ അവസാനത്തെ താൾ പോലുമല്ല ഇതെന്ന് ആരറിഞ്ഞു? വ്യസനകാരണം മറ്റൊന്നാണ്. ഈ പുതിയ താളിന്റെ ശുഭവിശാലത. ഇതിലെന്താണ് എഴുതിചേർക്കുക. സരതുഷ്ട്ര പറഞ്ഞമാതിരി ദൂഷിതമാക്കപ്പെട്ട ഒരു പുഴയായിത്തീർന്ന മനുഷ്യൻ എങ്ങനെയാണ് പുതുവർഷത്തിലൊഴുകി പരക്കുക. മനസ്സ് മിടിക്കുന്നു. കഴിഞ്ഞ മാത്രകളെ ഓരോന്നായി ചികഞ്ഞെടുക്കുമ്പോൾ ഉള്ള് രാവുന്നു. വ്യഥ കവിയുന്നു. അത്രമേൽ അലങ്കോലപ്പെടുത്തിയിട്ടുണ്ട്. തൃഷ്ണയും ക്രോധവും മാത്സര്യവും അത്യാർത്തിയും അലസതയും ചേർന്ന് നിറയെ കുത്തിവരഞ്ഞ് പിഞ്ചിപ്പോയ ഒരു വർഷം. അതിൽക്കവിഞ്ഞെന്താണ് സഖേ, എനിക്കും നിനക്കും പോയ വർഷം ! അമ്മ തേരേസയുടെ സ്വപ്നം പോലെ ദൈവത്തിന്റെ കൈയ്യിലെ പെൻസിലാവുമോ ഈ പുതിയ വർഷമെങ്കിലും നമ്മുടെ ജീവിതം !

തിരുപ്പിറവിയുടെ ഉത്സവത്തിനു കൊടിയിറങ്ങി. ഈയാണ്ടിലും ഒരു സന്ദേഹം ശേഷിക്കുന്നു. ഒരു കുഞ്ഞിന്റെ പിറവിയുടെ പശ്ചാത്തലത്തിൽ ഇത്രയധികം കുഞ്ഞുമക്കൾ എല്ലാക്കാലവും കൊല്ലപ്പെടുന്നതെന്തേ? പാലസ്തീനയിൽ മാത്രമല്ല മക്കളെ

ട്രാൻസ്ഫറിനെക്കുറിച്ചുള്ള ആലോചനകളെല്ലാം ഒടുങ്ങിയെങ്കിൽ ഇനിയെങ്കിലും ട്രാൻസ് ഫോർമേഷനെക്കുറിച്ചും ട്രാൻസ്ഫിഗറേഷനെ കുറിച്ചുമൊക്കെ നമ്മുടെ കമ്മറ്റികളിൽ ചർച്ച തുടങ്ങരുതോ? ആശുപത്രിയും സ്കൂളും ഉണ്ടാക്കുന്നതിനേക്കാളും മുതൽമുടക്കും റിസ്ക് ഫാക്ടറും കുറഞ്ഞ ഇടപാട് ആഗോള തീർത്ഥാടന കേന്ദ്രനിർമ്മിതികളായിത്തീർന്നുവോ? ഭക്തിവിപണിയിലെ വിശുദ്ധിയുടെ ബ്രാൻഡിംഗ് നീ ശ്രദ്ധിച്ചുവോ? ഭൂമി മലയാളത്തിലെ ക്രിസ്ത്യാനികൾ അവരുടെ പള്ളികളെല്ലാം പൊളിച്ചടുക്കി കഴിഞ്ഞിരിക്കുന്നു. ഇനിയെങ്കിലും നമ്മളെ പൊളിച്ചുപണിയാറായില്ലേ?

ച്ചൊല്ലി കേഴുന്നവർ. ഗാസ മുതൽ അട്ടപ്പാടി വരെ. അതിനിടയിൽ താലിബാനായും സുനാമിയായും ബൊക്കോഹറാമായും പട്ടിണിയായുമൊക്കെ കംസനും ഫറവോയും ഹെരോദാവും വീണ്ടും അവതരിക്കുന്നു. പൈതങ്ങളുടെ നിലവിളികൾക്ക് നടുവിലാണ് നമുക്ക് ഒരു വർഷം മുമ്പിൽവെച്ച് നീട്ടുന്നത്. ഉലയരുത്. അവരുടെ സ്വപ്നങ്ങൾക്ക് കൂടെ സാക്ഷാത്ക്കാരം തേടാൻ നാം ബാധ്യസ്ഥരാണ്. അവരുടെ പ്രതീക്ഷകൾക്ക് വേണ്ടിയും അദ്ധ്വാനിക്കേണ്ടതുണ്ട്. അവർക്കും അവകാശപ്പെട്ടിരുന്ന ഈ ഭൂമിയെ കുറേക്കൂടി ഭേദപ്പെടുത്തുന്നതിന് എന്നാണ് നാം നമ്മുടെ ഹൃദയത്തെ വെടിപ്പാക്കിത്തുടങ്ങുക. അഴലേറുന്നു സഖേ വല്ലാതെ !

മനസാക്ഷിയോടാണ് ചോദ്യമത്രയും. 'സുവാർത്ത'യുടെ കാലം മുഴുവനും ദുർവാർത്തകൾകൊണ്ട് നിറയ്ക്കാൻ പിശാച് നിനക്ക് എത്രയാണ് 'കോഴ' നല്കിയത്? 'ആപ്പി'ലായ ലോകത്തെ രക്ഷിക്കാൻ ക്രിസ്തു വീണ്ടും വരുമ്പോൾ നിർബന്ധിത കുരിശുമരണം സ്പോൺസർ ചെയ്യാനെത്തിയവരോട് 'നാലുചാനലിലെങ്കിലും ലൈവു' ണ്ടെങ്കിലേ അത് നടക്കൂ എന്നൊരു മറുപടി പറയിച്ചതിന് ബന്യാമീനെ ക്രൂശിച്ചിട്ടെന്ത് കാര്യം! 'കർത്താവിനു മരകുരിശ്; പള്ളിക്കെന്തിനാ പൊൻകുരിശ്' എന്ന് പണ്ടും ചിലർ ചോദിച്ചിട്ടുണ്ട്. ഒരു പക്ഷേ നമ്മെപ്പോലെയുള്ള 'So-called' ക്രിസ്ത്യാനികൾ സമ്മാനിക്കുന്ന ക്രിസ്ത്വാനുഭവം അത്രമേൽ നിരാശാജനകമാവും സുഹൃത്തേ ! ചുംബനം ഒറ്റുകാരനിൽ നിന്ന് സമരക്കാരനിലേയ്ക്ക് ഭാവസംക്രമണം നടത്തുമ്പോൾ 'റേറ്റിങ്ങ്' കൂടുമെന്നല്ലാതെ എന്ത് പ്രയോജനം ? ആഭ്യന്തരകാര്യം

സെൽഫി



നോക്കിയാൽ ‘ട്രാൻസ്ഫറിനെക്കുറിച്ചുള്ള ആലോചനകളെല്ലാം ഒടുങ്ങിയെങ്കിൽ ഇനിയെങ്കിലും ‘ട്രാൻസ്ഫോർമേഷനെ’ ക്കുറിച്ചും ‘ട്രാൻസ്ഫിഗറേഷനെ’ കുറിച്ചുമൊക്കെ നമ്മുടെ കമ്മറ്റികളിൽ ചർച്ച തുടങ്ങരുതോ ? ആശുപത്രിയും സ്കൂളും ഉണ്ടാക്കുന്നതിനേക്കാളും മുതൽമുടക്കും റിസ്ക് ഫാക്ടറും കുറഞ്ഞ ഇടപാട് ആഗോള തീർത്ഥാടന കേന്ദ്രനിർമ്മിതികളായിത്തീർന്നുവോ? ഭക്തിവിപണിയിലെ വിശുദ്ധിയുടെ ‘ബ്രാൻഡിംഗ്’ നീ ശ്രദ്ധിച്ചുവോ? ഭൂമി മലയാളത്തിലെ ക്രിസ്ത്യാനികളെല്ലാം അവരുടെ പള്ളികളെല്ലാം പൊളിച്ചടുക്കി കഴിഞ്ഞിരിക്കുന്നു. ഇനിയെങ്കിലും നമ്മളെ പൊളിച്ചുപണിയാറായില്ലേ ! മൂന്നല്ല, മുപ്പത് നാൾ പൊളിച്ചുനോക്കിയാലും നമ്മിലൊരു ‘ദൈവകണം’ കണ്ടെടുക്കാനാവുമോ ? പെരുന്നാൾ മഹാമഹങ്ങളിൽ ഇത്തവണയും നഷ്ടപ്പെട്ടത് തമ്പുരാനെത്തന്നെയാണ്. മനുഷ്യരെ കാട്ടാനുള്ള ജൂബിലികളും പ്രകടനങ്ങളും തീർന്നില്ലേ ! ഇനി ദൈവത്തെ കാട്ടാൻ എന്തുണ്ട് കൈവശം ?

സത്യത്തിൽ ദൈവമുമ്പാകെ ലജ്ജകൂടാതെ മുഖപ്രസന്നതയോടെ നില്പാൻ എങ്ങനെ കഴിയും ? ആദമിൽ നിന്ന് നേടിയതാണ് മറഞ്ഞിരിക്കാനും വേഷം കെട്ടാനുമുള്ള കഴിവുകൾ. പറുദീസാ നഷ്ടത്തിന്റെ ഈ തെറ്റായ പാരമ്പര്യത്തെ തിരുത്തിയ ചിലരൊക്കെയുണ്ട് ചരിത്രത്തിൽ ! ശരിക്കും ദൈവത്തോടൊപ്പം നടന്ന ചിലർ. ഒരു സ്നേഹിതനെപ്പോലെ വർത്തമാനം പറഞ്ഞു നടന്നവർ. ദൈവം കൂട്ടുകാരനാവുക. അത് വല്ലാത്തൊരു അപകടം പിടിച്ച കളിയാണ്. പുതുവർഷത്തിന്റെ ഒരു .‘ചാലഞ്ച്’ ആക്കിയാലോ നമുക്കിത് ! (ബക്കറ്റു ഒരു വശത്ത് ഇരുന്നോട്ടെ).

ദൈവത്തിന്റെ സ്നേഹിതരെല്ലാം അവൻ നല്കിയ സ്വപ്നങ്ങൾക്ക് പിന്നാലെ പോയവരാണ്. സ്വന്ത ഇഷ്ടങ്ങൾക്ക് അവധി നല്കിയ പ്രയാണങ്ങൾ. ദൈവം നീട്ടിയ ആയുസ്സിന്റെ തുണ്ടുകൾ നിറയെ അവർ ദൈവത്തെക്കൊണ്ട് തങ്ങളുടെ ജീവിതമെഴുതിച്ചു. മരണത്തോളം അനുസരണത്തോടെ നിന്നു. അവരുടെ മുക്തമാനസം അത്രമേൽ സ്വസ്ഥമായിരുന്നുവെന്നു പറയാനാവില്ല. ആന്തരിക ക്ഷോഭങ്ങളുടെ കടൽവിളുമ്പുകളിൽ എത്രയോ തവണ പാദം പൂഴിയിലാഴ്ന്നിട്ടുണ്ട്. മഹാവ്യഥകളുടെ നിരന്തരധ്വനികൾ ഓരോ വലിച്ചുകൂടയലിലും അവരിൽ നിന്നുയർന്നിട്ടുണ്ട്. ഉൾപ്പോരാട്ടങ്ങളുടെ വിജനതകളിൽ എത്രവട്ടം അവരുടെ അകമിളകിയിട്ടുണ്ട്. ഓരോതവണയും തട്ടിവീണതും ചാടിപിടിച്ചതും മുൾച്ചെടികളിൽ തന്നെ. നീറ്റലൊടുങ്ങുന്നില്ല. അകവും പുറവും. എന്നിട്ടും ദൈവത്തിന്റെ കൂട്ട് വിടാൻ മാത്രം മനസ്സു വരുന്നില്ല. കഷ്ടതയിലും സങ്കടത്തിലും പട്ടിണിയിലും ആപത്തിലും നഗ്നതയിലും വാളിലും ഒന്നും! തളർന്ന് തല ചായ്ക്കാനെടുത്ത പാറക്കീറ് തൊട്ടാൽ പൊള്ളുന്നത്! ഒരഗ്നിസിംഹാസനം പോലെ. തീ പിടിച്ച ബലിക്കല്ലിൽ തലവെച്ചുറങ്ങി സ്വന്ത ഇഷ്ടങ്ങൾക്ക് ചിതയൊരുക്കി. പിന്നെ ദൈവം അവർക്ക് പേരുകളിട്ടു. അബ്രഹാം ഒരു സ്വപ്നസഞ്ചാരി. യാക്കോബിന്റെ ഉപായങ്ങളെല്ലാം ഒരു കല്ലിൽ തട്ടി തകരുന്നു. മോശയുടെ വിക്ക് വിമോചനത്തിന്റെ വാക്കാകുന്നു. ആയുസ്സിന്റെ പുസ്തകം ദൈവത്തെക്കൊണ്ടെഴുതിച്ചവരുടെ കഥകളല്ലാതെ പുതുവർഷത്തലേന്ന് ധ്യാനിക്കാൻ മറ്റെന്താണ് അധികമായി വേണ്ടത് ?

നോക്കുക, ഉൾക്കാടുകൾ കത്തിയെരിഞ്ഞ രാത്രികളിൽ ഉള്ളിൽ വെന്തമർന്ന സ്വാർത്ഥതകളുടെ ചാരം വാരി അവർ മുറിവുകൾ പൂശി. ഇരുമിഴികളും പൂട്ടി. മൂന്നാം കണ്ണ് തുറന്നു.ഒരുവൻ മുൾക്കാടുകളിൽ ഒരാട്ടിൻ കുട്ടിയെയും ഒപ്പം ദൈവകരുതലിനെയും ദർശിച്ചു. മറ്റൊരുവൻ എരിയാതെ ആളുന്ന മുൾമരച്ചുടറിഞ്ഞു.അടുത്തചുവടുമുതൽ അയാൾ വിശുദ്ധിയുടെ കനൽ വഴികളിലേയ്ക്കാണ് നടന്നുകയറിയത്.പിന്നീട് മനുഷ്യരുടെ പിറുപിറുക്കലുകളും ജല്പനങ്ങളും കേട്ടപ്പോഴെല്ലാം അയാൾ കാതുകൾ പറിച്ചെറിഞ്ഞ് ദേവഗിരികളിലേയ്ക്ക് ഓടികയറി. ദൈവസ്വരത്തോട് അയാൾ അത്രമേൽ പ്രണയബദ്ധനായിരുന്നു.(എനിക്കറിയില്ല വാൻഗോഗിന്റെ പ്രേരണയെക്കുറിച്ച് ! പക്ഷെ അയാളുടെ മുറിഞ്ഞ കാതിനും പറയാനുള്ളത് ഒരു പ്രണയകഥയാണ്) മനുഷ്യപുത്രന്റെ സമപ്രായക്കാരനായ സ്നേഹിതനെ നോക്കുക. മൗനത്തിലേയ്ക്ക് ഒരു മുനപോലെയുള്ള ചെറുപ്പക്കാരൻ. സത്യം പറയാനല്ലാതെ വായ്തുറക്കില്ല. അപാരതയെ പ്രണയിച്ച യൗവനക്കാരന്റെ തല പോണ വഴിയുടെ പേർ യോഹന്നാൻ എന്നാകുന്നു. ഇവരുയർത്തുന്ന ‘ചാലഞ്ച്’ ഇത്തിരി കടുപ്പമാണോ?.

പുതുവർഷം ദൈവമാണ് നിന്റെ കൂട്ടെങ്കിൽ സൂക്ഷിക്കണം. ഈ വഴിയിൽ ഇനിയൊരു ഓശാനയില്ല. മുഖസ്തുതികളുടെ സുഖം അവസാനിക്കുന്നു. ജനപ്രിയ അവാർഡുകൾ ഇനി കിട്ടില്ല. ശ്രദ്ധിക്കുക, മനുഷ്യപുത്രന് ദൈവം മാത്രം കൂട്ടാവുന്ന ഇടമാണ് ഗത്സമേന. ഇവിടെ ഉറങ്ങിപ്പോയാൽ നിനക്ക് നഷ്ടമാവുന്നത് ക്രിസ്തുവിനെയാണ്. ഉണർന്നിരുന്നാലോ അതിലേറേ അപകടമാണ്. കാരണം, പിന്നെ നിന്റെ കൂട്ടിന് തമ്പുരാൻ മാത്രമേയുള്ളൂ!. മറക്കരുത്, ഗത്സമേനയ്ക്ക് ശേഷം ഇനി വായ്പ്പാട്ടുകളും വരവേല്പ്പുകളുമില്ല. ചുംബനം പോലും ഒറ്റപ്പെടുത്തലാണ്. ഈ വഴിയിൽ ശേഷിക്കുന്നത് ഒരു കുരിശ് മാത്രം. ധൈര്യമുണ്ടെങ്കിൽ ഉണരുക സഖാവേ !വിജയൻ മാഷിനെ മറന്നിട്ടില്ല. ഉറങ്ങാൻ നമുക്ക് പട്ടുമെത്തകൾ മതി, ഉണർന്നെണീക്കാൻ മറ്റുപലതും വേണം, ഒരു വിശ്വാസം, ആദർശം, എന്നൊക്കെ മാഷ് പറഞ്ഞതും മറന്നിട്ടില്ല.

പുതിയ വർഷത്തിന്റെ ശബ്ദം നീ കേൾക്കുന്നുവോ? ജയഘോഷമല്ല അത്. പിന്നെയോ വിലാപത്തിന്റെ കീർത്തനങ്ങളാണ്. കുഞ്ഞുങ്ങൾ നഷ്ടമായ മാതാക്കളുടെ നിലവിളികളാണ് ചുറ്റും. മനുഷ്യപുത്രന്റെ പുതുവർഷത്തുടക്കം പോലെതന്നെ. അതിനിടയിലൂടെ അവൻ നടന്ന വിധം നോക്കുക. ആയുസ്സിന്റെ മാത്രകളത്രയും ദൈവത്തെ കേട്ടും ജനത്തോട് പറഞ്ഞും ജനത്തെ കേട്ടും ദൈവത്തോടു പറഞ്ഞും അവൻ നടന്നു. മനുഷ്യരുടെ ഇടയിൽ പാർക്കാൻ കൊതിച്ച ആ ദരിദ്രനാരായണനു ‘സുഖവാസ’മൊരുക്കാൻ നാമിങ്ങനെ മത്സരിക്കുന്നതെന്തേ? ഒരു പക്ഷേ, അവൻ നമ്മുടെ നടവഴികളിലെല്ലാം ഒപ്പമായിരിക്കുന്നത് ഒരു തികഞ്ഞ അസൗകര്യം തന്നെയായിരിക്കും, അല്ലേ! ആഴ്ചയിലൊന്ന് അവിടെചെന്ന് കാണുന്നത് തന്നെ ഇപ്പോൾ അധികമാണ്!.

സത്യമായും ദൈവമേ, നിന്റെ കൂട്ടിനെ ഞങ്ങൾ ഭയപ്പെടുന്നു. നീ ഞങ്ങളെ സ്നേഹിതന്മാരെന്ന് വിളിച്ചാലും ഞങ്ങൾക്ക് ധൈര്യമില്ല. ഒരല്പം അകലെയായി അനുഗമിക്കാനേ ആയിട്ടുള്ളൂ ഇന്നെയോളം! ഈ പുതിയ താളിലെങ്കിലും നിന്നെക്കൊണ്ട് ജീവിതമെഴുതിക്കാനായിരുന്നെങ്കിൽ!.

പരസ്യവിചാരണയ്ക്കുള്ള ധാർമ്മിക ബലമൊന്നുമില്ല; ഒരു സങ്കടം പങ്കുവയ്ക്കൽ പോലെ കരുതിയാൽ മതി. പുതുവർഷത്തെ നമ്മുടെ ‘സെൽഫീ’കളിൽ ഒന്നിലെങ്കിലും ക്രിസ്തു പതിയുമോ സഖേ!

നല്ലതേ വരൂ! അങ്ങനെയല്ലേ വരാവൂ എന്റെ നന്മയായ ദൈവമേ! ■

പ. ഏലിയാസ് തൃതീയൻ പാത്രിയർക്കീസിന്റെ ഇന്ത്യാ സന്ദർശനം

അറിയപ്പെടാത്ത വസ്തുതകൾ

ഫാ. ഡോ. ബി. വർഗീസ്

മലങ്കരയിൽ കബറടങ്ങിയ ഏക അന്ത്യോക്യൻ പാത്രിയർക്കീസാണ് പ. ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ (1867-1932). മലങ്കരസഭയിൽ സമാധാനം സ്ഥാപിക്കുവാൻ മുൻകൈയ്യെടുത്ത് അദ്ദേഹം ഇവിടെ എത്തിയെന്നും, ബ്രിട്ടീഷ് വൈസ്റോയ് ഇർവിൻ ക്ഷണിച്ചതനുസരിച്ചാണ് എത്തിയതെന്നും ആണ് പരക്കെയുള്ള ധാരണ. എന്നാൽ തുർക്കിയിലും, മദ്ധ്യപൂർവ്വ ദേശത്തും ഉണ്ടായിരുന്ന പ്രതികൂല രാഷ്ട്രീയ സാമൂഹ്യ ചുറ്റുപാടുകളിൽ നിന്നും രക്ഷപെടാനായി മാത്രമാണ് ഹൃദ്രോഗിയായിരുന്ന പാത്രിയർക്കീസ് ഇവിടെ എത്തിയതെന്നുമുള്ള സത്യം പലർക്കും അജ്ഞാതമാണ്. അന്ത്യോക്യൻ സുറിയാനി സഭാംഗങ്ങളായ മേൽപട്ടക്കാർ ഉൾപ്പെടെയുള്ള സുഹൃത്തുക്കളിൽ നിന്നും നേരിട്ട് കേട്ടറിഞ്ഞ വസ്തുതകളാണ് ഈ ലേഖനത്തിന് അടിസ്ഥാനം. മലങ്കരയിലെ പാത്രിയർക്കീസ് വിഭാഗം പരിശുദ്ധനായി ആദരിക്കുന്ന അദ്ദേഹത്തെ യാതൊരു വിധത്തിലും താഴ്ത്തിക്കെട്ടിക്കാണിക്കുവാൻ ഈ ലേഖകന് താത്പര്യമില്ല. സത്യം അറിയുന്നത് വ്യക്തികളെപ്പറ്റിയുള്ള ബഹുമാനം വർദ്ധിക്കുന്നതിനും, അവർ സഹിച്ച ദുരിതങ്ങളെപ്പറ്റി മനസ്സിലാക്കുന്നതിനും സഹായകമാണെന്നുള്ള വിശ്വാസത്തിലാണ് ഇതെഴുതുന്നത്.

1867-ൽ കിഴക്കൻ തുർക്കിയിലെ മർദ്ദീനിൽ ഒരു വൈദികന്റെ പുത്രനായി ജനിച്ച അദ്ദേഹത്തിന്റെ മാമോദീസാ പേര് നസ്റി എന്നായിരുന്നു. വീട്ടിലെ സാമ്പത്തിക ഞെരുക്കം നിമിത്തം ചെറുപ്പകാലത്ത് കുറെക്കാലം ചെരിപ്പുകുത്തിയായി ഒരു കടയിൽ ജോലി ചെയ്തു. 1887-ൽ കുർക്കുമ ദയറായിൽ ചേർന്ന അദ്ദേഹം 1889-ൽ റമ്പാനായപ്പോൾ സ്വീകരിച്ച പേരാണ് ഏലിയാസ്. 1892-ൽ വൈദികനായ അദ്ദേഹം 1908-ൽ ആമീദിലെ (ഡയർ ബക്കീർ) ബിഷപ്പായി. 1912-ൽ മൂസലിലേക്ക് മാറ്റി. 1915-ൽ അബ്ദള്ളാ പാത്രിയർക്കീസ് ജറുശലേമിൽ വച്ച്, അബ്ദൽ മശിഹാ മർദ്ദീനിലെ കുർക്കുമ ദയറായിലും കാലം ചെയ്തു. പ്രതികൂല രാഷ്ട്രീയ സാഹചര്യം നിമിത്തം ഉടനെ പുതിയ പാത്രിയർക്കീസിനെ തെരഞ്ഞെടുക്കാനായില്ല, രണ്ടു വർഷങ്ങൾക്കു ശേഷം 1917-ൽ ഏലിയാസ് തൃതീയൻ പാത്രിയർക്കീസായി അവരോധിക്കപ്പെട്ടു. 1923 ആഗസ്റ്റ് 1-ന് സമാധാന ദൗത്യവുമായി പ. വട്ടശ്ശേരിൽ ഗീവർഗീസ് ദീവന്നാസ്യോസ് മർദ്ദീനിൽ എത്തി, 67 ദിവസം കുർക്കുമ ദയറായിൽ താമസിച്ചു. പ. ഏലിയാസ് തൃതീയൻ ആതിഥ്യമര്യാദകളോടെ അദ്ദേഹത്തെ സ്വീകരിച്ചു. മുടക്കു തീർത്ത് കൽപ്പന കൊടുത്തുവെങ്കിലും, അന്ത്യോക്യൻ പ്രതിനിധി യൂലിയോസ് മെത്രാച്ചന്റെയും മലങ്കരയിലെ ചില പ്രമാണിമാരുടെ കുടിലത നിമിത്തം, കൽപ്പന വെളിച്ചം കണ്ടില്ല.

1895-1915 കാലയളവിൽ 96,000 സുറിയാനി സഭാംഗങ്ങൾ തുർക്കികളുടെ നരഹത്യക്ക് ഇരയായിയെന്ന് മലങ്കരസഭയുടെ ഒരു ലക്കത്തിൽ ഈ ലേഖകൻ എഴുതിയിരുന്നു. "വാളിന്റെ വർഷങ്ങൾ" (സുറിയാനിയിൽ സൈഫോ) എന്നാണ് ഈ കാലഘട്ടം അറിയപ്പെടുന്നത്. കൂട്ടക്കൊല അവസാനിച്ചുവെങ്കിലും, തുർക്കി ഭരണകൂടവും വിഘടന വാദികളായ കുർദ് വംശജരും തമ്മിലുള്ള സായുധ ഏറ്റുമുട്ടൽ ശക്തമായി തുടർന്നു. ചെറിയ ഇടവേളക്കുശേഷം അടുത്ത കാലത്ത് പുനരാരംഭിക്കുകയും ചെയ്തു. 2012-ൽ ഇരുകൂട്ടരും തമ്മിൽ വെടിനിറുത്തൽ ഉണ്ടായ സമയത്താണ് ഈ ലേഖകൻ കുർക്കുമ ദയറാ, മാർ ഗബിയേലിന്റെ ദയറാ, മാർ ഔഗേന്റെ ദയറാ എന്നിവ സന്ദർശിച്ചത്.

അപര്യാപ്തമായ യാത്രാ സൗകര്യങ്ങളും ഫെബ്രുവരിയിലെ അസഹ്യമായ ചൂടും ഹൃദ്രോഗിയായിരുന്ന പാത്രിയർക്കീസിന്റെ മരണത്തിനിടയാക്കി. 1932 ഫെബ്രുവരി 13-ന് 65-ാം വയസ്സിൽ മഞ്ഞനിക്കരയിൽവെച്ച് കാലം ചെയ്തു.

സംഘർഷ പൂർണ്ണമായ ഒരു സമയത്താണ് പ. വട്ടശ്ശേരിൽ തിരുമേനി മർദീനിൽ പോയി, നിരപായം തിരിച്ചെത്തിയതെന്നുള്ള വസ്തുത ഇന്നും മലങ്കര സഭാംഗങ്ങൾക്ക് അറിവുണ്ടെന്നു തോന്നുന്നില്ല. തിരുമേനിയുടെ സന്ദർശനം കഴിഞ്ഞ് താമസം വിനാ, കുർദു വിഘടനവാദികൾ കുർക്കുമ ദയറാ കൈവശപ്പെടുത്തുവാൻ പദ്ധതിയിട്ടു. മൂന്നു വശവും ഉയർന്ന മലകളുടെ മധ്യത്തിൽ വിശാലമായ താഴ്വരയ്ക്ക് അഭിമുഖമായാണ് ദയറാ പണിതിരിക്കുന്നത്. ദയറായുടെ കിഴക്കുവശത്തുള്ള ഉയർന്ന മലയിൽ കുർദുകൾ സ്ഥാനമുറപ്പിച്ചാൽ, അവരെ അവിടെ നിന്നു തുരത്തുക എളുപ്പമല്ല, കൂടാതെ താഴ്വര മുഴുവനും അവരുടെ നിയന്ത്രണത്തിലാവുകയും ചെയ്യും. കോട്ട പോലെ ബലവത്തായ കുർക്കുമ ദയറാ കുർദുകൾ ദീർഘകാല ആസ്ഥാനമാക്കുകയും ചെയ്യും. ഇതു മുൻകൂട്ടി മനസ്സിലാക്കിയ തുർക്കി സൈന്യം ഏലിയാസ് തൃതീ

BRIDE GROOM WANTED

Upper Middle Class Orthodox Parents Invite proposals for their daughter 25/165, Fair, M.Tec. From professionaly qualified employees.

m4marry: 4042470,
Ph: 9746185417

BRIDE GROOM WANTED

Orthodox parents (Kottayam) invite proposals for daughter fair, 28/150 cm, professionally qualified LLM, NET, doing Phd, working as Assistant professor (Law) at Bangalore, from parents of god fearing, well educated, well placed boys.

CONTACT :
M4MARRY ID 3552833, 9645585261

BRIDE GROOM WANTED

Orthodox parents invite proposal for their daughter 25/164. BDS, from parents of professionally qualified, God fearing boys.

Mob : 9447331738
0474-2671038

BRIDE GROOM WANTED

Orthodox parents invite proposals for their daughter, age 34, ht.5ft, slim, white colour . MBA from New York University and employed in New York. The Bride groom must be Orthodox, at least having a masters degree and willing to go to USA. Deacons also preferred.

Contact : **9349604765,**
jacobphilip099@gmail.com

WEDDING Great Memories
50th Wedding Anniversary (08-06-201)



K.M. JOHN & ALEYAMMA JOHN

H.NO. 11-6-697 RED HILLS
HYDERABAD -500004

With Best Wishes:

SONS, DAUGHTERS-IN-LAW&GRAND DAUGHTERS

യനേയും, ദയറായിൽ ശേഷിച്ചിരുന്ന ചുരുക്കം റമ്പാന്മാരെയും ഇറക്കി വിട്ട്, അവിടം സൈനീക ആസ്ഥാനമാക്കി.

മർദ്ദീനിൽ നിന്നും 30 കിലോമീറ്റർ തെക്കോട്ടുമാറിയുള്ള മാർ മൽക്കെ ദയറാ ഈ വിധത്തിൽ കുർദുകൾ കൈയടക്കിയപ്പോൾ, തുർക്കി സൈന്യം പീരങ്കി ഉപയോഗിച്ച് ദയറാ മിക്കവാറും പൂർണ്ണമായി തകർത്താണ് പിടിച്ചടക്കിയത് (2012-ൽ മാർ മൽക്കെ ദയറായും ഞാൻ സന്ദർശിച്ചിരുന്നു. പുതുക്കി പണിത ദയറായിൽ മൂന്നു റമ്പാന്മാരും ഏതാനും സന്യാസിനിമാരും, കുറെ കുട്ടികളും താമസമുണ്ട്.

കുർക്കുമ ദയറായിൽ നിന്നും പുറത്താക്കപ്പെട്ട ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് വടക്കൻ സിറിയയിൽ പലയിടത്തും മാറി മാറി താമസിച്ചതിനുശേഷം ഇറാക്കിലെ മൂസലിലും, തുടർന്ന് ബസറായിലും എത്തി. 1895-1915 ലെ കൂട്ടക്കൊലയ്ക്കുശേഷം കിഴക്കൻ തുർക്കിയിൽ ശേഷിച്ച സുറിയാനിക്കാർ സിറിയ, ഇറാക്ക് എന്നിവിടങ്ങളിലേക്ക് പാലായനം ചെയ്തിരുന്നു. എല്ലായിടത്തും അഭിയാർത്ഥികൾ മാത്രം. പട്ടിണിയും രോഗവും നിമിത്തം ജനങ്ങൾ വലയുന്നു. അവർക്കിടയിൽ പാത്രിയർക്കീസും അഭയാർത്ഥിയായി പലയിടത്തും മാറിത്താമസിച്ചു. 1930-ൽ കുറെക്കാലം മൂസയിലെ മാർ മത്തായിയുടെ ദയറായിൽ താമസിച്ചശേഷമാണ് അദ്ദേഹം ബസറായിൽ എത്തിയത്. ബസറായിൽ കഴിയുന്ന സമയം ഏലിയാസ് തൃതീയന്റെ പാസ്പോർട്ടിന്റെ കാലാവധി തീർന്നു. അതു പുതുക്കിക്കിട്ടുവാൻ തുർക്കി അംബാസിഡറെ സമീപിച്ചെങ്കിലും പാസ്പോർട്ട് പിൻവലിച്ചു (revoked). ഇറാക്ക് ബ്രിട്ടീഷ് അധീനതയിൽ ആയിരുന്നതിനാൽ, ശരിയായ പാസ്പോർട്ടില്ലാതെ തുർക്കി അതിർത്തിയിൽ പ്രവേശിക്കുന്നത് അസാധ്യമായിത്തീർന്നു. നിവൃത്തിയില്ലാതെ ബ്രിട്ടീഷ് അധികാരികളെ സമീപിച്ച് സങ്കടമുണർത്തിച്ചു.ഒരു ക്രൈസ്തവ മേലദ്ധ്യക്ഷൻ എന്ന പരിഗണനയിൽ അവർ താത്ക്കാലിക യാത്രാരേഖ (laissez passer) നൽകി. ഈ അനുമതിപത്രവുമായി ബ്രിട്ടീഷ് അധീനതയിലുള്ള പ്രദേശങ്ങളിൽ മാത്രമേ സഞ്ചരിക്കാനാവൂ. പട്ടിണിയും, രോഗങ്ങളും, രാഷ്ട്രീയ അനിശ്ചിതാവസ്ഥയും നിമിത്തം ഇറാക്കിലെ സുറിയാനിക്കാർക്ക് പാത്രിയർക്കീസിനെ സ്വീകരിച്ച് സംരക്ഷിക്കുന്നത് പ്രയാസമുള്ള കാര്യമായിരുന്നു. ഈ സാഹചര്യത്തിലാണ് ഇന്ത്യയിലേക്ക് തിരിക്കുവാൻ പാത്രിയർക്കീസ് തുനിഞ്ഞത്.

ബസറായിൽ നിന്നും കറാച്ചിയിലേക്കുള്ള കപ്പലിൽ യാത്രയ്ക്ക് ക്രമീകരണങ്ങൾ തുടങ്ങി. കപ്പൽ യാത്രക്ക് മുമ്പ് വൈദ്യപരിശോധന നിർബന്ധമായിരുന്നു. അമിതമായ വണ്ണമുണ്ടായിരുന്ന പാത്രിയർക്കീസിന് ഹൃദ്രോഗ ലക്ഷണങ്ങളുണ്ടായിരുന്നു. യാത്രാ രേഖ നൽകുന്നതിന് ഡോക്ടർ വിസമ്മതിച്ചു. പാത്രിയർക്കീസ് തന്റെ അവസ്ഥ വിശദീകരിച്ചു. തനിക്ക് പോയി വിശ്രമിക്കുവാൻ മറ്റൊരിടമില്ലെന്ന് അധികാരികളെ ബോധ്യപ്പെടുത്തി. ഒടുവിൽ മനസ്സില്ലാമനസ്സോടെ കപ്പലിൽ യാത്ര ചെയ്യുവാൻ അവർ അനുവദിച്ചു. കറാച്ചിയിൽ എത്തിയ പാത്രിയർക്കീസ് ട്രെയിനിൽ ഡൽഹിയിലെത്തി, വൈസ്റോയ് ഇർവിൻ പ്രഭുവിനെ കണ്ടു. ബസറായിൽ നിന്നു ലഭിച്ച യാത്രാരേഖകൾ അദ്ദേഹത്തെ കാണിച്ചിരിക്കണം. തുടർന്നാണ് കേരളത്തിലേക്ക് യാത്രതിരിച്ചത്.

ഈ വസ്തുതകൾ അറിയാതെ അൽപ്പം അതിശയോക്തി കലർത്തി, പൊങ്ങച്ച ഭാഷയിൽ 'ഇർവിൻ പ്രഭുവിന്റെ ക്ഷണ പ്രകാരം ഇന്ത്യയിലെത്തി ' എന്ന് ചിലർ പ്രചരിപ്പിച്ചു.

ആംഗ്ലിക്കൻ സഭയിലെ ആർച്ച് ബിഷപ്പ് ഗോർ ഈ സമയം ഇന്ത്യയിലുണ്ടായിരുന്നു. വൈസ്റോയിയുടെ നിർദേശ പ്രകാരം, പാത്രിയർക്കീസ് യാത്രാമദ്ധ്യേ മദ്രാസിൽ വെച്ച് ബിഷപ്പ് ഗോറിനെ കണ്ടു (മാർച്ച് 18-19, 1931). തുടർന്ന് 1931 മാർച്ച് 20-ന് പാത്രിയർക്കീസ് ആലുവായിലെത്തി, പതിനൊന്നു മാസക്കാലം വിവിധ പള്ളികളിൽ താമസിച്ചു. അപര്യാപ്തമായ യാത്രാസൗകര്യങ്ങളും ഫെബ്രുവരിയിലെ അസഹ്യമായ ചൂടും ഹൃദ്രോഗിയായിരുന്ന പാത്രിയർക്കീസിന്റെ മരണത്തിനിടയാക്കി. 1932 ഫെബ്രുവരി 13-ന് 65-ാം വയസ്സിൽ മഞ്ഞനിക്കരയിൽവെച്ച് കാലം ചെയ്തു. മൃതദേഹം അവിടെ നിന്നും കൊടുത്തു വിടുവാൻ ആതിഥേയർ വിസമ്മതിച്ചതുകൊണ്ട് അവിടെത്തന്നെ കബറടക്കി.

കുർക്കുമ ദയറായിൽ താമസിച്ച, അവസാനത്തെ പാത്രിയർക്കീസ് പ. ഏലിയാസ് തൃതീയനാണ്. അദ്ദേഹത്തിന്റെ പിൻഗാമി അപ്രേം ബർ സോം ഒന്നാമൻ (1933-1957) ഫ്രഞ്ച് അധീനതയിലുള്ള സിറിയയിലെ ഹോംസ് ആസ്ഥാനമാക്കി.

1293 മുതൽ 1924 വരെ 630 വർഷം പാത്രിയർക്കീസിന്റെ ആസ്ഥാനമായിരുന്ന കുർക്കുമ ദയറായ്ക്ക് ആ പദവി നഷ്ടപ്പെട്ടതിൽ മർദീനിൽ അവശേഷിച്ചിരുന്ന സുറിയാനിക്കാർ അതൃപ്തരായിരുന്നു. (2012-ൽ എഴുപതോളം കുടുംബങ്ങൾ മാത്രമാണ് ഇവിടെയുള്ളത്). മർദീനിലെ സുറിയാനിക്കാർ അവിടുത്തെ ബിഷപ്പായിരുന്ന പീലക്സീനോസ് ദൊലബാനിയെ (1947-1969) എതിർ പാത്രിയർക്കീസാക്കുവാൻ ശ്രമം നടത്തി. എന്നാൽ അദ്ദേഹം വിസമ്മതിച്ചതു കാരണം സുറിയാനി സഭയിൽ ഒരു ഭിന്നത ഒഴിവായി.

Favours Received



A.V. Kuruvilla & Family
Bombay

8th Death Anniversary
11th January 2015

06-08-1972  11-01-2007

In Loving Memory of

Our JOLLYKUTTAN

(ALEX THARAKAN K. J.)
KALAPURACKAL, Gurukripa 12/626
G.N.R.A. 82, Pazhava Veedu P.O.,
Alapuzha-688 009

By Sorrowing Family

ദീനാ: യുവതികൾക്ക് മുന്നറിയിപ്പ്

വേദഭാഗം: ഉല്പ. 34

■ ഫാ. ഡോ. റ്റി. ജെ. ജോഷ്വാ

യൗവ്വനത്തിലേക്കു കടക്കുന്ന വനിതകൾക്ക് സ്വന്തപരാജയത്തിൽ കൂടി അപകടത്തിന്റെ മുന്നറിയിപ്പു നൽകുന്ന ഒരു കഥാപാത്രമാണ് ദീനാ. കുടുംബത്തിൽ അസ്വസ്ഥതകൾ സൃഷ്ടിക്കയും അനർത്ഥങ്ങൾ വരുത്തി വയ്ക്കയും ചെയ്തവളാണ്. പുതിയനിയമത്തിൽ അവളെപ്പറ്റി ഒരു പരാമർശവുമില്ല. എന്നാൽ റാബിമാരുടെ പാരമ്പര്യകഥകളിൽ അവൾ കടന്നുവരുന്നുണ്ട്.

1. **പേരും കുടുംബവും :** ദീനാ: വിധിക്കുക എന്നർത്ഥമുള്ള ഗീൻ എന്ന എബ്രായപദത്തിൽ നിന്നാണ് ദീനാ എന്ന പേരുണ്ടായത്. ആ പേരിന്റെ അർത്ഥം, വിധി, നീതി, വിധിപറയുന്നവൻ എന്നൊക്കെയാണ്. ഒരു പക്ഷേ ദൈവനീതിയെക്കുറിച്ചുള്ള ഉത്തമവിശ്വാസത്തിൽനിന്നാണ് മാതാപിതാക്കൾ ഈ നാമം മകൾക്കു നൽകിയത്. യാക്കോബിന് ലേയയിൽ ഉണ്ടായ മകൾ അവളുടെ രണ്ടുസഹോദരന്മാരാണ് ലേവിയും യഹൂദയും യാക്കോബിന്റെ മറ്റു മക്കൾ മറ്റു സ്ത്രീകളിൽ നിന്നു ജനിച്ചവർ. യാക്കോബിന്റെ മക്കളായ പന്ത്രണ്ടുഗോത്രപിതാക്കന്മാരെപ്പറ്റി പറയുമ്പോൾ അവർ ഒരമ്മപെറ്റ മക്കളല്ല. എന്നാൽ പന്ത്രണ്ടുപേരുടെ പട്ടിക പറയുമ്പോഴും ദീനയെപ്പറ്റി ഒരു പരാമർശവുമില്ല.

2. യാക്കോബിനും കുടുംബത്തിനും ശേഖേമിൽ ഉണ്ടായ അനർത്ഥം.

യാക്കോബും കുടുംബവും ഹാരാനിലുള്ള ലാബാന്റെ ഭവനത്തിൽ നിന്നും സ്വന്തനാടായ കനാനിലേക്കു പുറപ്പെട്ടു. ഒന്നുമില്ലാത്തവനായിട്ടാണ് അങ്ങോട്ടുപോയത്. ഇപ്പോൾ മടങ്ങിവരുന്നത് വലിയ ഒരു കുടുംബവും ഒട്ടേറെ സമ്പാദ്യങ്ങളുമായിട്ടാണ്. തന്റെ നേട്ടത്തെപ്പറ്റി യാക്കോബു തന്നെ അയവിറക്കുന്നു. ഞാൻ ലാബാന്റെ അടുക്കൽ പരദേശിയായി പാർത്തു, ഇന്നുവരെ അവിടെ താമസിച്ചു. എനിക്കു കാളയും കഴുതയും ആടുമാടുകളും ദാസീദാസന്മാരുണ്ട്. (ഉല് 1 32:4) ദൈവസന്നിധിയിൽ നടത്തിയ പ്രാർത്ഥനയിൽ ഇപ്രകാരം അനുസ്മരിക്കുന്നു. ഞാൻ ഒരു വടിയോടുകൂടി മാത്രമല്ലോ ഈ യോർദാൻ കടന്നത്; ഇപ്പോഴോ ഞാൻ കൂട്ടമായിത്തീർന്നിരിക്കുന്നു.

ശേഖേമിൽ എത്തിയപ്പോൾ അവിടെ പാളയമടിച്ചു. കാരണം അവിടെ ആകർഷകമായ പലതും ഉണ്ടായിരുന്നു. പട്ടണപ്രാന്തത്തിലെ വിശാലമായ പുൽമാലികൾ, ഫലഭൂയിഷ്ടമായ വയൽ പ്രദേശം കണ്ണിനും കരളിനും കൗതുകമുണർത്തുന്ന നഗരത്തിലെ അന്തരീക്ഷം. മക്കൾക്ക് പ്രിയപ്പെട്ട സ്ഥലമായി. അവിടെ നിന്നും മുപ്പതു മൈൽ അകലെ മാത്രമേ ബെഥേലിലേക്കുള്ളൂ. അവിടേക്കു മടങ്ങിയെത്താമെന്നും യാഗമർപ്പിക്കാമെന്നുമൊക്കെ പ്രതിജ്ഞചെയ്തതുമാണ്. എങ്കിലും ശേഖേമിൽ പാർക്കുവാൻ യാക്കോബും കുടുംബവും പ്രലോഭിപ്പിക്കപ്പെടുകയായിരുന്നു. ഇടത്താവളങ്ങൾ സ്ഥിരപാർപ്പിടങ്ങളാക്കുന്ന അനുഭവം മറ്റും പലർക്കും ഉണ്ടാകുന്നുണ്ട്. സാമ്പത്തീകാഭിവൃദ്ധിയും, അതോടൊപ്പം വന്നുചേരുന്ന സുഖസൗകര്യങ്ങളും ആദർശത്തിൽ നിന്നും ലക്ഷ്യത്തിൽ നിന്നും പലരെയും പിന്തിരിപ്പിക്കുകയോ വ്യതിചലിപ്പിക്കയോ ചെയ്യുന്നു. ഭൗതിക നേട്ടങ്ങളും സ്ഥാനമാനങ്ങളും കൈവരുമ്പോൾ പിന്നിട്ട വഴികൾ മറന്നുപോകുന്നു, ദൈവമുമ്പാകെ എടുത്ത തീരുമാനങ്ങളും പ്രതിജ്ഞകളും വിസ്മരിക്കുന്നു. ദൈവത്തെക്കാ

ളധികം മാമോനെ സേവിക്കുവാനുള്ള ഉത്സാഹത്തിലാകുന്നു. ശേഖേമിലെ ആകർഷണങ്ങളാണ് പല ദൈവമക്കളെയും വഴിതെറ്റിച്ചിട്ടുള്ളത്. പിന്നീട് ചില അനർത്ഥങ്ങളും തിരിച്ചടികളും അനുഭവപ്പെടുമ്പോൾ മാത്രമാണ് തിരിച്ചറിവുണ്ടാകുന്നത്. ഭൗതികനേട്ടങ്ങൾ നമ്മെ ദൈവത്തോടു കൂടുതൽ അടുപ്പിക്കുവാനല്ലാതെ അകറ്റുവാൻ ഇടയാക്കരുത്. നാമായിരിക്കുന്നത് ദൈവകൃപയാൽ മാത്രമാകുന്നു എന്ന ബോധം എപ്പോഴും നമ്മെ ഭരിക്കുവാൻ ഇടയാകണം.

3. ചുറ്റിക്കറങ്ങാൻ പോയദീനാ: പന്ത്രണ്ട് ആൺമക്കളുടെ ഇടയിൽ ഒരു കുഞ്ഞു പെങ്ങൾ - ദീനാ. അവൾ വളരെ വാത്സല്യത്തോടും ലാളനയോടും വളർന്നിരിക്കണം. ശേഖേമിൽ എത്തിയപ്പോൾ അവൾ യൗവനത്തിലേക്കു കടക്കുകയാണ്. പല മോഹങ്ങളും അഭിലാഷങ്ങളും മൊട്ടിടുന്ന കാലം. വിവേകത്തെക്കാൾ വികാരം ഉയർന്നു നിൽക്കുന്ന ഘട്ടം. ദീനാ പട്ടണം ചുറ്റിക്കാണാനും ഉല്ലാസത്തിനുമായി അവിടേക്കു വരുന്നു. തദ്ദേശീയരായ സമപ്രായക്കാരെ കാണാനും പരിചയപ്പെടാനും ആഗ്രഹിച്ചിട്ടുണ്ടാവും യഹൂദചരിത്രകാരനായ ജൊസീഫസ് രേഖപ്പെടുത്തിയിട്ടുണ്ട്. കനാന്യർ നടത്തുന്ന പ്രകൃതീയാരാധനയുടെ വാർഷികാഘോഷത്തിൽ പങ്കെടുക്കുവാൻ ദീനാ പോയി എന്നാണ്. അതാണു വാസ്തവമെങ്കിൽ, യിസ്രായേല്യർക്ക് നിരോധിക്കപ്പെട്ട ഒരു ഉത്സവത്തിനാണവൾ പോയത്.

കൂടാരത്തിൽ നിന്നും നഗരത്തിലേക്ക് കടന്നുവന്ന ദീനായ്ക്ക് പല കാഴ്ചകളും പുതുമനിറഞ്ഞതായിരിക്കണം. അവൾ ഉന്മേഷവതിയായി മുമ്പോട്ടുനീങ്ങി. അപ്പോൾ ദേശത്തിലെ പ്രഭുവായ ശേഖേം അവളെ കണ്ടു. അവന്റെ കണ്ണിൽ കാമം പടർന്നു. അവൻ അവളെ പിടിച്ചുകൊണ്ടുപോയി. അവളോടുകൂടെ ശയിച്ച് അവൾക്കു പോരായ്ക വരുത്തി. (ഉല്പ. 34.2) അവൾ എതിർപ്പുപ്രകടിപ്പിച്ചിട്ടുണ്ടാവാം. പക്ഷേ ഫലമുണ്ടായില്ല. അവൾ ബലാൽസംഗത്തിനിരയായി.

ഇവിടെ നമ്മുടെ ഗാഢമായ ചിന്തയ്ക്കു വിഷയമാകേണ്ട പല കാര്യങ്ങൾ ഉയർന്നു വരുന്നു. വളർച്ചയായിരിക്കുന്ന മക്കളുടെ ഗമനാഗമനങ്ങളിൽ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം. മക്കൾ പുലർത്തുന്ന സൗഹൃദങ്ങൾ, അവരുടെ താല്പര്യങ്ങൾ, സന്ദർശനം നടത്തുന്ന സ്ഥലങ്ങൾ, പ്രവർത്തനവേദി ഇവയെക്കുറിച്ചെല്ലാം മനസ്സിലാക്കേണ്ടതാവശ്യമാണ്. ചില നിയന്ത്രണങ്ങളും തിരുത്തലുകളുമൊക്കെ ആവശ്യമായി വരും. എന്നാൽ മക്കൾക്കു യാതൊരു സ്വാതന്ത്ര്യവും നൽകാതെ പട്ടാളച്ചിട്ടയിൽ വളർത്തുന്നതും ആശാസ്യമല്ല. ഏതിനെല്ലാം നിയന്ത്രണം. ഏതിനെല്ലാം സ്വാതന്ത്ര്യം എന്നു ഇതിനെപ്പറ്റി വ്യക്തമായ ഒരു ധാരണ മക്കൾക്കു നൽകണം.

യൗവനത്തിലേക്കു കടക്കുന്ന പെൺമക്കളെക്കുറിച്ച് മാതാപിതാക്കളാണ് കൂടുതൽ ശ്രദ്ധ പതിക്കേണ്ടത്. അവരെ ഒറ്റയ്ക്ക് സൈ്വരൃവിഹാരത്തിനു വിട്ടാൽ അനർത്ഥങ്ങൾ വരുത്തിവയ്ക്കുമെന്നോർക്കണം. ഇന്നിപ്പോൾ മൊബൈൽ ഫോണിന്റെ ദുരുപയോഗംവഴിയും നെറ്റിലെ ചാറ്റിംഗിൽകൂടിയും അനവധി പെൺകുട്ടികൾ ചതിക്കുഴിയിലും ചെളിക്കുഴിയിലും വീണുപോകുന്നു. പഠനത്തിൽ താല്പര്യമില്ലാതെ എപ്പോഴും മുറി അടച്ചിരുന്നു മൊബൈൽ സംഭാഷണത്തിൽ ഏർപ്പെടുമ്പോൾത്തന്നെ, കുഴപ്പത്തിലേക്കു നീങ്ങുകയാണെന്നു തിരിച്ചറിഞ്ഞ് മാതാക്കൾ ശരിയായ ഉപദേശങ്ങൾ നൽകണം. ഹൃദയം തുറന്നുള്ള സംസാരം ആവശ്യമാണ്. ഭവനത്തിൽ ശരിയായ സ്നേഹം ലഭിക്കാതെ വരുമ്പോഴും അവഗണിക്കപ്പെടുന്നുവെന്ന ചിന്ത ഉയരുമ്പോഴും മറ്റു കേന്ദ്രങ്ങളിലേക്ക് അവർ സ്വാഭാവികമായും നയിക്കപ്പെടും. അതു ചിലപ്പോൾ ഒട്ടും അഭിലഷണീയമല്ലാത്ത വ്യക്തികളിൽ കേന്ദ്രീകരിച്ചു എന്നു വരാം.

കത്തുന്ന യൗവനത്തിൽ എത്തിനിൽക്കുന്ന ദീനാമാരും വളരെ കരുതലും ജാഗ്രതയുമുള്ളവരായിരിക്കണം. കൊത്തിവലിക്കുന്ന കഴുകന്റെ കണ്ണുകളുമായി കഴിയുന്ന ശേഖേമുമാർ എവിടെയും ഉണ്ടെന്നകാര്യം ഓർത്തിരിക്കണം. അരുതാത്ത സാഹചര്യങ്ങളാണ് അപകടം ക്ഷണിച്ചുവരുത്തുന്നത്. അതുകൊണ്ട് സ്വയം കരുതലും സൂക്ഷ്മതയും പാലിക്കുകയാണ് ആവശ്യം. ദൈവം എന്നെ ഏല്പിച്ചിട്ടുള്ള ഒരു നിധിയാണ് എന്റെ പാതിവ്രത്യം, അതു നഷ്ടമാകാതെ, ജീവിതത്തിൽ ദൈവം നിശ്ചയിച്ചിട്ടുള്ള പങ്കാളിയെ കണ്ടെത്തുന്നതുവരെ കാത്തുസൂക്ഷിക്കണമെന്ന് ഓരോ ദീനായും നിശ്ചയം ചെയ്യണം.

4) കുടുംബം നേരിട്ട പ്രതിസന്ധി: കഥാനായികയായ ദീനായുടെ കഥയിലേക്കു മടങ്ങിവരാം. ശേഖേം അവളെ ബലാൽസംഗം ചെയ്തശേഷം ഇന്നുള്ള പല കശ്മലന്മാർ ചെയ്യുന്ന

> **ഭൗതികനേട്ടങ്ങൾ നമ്മെ ദൈവത്തോടു കൂടുതൽ അടുപ്പിക്കുവാനല്ലാതെ അകറ്റുവാൻ ഇടയാക്കരുത്. നാമായിരിക്കുന്നത് ദൈവകൃപയാൽ മാത്രമാകുന്നു എന്ന ബോധം എപ്പോഴും നമ്മെ ഭരിക്കുവാൻ ഇടയാകണം.**

പോലെ ഉപേക്ഷിക്കയോ അപകടപ്പെടുത്തുകയോ ആയിരുന്നില്ല അവളെ ഭാര്യയായി എടുക്കണമെന്ന് ഉൽക്കടമായി ആഗ്രഹിച്ചു. ഹമോർയാക്കോബിനെ സമീപിച്ച് ആവശ്യം ഉന്നയിച്ചു. ഇതികർത്തവ്യതാമൂഢനായിത്തീർന്ന യാക്കോബ് തന്റെ മക്കൾ വയലിൽ നിന്നും തിരിച്ചെത്തിയപ്പോൾ ദീനായിക്കു സംഭവിച്ച ദുരനുഭവവും ഹാമോറിന്റെ അഭ്യർത്ഥനയും അവരെ അറിയിച്ചു. തങ്ങളുടെ സഹോദരിയെ ഒരു അഗ്രചർമ്മി വഷളാക്കിയതുമൂലം കുടുംബത്തിനു സംഭവിച്ച അപമാനം അവർക്കു സഹിക്കാവുന്നതല്ലായിരുന്നു പകരം വീട്ടാൻ തന്നെ അവർ തീരുമാനിച്ചു. പക്ഷേ അതു ചതിയിൽകൂടി ആയിരുന്നു. അവർ കൗശലക്കാരനായ യാക്കോബിന്റെ മക്കളാണല്ലോ. അതുകൊണ്ട് ഹമോരും ശേഖേമുമായി അവർ വ്യവസ്ഥ ചെയ്തു. അവിടുത്തെ പുരുഷന്മാരെല്ലാം പരിഛേദന സ്വീകരിച്ചതിന്റെ മൂന്നാംദിവസം ദുസ്സഹമായ വേദനയിൽ കഴിയുന്ന അവസരത്തിൽ യാക്കോബിന്റെ അറിവുകൂടാതെ, മക്കളായ ശിമയോനും ലേവിയും വാളുമായി പട്ടണവാസികളുടെ നേരെ ചെന്നു. അവർ ഗമോരിനെയും അവന്റെ മകൻ ശേഖേമിനെയും വാളിന്റെ വായ്ത്തലയാൽ കൊന്ന് ദീനായെ ശേഖേമിന്റെ വീട്ടിൽ നിന്നു കൂട്ടിക്കൊണ്ടു പോന്നു. (ഉല്പ. 34:26) പിന്നീട് അവർ പട്ടണത്തിൽ ചെന്നു കൊള്ള നടത്തി. അവരുടെ ആടുമാടുകളും സമ്പാദ്യങ്ങളുമെല്ലാം കവർന്നു. ഇങ്ങനെ സാഹസികരായ ആ രണ്ടു മക്കൾ കടുംകൈകൾ പ്രവർത്തിച്ചു. യാക്കോബിന്റെ കുടുംബത്തെ പ്രതിസന്ധിയിലാക്കി. തദ്ദേശവാസികൾ പ്രതികാരത്തിനു പാഞ്ഞെത്തുകയില്ലേ? അവരുടെ മുമ്പിൽ എങ്ങനെ പിടിച്ചുനിൽക്കും. യാക്കോബ് വലിയ പ്രതിസന്ധിയിലായി. നിസ്സഹായനായ ആ പിതാവിന്റെ വാക്കുകൾ ശ്രദ്ധിക്കുക. ഈ ദേശനിവാസികളായ കനാന്യരുടെയും

ഫെരീസ്യരുടെയും ഇടയിൽ നിങ്ങൾ എന്നെ നാറ്റിച്ച് വിഷമത്തിലാക്കിയിരിക്കുന്നു. ഞാൻ ആൾച്ചുരുക്കമുള്ളവനല്ലോ, അവർ എനിക്കുവിരോധമായി കൂട്ടം കൂടി എന്നെ തോൽപ്പിക്കുകയും ഞാനും എന്റെ കുടുംബവും നശിക്കയും ചെയ്യും (ഉല്പ. 34:30)

ഈ പ്രതിസന്ധിമൂലം യാക്കോബും പരിവാരവും ശേഖേമിൽ നിന്നു പുറപ്പെട്ട് ബേഥേലിലേക്കുപോയി. അവിടെയെത്തിയപ്പോൾ, മുമ്പ് അവിടെ വച്ച് യാക്കോബ് ചെയ്ത പ്രതിജ്ഞ അനുസരിച്ച് യഹോവയ്ക്ക് സ്തോത്രയാഗം അർപ്പിച്ചു. ദീനായെക്കുറിച്ച് പിന്നീട് ഒന്നും തിരുവെഴുത്തുകാരൻ പരാമർശിക്കുന്നില്ല. എന്നാൽ റാബിമാർ പുലർത്തുന്ന പാരമ്പര്യത്തിൽ ദീനാ ഒരു മകളെപ്രസവിക്കയും ആ മകൾ ഈജിപ്തിൽ വളർത്തപ്പെടുകയും ചെയ്തു. അവളുടെ പേര് അസനേത്ത് എന്നായിരുന്നു. അവളെ ഫറവോ, മോശയ്ക്കു ഭാര്യായി നൽകി എന്നുമാണ്.

ഉപസംഹാരം

ഒരു ചെറിയ വിവരണം മാത്രമേ ദീനായെ സംബന്ധിച്ച് തിരുവെഴുത്തിൽ നാം കാണുന്നുള്ളു. എന്നാൽ പല സന്ദേശങ്ങൾ നമുക്കു ലഭിക്കുന്നു. വ്യക്തിജീവിതത്തിനും കുടുംബജീവിതത്തിനും പ്രസക്തമായവ.

1. മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം സർവ്വപ്രധാനമാണ്. അവർ തമ്മിൽ തുറന്ന ആശയവിനിമയം നടക്കേണ്ടത് ആവശ്യമത്രേ. പ്രത്യേകിച്ച് പെൺമക്കൾ കൗമാരത്തിലേക്കു കടക്കുമ്പോൾ മാതാക്കളുടെ കൂടുതലായ ശ്രദ്ധ അവരിൽ പതിയേണ്ടതാണ്. മക്കൾക്കു മാതാവിനോട് ഹൃദയം തുറക്കാൻ സന്തോഷവും സന്നദ്ധതയും ഉണ്ടാക്കണം. പെൺകുട്ടികളുടെ വേഷവിധാനങ്ങളും വികാരോത്തേജകമാകരുത്. അത് അപകടം വിളിച്ചു വരുത്തുകയായിരിക്കും.

2. യൗവനത്തിലേക്കു കടക്കുന്ന സ്ത്രീകൾ ചുറ്റിക്കറങ്ങാൻ നടക്കുന്നതും അവിഹിത കൂട്ടുകെട്ടുകൾക്കു പോകുന്നതും അപകടകരമാണ്. പെൺകുട്ടികൾക്കു നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്ന ഇന്നത്തെ സമൂഹത്തിൽ ജാഗ്രതയും കരുതലും വരുത്തേണ്ടതാണ്. ദീനായുടെ കഥ യുവതികൾക്കെല്ലാം ഒരു മുന്നറിയിപ്പായി തിരുവെഴുത്തിൽ തെളിഞ്ഞു നിൽക്കുന്നു.

3. വഞ്ചനയും പ്രതികാരവും നടത്തിയ രണ്ടു സഹോദരങ്ങൾ കുടുംബത്തിന് അനർത്ഥവും പ്രതിസന്ധിയും സൃഷ്ടിക്കുക ആയിരുന്നു. പ്രതികാരം ഒന്നിനും പരിഹാരമല്ല. പലപ്പോഴും സാഹസങ്ങൾക്കു വഴി ഒരുക്കുകയായിരിക്കും ചെയ്യുന്നത്. മാത്രമല്ല വഞ്ചനയും ചതിയും പ്രയോഗിക്കാനും ആ യുവാക്കൾ ഒരുമ്പെടുന്നു. ധാർമ്മികപാതയിൽ ചരിക്കുവാൻ ആഗ്രഹിക്കുന്നവർക്കു പിന്തുടരാവുന്ന കാര്യങ്ങളുമല്ല.

4. പരിഛേദനം എന്നത് യഹോവയുമായുള്ള യിസ്രായേൽ ജനത്തിന്റെ ഉടമ്പടിയുടെ പ്രതീകമാണ്. ഒരു വിശുദ്ധ നിയമത്തെ അത് സൂചിപ്പിക്കുന്നു. യിസ്രായേല്യ പൗരതയുടെ മുദ്രയാണ്. അത് ഹീനകൃത്യം ചെയ്യുവാൻ പ്രയോഗിക്കുന്നത് വിശുദ്ധകാര്യങ്ങളെ സ്വന്തം താല്പര്യങ്ങൾ നേടുവാനും മറ്റുള്ളവരെ വകവരുത്താനും പ്രയോഗിക്കുന്നത് ന്യായീകരിക്കാവുന്നതല്ല എങ്കിലും ഇന്ന് ആത്മിക മണ്ഡലത്തിൽ അപ്രകാരം പലതും നടക്കുന്നത്. വിസ്മരിക്കാവുന്നതല്ല.

5. തിന്മയിൽ നിന്നും ചിലപ്പോൾ നന്മയുണ്ടാകാം. ശേഖേമിലെ അനർത്ഥങ്ങൾ സംഭവിച്ചതുകൊണ്ടാണ് യാക്കോബും കുടുംബവും അവിടെ നിന്നു പോകുവാൻ പ്രേരിതനായത്. അങ്ങനെ പോയില്ലായിരുന്നുവെങ്കിൽ ബെഥേലിലേയ്ക്കുള്ള യാത്ര സംഭവിക്കുമായിരുന്നില്ല. ബെഥേയിൽ വച്ചു ചെയ്ത പ്രതിജ്ഞ ഓർക്കുവാനും, അവിടെ പ്രവേശിക്കുന്നതിനുമുമ്പ് ഒരു ശുദ്ധീകരണപ്രക്രിയ നടത്തുവാനും (ഉല്പ. 35: 1-4) യാക്കോബ് സന്നദ്ധമായി. അതിനുശേഷമാണ് യാഗം കഴിച്ച് യഹോവയ്ക്ക് കൃതജ്ഞത അർപ്പിക്കുന്നത്. ■

വിജയികൾ

സൺഡേസ്കൂൾ നോർത്ത് സോൺ സീനിയർ വിഭാഗം പൊതുവിജ്ഞാനത്തിന് രണ്ടാം സ്ഥാനം നേടിയ നീനു ജേക്കബ്.

ഹയർസെക്കണ്ടറി പൊതുവിജ്ഞാനം, പ. ഔഗേൻ ബാവ അനുസ്മരണ പ്രസംഗ മത്സരം എന്നിവയിൽ രണ്ടാം സ്ഥാനം നേടിയ ഷോളി എൽസബേത്ത്.



മദ്രാസ് ബ്രോഡ്‌വേ സെന്റ് തോമസ് കത്തീഡ്രലിൽ 36 വർഷം പ്രധാന ശുശ്രൂഷകനായി സേവനം അനുഷ്ഠിച്ച ശേഷം വിരമിച്ച എം.ജെ. ഈപ്പൻ മലേപറമ്പിൽ. കോട്ടയം കുറിച്ചി വലിയപള്ളി ഇടവകാംഗമാണ്. സഹധർമ്മിണി: പരേതയായ ആലീസ് ഈപ്പൻ.
മക്കൾ: ഫാ. അനൂപ് ജോസഫ് ഈപ്പൻ (ആവഡി സെന്റ് ജോർജ് പള്ളി വികാരി), കൃപാ അച്ചാമ്മ ഈപ്പൻ.
മരുമക്കൾ: ഫാ. വർഗീസ്ജോൺ (തെള്ളിയൂർ മാർ ബസ്സേലിയോസ് പള്ളി വികാരി), ജെനു ജോസഫ്.

Advt.

മലാഡ് പള്ളിയിൽ മലങ്കരസഭയ്ക്ക് 200 വരിക്കാർ

ബോംബെ: മലാഡ് പള്ളിയിൽ മലങ്കരസഭ മാസികയ്ക്ക് 200 വരിക്കാരെ ചേർത്ത എ.വി. കുരുവിള. കോട്ടയം നട്ടാശ്ശേരി സ്വദേശിയാണ്.

വിജയി



സൺഡേസ്കൂൾ നോർത്ത് സോൺ വാക്യ മൽസരത്തിൽ രണ്ടാം സ്ഥാനം നേടിയ സിറിൾ ഫിലിപ്പ് ചാക്കോ. എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗം.

ദനഹ വെള്ളം സൂക്ഷിക്കാൻ പ്രത്യേക കുപ്പി

മലങ്കര ഓർത്തഡോക്സ് സഭയിലെ പള്ളികളിൽ ദനഹ വെള്ളം സൂക്ഷിക്കാൻ പ്രത്യേക സ്ഫടിക പാത്രം സ്ഥാപിക്കും. അഖില മലങ്കര ശുശ്രൂഷകസംഘം പ്രസിഡന്റും യുകെ -യൂറോപ്പ് ഭദ്രാസനാധിപനുമായ ഡോ. മാത്യൂസ് മാർ തിമോത്തിയോസാണ് പാത്രം രൂപകല്പന ചെയ്തത്. ഡൽഹിയിലായിരുന്നു നിർമാണം.

ലോകമെമ്പാടുമുള്ള മലങ്കര ഓർത്തഡോക്സ് സഭയുടെ ആയിരത്തി അഞ്ഞൂറോളം പള്ളികളിൽ ഈ പാത്രമായിരിക്കും ഇനി ഉപയോഗിക്കുക. ഇതിൽ സഭയുടെ മുദ്രയും ക്രിസ്തുവിന്റെ മാമോദീസ ശുശ്രൂഷയുടെ ഐക്കണും ആലേഖനം ചെയ്തിട്ടുണ്ട്. അടപ്പിനോട് ചേർന്ന് തടിക്കുരിശും സ്ഥാപിച്ചിട്ടുണ്ട്. ദനഹ ശുശ്രൂഷയ്ക്കായി പ്രത്യേക ശോശപ്പയും രൂപകല്പന ചെയ്തിട്ടുണ്ട്.

ക്രിസ്തുവിന്റെ മാമോദീസ ശുശ്രൂഷ നടന്ന ദിവസത്തെ സ്മരിച്ചാണ് ജനുവരി ആറിന് ദനഹ പെരുന്നാൾ ആചരിക്കുന്നത്. അടുത്ത വർഷത്തെ ദനഹ പെരുന്നാൾ വരെ സ്ഫടിക പാത്രത്തിലെ വെള്ളം മദ്ബഹയിലെ ത്രോണോസിന്റെ വടക്കുഭാഗത്തായി സൂക്ഷിക്കും. രോഗസൗഖ്യത്തിനും മറ്റുമായി ഈ വെള്ളം ഉപയോഗിക്കും. മുൻകാലങ്ങളിൽ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിച്ചിരുന്ന കുപ്പികളിലായിരുന്നു ദനഹ വെള്ളം സൂക്ഷിച്ചിരുന്നത്.

സ്ഫടിക പാത്രത്തിന്റെ ആശീർവാദവും വിതരണവും വാകത്താനം വള്ളിക്കാട് ദയറായിൽ പരിശുദ്ധ



മലങ്കര ഓർത്തഡോക്സ് സഭയിലെ പള്ളികളിൽ ദനഹ വെള്ളം സൂക്ഷിക്കാൻ പ്രത്യേകം രൂപകല്പന ചെയ്ത സ്ഫടിക പാത്രം.

ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവായുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ നിർവഹിച്ചു.

പഞ്ചായത്ത് പ്രസിഡന്റുമാർ

വത്സ ഓലിക്കുഴി

കോളയാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്. സുൽത്താൻബത്തേരി ഭദ്രാസനത്തിലെ കൊമ്മേരി സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകാംഗം.

മേരി ഉലഹന്നാൻ

കേളകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്. സുൽത്താൻ ബത്തേരി ഭദ്രാസനത്തിലെ കേളകം സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകാംഗം.

സെറാംമ്പൂർ കോൺവെക്കേഷൻ

ഫെബ്രുവരി ഏഴിന് പഴയ സെമിനാരിയിൽ

കോട്ടയം : സെറാംമ്പൂർ സർവ്വകലാശാല കോൺവൊക്കേഷൻ ഫെബ്രുവരി ഏഴിന് ശനിയാഴ്ച മൂന്നുമണിക്ക് പഴയസെമിനാരിയിൽ. പഴയസെമിനാരി ദ്വിശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ചിട്ടുള്ള സെറാംമ്പൂർ കോൺവൊക്കേഷന്റെ വിവിധ സമ്മേളനങ്ങൾ ഫെബ്രുവരി 4 മുതൽ 7 വരെ നടത്തും. പരിശുദ്ധ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ, കേരളാ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, സെറാമ്പൂർ സർവ്വകലാശാലയുടെ മാസ്റ്റർ ബിഷപ്പ്. ഡോ. എസ്. സദാനന്ദ, പ്രസിഡന്റ് ഡോ. ഐസക്ക് മാർ പീലക്സിനോസ് എന്നിവർ വിവിധ സമ്മേളനങ്ങൾക്ക് നേതൃത്വം നൽകും.

വെസ്റ്റ് ബംഗാളിലെ ഹൂഗ്ലി ജില്ലയിൽ 1818ൽ സ്ഥാപിതമായതാണ് സെറാംമ്പൂർ കോളജ്. ഇന്ത്യയിലെ 50 ലധികം വേദശാസ്ത്ര സെമിനാരികൾ (കോളേജ്) അഫിലിയേറ്റ് ചെയ്തിരിക്കുന്നത് സെറാംമ്പൂർ സർവ്വകലാശാലയിലാണ്. നേപ്പാൾ, ബംഗ്ലാദേശ്, ശ്രീലങ്ക എന്നിവിടങ്ങളിലെ വേദശാസ്ത്ര കോളേജുകളും സെറാംമ്പൂരിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. 'ജ്ഞാനികൾ ബഹുമാനത്തെ അവകാശമാക്കും' (സദൃശ്യ 3:35) എന്നതാണ് സെറാംമ്പൂർ കോളേജിന്റെ മുദ്രാവാക്യം.

ഓർത്തഡോക്സ് സെമിനാരി 1965 മുതൽ സെറാംമ്പൂർ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. കോൺവൊക്കേഷനോട് അനുബന്ധിച്ച് ഫെബ്രുവരി 4 മുതൽ 5 വരെ സെറാംമ്പൂർ ബോർഡ് മീറ്റിംഗ് നടത്തും. ഫെബ്രുവരി 5 മുതൽ 6 വരെ സെറാംമ്പൂർ മീറ്റിംഗും ഏഴിന് കോൺവൊക്കേഷനും നടത്തും. ബി. റ്റി. എച്ച്, ബി. ഡി, എം. റ്റി. എച്ച്, ഡോക്ടറേറ്റ് എന്നീ തലത്തിൽ 2014ൽ ബിരുദം നേടിയ ഇന്ത്യയിലെ 1000 ലധികം വിദ്യാർത്ഥികൾക്കുള്ള ബിരുദ ദാനമാണ് ഏഴിന് നടക്കുന്നത്. ഇന്ത്യയിലെ വിവിധ വേദശാസ്ത്ര കോളേജുകളിൽ നിന്നും 1500 ലധികം പ്രതിനിധികൾ കോൺവൊക്കേഷന്റെ വിവിധ സമ്മേളനങ്ങളിൽ പങ്കെടുക്കുമെന്ന് ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പാൾ ഫാ. ഡോ. ജേക്കബ് കുര്യൻ പറഞ്ഞു.



പഠനം

നിനുവാ നോമ്പ്

മൂന്നു നോമ്പ്

■ വെരി. റവ. എ.ജി. ജോസഫ് റമ്പാൻ

നമ്മുടെ സഭയിലെ അഞ്ച് കാനോനിക നോമ്പുകളിൽ പ്രത്യേകം പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് നിനുവ നോമ്പ്. മൂന്നു ദിവസങ്ങളിലും ഉപവസിക്കണമെന്നാണ് സഭയുടെ കല്പന. ബുധനാഴ്ച വി. കുർബ്ബാന അർപ്പിക്കുന്നതു തന്നെ ഉച്ചയ്ക്കാണ്. തിങ്കളും ചൊവ്വായും വി. കുർബ്ബാന അർപ്പിക്കുന്നില്ല. വ്യാഴാഴ്ചയിലെ വി. കുർബ്ബാനയോടെയാണ് നോമ്പ് അവസാനിപ്പിക്കുന്നത്.

യിര. 18:7 ഞാൻ ഒരു ജാതിയെയോ രാജ്യത്തേയോകുറിച്ച് വറിച്ച് ഇടിച്ചു നശിപ്പിക്കുകളയും എന്നു അരുളിചെയ്തിട്ട്. ഞാൻ അങ്ങനെ അരുളിചെയ്ത ജാതി തന്റെ ദുഷ്ടത വിട്ടു തിരിച്ചറിഞ്ഞു അതിനോട് ചെയ്‌വാൻ നിരൂപിച്ച ദോഷത്തെക്കുറിച്ച്അനുതപിക്കും. ഒരു ജാതിയെയോ രാജ്യത്തെയോ കുറിച്ച് ഞാൻ അതിനെ പണിയുകയും നടുകയും ചെയ്യും എന്നു അരുളിചെയ്തിട്ട് അതുഎന്റെ വാക്കു കേട്ടനുസരിക്കാതെ എനിയ്ക്കു അനുഷ്ടമായതു ചെയ്യുന്നുണ്ടെങ്കിൽ അവർക്കു വരുത്തും എന്നരുളിചെയ്ത നന്മയെക്കുറിച്ചു ഞാൻ അനുതപിക്കും. ഈ രണ്ടു വ്യവസ്ഥകളിൽ ആദ്യത്തെ വ്യവസ്ഥയിൽ പ്രകാരം അരുളിചെയ്യുന്ന സംഗതിയാണ് നിനുവയിൽ നാം കാണുന്നത്. 4 അദ്ധ്യായം 48 വാക്യം മാത്രമുള്ള വേദപുസ്തകത്തിലെ പഴയനിയമ ഗ്രന്ഥത്തിൽ അവസാനത്തെ 12 ചെറിയ പ്രവാചകന്മാരിൽ ഒരാളാണ് യോനാ. പഴയ നിയമത്തിലെ പുതിയ നിയമ ഗ്രന്ഥമെന്ന് ഇതിനെ വിശേഷിപ്പിക്കുന്നുണ്ട്. ദൈവത്തിന്റെ സാർവ്വത്രികമായ കരുതൽ ഇതിൽ കാണാം.

റോമ. 3:29 അല്ല, ദൈവം യെഹൂദന്മാരുടെ ദൈവം മാത്രമോ? ജാതികളുടേയും ദൈവമല്ലയോ?പൗലൂസ് ശ്ലീഹായുടെ ഈ ചോദ്യത്തിന് മറുപടിയാണ് യോനായുടെ പുസ്തകം. അതേ ജാതികളുടേയും ദൈവമാകുന്നു എന്നു വി. പൗലൂസ് തന്നെ മറുപടിയും പറയുന്നു. യോനാ ഒരു പ്രവാചകൻ എന്നതിലുപരി ഒരു ചരിത്ര പുരുഷൻ കൂടിയാണ്.

2 രാജാ. 14:25രണ്ടാം യൊരാബയാമിന്റെ കാലത്താണ് യോനാ ജീവിച്ചിരുന്നത്. ഹേഫർ ദേശവാസിയാണ്. മിത്ഥായി എന്താണ് പിതാവിന്റെ പേര്. യോരോബയാം രണ്ടാമൻ രാജ്യം ഭരിച്ചത് ബി.സി. 853-841 വരെയുള്ളകാലഘട്ടത്തിലാണെന്നതിനാൽ, യോനാ ജീവിച്ചിരുന്നത് ബി.സി. 8-ാം നൂറ്റാണ്ടിലാണെന്നു കാണാം. ബി.സി. 586-ൽ നടന്ന ബാബേൽ പ്രവാസത്തിന് ശേഷമാണെന്നും അഭിപ്രായപ്പെടുന്നവരുണ്ട്.

ആ കാലഘട്ടത്തിൽ അസീറിയായുടെ തലസ്ഥാനമായ നിനുവ, സാംസ്ക്കാരികമായി എത്രമാത്രം പുരോഗതി പ്രാപിച്ചിരുന്നുവോ, അത്രത്തോളം ധാർമ്മികമായി അധഃപതിച്ചിരുന്നു. ആധുനിക ലോകത്തിന്റെ ഒരു പ്രതീകമായി നിനുവായെ കാണാവുന്നതാണ്. 100 അടി ഉയരത്തിൽ 60 മൈൽ ചുറ്റളവിൽ നിനുവ നഗരത്തിനു മതിൽ ഉണ്ടായിരുന്നുവെന്നു പറയുമ്പോൾ ആ കാലഘട്ടത്തിൽ നിനുവ എത്രമാത്രം പുരോഗമിച്ചിരുന്നു എന്നു കാണാവുന്നതാണ്. ഉല്പ. 10:10-ൽ പറയുന്ന ഭൂമിയിലെ ആദ്യത്തെ നായാട്ടു വീരനായ നിമ്രോദാണ് ആ പട്ടണം പണിതത്.

പ്രവചനം ആരംഭിക്കുന്നത് അമിത്ഥായിയുടെ മകനായ യോനായ്ക്കു യഹോവയുടെ അരുളപ്പാടുണ്ടായതെന്തന്നാൽ എന്നു പറഞ്ഞുകൊണ്ടാണ്. യഹൂദന്മാർ മക്കൾക്കു പേരിട്ടത് അർത്ഥവത്തായ പേരുകളാണ്. പേരിന്റെ പിന്നിൽ ഒരു ദർശനമുണ്ട്. അമിത്ഥായി എന്നാൽ 'എന്റെ വിശ്വസ്തത' എന്നർത്ഥം. ഞാൻ എന്നത് യഹോവയുടെ നാമമാണ്. നാം ദൈവത്തോട് സംസാരിക്കുമ്പോൾ 'അടിയാൻ' എന്നേ പറയാവൂ. തന്റെ മകൻ യഹോവയുടെ മുമ്പാകെ വിശ്വസ്തൻ ആയിത്തീരണമെന്ന ആഗ്രഹത്തോട് കൊടുത്ത പേരാണിത്. യോനാ എന്നാൽ പ്രാവ് എന്നർത്ഥം. പ്രാവ് (1) സമൂഹ ജീവിയാണ്. ഒരു കൂട് കിട്ടിയാൽ പ്രാവുകൾ എല്ലാം അവിടെ വസിക്കും 2) പ്രാവുകൾ തമ്മിൽ തമ്മിൽ കലഹിക്കയില്ല. 3) കലഹമുള്ളിടത്ത് പ്രാവുകൾ വസിക്കയില്ല 4) പ്രാവുകൾ അശുദ്ധമായതൊന്നും ഭക്ഷിക്കില്ല. 5) പ്രാവിന്റെ കണ്ണുകൾ നിറഞ്ഞു തുളുമ്പുന്നവയാണ് (അനുതാപത്തിന്റെ പ്രതീക്ഷ). 6) പ്രാവുകൾ കളങ്കമില്ലാത്ത ജീവിയാണ് (മത്താ. 10:16)

a) പ്രാവ് കളങ്കമില്ലാത്ത ജീവിയായതുപോലെ, തങ്ങളുടെ മകൻ ദൈവസന്നിധിയിൽ കളങ്കമില്ലാത്തവനായിത്തീരണം എന്ന ആഗ്രഹത്തോട് കൊടുത്ത പേരായിരിക്കാം. b) പ്രാവ് സന്ദേശ വാഹിയാണ്. നോഹ വെള്ളം ഭൂമിയിൽ വറ്റിയോ എന്നറിയാനായി പ്രാവിനെ വിടുന്നു. ആദ്യം ഭൂമിയിൽ എങ്ങും ഇരിപ്പാൻ സ്ഥലമില്ലാതെ പ്രാവ് തിരികെ വന്നപ്പോൾ വെള്ളം വറ്റിയില്ല എന്നു നോഹയ്ക്ക് മനസ്സി

ലായി. രണ്ടാമത് വിട്ടപ്പോൾ ഒലിവില യുമായി വന്നപ്പോൾ, വൃക്ഷങ്ങളുടെ മുകൾഭാഗം കണ്ടുതുടങ്ങി എന്നു നോഹയ്ക്കു മനസ്സിലായി. d) മൂന്നാമത് വിട്ടപ്പോൾ പ്രാവ് തിരികെ വരാതിരുന്നപ്പോൾ ഭൂമിയിൽ നിശ്ശേഷം വെള്ളം വറ്റിയെന്നു നോഹയ്ക്കു മനസ്സിലായി. പ്രാവ് സന്ദേശവാഹിയായ ജീവിയാതുപോലെ, തങ്ങളുടെ മകൻ ദൈവത്തിന്റെ സന്ദേശം വഹിക്കുന്നവനായിത്തീരണം എന്നാഗ്രഹത്തോടെ നല്കിയ പേരായിരിക്കാം. e) 'എന്റെ വിശ്വസ്തയുടെ' മകൻ ദൈവത്തിന്റെ സന്ദേശ വാഹകനായിരിക്കും എന്നർത്ഥത്തിൽ കൊടുത്ത പേരായിരിക്കാം. ഏതായാലും മാതാപിതാക്കൾ ആഗ്രഹിച്ചതുപോലെ ദൈവത്തിന്റെ സന്ദേശം വഹിക്കുന്ന പ്രവാചകനായി ത്തീർന്നു. d) യോനായുടെ കുഞ്ഞായിരിക്കുമ്പോഴുള്ള ഓമനത്വം കണ്ടു മാതാപിതാക്കന്മാർ നല്കിയ പേരായിരിക്കാം. ക്രിസ്തീയ ഭവനങ്ങളിൽ കുഞ്ഞുങ്ങൾക്ക് സ്കൂളിൽ വേറെ പേരും വീട്ടിൽ വിളിക്കാൻ പ്രത്യേകം പേരും പഴയകാലത്ത് ഉണ്ടായിരുന്നു.

ഈ യോനായെ വിളിച്ച് ദൈവം അരുളിച്ചെയ്യുന്നു. നിനുവയിലേക്ക് ചെന്ന് അതിന്റെ ദുഷ്ടതയ്ക്കെതിരായി പ്രസംഗിക്കുക. രണ്ട് കാരണങ്ങൾ യോനാ പോയില്ല. ഒന്നാമത് മനാവഷ ഉന്മാരായ നിനുവയരുടെ അടുക്കൽ ചെന്നു പ്രസംഗിച്ചാൽ, തനിക്കുണ്ടാകാവുന്ന ആപത്തുകളെ പേടിച്ചാകാം. ഏലിയാ പ്രവാകൻ ആഹാസിൽ നിന്നും ഇസബേലിൽ നിന്നും ഏറ്റ വിഷമങ്ങളും യെശയ്യാ മരവാളാൽ അറുക്കപ്പെട്ടതും, യിരമ്യാവ് കല്ലേറുകൊണ്ട് മരിച്ചതും ആയ അനുഭവങ്ങൾ യോനായ്ക്ക് അറിയാവുന്നതുമാണ്.

രണ്ടാമത്, യഹൂദനായ യോനാ, പുറജാതിക്കാരായ നിനുവയർ രക്ഷപെട്ടു കാണാൻ ആഗ്രഹിക്കുന്നില്ല. ദീർഘക്ഷമയും മഹാ ദയവുമുള്ളവനായ ദൈവം. തന്റെ പ്രസംഗം കേട്ടു നിനുവയർ അനുതപിച്ചാൽ, അവരെ രക്ഷിക്കുമെന്നു യോനായ്ക്കറിയാം (യോനാ. 4:2). അത് യോനാ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് ദൈവസന്നിധിയിൽ നിന്നും ഓടിപോകാൻ യോനാ നിശ്ചയിച്ചു. ദൈവസാന്നിദ്ധ്യം എല്ലായിടവും ഉണ്ടെന്നുള്ള യാഥാർത്ഥ്യം യോനാ മറന്നുപോയി.

യോനാ എന്തു ചെയ്തു?

1. ദൈവകല്പനയ്ക്കെതിരെ പ്രവർത്തിക്കുക

2. കൂലികൊടുത്തു കപ്പലിൽ കയറി-നാശത്തിലേക്കു പോകാത്തതുവഴി എപ്പോഴും റെഡി. ദൈവേഷ്ട പ്രകാരം പ്രവർത്തിക്കാനുള്ള ആഗ്രഹമല്ല, മറിച്ച് തന്റെ ആഗ്രഹപ്രകാരം ദൈവം പ്രവർത്തിക്കണമെന്ന് യോനായുടെ ആഗ്രഹം.

3. യോനാ ആയിരുന്നിടം പ്രശ്നക്കളരിയായി.

ദൈത്തിൽ നിന്നകലുന്നത് എല്ലാ പ്രശ്നങ്ങൾക്കും കാരണം. നാം യഹോവയെ ഉപേക്ഷിക്കുമ്പോൾ, യഹോവ നമ്മേയും ഉപേക്ഷിക്കുന്നു. (ന്യായ. 6)

4. യോനാ കപ്പലിന്റെ അടിത്തട്ടിൽ കിടന്നുറങ്ങുന്നു

ആത്മീയമായ അധഃപതനത്തിന്റെ ഏറ്റവും താണ തട്ടിലാണ് യോനായിപ്പോൾ. പ്രശ്നം ഉണ്ടായപ്പോൾ പുറജാതിക്കാർ എഴുന്നേറ്റു താന്താങ്ങളുടെ ദേവനെ വിളിച്ച് നിലവിളിച്ചു പ്രാർത്ഥിക്കുമ്പോൾ, യോനാ സുഖായി ഉറങ്ങുന്നു. പ്രാർത്ഥനയുടെ പ്രാധാന്യത്തെപ്പറ്റി മറ്റുള്ളവരോട് ഉപദേശിക്കേണ്ടുന്ന പ്രവാചകനെ, പ്രാർത്ഥനയുടെ പ്രാധാന്യത്തെപ്പറ്റി പറഞ്ഞു മനസ്സിലാക്കേണ്ട ഗതികേടാണ് യോനായ്ക്കുണ്ടായത്. കപ്പിത്താൻ അവനെ വിളിച്ചുണർത്തി പല ചോദ്യങ്ങൾ ചോദിക്കുന്നു. ഞാൻ ഒരു എബ്രായൻ. കടലും കരയും സൃഷ്ടിച്ച യഹോവയെ താൻ ഭജിച്ചു വരുന്നു എന്നതു യോനായുടെ മറുപടി അവരെ ഭയപ്പെടുത്തി.

1. ദേവനോട് പ്രാർത്ഥിച്ചു, 2. സാധനങ്ങൾ വലിച്ചെറിഞ്ഞു, 3. ചീട്ടിട്ടു, 4. യോനായോട് എന്തു ചെയ്യേണ്ടു എന്നു ചോദിച്ചു, 5. കരക്കു അടുക്കേണ്ടതിന് തണ്ടു വലിച്ചു. 6. ഈ മനുഷ്യന്റെ നിർദോഷരക്തം ഞങ്ങളുടെ മേൽ ചൊരിയരുതേ എന്നു യഹോവയോട് നിലവിളിച്ചു. 7. യോനായെ കടലിൽ ഇട്ടിട്ടും യഹോവയെ ഭയപ്പെട്ടു യാഗം കഴിച്ചു നേർച്ചകളും നേർന്നു.

ആദ്യം പ്രാർത്ഥിച്ചു, പിന്നട് പ്രവർത്തിച്ചു, പ്രാർത്ഥനയില്ലാത്ത പ്രവർത്തനവും, പ്രവർത്തനം ഇല്ലാത്ത പ്രാർത്ഥനയും പ്രയോജനരഹിതമത്രേ. ഇതിൽ കൂടുതലൊന്നും അവർക്കു ചെയ്വാനില്ലായിരുന്നു. യോനായെ വിഴുങ്ങുവാൻ ദൈവം മത്സ്യത്തെ കല്പിച്ചാക്കിയിരുന്നു. അങ്ങനെ യോനാ, മൂന്നു രാവും പകലും മത്സ്യത്തിന്റെ ഉള്ളിൽക്കിടന്നു.

യോനാ, അയ്യം വിളിച്ചു പ്രാർത്ഥിക്കുന്നു-ദഹിക്കാത്ത ഇരയെ വിട്ടിവിഴുങ്ങിയ മത്സ്യത്തിനു സ്വസ്ഥയില്ല. അതു തിരിയുകയും മറിയുകയും ഒക്കെ ചെയ്യുമ്പോൾ ഉള്ളിൽ സ്ഥിതി ചെയ്യുന്ന യോനാ, അതിവേദനപ്പെടുന്നു. അവൻ നിലവിളിച്ചു പ്രാർത്ഥിക്കുന്നു. കഷ്ടത അവനെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചു. ആധുനിക ലോകത്തും മനുഷ്യനു സുഖ സൗകര്യങ്ങൾ കൂടിയപ്പോൾ പ്രാർത്ഥന വേണ്ടാ. പ്രാർത്ഥിപ്പാൻ സമയമില്ല. യോനായുടെ

പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ചരമ സുവർണ്ണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് നടത്തിയ സ്മൃതിസംഗമം കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു.

പ്രാർത്ഥന, സങ്കീർത്തനങ്ങളിൽ നിന്നുള്ള ഉദ്ധരണികളാണ്. 18:4, 16:10, 88:6, 66:7, 119:50, 69:17 എഴുതപ്പെട്ട പ്രാർത്ഥനയ്ക്കു വിലയുണ്ട്. വേദവാക്യം പ്രാർത്ഥനയാക്കി. യഹോവ മത്സ്യത്തോട് കല്പിച്ചപ്പോൾ മത്സ്യം യോനായെ കരയ്ക്കു ഛർദ്ദിച്ചു.

രണ്ടാം പ്രാവശ്യം യോനായ്ക്ക് യഹോവയുടെ അരുളപ്പാടുണ്ടായി. നിനുവയിലേക്കു ചെന്നു പ്രസംഗിക്കാൻ. യോനാ നിനുവയിലേക്കു ചെന്നു ഒറ്റവാചകത്തിൽ പ്രസംഗിച്ചു. "ഇനി നാല്പതു ദിവസത്തിനകം നിനുവ നിർമ്മൂലമാക്കും" നിനുവക്കാർ ദൈവത്തിൽ വിശ്വസിച്ചു. ഒരു ഉപവാസം പ്രസിദ്ധം ചെയ്തു. യഥാർത്ഥ ഉപവാസം യെശ. 58:6-ൽ കാണാം.

അന്യായ ബന്ധനങ്ങളെ അഴിക്കുക, നുകത്തിന്റെ അമ്മിക്കയറുകളെ അഴിക്കുക, പീഢിതരെ സ്വതന്ത്രരായി വിട്ടയ്ക്കുക, എല്ലാ നുകത്തേയും തകർക്കുക, ഇതല്ലയോ എനിക്കു ഇഷ്ടമുള്ള ഉപവാസം? നിനുവയരുടേതുപോലുള്ള ഒരു അനുതാപം ലോകചരിത്രത്തിൽ മുമ്പോ പിമ്പോ ഉണ്ടായിട്ടില്ല. വലിയവരും ചെറിയവരും ഒരുപോലെ രട്ടുടുത്തു. രാജാവ് സിംഹാസനത്തിൽ നിന്നു എഴുന്നേറ്റു രാജവസ്ത്രം നീക്കിവച്ചു രട്ടു പുതച്ചു വെണ്ണീറിൽ ഇരുന്നു. മനുഷ്യനോ മൃഗമോ കന്നുകാലിയോ ആടോ ആരും ഒരു വസ്തുവും ആസ്വാദിച്ചില്ല. മനുഷ്യരും മൃഗവും രട്ടു പുതച്ച് ഉച്ചത്തിൽ ദൈവത്തോടു വിളിച്ചപേക്ഷിച്ചു. എല്ലാവരും ദുർമ്മാർഗ്ഗം വിട്ടുതിരിഞ്ഞു. ഇതു കണ്ടപ്പോൾ ദൈവം അവർക്കു വരുത്താനിരുന്ന അനർത്ഥം വരുത്തിയില്ല.

ദൈപ്രവൃത്തിയിൽ യോനാ കോപിച്ചു മരിപ്പാൻ ഇച്ഛിക്കുന്നു. യോനാ നഗരം വിട്ടു നഗരത്തിനു കിഴക്കുവശം ഒരു കുടിൽകെട്ടിയിരുന്നു. യോനായ്ക്കുവേണ്ടി ദൈവം ഒരു ആവണക്ക് കല്പിച്ചുണ്ടാക്കി. യോനാ ആവണക്കു നിമിത്തം സന്തോഷിച്ചു. പിറ്റേന്നാൾ ഒരു പുഴുവിനെ കല്പിച്ചാക്കി. അതു ആവണക്ക് കുത്തിക്കളഞ്ഞു. അതുവാടിപ്പോയി. സൂര്യൻ ഉദിച്ചാറെ ദൈവം ഒരു കാറ്റു വരുത്തി. ആവണക്കു നിലം പതിച്ചു. വെയിൽ കൊണ്ടപ്പോൾ, യോനാ കോപിച്ചു മരിപ്പാൻ ഇച്ഛിക്കുന്നു. നീ കോപിക്കുന്നതു വിഹിതമോ എന്നു ചോദിക്കുമ്പോൾ ഞാൻ മരണപര്യന്തം കോപിക്കുന്നതു വിഹിതം തന്നേ എന്നു പറയുന്നു. ദൈവം യോനായോട് നീ നടുകയോ നനയ്ക്കുകയോ ചെയ്യാതെ ഒരു രാത്രി [illegible] ഉണ്ടായിവരികയോ [illegible] ക്കുകയോ ചെയ്ത [illegible] ക്കുറിച്ച് അയ്യോഭാവം തോന്നിയെങ്കിൽ ഇടങ്കയ്യും വലങ്കയ്യും തിരിച്ചറിയാതെ 1, 20000 മനുഷ്യരും മൃഗങ്ങളുമുള്ള നിനുവയെക്കുറിച്ച് എനിക്ക് അയ്യോ ഭാവം തോന്നരുതോ എന്നു ചോദിച്ചു.

യോനായുടെ 4 വ്യത്യസ്തചിത്രങ്ങളാണ് ഓരോ അദ്ധ്യായത്തിലും കാണുന്നത്. ഒന്നാം അദ്ധ്യായത്തിൽ ഓടിപോകുന്ന യോനാ, രണ്ടാം അദ്ധ്യായത്തിൽ അനുതപിക്കുന്ന യോനാ, മൂന്നാം അദ്ധ്യായത്തിൽ അനുസരിക്കുന്ന യോനാ, നാലാം അദ്ധ്യായത്തിൽ നിരാശപ്പെടുന്ന യോനാ.

പല ഉപവാസങ്ങൾ നാം ഈ പുസ്തകത്തിൽ കാണുന്നു. ചരക്കുകൾ കടലിൽ എറിഞ്ഞതുമൂലം കപ്പൽക്കാർ ഉപവസിക്കുന്നു.യോനായെ വിഴുങ്ങിയ മത്സ്യം മന്നു ദിവസം ഉപവസിക്കുന്നു മത്സ്യത്തിനുള്ളിലായ യോനാ ഉപവസിക്കുന്നു, നിനുവയർ ഉപവസിക്കുന്നു.

പാപത്തിന് വ്യാപക ശക്തിയുണ്ട്. ആദം മൂലം മനുഷ്യവർഗ്ഗം, ഒരു ആഖാൻ മൂലം യിസ്രായേലിന് മുഴുവൻ തോൽവി, യോനാ മൂലം കപ്പൽക്കാർക്ക് ചരക്കുകൾ നഷ്ടപ്പെട്ടു.

മനുഷ്യൻ-ദൈവത്തിന്റെ പ്രവാചകൻ-ദൈവകല്പന ലംഘിക്കുമ്പോൾ, കാറ്റ്, മത്സ്യം, പുഴു ആവണക്ക് എല്ലാം ദൈവകല്പന അനുസരിക്കുന്നു.

സോദോം, ഗൊമോറയെ നശിപ്പിച്ച ദൈവം, നിനുവയരെ രക്ഷിക്കുന്നു കാരണം-അനുതാപം. മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കോ. 13:3,5).

ഞാൻ നശിയ്ക്കരുത്. മറ്റുള്ളവർ നശിച്ചുകാണണം എന്ന പ്രവാചകന്റെ (യോനാ)യുടെ മനസ്ഥിതി ശരിയല്ല. യഹൂദരെ സ്നേഹിക്കുന്ന ദൈവം പുറജാതിക്കാരനേയും സ്നേഹിക്കുന്നു. പ്രാർത്ഥനയിലൂടെ പോരാടുന്നവരുടെ കരങ്ങളിൽ ദൈവം തന്നെത്തന്നെ ഏല്പിച്ചുകൊടുക്കും.

ഒരു പാപി അനുതപിച്ചാൽ സ്വർഗ്ഗം സന്തോഷിക്കുമെങ്കിൽ 1,20000 പാപികൾ അനുതപിച്ചാൽ സ്വർഗ്ഗം എത്രയോ സന്തോഷിക്കും. യോനായുടെ 'പഴയമനുഷ്യൻ' മത്സ്യത്തിന്റെ ഉള്ളിൽ മരിച്ചിട്ടില്ല. ദൈവത്തിന്റെ പ്രവാചകന്, തന്റെ പ്രസംഗഫലമായി നിനുവയർ അനുതപിച്ചപ്പോൾ, എത്രയോ സന്തോഷിക്കേണ്ടതായിരുന്നു. ദൈവകോപം ഭയന്നു മാത്രം അവൻ നിനുവയിലേക്കു പോയതാണ്. ആത്മാർത്ഥതയോടയല്ല എന്നു വ്യക്തം.

നസ്രേത്തിന് സമീപം യോനായുടെ കല്ലറ കാണാം. അടയാളം ചോദിച്ച ജനത്തോട്, യോനാ കടലാനയുടെ വയറ്റിൽ 3 ദിവസം വസിച്ചതുപോലെ മനുഷ്യപുത്രനും 3 ദിനം ഭൂമിയുടെ ഉള്ളിലായിരിക്കും എന്ന കർത്താവ് കല്പിക്കുന്നു. (ലൂക്കോ. 11:30) കർത്താവിന്റെ പുനരുത്ഥാനത്തിന് മുൻകുറിയാണ് യോനായുടെ ഈ വാസം. ഈ നിനുവ നോമ്പിനെ അനുസ്മരിച്ചാണ് നാം ആണ്ടുതോറും മൂന്ന് നോമ്പ് നോല്ക്കുന്നത്. ■

പൗരോഹിത്യ രജത ജൂബിലി

ഫാ. ജോസ് തോമസ്

2015 ജനുവരി 8-ന് വൈദികനായതിന്റെ 25 വർഷം പൂർത്തിയാകുന്നു. തോമസ് മാർ അത്താനാസിയോസ് തിരുമേനിയിൽ നിന്ന് 1987 മെയ് 18-ന് ശെമ്മാശുപട്ടവും 1988 ഫെബ്രുവരി 27-ന് ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയിൽ നിന്ന് പൂർണ്ണ ശെമ്മാശുപട്ടവും 1990 ജനുവരി 8-ന് തോമസ് മാർ അത്താനാസിയോസ് തിരുമേനിയിൽ നിന്ന് കശ്ശീശാപട്ടവും സ്വീകരിച്ചു.

ചെങ്ങന്നൂർ ഭദ്രാസന ആഭ്യന്തര സുവിശേഷസംഘം, ബാലസമാജം, ശുശ്രൂഷകസംഘം എന്നിവയുടെ വൈസ്പ്രസിഡന്റായി പ്രവർത്തിച്ചു. ഇപ്പോൾ ചെങ്ങന്നൂർ ഭദ്രാസന സൺഡേസ്കൂൾ വൈസ് പ്രസിഡന്റായും പന്തളം, കുരമ്പാല സെ. തോമസ് വലിയപള്ളി വികാരിയുമാണ്.

കുടശ്ശനാട് ചക്കിട്ടടത്ത് തെങ്ങുവിളയിൽ ഒ. തോമസിന്റെയും അന്നമ്മ തോമസിന്റെയും മകനാണ്. ഭാര്യ: ശോശാമ്മ മാത്യു, മക്കൾ: ജോഷിൻ തോമസ് ജോസ്, ജോയൽ മാത്യു ജോസ്, ജോവേൽ വർഗീസ് ജോസ്.

Advt.

ബൈബിളിലെ
സംഗീതോപകരണങ്ങൾ - III

■ പി.തോമസ്, പിറവം

താളോപകരണങ്ങൾ

യിസ്രായേല്യർ താളം പിടിക്കുന്നതിന് ചെണ്ടയും (drums) ഇലത്താളവും (Cymbals), മുഴങ്ങുന്ന ചെമ്പ് (gongs), rattles എന്നിവയും ഉപയോഗിച്ചു.

എബ്രായസ്ത്രീകൾ ഒരു പരന്ന കൈച്ചെണ്ട (Timbrel) കൊട്ടിയിരുന്നു. ഫിലിസ്ത്യരോടുള്ള യുദ്ധാനന്തരം ശൗൽ മടങ്ങി വന്നപ്പോൾ സ്ത്രീകൾ പാടിയും നൃത്തം ചെയ്തും തപ്പും തംബുരുവുമായി വാദ്യഘോഷത്തോടെ ഗാനപ്രതിഗാനമായി (antiphonal) പാടി (1 ശമു. 18:6, 7).

കൈത്താളം (ഹീബ്രു Meziltayin, Tselzelim, Kumbalon) Cymbals

ഇലത്താളം. രണ്ടിനം ഉണ്ടായിരുന്നു. നടുഭാഗം കുഴിഞ്ഞ രണ്ടു ലോഹത്തകിട് (brass) ഇരു കൈകളിലും പിടിച്ച് കൊട്ടുന്നത് ഒരിനം. മറ്റേത് കോപ്പയാകൃതിയുള്ള ഒരു കപ്പ് ഉറപ്പിച്ചിട്ട് അതിന്മേൽ ചെറിയ ഒരു കപ്പു കൊണ്ടു മുട്ടുന്നത്. താമ്രം കൊണ്ടുള്ള കൈത്താളം എന്ന് 1 ദിന. 15:20-ൽ കാണാം. സങ്കീ. 150:5-ലെ ഉച്ചനാദമുള്ള കൈത്താളം, അത്യുച്ചനാദമുള്ള കൈത്താളം (High sounding cymbals) എന്നിവ (ഹീബ്രു Tselastal) രണ്ടു സ്ഥായികളിൽ (Octaves) നിർമ്മിച്ച Cymbals ആണ്. ചിലമ്പുന്ന കൈത്താളം (Kumbalon 1 കൊരി. 13:1) അപശബ്ദമുണ്ടാക്കുന്ന, കേടുള്ള ഒന്നാണ് (1 ദിന. 13:8, 15:16, 16:5, 42, 25:1).

അറിവില്ലായ്മയാൽ കൈകൾ കൊണ്ടു കൊട്ടി താളം പിടിക്കുന്നതാണ് കൈത്താളമെന്ന് ചിലർ വ്യാഖ്യാനിക്കുന്നതിൽ അദ്ഭുതപ്പെടുന്നു. കൈ കൊട്ടുന്നതിനെപ്പറ്റി പറയുന്ന ഭാഗങ്ങളിൽ, ദൈവസന്നിധിയിൽ കൈ കൊട്ടുന്നതിനെക്കുറിച്ച് സങ്കീ. 47:1-ൽ മാത്രവും, പ്രവാഹങ്ങൾ കൈ കൊട്ടുന്നതിനെപ്പറ്റി കാവ്യാത്മകമായി സങ്കീ. 98:8-ലും, പ്രവചിച്ചുകൊണ്ടുള്ളത് യെഹ. 21:14-ലും, അംഗീകാരസൂചകമായി 2 രാജാ. 11:1; യെശ. 55:12 ഭാഗങ്ങളിലും, ആക്ഷേപാവഹേളനങ്ങളായി ഇയ്യോ. 27:23; 34:37; വിലാ. 2:1; യെഹ. 22:13; 25:6; നാഹും 3:19 ഭാഗങ്ങളിലും കാണാമല്ലോ.

തപ്പ് (ഹീബ്രു Toph/ Topheth) Tambourine, Timbrel, Tabret

നൃത്തക്കാരികൾ കൈയിൽ പിടിച്ചുകൊണ്ട് കൊട്ടുന്നതും സന്തോഷാവസരങ്ങളിൽ എല്ലായ്പോഴും ഉപയോഗിച്ചിരുന്നതുമായ കൈച്ചെണ്ട. ഇംഗ്ലീഷ് ബൈബിളുകളിലും ഈ ഉപകരണം പല പേരിലാണ് സൂചിപ്പിക്കുന്നത് (Drum, dulcimer or tomtom). Tambourine, Timbrels ഇവയെ തപ്പ് എന്നാണ് സത്യവേദപുസ്തകത്തിൽ കാണുന്നത്. തപ്പ് (Tambourine): പുറ. 15:20; ന്യായാ. 11:34; 2 ശമു. 6:5; 1 ദിന. 13:8; ഇയ്യോ. 21:12. തപ്പ് (Timbrels): 1 ശമു. 10:5; 18:6; സങ്കീ. 68:25; 81:2; 149:3; 150:4. യെശ. 5:12; 24:8; 30:32; യിരെ. 31:4. (ഇയ്യോ. 17:6-ൽ (KJV) തപ്പ് കാണാം.)

മുരജം (ഹീബ്രു Toph/ കിന്നോർ) Castanets

ഈജിപ്തുകാരുടെ കിലുക്കം (rattle) പോലെയുള്ളത്. ചിലപ്പോൾ ഒരുമിച്ചു കിണുങ്ങുന്നതിനുള്ള വളയങ്ങൾ കൊണ്ട് നിർമ്മിച്ചതാകാം. 2 ശമു. 6:5-ൽ (മുരജം, Castanets) കാണാം . ഉത്പ. 31:27-ൽ മുരജം (Tabourine) കാണുന്നു. (യഥാർത്ഥത്തിൽ മുരജം എന്നത് മിഴാവ്, മൃദംഗം എന്നിവ പോലെയുള്ള ഒരു ഉപകരണമാണ്.)

മണി (Bell)

മിക്കവാറും ലോഹം കൊണ്ടുള്ള തകിടിലോ കോപ്പയിലോ നിർമ്മിച്ചത്. പുറ. 28:34-ലും 39:26-ലും ഏഫോദിന്റെ അങ്കിയിൽ പൊന്നുകൊണ്ടുള്ള മണികൾ തുന്നിച്ചേർക്കുന്നതിനെപ്പറ്റി കാണുന്നു. സെഖ. 14:20-ൽ കുതിരകളുടെ മണികളിന്മേൽ യഹോവയ്ക്കു വിശുദ്ധമെന്ന് എഴുതിയിരിക്കുമെന്ന് പ്രവചിച്ചിരിക്കുന്നു.

സംഗീതോപകരണങ്ങൾ നിഷിദ്ധമല്ല

1. പരിശുദ്ധാത്മാവിൽ പ്രവചിച്ചപ്പോൾ പ്രവാചകർ സംഗീതോപകരണങ്ങൾ ഉപയോഗിച്ചു. (1 ശമു. 10:5; 1 ദിന. 25:1-7)

2. ദാവീദ് ശൗലിന്റെ അശുദ്ധാത്മബാധ ഒഴിവാക്കാൻ സംഗീതോപകരണം വായിച്ചു. (1 ശമു. 16:16-23)

3. ഇയ്യോബ് സംഗീതോപകരണങ്ങൾ (കിന്നരവും കുഴലും) ഉപയോഗിച്ചു. (30:31)

4. ആരാധനയിൽ സംഗീതോപകരണങ്ങൾ ഉപയോഗിക്കുവാൻ കല്പനയുണ്ട് (സങ്കീ. 33:2-3; 81:2-3; 98:5-6; 147:7; 149:3; 150:3-6).

5. ദൈവപുരുഷന്മാർ സംഗീതോപകരണങ്ങൾ ഉപയോഗിക്കുവാൻ (നേർച്ച) നേർന്നു. (സങ്കീ. 43:4; 71:22; 108:1-2)

6. സംഗീതോപകരണങ്ങൾ ഉപയോഗിക്കുവാൻ ദൈവത്തിന്റെ ചട്ടവും പ്രമാണവും കല്പനയും ഉണ്ട് (സങ്കീ. 81:1-4; 2 ദിന. 29:25).

7. സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നത് ഉത്തമം. (സങ്കീ. 92:1-2)

8. എല്ലാ യിസ്രായേല്യരും അവ ഉപയോഗിച്ചു; അനുഗൃഹീതരായി (2 ശമു. 6:5-15; 1 ദിന. 13:1-13; 15:16-28; 16:4-9; 2 ദിന. 20:21-29; 30:21; നെഹ. 12:27, 28).

9. സംഗീതോപകരണങ്ങളെ ദൈവമന്ദിരത്തിലെ ഉപകരണങ്ങളോടൊപ്പം കരുതി. (സംഖ്യ 31:6)

10. അവയെ ദിവ്യസംഗീതത്തിനായുള്ള വാദ്യങ്ങളെന്നും (1 ദിന. 16:42) യഹോവയുടെ വാദ്യങ്ങളെന്നും (2 ദിന. 7:6) വിളിച്ചു.

11. പാടുന്നതിനോടൊപ്പം സംഗീതോപകരണങ്ങൾ ഉപയോഗിച്ചപ്പോൾ ദൈവത്തിന്റെ മഹത്ത്വം ഇറങ്ങിവന്നു (2 ദിന. 5:11-14).

41–ാം ചരമദിനം
07.01.2015

Rev. Fr. Oommen Punnoose
Modisseril, Sulthan Battery.

Inserted by
The Sorrowing Family

12. ദൈവനഗരമായ സീയോനിൽ സംഗീതക്കാരും നൃത്തക്കാരും ഉണ്ടാകുമെന്ന് മുന്നറിയിച്ചിരിക്കുന്നു (സങ്കീ. 87:7).

13. 55 സങ്കീർത്തനങ്ങൾ (4-6, 8-9, 11-14, 18-22, 31, 36, 40-42, 44-47, 49, 51-62, 64-70, 75-77, 80-81, 84-85, 88, 109, 139-140) ആരാധനയിൽ ഉപയോഗിക്കുവാൻ മുഖ്യസംഗീതജ്ഞന് (സംഗീതപ്രമാണിക്ക്) സമർപ്പിച്ചിരിക്കുന്നു.

14. സ്വർഗ്ഗത്തിൽ 24 മൂപ്പന്മാരും 4 ദൂതാത്മാക്കളും വീണ (harps) വായിക്കുന്നു (വെളി. 5:8, 14:2).

15. സ്വർഗ്ഗത്തിൽ മൃഗത്തെ ജയിച്ചവർ (പീഡിതരായ വിശുദ്ധർ) വീണ (harps) വായിക്കും (വെളി. 15:2).

17. പുതിയനിയമം അവയുടെ ഉപയോഗം കല്പിക്കുന്നുണ്ട്. എഫേ. 5:19-ലും കൊലോ. 3:16-ലും ആത്മികഗീതങ്ങൾ (സങ്കീർത്തനം, psalms) എന്നതിന്റെ ഗ്രീക്കുപദം psalmos (Hb. Zamar) എന്നാണ്. പാട്ട് എന്നാണ് വിവർത്തനം ചെയ്തിരിക്കുന്നത്. അതൊരു ചിട്ടപ്പെടുത്തിയ സംഗീതശകലമാണ്. വീണയോടോ അല്ലെങ്കിൽ മറ്റൊരു സംഗീതോപകരണത്തോടോ ഒന്നിച്ചുള്ള ഒരു വിശുദ്ധഗീതമാണ്. യാക്കോ. 5:13-ലെ പാട്ടു പാടുക (സങ്കീർത്തനം) എന്നതിന്റെ ഗ്രീക്കുപദം psallo എന്നാണ്. സ്പന്ദിപ്പിക്കുകയോ മീട്ടുകയോ (to twitch or twang) ചെയ്യേണ്ടത്; അഥവാ ഒരു തന്ത്രിവാദ്യത്തിൽ വായിക്കേണ്ടത്. സംഗീതത്തോടും പാട്ടിനോടും കൂടി ആഘോഷിക്കേണ്ട ദിവ്യാരാധനയാണത്. 1 ദിന. 16:9; സങ്കീ. 95:2; 105:2 എന്നീ ഭാഗങ്ങളിലുള്ള എബ്രായപദത്തിന്റെ അർത്ഥവും ഇതുതന്നെയാണ്.

ആരാധനയിൽ സംഗീതോപകരണങ്ങൾ ഉപയോഗിക്കുവാൻ വേദഭാഗങ്ങളുടെ പിന്തുണയുണ്ട്. മർബഹ്സായും, കയറ്റുപായും, പ്രസംഗപീഠവും, ഫാനും, മൈക്കും, ഇലക്ട്രിക് ബൾബും ലാപ്ടോപ്പും പോലുള്ള മറ്റൊരു സംവിധാനങ്ങൾക്കും അതില്ല. അവ ഉപയോഗിക്കുന്നതിനു കുഴപ്പമില്ലെങ്കിൽ, വേദാടിസ്ഥാനമുള്ള സംഗീതോപകരണങ്ങൾ ആകരുതെന്ന് നിർബ്ബന്ധിക്കേണ്ടതുണ്ടോ?

അവസാനിച്ചു.... ■

നിര്യാതനായി



ജി. സാം കുട്ടി

മലങ്കര ഓർത്തഡോക്സ് സഭാ മാനേജംഗ് കമ്മറ്റി അംഗവും കുണ്ടറ എം. ജി. ഡി. സ്ക്കൂൾ മലയാളം അദ്ധ്യാപകനുമായിരുന്ന ജി. സാംകുട്ടി (45) നിര്യാതനായി. പ. കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ സംസ്ക്കാരം നടത്തി. ഭാരത് സ്കൗട്ട് ആന്റ് ഗൈഡ്സ് മുൻ ഡിസ്ട്രിക്റ്റ് ഓർഗനൈസിംഗ് കമ്മീഷണറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കാഞ്ഞിരംവിളയിൽ പ്ലാവിള താബോറിൽ പരേതനായ ഇ. ജോർജിന്റെ മകനാണ്. ഭാര്യ:കുരീപ്പള്ളി മേലേവീട്ടിൽ ആനീസദനിൽ ആനി, മക്കൾ: സാന്ദ്ര, സാൻജോ.

പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ

പത്തനംതിട്ട:- ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ 6-ാം ഓർമ്മ ജനു. 21-ന് പത്തനംതിട്ട ബേസിൽ ദയറായിൽ.

ആലുവ:- കുറ്റിക്കാട്ടിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ 61-ാം ഓർമ്മ, ജനുവരി 26-ന് ആലുവ തൃക്കുന്നത്തു സെമിനാരിയിൽ.

കണ്ടനാട്:- പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 47-ാം ഓർമ്മ, ഫെബ്രുവരി 2-ന് കണ്ടനാട് കർമ്മേൽ ദയറായിൽ.

കൊല്ലം:- മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായുടെ 6-ാം ഓർമ്മ, ഫെബ്രുവരി 9-ന് കൊല്ലം സെന്റ് തോമസ് കത്തീഡ്രലിൽ.

മാവേലിക്കര:- ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 3-ാം ഓർമ്മ, ഫെബ്രുവരി 16-ന് മാവേലിക്കര സെ. പോൾസ് മിഷൻ സെന്ററിൽ.

3RD DEATH ANNIVERSARY
21-01-2015

In Loving Memory of

MRS. ANNAMMA KUNJU VARUGHESE

Kappil House,
Nannuvakkadu North
Pathanamthitta Dist

By Sorrowing Family

P.C. Babychen (Prop.)
Pulimoottil

Mob : 9497748554
9995217132

PULIMOOTTIL METAL & VESSELS
Palace View
Changancherry - 686 101

മലങ്കരസഭ പഞ്ചാംഗം

2015

1190-91

കോനൂൻഹ്രോയ്- ജനുവരി

1. *റിശ്ശാത്തോ (വർഷാരംഭം) നമ്മുടെ, കർത്താവിന്റെ ചേലാകർമ്മ പെരുനാൾ, മാർ ബസേലിയോസ്, മാർ ഗ്രീഗോറിയോസ് പിതാക്കന്മാരുടെയും സകല വിശുദ്ധ മൽപ്പാന്മാരുടെയും ഓർമ്മ (നിറം1).
3. മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 51-ാം ഓർമ്മ. (കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന), കൂനൻകുരിശുസത്യ സ്മരണാദിനം (മട്ടാഞ്ചേരി സെ. ജോർജ് പള്ളി).
4. ജനനപ്പെരുന്നാളിനു ശേഷം രണ്ടാം ഞായറാഴ്ച (നിറം 2).
6. *ദനഹാപ്പെരുന്നാൾ (നമ്മുടെ കർത്താവിന്റെ മാമോദീസാ) (നിറം 2).
7. മാർ യൂഹാനോൻ മാംദാനായുടെ പുകഴ്ചയുടെ പെരുനാൾ.
8. മാർ സ്തേഫാനോസ് സഹദായുടെ ഓർമ്മ.
11. ദനഹായ്ക്കു ശേഷം ഒന്നാം ഞായറാഴ്ച (നിറം 3).
15. x വിത്തുകൾക്കുവേണ്ടി വി. ദൈവമാതാവിന്റെ പെരുനാൾ, താപസനായ മാർ പൗലോയുടെ ഓർമ്മ.
18. ദനഹായ്ക്കു ശേഷം രണ്ടാം ഞായറാഴ്ച (നിറം 4).
മാർ ശ്മൂയേലിന്റെയും, മാർ ശെമവൂന്റെയും, മാർ അന്തോനിയോസിന്റെയും ഓർമ്മ.
21. ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ 6-ാം ഓർമ്മ (പത്തനംതിട്ട ബേസിൽ അരമന).
23. സന്യാസശ്രേഷ്ഠനായ മാർ ഔഗേന്റെ ഓർമ്മ.
25. ദനഹായ്ക്കു ശേഷം മൂന്നാം ഞായറാഴ്ച (നിറം 6). മൂന്നു നോമ്പിന്റെ പേത്തുർത്താ ഞായർ, സകല വിശുദ്ധ പിതാക്കന്മാരുടെയും മൽപ്പാന്മാരുടെയും ഓർമ്മ.
26. മൂന്ന് നോമ്പ് ആരംഭം. മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 9-ാം ഓർമ്മ (ശാസ്താംകോട്ട ഹോറേബ് ആശ്രമം). കുറ്റിക്കാട്ടിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ 61-ാം ഓർമ്മ (ആലുവാ തൃക്കുന്നത്തു സെമിനാരി).
29. മൂന്നു നോമ്പ് വീടൽ, യോന ദീർഘദർശിയുടെ ഓർമ്മ. അന്ത്യോഖ്യായുടെ മാർ സേവേറിയോസ് പാത്രിയർക്കീസിന്റെ

19. സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 85-ാം ഓർമ്മ (കുന്നംകുളം ആർത്താറ്റ് പുത്തൻ പള്ളി).
22. വലിയ നോമ്പിലെ ആറാം ഞായറാഴ്ച (സമിയോ)
മലങ്കര ഓർത്തഡോക്സ് സഭാ ദിനം - കാതോലിക്കാ ദിനം (നിറം 6).
കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ 130-ാം ഓർമ്മ (പാമ്പാക്കുട വലിയ പള്ളി).
25. *ദൈവമാതാവിനോടുള്ള വചനിപ്പ് (സൂബോറോ) പെരുനാൾ, നാലാം മാർത്തോമ്മായുടെ 287-ാം ഓർമ്മ (കണ്ടനാട് പള്ളി). (നിറം 4)
27. നാൽപതാം വെള്ളിയാഴ്ച
28. ബഥാന്യയിലെ ലാസറിന്റെ ഓർമ്മ (ലാസറിന്റെ ശനി).
29. ഓശാന ഞായറാഴ്ച (നിറം 7).
(ബാലികാ ബാല ദിനം)

നീസോൻ- ഏപ്രിൽ

2. പെസഹാ വ്യാഴാഴ്ച
3. ദുഃഖവെള്ളിയാഴ്ച (വലിയ വെള്ളിയാഴ്ച).
4. ദുഃഖശനിയാഴ്ച - അറിയിപ്പിന്റെ ശനി.
5. ക്യംതാ പെരുനാൾ (ഉയിർപ്പ്) (സന്ധ്യ മുതൽ രാത്രി ഒന്നാം കൗമാ വരെ നിറം 8, തുടർന്ന് 1).
കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ (പാമ്പാടി തിരുമേനി) 50-ാം ഓർമ്മ (പാമ്പാടി ദയറാ).
6-11. ഹേവോറോ ദിനങ്ങൾ.
7. വലിയ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ (ആറാം മാർത്തോമ്മാ)യുടെ 207-ാം ഓർമ്മ (പുത്തൻകാവ് കത്തീഡ്രൽ).
12. പുതുഞായറാഴ്ച. (ക്യംതാ പെരുന്നാളിനുശേഷം ഒന്നാം ഞായറാഴ്ച) (സന്ധ്യ മുതൽ രാത്രി ഒന്നാം കൗമാ വരെ നിറം 8, തുടർന്ന് 1).
ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 2-ാം ഓർമ്മ (ഞാലിയാകുഴി മാർ ബസേലിയോസ് ദയറാ).
16. രണ്ടാം മാർത്തോമ്മായുടെ 329-ാം ഓർമ്മ (നിരണം വലിയപള്ളി), എട്ടാം മാർത്തോമ്മായുടെ 199-ാം ഓർമ്മ (പുത്തൻകാവ് കത്തീഡ്രൽ).
17. കാതോലിക്കേറ്റ് രത്നദീപം ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ 64-ാം ഓർമ്മ (പുത്തൻകാവ് കത്തീ



പരി. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ

29. സ്വർണ്ണ വെള്ളിയാഴ്ച
31. പെന്തിക്കോസ്തിക്കു ശേഷം ഒന്നാം ഞായറാഴ്ച. (നിറം 8).

ഹ്സീറോൻ - ജൂൺ

6. യുയാക്കിം മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 90-ാം ഓർമ്മ. (പരുമലപള്ളി), ഔഗേൻ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 8-ാം ഓർമ്മ. (വള്ളിക്കാട്ടു ദയറ).
7. പെന്തിക്കോസ്തിക്കു ശേഷം രണ്ടാം ഞായറാഴ്ച. (നിറം 1).
11. മാർ ബർത്തുൽമായി ശ്ലീഹായുടെ ഓർമ്മ, ശെമവൂൻ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ 126-ാം ഓർമ്മ (കോട്ടയം പുത്തൻപള്ളി).
14. *പെന്തിക്കോസ്തിക്കുശേഷം മൂന്നാം ഞായറാഴ്ച (നിറം 2).
15. പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ ആദ്യം പള്ളി സ്ഥാപിച്ചതിന്റെ പെരുന്നാൾ
16. ശ്ലീഹാ (13 നോമ്പ്) നോമ്പാരംഭം.
19. കർത്താവിന്റെ സഹോദരനും ഊർശ്ലേ

യുടെ 50-ാം ഓർമ്മ (പെരുനാട് ബഥനി ആശ്രമം) (നിറം -6).
7. തെസലോനിക്യയിലെ വി: ദെമത്രിയോസിന്റെ ഓർമ്മ.
9. കൂടാരപ്പെരുനാളിനുശേഷം ഒന്നാം ഞായറാഴ്ച (നിറം 2).
12. മാർ അസസായേൽ സഹദായുടെ ഓർമ്മ.
14. മീഖാ നിബിയുടെ ഓർമ്മ.
15. *വി. ദൈവമാതാവിന്റെ വാങ്ങിപ്പ് (ശൂനോയോ) പെരുനാൾ (നിറം 7); പതിനഞ്ചു നോമ്പുവീടൽ; മർത്തമറിയം വനിതാ സമാജ ദിനം; അന്ത്യോഖ്യായുടെ മാർ ഇഗ്നാത്തിയോസ് അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവായുടെ 100-ാം ഓർമ്മ (കുർക്കുമാ ദയറാ), കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പൽ പെരുനാൾ.
16. വാങ്ങിപ്പിനുശേഷം ഒന്നാം ഞായർ (നിറം 3).
മാർ ഈവാനിയോസ് ഹിദായത്തുള്ളാ എപ്പിസ്കോപ്പായുടെ 322-ാം ഓർമ്മ (മുളന്തുരുത്തി പള്ളി).
19. സകല നിബിയന്മാരുടെയും ഓർമ്മ, മാർ ലാബി ശ്ലീഹായുടെ ഓർമ്മ, ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 24-ാം ഓർമ്മ. (മുളക്കുളം കർമ്മേൽകുന്ന് പള്ളി)
20. മാർ ശമുവേൽ നിബിയുടെ ഓർമ്മ.
23. വാങ്ങിപ്പിനു ശേഷം രണ്ടാം ഞായറാഴ്ച(നിറം 4).
24. മാർ മത്ഥിയാസ് ശ്ലീഹായുടെ ഓർമ്മ.
29. മാർ യൂഹാനോൻ മംദാനയുടെ ശിരഃഛേദത്തിന്റെ ഓർമ്മ.
30. വാങ്ങിപ്പിനുശേഷം മൂന്നാം ഞായറാഴ്ച. (നിറം 5).
31. മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 35-ാം ഓർമ്മ (പാമ്പാടി മാർ കുറിയാക്കോസ് ദയറാ).

ഈലൂൽ - സെപ്റ്റംബർ

2. യുയാക്കിം മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ 141-ാം ഓർമ്മ (മുളന്തുരുത്തി പള്ളി).
6. വാങ്ങിപ്പിനുശേഷം നാലാം ഞായറാഴ്ച. (നിറം 6); (മദ്ധ്യസ്ഥപ്രാർത്ഥനാ ദിനം)
8. വി. ദൈവമാതാവിന്റെ ജനനപ്പെരുനാൾ.

തെശ്രീൻ ഹ്രോയി - നവംബർ

1. കൂദോശ് ഈത്തോ ഞായറാഴ്ച (വി. സഭയുടെ ശുദ്ധീകരണം) (നിറം 1). സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും സഹദേന്മാരുടെയും രക്തസാക്ഷിണികളുടെയും ഓർമ്മ. മാർ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 5-ാം സ്ഥാനാരോഹണ വാർഷികം.
2. വിശുദ്ധ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ (പരുമലതിരുമേനി) 113-ാം ഓർമ്മ (പരുമല പള്ളി),
കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ 108-ാം ഓർമ്മ (ആലുവാ തൃക്കുന്നത്തു സെമിനാരി).
5. സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ 8-ാം ഓർമ്മ (ഭിലായി സെ. തോമസ് ആശ്രമം).
6. വയലിപറമ്പിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 49-ാം ഓർമ്മ (ആലുവാ തൃക്കുന്നത്തു സെമിനാരി).
8. ഹൂദോസ് ഈത്തോ ഞായറാഴ്ച
(വി. സഭയുടെ പ്രതിഷ്ഠ) (നിറം 2).
മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 19-ാം ഓർമ്മ (ദേവലോകം കാതോലിക്കേറ്റ് അരമന).
13. സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസിന്റെ ഓർമ്മ.
14. മാർ ഫീലിപ്പോസ് ശ്ലീഹായുടെ ഓർമ്മ.
15. സഖറിയ പുരോഹിതനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച (നിറം 3).
20. ഇയ്യോബ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ 4-ാം ഓർമ്മ (പത്തനാപുരം താബോർ ദയറ).
21. വി. ദൈവമാതാവിന്റെ ദേവാലയ പ്രവേശന പെരുനാൾ.
22. വി. ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച (നിറം 4)
24. പഴയസെമിനാരി സ്ഥാപകൻ സഭാജ്യോതിസ് പുലിക്കോട്ടിൽ ജോസഫ് മാർ

ശ്ബോത്ത് - ഫെബ്രുവരി

1. പട്ടക്കാരുടെ പൊതുവായ ഓർമ്മ കഴിക്കുന്ന ഞായറാഴ്ച (കൊഹനേ) (നിറം7).
2. *മായൽത്തോ പെരുന്നാൾ (കർത്താവിന്റെ ദേവാലയപ്രവേശനം) (നിറം 2). വൃദ്ധനായ ശെമവോന്റെയും, മർത്ത് ഹന്നായുടേയും ഓർമ്മ (വയോധിക ദിനം).
പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 47-ാം ഓർമ്മ (കണ്ടനാട് കർമ്മേൽ ദയറാ).
3. വിലാപക്കാരിൽ പ്രധാനിയായ മാർ ബർസൗമായുടെ ഓർമ്മ, താപസനും വിലാപക്കാരനുമായ മാർ കൗമായുടെ ഓർമ്മ.
8. സകല വാങ്ങിപ്പോയവരുടെയും പൊതുവായ ഓർമ്മ കഴിക്കുന്ന ഞായറാഴ്ച (ആനീദേ) (നിറം 8)
9. മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായുടെ 6-ാം ഓർമ്മ (കൊല്ലം സെന്റ് തോമസ് കത്തീഡ്രൽ).
13. അന്ത്യോഖ്യായുടെ മാർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ 83-ാം ഓർമ്മ (മഞ്ഞനിക്കര ദയറാ).
15. കൊത്തിനേ ഞായറാഴ്ച, വലിയനോമ്പിന്റെ പേത്തുർത്താ (നിറം 1).
16. വലിയ നോമ്പാരംഭം. ശുബ്ക്കോനോ ശുശ്രൂഷ, സഭാരത്നം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 3-ാം ഓർമ്മ (മാവേലിക്കര സെന്റ് പോൾസ് ചാപ്പൽ).
21. മാർ അപ്രേം മല്പാന്റെയും, തേവോദോറോസ് സഹദായുടേയും ഓർമ്മ. (നിറം 8)
22. വലിയ നോമ്പിലെ രണ്ടാം ഞായറാഴ്ച (ഗർബോ) (നിറം 2).
23. സ്മിർണായിലെ പോളിക്കാർപ്പോസിന്റെ ഓർമ്മ, മലങ്കരസഭാ ഭാസുരൻ വിശുദ്ധ ഗീവർഗീസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ (വട്ടശ്ശേരിൽ തിരുമേനി) 81-ാം ഓർമ്മ (കോട്ടയം പഴയ സെമിനാരി ചാപ്പൽ). തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ 7-ാം ഓർമ്മ (ദേവലോകം കാതോലിക്കേറ്റ് അരമന).
24. ഏവൻഗേലിസ്ഥനായ മാർ മത്തായി ശ്ലീഹായുടെ ഓർമ്മ

ഓദോർ - മാർച്ച്

1. വലിയ നോമ്പിലെ മൂന്നാം ഞായറാഴ്ച (മ്ശറിയോ) (നിറം 3).
8. വലിയ നോമ്പിലെ നാലാം ഞായറാഴ്ച (ക്നാനൈത്തോ) (നിറം 4).
9. സെബസ്ത്യായിലെ നാല്പതു സഹദേൻമാരുടെ ഓർമ്മ. അമ്പാട്ട് ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ 124-ാം ഓർമ്മ (അങ്കമാലി ചെറിയ പള്ളി).
11. പാതി നോമ്പ്
14. ഉറഹായിലെ അബ്ഗാർ രാജാവിന്റെ ഓർമ്മ.
15. വലിയ നോമ്പിലെ അഞ്ചാം ഞായറാഴ്ച (ക്ഫീഫ്തോ ഞായർ) (നിറം 5).
17. പൗലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ 53-ാം ഓർമ്മ (കുന്നംകുളം ആർത്താറ്റ് പുത്തൻ പള്ളി).

[illegible] ഞായറാഴ്ച. (നിറം 2). (കൃംതാ പെരുന്നാളിനുശേഷം [illegible] ഞായറാഴ്ച)
21. യൂഹാനോൻ മാർ ഈവാനിയോസ് എപ്പിസ്കോപ്പായുടെ 221-ാം ഓർമ്മ (ചെങ്ങന്നൂർ പഴയ സുറിയാനി പള്ളി).
22. മൂന്നാം മാർത്തോമ്മായുടെ 327-ാം ഓർമ്മ (കടമ്പനാട് കത്തീഡ്രൽ).
23. മാർ ഗീവർഗീസ് സഹദായുടെ ഓർമ്മ.
25. ഏവൻഗേലിസ്ഥനായ മാർ മർക്കോസ് ക്സവ്രോനോയുടെ ഓർമ്മ; ഒന്നാം മാർത്തോമ്മായുടെ 345-ാം ഓർമ്മ (അങ്കമാലി ചെറിയ പള്ളി).
26. പുതുഞായറാഴ്ചയ്ക്കു ശേഷം രണ്ടാം ഞായറാഴ്ച. (നിറം 3). (കൃംതാ പെരുന്നാളിനുശേഷം മൂന്നാം ഞായറാഴ്ച)
27. മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീൽ ബാവായുടെ 344-ാം ഓർമ്മ (വടക്കൻ പറവൂർ പള്ളി).
29. മാർ ശാബോർ, മാർ അപ്രോത്ത് പിതാക്കന്മാരുടെ ഓർമ്മ.

ഈയോർ - മേയ്

1. സെബദി പുത്രനായ മാർ യാക്കോബ് ശ്ലീഹായുടെ ഓർമ്മ.
3. പുതുഞായറാഴ്ചയ്ക്കു ശേഷം മൂന്നാം ഞായറാഴ്ച. (നിറം 4). (കൃംതാ പെരുന്നാളിനുശേഷം നാലാം ഞായറാഴ്ച)
മാർ ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാബാവായുടെ 102-ാം ഓർമ്മ (പാമ്പാക്കുട ചെറിയ പള്ളി).
8. ഏവൻഗേലിസ്ഥനായ മാർ യൂഹാനോൻ ശ്ലീഹായുടെ ഓർമ്മ.
10. പുതുഞായറാഴ്ചയ്ക്കു ശേഷം നാലാം ഞായറാഴ്ച. (നിറം 5). (കൃംതാ പെരുന്നാളിനുശേഷം അഞ്ചാം ഞായറാഴ്ച)
എരിവുകാരനായ മാർ ശെമവൂൻ ശ്ലീഹായുടെ ഓർമ്മ. അഞ്ചാം മാർത്തോമ്മായുടെ 250-ാം ഓർമ്മ (നിരണം വലിയപള്ളി).
14. * കർത്താവിന്റെ സ്വർഗ്ഗാരോഹണപ്പെരുന്നാൾ
(സുലോക്കോ)
15-23 കാത്തിരിപ്പ് ദിനങ്ങൾ
15. X കതിരുകൾക്കുവേണ്ടി വി. ദൈവമാതാവിന്റെ പെരുന്നാൾ. മാർ ഇസഹാക്കിന്റെ ഓർമ്മ.
16. യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ 25-ാം ഓർമ്മ (കൊരട്ടി സീയോൻ സെമിനാരി).
17. പുതുഞായറാഴ്ചയ്ക്കു ശേഷം അഞ്ചാം ഞായറാഴ്ച. (നിറം 6). (കൃംതാ പെരുന്നാളിനു ശേഷം ആറാം ഞായറാഴ്ച-പെന്തിക്കോസ്തിക്കു മുമ്പുള്ള ഞായറാഴ്ച) സൺഡേസ്കൂൾ ദിനം.
19. മാർ ദിവന്നാസ്യോസ് III (പുന്നത്ര) മെത്രാപ്പോലീത്തായുടെ 190-ാം ഓർമ്മ (കോട്ടയം ചെറിയപള്ളി).
20. താപസന്മാരിൽ പ്രധാനിയായ മാർ അഹറോന്റെ ഓർമ്മ. നാല് ഏവൻഗേലിസ്ഥന്മാരുടെയും മൂന്നു പൊതുസുന്നഹദോസുകളിലെ പിതാക്കന്മാരുടെയും ഓർമ്മ.
24. പെന്തിക്കോസ്തി ഞായറാഴ്ച. (നിറം 7).
26. പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 1-ാം ഓർമ്മ. (പത്തനാപുരം മൗണ്ട് താബോർ ദയറ)

[illegible] കുർബ്ബാന അനുഷ്ഠിച്ചവനുമായ മാർ യാക്കോബിന്റെ ഓർമ്മ.
21. പെന്തിക്കോസ്തിക്കു ശേഷം നാലാം ഞായറാഴ്ച (നിറം 3).
24. മാർ യോഹന്നാൻ മാംദാനയുടെ ജനനത്തിന്റെ ഓർമ്മ.
28. പെന്തിക്കോസ്തിക്കു ശേഷം അഞ്ചാം ഞായറാഴ്ച (നിറം 4).
29. *മാർ പത്രോസ് - മാർ പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ ശ്ലീഹാ നോമ്പ് വീടൽ.
30. പന്ത്രണ്ടു ശ്ലീഹന്മാരുടെ ഓർമ്മ.

തോമ്മൂസ് - ജൂലൈ

3. *മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ.
5. പെന്തിക്കോസ്തിക്കുശേഷം ആറാം ഞായറാഴ്ച (നിറം 5). മിഷൻ സൺഡേ, എഴുപത്തിരണ്ട് അറിയിപ്പുകാരുടെ ഓർമ്മ. ഏഴാം മാർത്തോമ്മായുടെ 206-ാം ഓർമ്മ (കോലഞ്ചേരി പള്ളി).
7. സഖറിയാ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 18-ാം ഓർമ്മ (പത്തനാപുരം മൗണ്ട് താബോർ ദയറാ).
10. യൂഹാനോൻ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 242-ാം ഓർമ്മ (മുളന്തുരുത്തി പള്ളി).
12. പെന്തിക്കോസ്തിക്കു ശേഷം ഏഴാം ഞായറാഴ്ച (നിറം 6).
കോട്ടയം എം.ഡി. സെമിനാരി സ്ഥാപകൻ മലങ്കരസഭാ തേജസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് V മെത്രാപ്പോലീത്തായുടെ 106-ാം ഓർമ്മ (കോട്ടയം പഴയസെമിനാരി).
15. മാർ കുറിയാക്കോസ് സഹദായുടെയും മാതാവ് മർത്ത് യൂലീത്തിയുടെയും നിഖ്യായിലെ മാർ അബഹായിയുടെയും ഓർമ്മ.
19. പെന്തിക്കോസ്തിക്കു ശേഷം എട്ടാം ഞായറാഴ്ച (നിറം 7).
20. മാർ ഏലിയാ നീർഘദർശിയുടെ ഓർമ്മ.
22. മറിയം മഗ്ദലൈത്തായുടെ ഓർമ്മ.
23. ഗീവർഗീസ് മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായുടെ 16-ാം ഓർമ്മ (റാന്നി ഹോളി ട്രിനിറ്റി ആശ്രമം).
25. കുപ്രോസിലെ മാർ എപ്പിഫാനിയോസിന്റെ ഓർമ്മ.
26. പെന്തിക്കോസ്തിക്കു ശേഷം ഒൻപതാം ഞായറാഴ്ച (നിറം 8).
27. മാർ ശെമവൂൻ ദെസ്തൂനോയോയുടെ ഓർമ്മ.
31. മാർ ഗ്രീഗോറിയോസ് ബാർ എബ്രായയുടെ 729-ാം ഓർമ്മ.

ഓബ് - ഓഗസ്റ്റ്

1. ശൂനോയോ (പതിനഞ്ചു) നോമ്പാരംഭം; രക്തസാക്ഷികളായ മർത്ത്ശ്മൂനിയുടെയും ഏഴുമക്കളുടെയും ഗുരുവായ മാർ ഏലിയാസറിന്റെയും ഓർമ്മ. പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 3-ാം ഓർമ്മ (റാന്നി പെരുനാട് ബഥനി ആശ്രമം).
2. പെന്തിക്കോസ്തിക്കു ശേഷം പത്താം ഞായറാഴ്ച (നിറം 1).
6. *കൂടാരപ്പെരുന്നാൾ (കർത്താവിന്റെ മറുരൂപപ്പെരുന്നാൾ) അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ

ഓർമ്മ.
13. [illegible] ഞായറാഴ്ച. (നിറം 7).
14. *സ്ലീബാ പെരുന്നാൾ (നിറം 8).
15. മലങ്കരയിലെ കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ 103-ാം വാർഷികം.
20. സ്ലീബാ പെരുന്നാളിനുശേഷം ഒന്നാം ഞായറാഴ്ച (നിറം 1).
23. അൽവാറിസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ 92-ാം ഓർമ്മ. (പഞ്ചിം സെ. മേരീസ് പള്ളി, ഗോവ)
24. പേർഷ്യക്കാരനായ മാർ ദീമേത്തിന്റെ ഓർമ്മ.
25. അന്ത്യോഖ്യയുടെ മാർ ഇഗ്നാത്തിയോസ് പത്രോസ് III പാത്രിയർക്കീസ് ബാവായുടെ 121-ാം ഓർമ്മ.
27. സ്ലീബാ പെരുന്നാളിനു ശേഷം രണ്ടാം ഞായറാഴ്ച (നിറം 2).
28. ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ 18-ാം ഓർമ്മ (ആലുവാ തൃക്കുന്നത്തു സെമിനാരി).

തെശ്രീൻകദീം - ഒക്ടോബർ

1. അറിയിപ്പുകാരനായ മാർ ആദായി (ശ്ലീഹാ) യുടെയും മഹീർശാബോർ എന്ന മാർ അബഹായി സഹദായുടെയും മാർ മൽക്കേയുടെയും ഓർമ്മ.
2. കരവട്ടു വീട്ടിൽ ശെമവൂൻ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 127-ാം ഓർമ്മ (കടുംഗമംഗലം പള്ളി).
3. വി. ബസേലിയോസ് യൽദോ കാതോലിക്കാ ബാവായുടെ 330-ാം ഓർമ്മ (കോതമംഗലം ചെറിയപള്ളി).
4. സ്ലീബാ പെരുന്നാളിനു ശേഷം മൂന്നാം ഞായറാഴ്ച (നിറം 3). വൈദിക സെമിനാരി ദിനം.
7. മാർ സർഗീസ്, മാർ ബാക്കോസ് സഹദേന്മാരുടെ ഓർമ്മ.
11. സ്ലീബാ പെരുന്നാളിനുശേഷം നാലാം ഞായറാഴ്ച (നിറം 4);
12. ഫീലിപ്പോസ് മാർ ദിവന്നാസ്യോസ് IV മെത്രാപ്പോലീത്തായുടെ 160-ാം ഓർമ്മ (ചെപ്പാട് പള്ളി); യൂഹാനോൻ മാർ അത്താനാസിയോസ് എപ്പിസ്കോപ്പായുടെ 35-ാം ഓർമ്മ (പെരുനാട് ബഥനി ആശ്രമം).
14. അലക്സന്ത്രിയായിലെ മാർ അത്താനാസിയോസിന്റെ ഓർമ്മ.
15. താപസനായ മാർ ഓസിയോയുടെ ഓർമ്മ.
18. സ്ലീബാ പെരുന്നാളിനു ശേഷം അഞ്ചാം ഞായറാഴ്ച (നിറം 5). മാർ ലൂക്കോസ് ഏവൻഗേലിസ്ഥായുടെ ഓർമ്മ.
22. മാർ ബസേലിയോസ് ശക്രള്ളാ കാതോലിക്കാബാവായുടെ 251-ാം ഓർമ്മ (കണ്ടനാട് പള്ളി).
23. അല്ഫായിയുടെ പുത്രനായ മാർ യാക്കോബ് ശ്ലീഹായുടെ ഓർമ്മ.
25. സ്ലീബാ പെരുന്നാളിനു ശേഷം ആറാം ഞായറാഴ്ച (നിറം 6).

[illegible] ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 19-ാം ഓർമ്മയും (കോട്ടയം പഴയസെമിനാരി).
28. മാർ യാക്കോബ് ബുർദ്ദാന, മാർ ദിവന്നാസ്യോസ് ബർസ്ലീബി എന്നിവരുടെ ഓർമ്മ.
29. ഏലിശുബായുടെ അടുക്കലേക്കുള്ള മറിയാമിന്റെ യാത്രയുടെ ഞായറാഴ്ച (നിറം5)
(വനിതാ ദിനം), സ്രൂഗിലെ മാർ യാക്കോബിന്റെ ഓർമ്മ.
30. മാർ അന്ത്രയോസ് ശ്ലീഹായുടെ ഓർമ്മ.

കോനൂൻകദീം - ഡിസംബർ

1. യൽദോ (ഇരുപത്തഞ്ചു) നോമ്പാരംഭം.
3. തോമ്മാ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 43-ാം ഓർമ്മ (പത്തനാപുരം താബോർ ദയറാ).
4. സഹദാ സ്ത്രീകളായ മർത്ത് ബർബാറായുടേയും, മർത്ത് യൂലിയാനയുടേയും ഓർമ്മ.
6. മാർ യൂഹാനോൻ മാംദാനയുടെ ജനനത്തിന്റെ ഞായറാഴ്ച (ബാലദിനം) (നിറം 6).
മൂറായുടെ എപ്പിസ്ക്കോപ്പായായ നിക്കലാവോസ് എന്ന മാർ സോബേയുടെ ഓർമ്മ.
8. മാർ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ 40-ാം ഓർമ്മ (ദേവലോകം കാതോലിക്കേറ്റ് അരമന).
9. മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായുടെ 3-ാം ഓർമ്മ. (വളയംചിറങ്ങര സെന്റ്. പീറ്റേഴ്സ്& സെ.പോൾസ് പള്ളി.)
10. മാർ ബഹനാൻ സഹദായുടെയും, സഹോദരി സാറായുടെയും കൂട്ടു സഹദേന്മാരുടെയും മാബൂഗിലെ മാർ ഹീലക്സീനോസിന്റെയും ഓർമ്മ.
13. മാർ യൗസേഫിനുണ്ടായ വെളിപാടിന്റെ ഞായറാഴ്ച (നിറം 7).
ദാനിയേൽ മാർ ഫീലക്സീനോസ് മെത്രാപ്പോലീത്തായുടെ 25-ാം ഓർമ്മ (പത്തനംതിട്ട ബേസിൽ അരമന).
17. മാർ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 87-ാം ഓർമ്മ. (വാകത്താനം വള്ളിക്കാട്ടുദയറാ).
18. വി. മാർത്തോമ്മാ ശ്ലീഹാ കുന്തമേറ്റതിന്റെ ഓർമ്മ.
20. ജനനപ്പെരുന്നാളിനു മുൻപുള്ള ഞായറാഴ്ച (വംശാവലി ഞായർ) (നിറം 8).മാർ ഇഗ്നാത്തിയോസ് നൂറോനോയുടെ ഓർമ്മ.
21. വി. മാർത്തോമ്മാ ശ്ലീഹാ രക്തസാക്ഷിമരണം പ്രാപിച്ചതിന്റെ ഓർമ്മ.
25. *യെൽദോ-ക്രിസ്മസ് (നമ്മുടെ കർത്താവിന്റെ ജനനപ്പെരുനാൾ) ഇരുപത്തഞ്ചു നോമ്പു വീടൽ (നിറം 1).
26. X വി. ദൈവമാതാവിന്റെ പുകഴ്ചപെരുനാൾ. യാക്കോബ് മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തായുടെ 29-ാം ഓർമ്മ (കൊരട്ടി സീയോൻ സെമിനാരി).
27. ജനനപെരുനാളിനു ശേഷം ഒന്നാം ഞായറാഴ്ച (നിറം 1). ശിശുവധപ്പെരുനാൾ, ശിശു സഹദേന്മാരുടെ ഓർമ്മ.

ആദ്ധ്യാത്മിക തേജസിന്റെ സുവർണ്ണ നക്ഷത്രം

■ ഫാ. ജോയിക്കുട്ടി വർഗീസ്
(അസി. മാനേജർ, വള്ളിക്കാട്ടു ദയറാ)



മലങ്കരസഭയ്ക്ക് ചാരുതയും ചൈതന്യവും നൽകി തിരിശീലക്കകം പൂകിയ സഭാ സാരഥിയാണ് പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ. സത്യവാനും ഉന്നതഗോപുരവുമായ മാർ കൂറിലോസിനെപോലെ സഭയ്ക്കും സമൂഹത്തിനും പ്രകാശകിരണങ്ങൾ വിതറികൊണ്ട് ഒരു പ്രോജ് വല ഗോപുരവുമായി പ്രശോഭിച്ച പുണ്യാത്മാവ്, തിരുമനിയുടെ വിശ്വാസ ദാർഢ്യവും, അതിൽ നിന്ന് പ്രവഹിച്ച ആരാധനയും, ശുശ്രൂഷകളും,സേവനങ്ങളുമെല്ലാം അതിപവിത്രങ്ങളായിരുന്നു. ജനുവരി 30, 31 തീയതികളിൽ അദ്ദേഹത്തിന്റെ ഓർമ്മപെരുനാൾ ശാസ്താംകോട്ട മാർ ഏലിയാ ചാപ്പലിൽ ആചരിക്കുന്നു.

1953 മേയ് 15 മുതൽ 2005 വരെയുള്ള അൻപത്തിരണ്ടു വർഷം മേൽപട്ടക്കാരനായും അതിൽത്തന്നെ ഒന്നര പതിറ്റാണ്ടുകാലം മലങ്കര സഭയുടെ പ്രധാന മേലദ്ധ്യക്ഷനായും സഭയെ ശുശ്രൂഷിച്ചു. ആ പ.പിതാവിന്റെ സെക്രട്ടറിയായി അഞ്ചു വർഷം സേവനമനുഷ്ഠിക്കുവാനായത് എന്നെ സംബന്ധിച്ച് അവിസ്മരണീയമാണ്. ആയുസു മുഴുവൻ ആവതുപോലെ സൂക്ഷിക്കുവാനുതകത്തക്ക ധന്യസ്മരണകൾ ആവോളമുണ്ട്.

ആഴമേറിയ ആദ്ധ്യാത്മികതയും, പ്രതികൂല സാഹചര്യങ്ങളോടു പൊരുതി നേടിയ ശുഭാപ്തി വിശ്വാസവും, പരിശുദ്ധ പിതാക്കന്മാരിൽ നിന്ന് ആർജിച്ചെടുത്ത ദിശാബോധവും, സന്യാസ ജീവിതത്തിന്റെ എളിമയും, കഠിനാധ്വാനശീലവും പ. മാത്യൂസ് ദ്വിതീയൻ ബാവായുടെ നേതൃപാടവത്തിന്റെ സവിശേഷതയായി പരിഗണിക്കുന്നത് തികച്ചും ഉചിതമാണ്. ദാരിദ്ര്യം, അനുസരണം, ബ്രഹ്മചര്യം എന്നീ വ്രത നിഷ്ഠകൾ ഓതറ ദയറായുടെ പശ്ചാത്തലത്തിൽ നിന്ന് പരിശീലിച്ച 'ഏയ്ഞ്ചൽ അച്ചൻ' തന്റെ ആത്മീയ ജീവിതം ധന്യവും, വിശുദ്ധവുമാക്കി തീർത്തു. ദൈവത്തിന്റെ അനന്തമായ കാരുണ്യത്തിനുമുമ്പിൽ സ്വന്തം പരിമിതികളും, പോരായ്മകളും അനുസ്മരിച്ച് വിലപിക്കയാണ് സന്യാസത്തിന്റെ ഉദാത്തഭാവമെന്ന് സഭാപിതാക്കന്മാർ സാക്ഷിച്ചിട്ടുണ്ട്. തപോനിഷ്ഠകൾകൊണ്ടും, പ്രാർത്ഥനാനുഭവങ്ങൾ കൊണ്ടും ദൈവത്തെ പ്രസാദിപ്പിക്കയും അതോടൊപ്പം 'ഞാൻ ബലഹീനനാണ്' എന്ന അവബോധം വാക്കിലും പ്രവൃത്തിയിലും അന്വർത്ഥമാക്കി ജീവിതതനിമ അഭംഗുരം നിലനിർത്തിയ സന്യാസിവര്യനാണ് പ. ബാവാ തിരുമേനി.

സാമൂഹ്യ, ആദ്ധ്യാത്മിക നേതൃസ്ഥാനത്തുള്ള നേതാക്കന്മാരിൽ നിന്ന് സഭയും, സമൂഹവും പ്രതീക്ഷിക്കുന്നത് ഹൃദ്യമായവാക്കുകളും, വ്യക്തിജീവിതത്തിലുള്ള ആഭിജാത്യവുമാണ്. വിശുദ്ധമായ വിനയത്തോടും, വിശാലഹൃദയത്തോടുംകൂടി സ്നേഹമസൃണമായി സംസാരിക്കുകയും സഹകരിക്കുകയും ചെയ്തിരുന്ന ശ്രേഷ്ഠാചാര്യനിൽ അസാധാരണമായ വ്യക്തിപ്രഭാവം ദർശിക്കുവാനാകും. തന്നെ സന്ദർശിക്കാനെത്തുന്നവർ സൗഹൃദസംഭാഷണത്തിനെത്തുന്ന സഭാദ്ധ്യക്ഷൻമാരായാലും, സ്നേഹാദരവുകൾ സമർപ്പിക്കുവാനെത്തുന്ന രാഷ്ട്രീയ, സാമൂഹ്യ നേതാക്കന്മാരായാലും, സഹായം അപേക്ഷിക്കുവാൻ കടന്നുവരുന്ന സാധാരണക്കാരനായാലും, ആശീർവാദം തേടിയത്തുന്ന വിശ്വാസികളായാലും, എല്ലാവരും പരിപൂർണ്ണ സന്തുഷ്ടിയോടെയാണ് പ. പിതാവിന്റെ സവിധത്തിൽ നിന്ന് മടങ്ങിപ്പോകുന്നത്.

കളങ്കമില്ലാതെ പുഞ്ചിരിക്കുവാൻ കഴിയുന്നത് മനുഷ്യത്വത്തിന്റെ ഏറ്റവും വലിയസിദ്ധിയാണ് അക്കിത്തം അച്യുതൻ നമ്പൂതിരിയുടെ കവിതാശകലം ഇപ്രകാരമാണ്.

'ഒരു പുഞ്ചിരി മറ്റുള്ളവർക്കായി തൂകവെ ഹൃദയത്തിലുലാവുന്നു നിത്യ നിർമ്മല പൗർണമി' മനസിൽ എന്നും ഹരിതാഭമായി നിൽക്കുന്ന ഹൃദ്യമായ പുഞ്ചിരി സമ്മാനിച്ച് മറ്റുള്ളവരെ അസുലഭ ആനന്ദത്തിന്റെ മേഖലകളിൽ എത്തിച്ചിരുന്ന ഇടയ ശ്രേഷ്ഠനാണദ്ദേഹം. ഭക്തൻ മിതഭാഷിയും, ഒരിക്കലും ചിരിക്കാതെ ഘനഗംഭീരനായിരിക്കണമെന്നുള്ള ധാരണ തിരുമേനി ഒരിക്കലും വച്ചു പുലർത്തിയിട്ടില്ല. പ്രസന്നവദനനായി ക്ലേശങ്ങളെ തരണം ചെയ്തു ജീവിക്കുന്നത് മനസിന്റെയും ശരീരത്തിന്റെയും ആരോഗ്യത്തിനു ഉത്തമമാണ്. അതീവ സങ്കീർണ്ണങ്ങളായ വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ഹൃദയം തുറന്ന് പുഞ്ചിരിച്ച് കാലുഷ്യത്തിന്റെ

> ആത്മീയവും, ലൗകീകവുമായ മേഖലകളിൽ, സേവനം ആവശ്യമുള്ളിടത്ത് അതു നൽകുകയാണ് യഥാർത്ഥ പുരോഹിതന്റെ കടമ എന്നു വിശ്വസിക്കയും അതനുസരിച്ച് പ്രവർത്തിക്കയും ചെയ്ത ശ്രേഷ്ഠ വ്യക്തിത്വമാണ് പ. മാത്യൂസ് ദ്വിതീയൻ ബാവാ

ആധിക്യത്തെ ലഘൂകരിക്കയും, നിയന്ത്രണവിധേയമാക്കുകയും ചെയ്തിരുന്നു.

പ്രശസ്ത ആംഗലേയ നാടകകൃത്ത് വില്യം ഷേക്സ്പിയറിന്റെ അഭിപ്രായത്തിൽ 'ഒരു നല്ല ഹൃദയം സ്വർണത്തേക്കാൾ വിലപിടിച്ചുള്ളതാണ്' സഭയുടെ പരമാദ്ധ്യക്ഷൻ എന്ന നിലയിൽ സഭാംഗങ്ങളുമായി അടുത്ത് ഇടപെടുവാൻ. അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഏതൊരു ഒന്നത്യത്തിലേക്കും അനായാസമായി ഉയർന്നുചെല്ലുവാനും ഏതൊരു സാധാരണക്കാരന്റെയും കുടിലിലേക്കു പോകുവാനും, അവരുടെ സങ്കടം ക്ഷമാപൂർവ്വം ശ്രവിച്ച് നിർദ്ദേശങ്ങൾ നൽകുവാനും യാതൊരു സങ്കോചവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. കൊല്ലം ഭദ്രാസന മെത്രാപ്പോലീത്താ ആയിരിക്കുമ്പോൾ ഇടവകകൾ സന്ദർശിച്ച് ആത്മീയ ഉത്തേജനം നൽകുകയും, ദേവാലയങ്ങളിലെ വ്യവഹാരങ്ങൾ സൗമ്യവും, പക്വവുമായ സമീപനങ്ങളിലൂടെ, പരിഹരിക്കയും ചെയ്തിട്ടുണ്ട്. ഇടവക പൊതുയോഗം കഴിയുമ്പോൾ പ്രതിപക്ഷവും, ഭരണപക്ഷവും ഒരെപോലെ സന്തുഷ്ടരും, സംതൃപ്തരുമായിരിക്കും.

ആത്മീയവും, ലൗകീകവുമായ മേഖലകളിൽ, സേവനം ആവശ്യമുള്ളിടത്ത് അതു നൽകുകയാണ് യഥാർത്ഥ പുരോഹിതന്റെ കടമ എന്നു വിശ്വസിക്കയും അതനുസരിച്ച് പ്രവർത്തിക്കയും ചെയ്ത ശ്രേഷ്ഠ വ്യക്തിത്വം. പ. മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനി ആശ്രമാന്തരീക്ഷത്തിൽ നിന്ന് ജനമദ്ധ്യത്തിലേക്കിറങ്ങി അവർക്കു മാർഗദീപമാകുന്ന ദൗത്യം കൂടി ഒരു ഭക്തനിൽ നിക്ഷിപ്തമാണ്. ഹൈന്ദവ-ക്രിസ്ത്യൻ വർഗീയ സംഘർഷം കേരളത്തിലാകമാനം ആളിക്കത്തി അരാജകത്വം സൃഷ്ടിക്കുവാൻ പര്യാപ്തമാകുമായിരുന്ന നിലയ്ക്കൽ പ്രശ്നം രമ്യമായി പരിഹരിക്കുവാൻ സാധിച്ചത് തിരുമേനിയുടെ അവസരോചിതമായ പ്രവർത്തനം കൊണ്ടാണ്. നിലയ്ക്കൽ എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ പ്രസിഡന്റായിരുന്ന മാത്യൂസ് മാർ കൂറിലോസ് തിരുമേനി തിരുവനന്തപുരത്ത് ചെങ്കോട്ടു കോമം സത്യാനന്ദ സരസ്വതി സ്വാമിയെ നേരിൽ കണ്ട് ചർച്ച നടത്തി പ്രശ്ന പരിഹാരം യാഥാർത്ഥ്യമാക്കി. സ്വാമിതന്നെ നിലയ്ക്കലെത്തി ക്രൈസ്തവർക്കുള്ള സ്ഥലം കണ്ടെത്തി. നിലയ്ക്കൽ എക്യുമെനിക്കൽ ദേവാലയത്തിന്റെ ഉദ്ഘാടന വേളയിൽ സ്വാമിയുടെ പ്രതിനിധി പറഞ്ഞു 'ക്രിസ്തുവിന്റെ സ്നേഹം അഭിവന്ദ്യ കൂറിലോസ് തിരുമേനിയിൽ ഞാൻ കാണുന്നു'. നിലയ്ക്കൽ സമാധാനാന്തരീക്ഷം സംജാതമായി.

> **ജ**ന്മാർജിത വിശിഷ്ടഗുണങ്ങൾ കൊണ്ടും കർമാർജിത സൽക്രിയ സമ്പത്തുകൊണ്ടും മലങ്കരസഭ മുഴുവൻ സമാരാധ്യനായ ശ്രേഷ്ഠ വ്യക്തിത്വമാണ് പ. മാത്യൂസ് ദ്വിതീയൻ ബാവാ. "അനിതര സാധാരണമായ വ്യക്തി പ്രഭാവം കൊണ്ടും ദൈവതേജസിന്റെ മൃദുമന്ദഹാസം കൊണ്ടും ഹൃദയത്തെ കീഴടക്കിയ മുനിശ്രേഷ്ഠനായിരുന്നു ഭാഗ്യസ്മരണാർഹനായ പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ ബാവാ. വിനയം മുഖമുദ്രയാക്കി തന്നെ സമർപ്പിക്കുന്ന സകലതിലേക്കും ദൈവതേജസിന്റെ പ്രഭ പകർന്നുകൊടുക്കുവാൻ ദൈവം നിയോഗിച്ച പ. ബാവാ തന്റെ വചന മാധുര്യം കൊണ്ട് അനേകരെ ദൈവിക ജീവിതത്തിലേക്കു നയിച്ചു."
> (പ. ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ)

മറ്റൊരാളെ വാക്കുകൾകൊണ്ടോ, പ്രവൃത്തികൊണ്ടോ തേജോവധം ചെയ്യാതിരിക്കുന്നതാണ് ഉത്തമസംസ്ക്കാരത്തിന്റെ അടയാളം. പ്രകോപനങ്ങൾ ഉണ്ടായാൽപോലും ക്ഷോഭത്തിനു വശംവദനാകാതെ ഓരോ പ്രശ്നത്തിന്റെയും രണ്ടുവശങ്ങളും കാണുവാൻശ്രമിക്കുന്നവനാണ് ഉത്തമനായ ആത്മീയനേതാവ്! നോമ്പിലെ വിവാഹാനുവാദം പോലെയുള്ള കാര്യങ്ങളിൽ തിരുമേനിദേഷ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പെട്ടെന്നു തന്നെ അവരുമായി രമ്യതയിലെത്തുകയും, ദൈവസന്നിധിയിൽ തന്റെ ബലഹീനത ഏറ്റുപറഞ്ഞ പാപമോചനം പ്രാപിക്കുകയും ചെയ്തിരുന്നു. ശത്രുവിനെ നേടുവാൻ, ആ വ്യക്തിയുമായി ചങ്ങാത്തം സ്ഥാപിക്കുന്ന നിസ്തുല സൗമ്യത പ. ബാവായിൽ അന്തർലീനമായിരുന്നു.

പ. ബാവാതിരുമേനിയുടെ ആരാധനാ ശുശ്രൂഷകൾക്കു അനുപമമായ ആത്മിയ നിറവായിരുന്നു എന്ന് അവയുടെ സൗന്ദര്യവും, സ്വർഗീയ ശ്രേഷ്ഠതയും ആസ്വദിച്ചനുഭവിച്ചവർ നിസംശയം പറയും. സുകൃത ജീവിതത്തിലൂടെ ജീവിത ധർമത്തിന്റെ നേട്ടങ്ങളെ കരഗതമാക്കിയതിനൊപ്പം നോമ്പും, നമസ്ക്കാരവും, സഭയുടെ ഇതര നിഷ്ഠകളും അനുഷ്ഠിച്ച് സ്വർഗീയ ഊർശ്ലേമിന്റെതീർത്ഥാടന നിറവും നിർവൃതിയും ഈലോകത്തുവച്ചു തന്നെ സ്വായത്തമാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. വിശ്വാസികളെ ഭക്തിരസത്തിൽ ആമഗ്നരാക്കുന്ന ശുശ്രൂഷകളാണ് ശ്രേഷ്ഠ പിതാവ് നിർവഹിച്ചിരുന്നത്. തിരുമേനിയുടെ ആരാധനാ ശുശ്രൂഷകൾക്കു ആവരണവും, ആഭരണവും ഗാംഭീര്യമായിരുന്നെങ്കിൽ അകതാരിൽ അനുതാപവും ആത്മനിറവുമായിരുന്നു.

കാലത്തിന്റെ കാലൊച്ച ശ്രവിച്ച തിരുമേനി കാലത്തിനനുസൃതമായ ഉയർച്ചയിലേക്കു സഭയെ കൈപിടിച്ചു കയറ്റി. വരും കാലങ്ങളിലും സഭയുടെ ഭിത്തിയെ ബലവത്തും വിശാലവുമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി. സമൂഹത്തിന്റെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും സഭയുടെ വിവിധ ഭാഗങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുവാൻ പ. പിതാവ് അക്ഷീണം യത്നിച്ചു. പീരുമേട്, ശാസ്താംകോട്ട എൻജിനീയറിംഗ് കോളജുകൾ, കോട്ടയം ബസേലിയോസ് ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ എന്നിവ അദ്ദേഹത്തിന്റെ വാർദ്ധക്യകാല സംഭാവനകളാണ്. സമൂഹ വിവാഹ പദ്ധതി, ഭവന നിർമാണ പദ്ധതി, ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടങ്ങിയവയിലൂടെ അശരണരും,ആലംബഹീനരുമായവർക്കു സാന്ത്വനം പകർന്നു നൽകി. ഐ.എ.എസ്., ഐ.എഫ്.എസ്. മുതലായ കേന്ദ്ര സർവീസിലേയ്ക്കുള്ള മൽസര പരീക്ഷകൾക്കു പരിശീലനം നൽകുന്ന സിവിൽ സർവീസ് അക്കാഡമിയുടെ പ്രവർത്തനം ആരംഭിച്ചത്, കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രി മെഡിക്കൽ കോളജായി ഉയർത്തപ്പെട്ടതും, പരുമല ആശുപത്രി കാർഡിയോളജി വിഭാഗം അത്യാധു

ശേഷം 40-ാം പേജിൽ

അവൻ നിങ്ങളോട് എന്തെങ്കിലും കൽപിച്ചാൽ...

യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്താ

10-ാം പേജിൽ നിന്നും...

വരെ നാവിന് സംസാരശേഷിയുണ്ടാവില്ലെന്ന് കൽപ്പിക്കുകയും ചെയ്തു. ആ വിശുദ്ധനായ മാലാഖ ഈ പിഞ്ചു ബാലികയുടെ അടുത്ത് വളരെയേറെ ശാന്തനാണ്. എല്ലാ കാര്യങ്ങളും ശ്രദ്ധയോടെ പറഞ്ഞു കൊടുത്തു. മാതാവ് അവ ശ്രദ്ധയോടെ കേട്ട് ഹൃദിസ്ഥമാക്കുകയും ചെയ്തു. എന്നിട്ട് പറഞ്ഞു : " ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ". ഇതിൽ നിന്ന് മാതാവിന്റെ ഒന്നാമത്തെയും, ശ്രദ്ധേയവുമായ സവിശേഷത കാണാം. ശ്രദ്ധയോടെ കേട്ട് പഠിച്ചവളും ദൈവത്തിന് മുമ്പാകെ പൂർണ്ണമായി സമർപ്പിക്കുന്നവളുമായ വി.കന്യക മറിയാമിനെ കാണാം.

3. "നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടക്കും" ...... എന്ന് ശെമവോന്റെ പ്രവചനത്തിനും മാതാവിനെ ഇളക്കുവാൻ കഴിയുന്നില്ല. ശെമവോൻ ഇസ്രായേലിന്റെ രക്ഷക്കായി കാത്തിരിക്കുന്നവനാണ്. കന്യക പ്രസവിക്കുന്ന കുഞ്ഞിനെ കണ്ടതിനുശേഷം മാത്രമെ മരണമുള്ളൂ എന്ന ദൈവ വചനം ലഭിച്ചവനാണ്. അതുകൊണ്ടുതന്നെ ശെമവോൻ ശിശുവായ യേശുവിനോട് യാചിക്കുന്നു : '....അടിയനെ സമാധാനത്തോടെ പറഞ്ഞയക്കണമെ' എന്ന്. ശിശുവിനെ കാണാൻ വന്നവരും ശെമവോനും തനിക്കുണ്ടാകാവുന്ന പ്രതിസന്ധികളെക്കുറിച്ച് ഉദ്ബോധിപ്പിക്കുമ്പോഴും വിശുദ്ധ മാതാവിന് ചാഞ്ചാട്ടമില്ല. അത്രയ്ക്ക് ഹൃദിസ്ഥവും, നിർമ്മലവും, ഉറപ്പുള്ളതുമായിരുന്നു, ഗബ്രിയേൽ മാലാഖ മുഖാന്തിരം ലഭിച്ച ദൈവത്തിന്റെ വചനങ്ങൾ. ഇവിടെ, തന്നെ തെരഞ്ഞെടുത്തവനിൽ പൂർണ്ണമായി സമർപ്പിച്ച അമ്മയെ കാണുവാൻ കഴിയും. ദൈവത്തിനായി തന്നെത്തന്നെ സമർപ്പിച്ച അമ്മയെ ശരിക്കും നാം പഠിക്കണം. നമ്മുടെ കർത്താവിന്റെ പീഡാനുഭവവും, ക്രൂശ്മരണവും വി.മാതാവിന്റെ വ്യഥയും, സങ്കടവും, ആദാമും ഹവ്വായും നഷ്ടപ്പെടുത്തിയ അനുഗ്രഹീത പദവി വീണ്ടെടുക്കുവാനാണ്. ആ പദവിയെക്കുറിച്ച് ശനിയാഴ്ച പ്രഭാതനമസ്ക്കാരത്തിൽ ദൈവീക ഗായകനായ ആത്മീയ പിതാവ് പാടുന്നു :

തൻ കൈപ്പണിയാമാദത്തെ - ദൈവമിരുന്നു നിരീക്ഷിച്ചുതോപ്പിൽ പറുദീസിന്നുള്ളിൽ - സ്രഷ്ടാവോടു സമനാം സൃഷ്ടി വൃക്ഷങ്ങൾക്കിടയിൽ സൈര്യം - വിഹരിക്കുന്നതു വീക്ഷിച്ചാൻ മണ്ണിൽ മഹിമാവിൽ- വിസ്മയമീറേൻമാ-രാർന്നു.

3. ആരാധന ഉള്ളത്തിൽ നിന്ന് പുറപ്പെടുന്നു

ഈ സംഭവത്തിനുശേഷം ആദ്യം പുറപ്പെടുന്നത് തന്റെ ചാർച്ചക്കാരിയായ എലിസബത്തിന്റെ അടുത്തേക്കാണ്. അവിടെ പ്രോട്ടോക്കോൾ നോക്കാൻ മാതാവ് നിൽക്കുന്നില്ല. എലിസബത്തിന്റെ ഭവനത്തിൽ ചെന്ന് കയറിയതും, ആ വൃദ്ധ മാതാവിന്റെ ഗർഭത്തിൽ ആറ് മാസം പ്രായമായ കുഞ്ഞ് ആഹ്ലാദനൃത്തം ചവിട്ടിയതും ഒന്നിച്ചായിരുന്നു. ആ അമ്മയ്ക്ക് മനസ്സിലായി തന്റെ മുമ്പിൽ നിൽക്കുന്ന തന്റെ ചാർച്ചക്കാരിയായ പെൺകുട്ടി നിസ്സാരയല്ലെന്ന്. ആ അമ്മ പ്രാർത്ഥിച്ചു. 'നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ, നിന്റെ ഉദരഫലവും വാഴ്ത്തപ്പെട്ടതാകുന്നു'. സാഹിത്യകാരൻമാരുടെ ഭാഷയിൽ പറഞ്ഞാൽ കവിതയും ആരാധനയും നിറഞ്ഞ് കവിയണം, അത് വിളിക്കാതെ വരണം, അത് അന്തരാത്മാവിൽ നിന്ന് ജ്വലിച്ചുയരണം. ഈ അമ്മ പ്രാർത്ഥിച്ചത് അന്തരാത്മാവിൽ നിന്നാണ്. ഈ അമ്മയും ഗബ്രിയേൽ മാലാഖയും ആരാധനാരൂപത്തിൽ ചൊല്ലിയതാണ്, 'കൃപ നിറഞ്ഞ മറിയമെ നിനക്ക് സമാധാനം' .... എന്ന് തുടങ്ങുന്ന സ്തുതി വാക്യങ്ങൾ. ഇത് പ്രാർത്ഥിക്കുന്നതും ചില നവീകരണക്കാർക്കും, നവീകരണ ചിന്തക്കാർക്കും പുച്ഛമാണ്. അവർ വി. എലിസബത്തിനേക്കാളും കർത്താവിന്റെ പ്രധാന മാലാഖയായ ഗബ്രിയേലിനെക്കാളും വലിയവരാണെന്ന് പറയേണ്ടി വരും. ചിലപ്പോൾ അവർക്കങ്ങനെ തോന്നുമുണ്ടാകാം.

4. അവൻ നിങ്ങളോട് എന്തെങ്കിലും കൽപ്പിച്ചാൽ.....

വീണ്ടും നാം വിശുദ്ധ വേദപുസ്തകം വായിക്കുമ്പോൾ വി.യോഹന്നാൻ കാനാവിലെ കല്യാണത്തിന് പച്ചവെള്ളം വീഞ്ഞാക്കുവാൻ നമ്മുടെ കർത്താവിനോട് മദ്ധ്യസ്ഥത പറയുന്നതാണ്. എന്റെ കുഞ്ഞുനാളിൽ ചില നവീകരണക്കാർ ചോദിക്കുന്നത് കേട്ടിട്ടുണ്ട്, 'ഉപ്പിട്ട വട്ടിക്ക് എന്താണ് പ്രയോജനം', ഉപ്പ് കമിഴ്ത്തിക്കഴിഞ്ഞാൽ ഉള്ള അവസ്ഥയല്ലേ ഉള്ളൂ കന്യകമറിയാമിന്. പക്ഷേ, അവർ ഒന്നറിഞ്ഞില്ല ഉപ്പിന്റെ രുചി വലിച്ചെടുത്ത ആ അനുഗ്രഹീത വട്ടിയെക്കുറിച്ച്. വി.കന്യകമറിയാമും തന്റെ ഏകജാതനെ ഉദരത്തിൽ വഹിച്ചപ്പോൾ ആവോളം ഉൾക്കൊണ്ടുകാണും. അതുകൊണ്ടല്ലേ തന്റെ ഗുരുവിന്റെ മാറിൽ ചേർന്ന് നിന്ന് രഹസ്യങ്ങൾ അറിഞ്ഞ വി.യോഹന്നാൻ 'നീതി സൂര്യനെ അണിഞ്ഞവളെ'ക്കുറിച്ച് പറഞ്ഞിരിക്കുന്നത്. പക്ഷേ, നാം ഒന്നറിയേണം അമ്മയോട് മദ്ധ്യസ്ഥത യാചിച്ചാൽ പോരാ, കാനാവിലെ കല്യാണത്തിന് മദ്ധ്യസ്ഥത പറഞ്ഞ് മടങ്ങി വരുന്ന അമ്മ അത് നടക്കുമെന്ന ഉത്തമവിശ്വാസത്തോടെ വേലക്കാരോട് പറയുന്നു : 'അവൻ നിങ്ങളോട് വല്ലതും പറഞ്ഞാൽ അത് ചെയ്‌വിൻ'. കർത്താവിന്റെ ആദ്യത്തെ അടയാളമായി വി.യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്ന അത്ഭുത സംഭവമാണ് ഇതെന്ന് നമുക്കറിയാമല്ലോ.

സ്ഥാനമാനങ്ങൾക്കും, ഉന്നതപദവിക്കും എന്ത് ചതിവും, വക്രതയും, കുടിലതയും കാണിക്കുവാൻ ഒരുക്കമുള്ള ഇന്നത്തെ തലമുറ പരി.മാതാവിൽ നിന്ന് ഒത്തിരിയേറെ പഠിക്കേണ്ടിയിരിക്കുന്നു. തന്റെ ചുമതലകൾ നിർവ്വഹിച്ചതിനുശേഷം, തന്റെ പുത്രൻ തന്നെ ഏൽപ്പിച്ച വി.യോഹന്നാനോട് ഒപ്പം കഴിയുവാനും, സുവിശേഷത്തിന് കഴിയുന്നത്ര ചെയ്യുവാനും ശ്രമിക്ക മാത്രമെ ചെയ്തുള്ളൂ. അമ്മ സ്ഥാനമാനങ്ങളുടെ പിന്നാലെ പോയിരുന്നില്ല. ഇന്നത്തെ സമൂഹത്തിൽ ഒരംഗമായിരുന്നെങ്കിൽ എപ്രകാരമിയിരുന്നേനെ ? നമുക്കും സമർപ്പിക്കാം പൂർണ്ണമായി ദൈവത്തിനായി. അമ്മയുടെ വാക്കുപോലെ അവൻ നമ്മോട് വല്ലതും പറഞ്ഞാൽ ചെയ്യാൻ ഒരുങ്ങുക. ■

മലങ്കരസഭ മാസിക

പരസ്യ നിരക്കുകൾ

Back Page (Colour)	: 25,000
Front Inside (Colour)	: 20,000
Back Inside (Colour)	: 20,000
Inner Page (Colour)	
Full "	: 15,000
Half "	: 8,000
Quarter "	: 5,000
Minimum (Col.) 9x4 c.m.	: 2,500
Favours Block (Stamp)	: 1500

വി|ശ്വാ|സ|പാ|ഠം

വാങ്ങിപ്പോയവർ

■ ഫാ. ജോർജ് കുറ്റിയിൽ, മാത്തൂർ

വാങ്ങിപ്പോയവരെ ഓർക്കുകയും അവർക്ക് വേണ്ടി കർമ്മാനുഷ്ഠാനങ്ങൾ നടത്തുകയും ചെയ്യുന്ന രീതി യഹൂദന്മാരുടെ ഇടയിലുണ്ടായിരുന്നു. പുറപ്പാട് 28:29-ൽ നാം വായിക്കുന്നു. *"അഹരോൻ വിശുദ്ധ മന്ദിരത്തിൽ കടക്കുമ്പോൾ ന്യായവിധിപ്പതക്കത്തിൽ യിസ്രായേൽ മക്കളുടെ പേർ എപ്പോഴും യഹോവയുടെ മുമ്പാകെ ഓർമ്മയ്ക്കായിട്ടു തന്റെ ഹൃദയത്തിന്മേൽ വഹിക്കേണം."*

മക്കാബിയരുടെ പുസ്തകത്തിൽ നാം ഇങ്ങനെ വായിക്കുന്നു. *"അതിനാൽ മരിച്ചവർക്ക് പാപമോചനം ലഭിക്കുന്നതിന് അവൻ അവർക്കുവേണ്ടി പാപപരിഹാര കർമ്മം അനുഷ്ഠിച്ചു."*(2 മക്കാ. 12:45)

ഈ വിശ്വാസം ക്രൈസ്തവ സമൂഹത്തിലും തുടർന്നു വന്നു. ആരും അതിനെ ചോദ്യം ചെയ്തില്ല. സംശയവും തർക്കവും ഉണ്ടായില്ല. അതിനാൽ അത് സംബന്ധിച്ച് കാര്യമായ പരാമർശനങ്ങളുമില്ല. എന്നാൽ മരിച്ചവരുടെ പുനരുത്ഥാനം സംബന്ധിച്ച് തർക്കമുണ്ടായിരുന്നു. അതുകൊണ്ട് അത് സംബന്ധിച്ച് വിശദീകരണവും കൊടുക്കുന്നു. എന്നാൽ ഈ വിശ്വാസം സഭയിൽ നിലനിന്നിരുന്നു എന്ന് വിശ്വസിക്കുന്നതിനു മതിയായ തെളിവുകൾ വേദപുസ്തകത്തിലുണ്ട്.

വാങ്ങിപ്പോയവരുടെ അവസ്ഥ

സങ്കീ.115:17,18 വാക്യങ്ങളിൽ *"മരിച്ചവരും മൗനതയിൽ ഇറങ്ങിയവർ ആരും യഹോവയെ സ്തുക്കുന്നില്ല. നാമോ ഇന്നുമുതൽ എന്നേക്കും യഹോവയെ വാഴ്ത്തും"*

വാക്യം ആധാരമാക്കി മരിച്ചവരും മൗനതയിൽ ഇറങ്ങിയവരും ദൈവത്തെ സ്തുക്കുന്നില്ല എന്ന് പലരും പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നു. എന്നാൽ ഈ സങ്കീർത്തനത്തിന്റെ ഘടന ഇങ്ങനെയാണ്. 1-3 വരെയുള്ള വാക്യങ്ങൾ ഒരു വിലാപ ഗീതം, 4-8 വരെയുള്ള '5 'വാക്യങ്ങൾ

വിഗ്രഹാരാധകളായിരുന്ന വിജാതീയരെ കുറിച്ചുള്ള ഒരു പ്രസ്താവന.

9-16 വരെയുള്ള '8'വാക്യങ്ങൾ യഹോവാ ഭക്തരായ യിസ്രായേൽക്കാരെ കുറിച്ചുള്ള ഒരു പ്രസ്താവന.

17-18 വരെയുള്ള വാക്യങ്ങൾ ഈ രണ്ട് പ്രസ്താവനയെകുറിച്ച് നടത്തുന്ന ഉപസംഹാരം.

17-ാം വാക്യം പറയുന്നത് വിഗ്രഹാരാധകരായ വിജാതികൾ മരണം മൂലം ദൈവത്തെ സ്തുതിപ്പാൻ
കഴിയാതെ മൗനതയിലേക്ക് പോകുന്നു.

നമ്മുടെ പ്രഭാത നമസ്കാരത്തിൽ നാം പാടുന്നു.

നിൻസ്തുതിയും-ഹാലേലുയ്യായും കർത്താവേ
ഞാൻ നിർത്തരുതേ, വിധിനീതി-ക്കയ്യോ ചെയ്യരുതേ,
ഞാൻപാതകിയെന്നറിയുന്നേൻ
സർവ്വകടങ്ങളുമാരാഞ്ഞാൽ നരകം താന്നെന്ന് അവകാശം
നിന്നെ വിളിപ്പാൻ കഴിവെന്യേ മൗനം
മൃതിയാൽ ഞാൻ പൂകും-
നീക്കുക കൃപയാലെൻപാപം.

18-ാം വാക്യത്തിൽ യഹോവ ഭക്തരായ ജനത്തിന്റെ സൗഭാഗ്യകരമായ അവസ്ഥയെപ്പറ്റി പറയുന്നു. *'നാമോ ഇന്നു മുതൽ എന്നേക്കും യഹോവയെ വാഴ്ത്തും."* അങ്ങനെ നിത്യമായി യഹോവയെ വാഴ്ത്തുന്ന വളരെ സൗഭാഗ്യകരമായ അവസ്ഥയിലേക്കും അനുഭവത്തിലേക്കും വിശ്വാസികളായ നമ്മുടെ വാങ്ങിപ്പോയവർ ആയിത്തീരുന്നു. നമ്മുടെ കർത്താവ് തന്നെ എത്ര വ്യക്തമായിട്ടും സ്പഷ്ടമായിട്ടുമാണ് ഈ കാര്യം നമ്മെ പഠിപ്പിക്കുന്നത്. *"ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരു നാളും മരിക്കുകയില്ല."*(യോഹ.11:26).

മരിക്കുക എന്ന് പറയുമ്പോൾ ശാരീരികമായ മരണമല്ല അർത്ഥമാക്കുന്നത്. *"മരണം"*എന്ന പദം വ്യത്യസ്ഥ അർത്ഥത്തിൽ വേദപുസ്തകത്തിൽ ഉപയോഗിക്കുന്നു. ഉല്പത്തി പുസ്തകത്തിൽ ദൈവം ആദാമിനോട് പറയുന്നു. *"നന്മതിന്മകളെപ്പറ്റിയുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്, തിന്നുന്ന നാളിൽ നീ മരിക്കും."*(ഉല്പ. 2:17). ആദാം ഫലം തിന്നു. എന്താണ് സംഭവിച്ചത്, തോട്ടത്തിൽ നിന്ന് പുറത്താക്കപ്പെട്ടു. നേരത്തെയുണ്ടായിരുന്ന ദൈവസംസർഗ്ഗം നഷ്ടപ്പെട്ടു. മുടിയനായ പുത്രന്റെ ഉപമയിൽ *"എന്റെ മകൻ മരിച്ചവനാകുന്നു."* (ലൂക്കോ 15:24) എന്നു പറയുന്നു. വി.മത്തായിയുടെ സുവിശേഷത്തിൽ യേശു തമ്പുരാൻ



പറയുന്നു "*മരിച്ചവർ തങ്ങളുടെ മരിച്ചവരെ അടക്കട്ടെ*" (മത്തായി 8:22). ഈ ഭാഗങ്ങളിൽ മരിച്ചവർ എന്ന് പറയുമ്പോൾ ദൈവരാജ്യത്തിൽ നിന്നും അന്യപ്പെട്ട് പോയവർ, ദൈവസംസർഗ്ഗം നഷ്ടപ്പെട്ട് പോയവർ എന്നെല്ലാമാണ് അർത്ഥമാക്കുന്നത്. ശാരീരിക മരണം മൂലം മനുഷ്യന് പരസ്പര സഹകരണവും സംസർഗ്ഗവും നഷ്ടപ്പെടുന്നു. അതുപോലെ ദൈവവുമായുള്ള സംസർഗ്ഗവും, സഹകരണവും ജീവിച്ചിരിന്ന് എന്നിൽ വിശ്വസിക്കുന്നവന് നഷ്ടപ്പെടുകയില്ല എന്ന് കർത്താവ് വ്യക്തമാക്കുന്നു. എബ്രായലേഖനത്തിൽ ഇത് കുറച്ച് കൂടി സപ്ഷടമാക്കുന്നു. "*വിശ്വാസത്താൽ ഹാബേൽ ദൈവത്തിന് കയീന്റേതിലും ഉത്തമമായ യാഗം കഴിച്ചു. അതിനാൽ അവനു നീതിമാൻ എന്ന സാക്ഷ്യം ലഭിച്ചു. ദൈവം അവന്റെ വഴിപാടിന് സാക്ഷ്യം കല്പിച്ചു. മരിച്ചശേഷവും അവൻ വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരുന്നു.*"(എബ്രാ.11:4).

മരിച്ചശേഷവും ഹാബേൽ ദൈവത്തോട് സംസാരിച്ചു കൊണ്ടിരുന്നു എന്ന് ഇവിടെ സ്പഷ്ടമായി പറയുന്നു. അങ്ങനെ ഹാബേലും വാങ്ങിപ്പോയ സകല നീതിമാന്മാരും ദൈവവുമായുള്ള സജീവ ബന്ധത്തിൽ നിലകൊള്ളുന്നു. വി.മത്തായിയുടെ സുവിശേഷത്തിൽ നമ്മുടെ കർത്താവ് ഇപ്രകാരം പറയുന്നു.

"*ഞാൻ അബ്രഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവും ആകുന്നു എന്ന് അവൻ അരുളിച്ചെയ്യുന്നു. എന്നാൽ അവൻ മരിച്ചവരുടെ ദൈവമല്ല. ജീവനുള്ളവരുടെ ദൈവമാണ്.*"(മത്തായി 22:32).

ഇവിടെ പറയുന്നു, അവൻ മരിച്ചവരുടെ ദൈവമല്ല ജീവനുള്ളവരുടെ ദൈവമാണ്. എന്നാൽ അബ്രഹാമിന്റെയും യിസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമാകുന്നു എന്നും പറയുന്നു. അപ്പോൾ അബ്രഹാമും, യിസഹാക്കും ജീവനുള്ളവരാകുന്നു എന്ന് വ്യക്തമായി വെളിപ്പെടുത്തുകയാണ്.

വി. ലൂക്കോസിന്റെ സുവിശേഷം 16-ാം അദ്ധ്യായത്തിൽ ധനവാനായ ഒരു മനുഷ്യന്റെയും ദരിദ്രനായ ഒരു മനുഷ്യന്റെയും മരണത്തിനു മുൻപും പിൻപും ഉള്ള അവസ്ഥ ഉപമയിലൂടെ പഠിപ്പിക്കുന്നു. ഈ ലോകത്തിൽ സമ്പന്നനും സൗഭാഗ്യശാലിയുമായി ജീവിച്ച "*ധനവാൻ*"മരണശേഷം നരകയാതന അനുഭവിക്കുന്നു. ദരിദ്രനായി കഷ്ടതയും യാതനയും അനുഭവിച്ച "*ലാസർ* " മരിച്ചപ്പോൾ ദൂതന്മാർ അവനെ "*അബ്രഹാമിന്റെ മടിയിലേക്ക് കൊണ്ടുപോയി.*" (ലൂക്കോസ് 16:22). എന്താണ് അബ്രഹാമിന്റെ മടി. മാതാപിതാക്കൾ കുഞ്ഞുങ്ങളെ പിടിച്ച് മടിയിലിരുത്തുന്നതു പോലെ പതിനായിരങ്ങളെ മടിയിലിരുത്തുവാൻ ഇത്ര വലിയ മടി അബ്രഹാമിന് എങ്ങനെ ലഭിച്ചു?. വാങ്ങിപ്പോയവർക്ക് വേണ്ടിയുള്ള നമ്മുടെ പ്രാർത്ഥനയിൽ അബ്രഹാമിന്റെയും, യിസഹാക്കിന്റെയും, യാക്കോബിന്റെയും മടിയിൽ അവരെ നീ പാർപ്പിക്കേണമേ എന്നു നാം പ്രാർത്ഥിക്കുന്നു. മടിയിൽ ഇരുത്തുക എന്ന് പറയുന്നതു കൊണ്ട് ഏറ്റവും അടുത്തുള്ള സ്നേഹബന്ധത്തെയാണ് പ്രകടമാകുന്നത്. വി.മത്താ. 8-ാം അധ്യായത്തിൽ നാം വായിക്കുന്നു. "*കിഴക്ക് നിന്നും പടിഞ്ഞാറ് നിന്നും അനേകർ വന്നു അബ്രഹാമിനോടും യിസഹാക്കിനോടും യാക്കോബിനോടും കൂടെ സ്വർഗ്ഗരാജ്യത്തിൽ പന്തിക്കിരിക്കും.*"(മത്താ.8:11).

"*മരണാനന്തര*" അവസ്ഥയെ കുറിച്ച് ഈ ഉപമയിലൂടെ വ്യക്തമായ ഒരു ചിത്രം നമുക്ക് ലഭിക്കുന്നു. 1. മരണശേഷവും മനുഷ്യൻ സജീവമായി നിലനിൽക്കുന്നു. 2. വ്യക്തിത്വം തിരിച്ചറിയുന്നു 3. പരസ്പരം സംസാരിക്കുന്നു. 4. ഭൂമിയിൽ ജീവിച്ചിരിക്കുന്നവരെപ്പറ്റിയും ചിന്തിക്കുന്നു.

2. ദൈവവുമായുള്ള വാങ്ങിപ്പോയവരുടെ ബന്ധം

വിശ്വാസികളായി വാങ്ങിപ്പോയവർ സജീവരായി നിലകൊള്ളുന്നു എന്ന് സംശയമെന്യേ നാം മനസ്സിലാക്കി. എന്നാൽ ദൈവവുമായുള്ള അവരുടെ ബന്ധം എങ്ങനെയാണ്, ദൈവത്തെ അറിയാത്ത അവസ്ഥയിലാണോ അതോ അവനെ ആരാധിക്കുന്ന അവസ്ഥയിലാണോ? റോമാ ലേഖനം 8 ന്റെ 38,39-ൽ നാം വായിക്കുന്നു. "*മരണത്തിനോ ജീവനോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനുള്ള തിനോ ഉയരത്തിനോ ആഴത്തിനോ മറ്റ് യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേർപിരിക്കാൻ കഴികയില്ല എന്ന് ഞാൻ ഉറച്ചിരി ക്കുന്നു.*"(റോമ. 8:38,39). മരണത്തിന് നമ്മെ ദൈവസ്നേഹത്തിൽ വേർപെടുത്താൻ കഴികയില്ല എന്നാണ് പ.പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നത്. വാങ്ങിപ്പോയവരെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ നമുക്ക് ലഭിക്കുന്നത് എബ്രായലേഖന ത്തിൽ നിന്നും വെളിപ്പാട് പുസ്തകത്തിൽ നിന്നുമാണ്. ആരാധനയോട് ബന്ധപ്പെടുത്തിയാണ് ഈ രണ്ട് പുസ്തകവും എഴുതിയിട്ടുള്ളത്. വാങ്ങിപ്പോയവരുടെ സജീവസാന്നിദ്ധ്യം ആരാധന സമൂഹത്തിലുണ്ട് എന്ന് ഈ രണ്ട് പുസ്തകവും വെളിപ്പെടുത്തുന്നു. എബ്രായർ 11-ാം അദ്ധ്യായത്തിൽ മരിച്ചശേഷവും ഹാബേൽ ദൈവത്തോട് സംസാരിച്ചു കൊണ്ടിരിക്കുന്നു എന്ന് പറയുന്നു. ഈ അദ്ധ്യായത്തിൽ തന്നെ തുടർന്ന് അനേകം വിശ്വാസ വീരന്മാരെപ്പറ്റി പ്പറയുന്നു. അവരും ഹാബേലിനെപ്പോലെ ദൈവവുമായുള്ള സജീവബന്ധത്തിലാണ്. 12-ാം അദ്ധ്യായത്തിൽ യേശുവിനോടൊപ്പം അവരുടെ സജീവസാന്നിദ്ധ്യം എടുത്തുപറയുന്നു. "*പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥനായ യേശുവിനും അനേകായിരം ദൂതന്മാരുടെ സർവ്വസംഘത്തിനും സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭയ്ക്കും അടുക്കലാവുന്നു നിങ്ങൾ വന്ന് നിൽക്കുന്നത്.*"(എബ്രാ. 12:23,24).

കുറേക്കൂടി സ്പഷ്ടമായി വെളിപ്പാട് പുസ്തകത്തിൽ ഇത് വിവരിക്കുന്നു. വെളിപ്പാട് പുസ്തകം 7-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. "*സകലജാതികളിലും സകല ഭാഷികളിലുമുള്ള ആർക്കും എണ്ണിക്കൂടാതെ വണ്ണമുള്ള മഹാ പുരുഷന്മാരും വെള്ളനിലയങ്കി ധരിച്ച് കൈയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിനും കുഞ്ഞാടിനും മുമ്പാകെ നില്ക്കുന്നതു ഞാൻ കണ്ടു.* "(7:9). "*വെള്ളനിലയങ്കി ധരിച്ചവർ ദൈവത്തിന്റെ സിംഹാസനത്തിന്റെ മുമ്പിലിരുന്ന് അവന്റെ ആലയത്തിൽ രാപ്പകൽ അവനെ ആരാധിക്കുന്നു.*"(വെളി. 7:15).

വി.യോഹന്നാന്റെ സുവിശേഷത്തിൽ 5-ാം അദ്ധ്യായത്തിൽ യേശുതമ്പുരാൻ ഇപ്രകാരം കല്പിക്കുന്നു. "*ആമേൻ, ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു. എന്റെ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നവനു നിത്യ ജീവൻ ഉണ്ടു. അവൻ ന്യായവിധിയിൽ ആകാതെ മരണ ത്തിൽ നിന്നും ജീവങ്കലേക്ക് കടന്നിരി ക്കുന്നു.*"(യോഹ.5:24).

വിശ്വാസികളായ നമ്മുടെ വാങ്ങിപ്പോയവർ ഈ ലോകബന്ധങ്ങളിൽ നിന്നും ബന്ധനങ്ങളിൽ നിന്നും വേർപെട്ട് ദൈവത്തെ നിരന്തരമായി ആരാധിച്ചു കൊണ്ടിരിക്കുന്ന സൗഭാഗ്യ അവസ്ഥയിലായിരിക്കുന്നു എന്ന് ഈ വേദഭാഗങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

(ഉടൻ പ്രസിദ്ധീകരിക്കുന്ന 'വിശ്വാസ സത്യങ്ങളുടെ വേദപുസ്തക അടിസ്ഥാനം എന്ന കൃതിയിൽ നിന്ന്)

■

പെണ്മ

മാലാഖയെപ്പോലെ ഒരാൾ

ഡോ. സാറാമ്മ വർഗീസ്

വീണ്ടും ഒരു പുതുവർഷം കൂടെ പിറക്കുന്നു. കഴിഞ്ഞ വർഷത്തെ നന്മകളോർക്കാനും ദൈവത്തെ സ്തുതി ക്കാനും ഒരവസരമാണ് വർഷാവസാനം. വേദനനിറഞ്ഞ അനുഭവങ്ങളിൽ കൂടെയും നാം കടന്നു പോയിട്ടുണ്ടാവാം. വേദനയുടെയും ഒറ്റപ്പെടലിന്റെയും സമയത്തും കൈവിടാതെ പിടിച്ചു നടത്തിയ ദൈവത്തെയോർക്കാനും വേദനയുടെ അനുഭവം സന്തോഷാനുഭവത്തേക്കാളും എത്രമാത്രം ദൈവ ത്തോടടുപ്പിച്ചു എന്നോർക്കാനുമുള്ള അവസരം കൂടിയാണിത്.

കഴിഞ്ഞവർഷം എനിക്കു ലഭിച്ച, എന്നെ വളരെയധികം സന്തോഷിപ്പിച്ച ഒരു നന്മ നിറഞ്ഞ പ്രവർത്തി മനസ്സിൽ മായാതെ നില്ക്കുന്നു. ബാംഗ്ലൂരു നിന്ന് ഞാൻ കേരളത്തി ലേക്ക് ഒറ്റയ്ക്കു വരികയായിരുന്നു. യശ്വന്ത്പൂർ കൊച്ചുവേളി ഗരീബ്രഥ് എന്നു പേരുള്ള ട്രെയിനിൽ ആദ്യമായി യാത്ര ചെയ്യുകയായിരുന്നു. എയർകണ്ടീഷൻ ഉള്ള ട്രെയിൻമുറികളിൽ സാധാരണ കമ്പിളികൾ യാത്രക്കാർക്ക് പ്രത്യേകിച്ച് ചോദിക്കാതെ തന്നെ ലഭിക്കാറുണ്ട്. ഈ ട്രെയിനിൽ അങ്ങനെ തന്നെ ലഭിക്കുമെന്ന ധാരണ മൂലം ഞാൻ കമ്പിളി പുതപ്പു കരുതിയിരുന്നില്ല. ആറുമണിക്കു മുമ്പ് തന്നെ ഭക്ഷണം കഴിച്ചിരുന്നതിനാൽ ട്രെയിനിൽ അത്താഴത്തിന് കാത്തിരിക്കാതെ, കയറി കുറച്ചു സമയത്തിനകം കിടന്നുറങ്ങി. ഉറങ്ങും മുമ്പ് കമ്പിളി ഇല്ലല്ലോ എവിടെയാണ് കിട്ടുക എന്ന് അടുത്തുള്ളവരോട് ചോദിച്ചു. കമ്പിളി വേണ്ടവർ അതിന് പ്രത്യേകമായി കാശുകൊടുക്കണ മെന്നും അതുമായി എട്ടുമണിയോടടുത്ത് ആളുവരുമെന്നും സമീപത്തുണ്ടായിരുന്നവർ പറഞ്ഞുതന്നു. അന്നേരം എന്നെ ഒന്നു വിളിക്കണം എന്നു പറഞ്ഞേല്പ്പിച്ചിട്ട് ധരിച്ചിരുന്ന ചുരിദാറിന്റെ ഷോളും പുതച്ച് ഞാൻ ഉറങ്ങി. വളരെ ക്ഷീണിതയായിരുന്നതിനാലാകാം ഇടയ്ക്ക് ഉണർന്നുമില്ല. കമ്പിളിക്കാരൻ വന്നതറി ഞ്ഞുമില്ല. ഒരുപക്ഷേ അടുത്തു ണ്ടായി രുന്നവർ മറന്നു പോയി ക്കാണും, അയാൾ വന്നപ്പോൾ എന്നെ വിളിക്കാൻ. പാതിരാത്രി യോടടുത്ത് തണത്തുവിറച്ച് ഞാൻ ഉണർന്നു. ചുറ്റിലും എല്ലാവരും സുഖമായുറങ്ങുന്നു. കമ്പിളിയില്ലാതെ എനിക്ക് തണുപ്പിൽ നിന്ന് രക്ഷയില്ല എന്ന് മനസ്സിലാക്കിയ ഞൻ ആരെങ്കിലും ഉണർന്നിരുപ്പുണ്ടോ എന്ന് ചുറ്റും നോക്കി. കമ്പാർട്ട്മെന്റിന്റെ മറ്റേ അറ്റത്തുമാത്രം വെളിച്ചം കണ്ട് ഞാൻ അങ്ങോട്ടു നീങ്ങി. അവിടെ കുറെ ചെറുപ്പക്കാർ ചീട്ടുകളിക്കുകയാണ്. ഒരു പ്രായമായ അപ്പച്ചൻ അവരോട് നിങ്ങൾ എപ്പോഴാണ് കളി നിർത്തി ഉറങ്ങുക എന്നു ചോദിക്കുന്നതു കേട്ടു. ഒരു മണിക്കെന്നു മറുപടി നൽകി അവർ കളിയിലേക്ക് വീണ്ടും ശ്രദ്ധിച്ചു. അപ്പോളാണ് അവരുടെയടുത്ത് സഹായത്തിനു വേണ്ടി ഞാൻ അപേക്ഷിച്ചത്. എന്താണ് കമ്പിളി വാങ്ങാഞ്ഞതെന്ന് ചോദിച്ച അവരോട് ക്ഷീണം മൂലം ഉറങ്ങിപോയതിനാൽ കമ്പിളി വാങ്ങാൻ സാധിച്ചില്ലെന്നും, തണുപ്പു സഹിക്കാൻ പറ്റുന്നില്ലെന്നും പറഞ്ഞു. കമ്പിളി നൽകുന്നയാൾ എവിടെയാണ് എന്ന് ഒന്നന്വേഷിച്ചു തരുമോ എന്ന് ചീട്ടുകളിയുടെ രസത്തിൽ മുഴുകിയിരുന്ന ചെറുപ്പക്കാരോട് ഞാൻ ചോദിച്ചു. പെട്ടെന്ന് കളി നിർത്തി എണീറ്റ് ഒരു പയ്യൻ ഞാൻ പോയി നോക്കാം, ആളെ കണ്ടുപിടിക്കാം എന്ന് പറഞ്ഞു. ഞാൻ വിചാരിച്ചു, നിസ്സഹായ ആയി നിന്ന എന്നെ കണ്ടിട്ട് അവന്റെ അമ്മ ആയിരുന്നു ഈ സ്ഥിതിയിലെങ്കിൽ എന്ന് ചിന്തിച്ച് തീർച്ചയായും സഹായിക്കാൻ മനസ്സു തോന്നിയതാകാം എന്ന് മദ്ധ്യമകാല ഘട്ടത്തിൽ യുവാക്കളിൽ നിറഞ്ഞു നിന്നിരുന്ന ദീനദയാലുത്വവും, സ്ത്രീകളോടുള്ള കരുതലും ബഹുമാനവുമെല്ലാം കമ്പിളിയുടെ ചുമതലയുള്ള യാളെ നോക്കിപ്പോയ ആ ചെറുപ്പക്കാരനിൽ ഞാൻ കണ്ടു. നമ്മുടെ കളിയുടെ രസം നീ കളഞ്ഞല്ലോ എന്നവനോട് കൂട്ടുകാർ പറഞ്ഞില്ല. കാത്തുനില്ക്കു, കമ്പിളിക്കാരനെ കണ്ടു പിടിക്കാം എന്നായിരുന്നു കൂട്ടുകാരുടെയും കാഴ്ച്ചപ്പാട്. ഒരു പത്തു പതിനഞ്ചു മിനിട്ടെങ്കിലും വേണ്ടി വന്നു ആ ചെറുപ്പക്കാരന് ഉറങ്ങിക്കിടന്നിരുന്ന കമ്പിളി നൽകുന്നയാളെ മറ്റേതോ കമ്പാർട്ട് മെന്റിൽ നിന്നും തിരിഞ്ഞു കൂട്ടിക്കൊണ്ട് വരുവാൻ. അയാളെ കൂട്ടി വന്ന് കമ്പിളി എടുപ്പിച്ചു തന്നു പോയ ആ ചെറുപ്പക്കാരന്റെ വീടോ നാടോ ഞാൻ തിരക്കിയില്ല. ഹൃദയം നിറഞ്ഞ നന്ദി അറിയിച്ചെങ്കിലും അപരിചിതനായ അവന്റെ സ്വഭാവത്തിൽ നിറഞ്ഞുകണ്ട കാരുണ്യത്തിനുവേണ്ടി തമ്പുരാനോടും നന്ദി പറഞ്ഞ് ആ കുഞ്ഞിനെ അനുഗ്രഹിക്കേണമേ എന്ന് ഹൃദയപൂർവ്വം പ്രാർത്ഥിച്ച് കൊണ്ട് ഞാൻ കിടന്നുറങ്ങി.

ഏതോ അമ്മ എത്ര നല്ലതായി വളർത്തിയ ഒരു കുഞ്ഞാണവൻ.. അവന്റെ അച്ഛനും അവന്റെ മാതൃകാ പുരുഷനാകാം. കുടുംബത്തിൽ നിന്നും ഉൾക്കൊണ്ട നന്മകളാകാം അവനെ ഇത്തരം നന്മ പ്രവൃത്തി ചെയ്യാൻ പ്രേരിപ്പിച്ചത്. ഇക്കാലത്ത് ട്രെയിനിലും ബസ്സിലും പൊതു സ്ഥലങ്ങളിലുമെല്ലാം സ്ത്രീകൾ ആക്രമിക്കപ്പെടുന്ന വാർത്തകൾ നാം തുടരെ കേൾക്കുന്നു. എന്നാൽ മാലാഖമാരെപ്പോലെ സ്ത്രീകളെ സഹായിക്കുന്ന പുരുഷ ന്മാരും ഉണ്ടെന്ന് അനുഭവം തെളിയിക്കുമ്പോൾ അത് മനസ്സിൽ വളരെയധികം സന്തോഷം നിറയ്ക്കുന്നു.

ദൈവതേജസ്സ് നിറഞ്ഞവരായി, വിവേകത്തോടെ മറ്റുള്ളവരെ സഹായിക്കാൻ സ്വന്തം സുഖം അല്പം മാറ്റി വയ്ക്കാൻ തയ്യാറാകുന്നവരായി നമ്മുടെ കുഞ്ഞുങ്ങൾ വളരട്ടെ. ■



ബസ്ഗാസോ

'ബസ്ഗാസോ' എന്ന സംയുക്തവാക്കിന് (compound word) 'ഭണ്ഡാഗാരം', 'കലവറ', 'നിധി സൂക്ഷിക്കുന്ന സ്ഥലം' (treasury) എന്നൊക്കെയാണർത്ഥം. എന്നാൽ ദേവാലയത്തിന്റെ ശുദ്ധാഗാരത്തെ (the sanctu ary of a church) സൂചിപ്പിക്കാനും ഈ പദം ഉപയോഗിക്കുന്നു. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ മദ്ബഹായുടെ വടക്കേ ഭിത്തിയിൽ വിശുദ്ധ കുർബ്ബാന സൂക്ഷിക്കുന്ന ഒരറ ഉണ്ട്. ഇതിനെ 'ബസ്ഗാസാ' എന്നറിയപ്പെടുന്നു. രഹസ്യം, നിഗൂഢം, അഗോചരം (hidden, screat, mystic) എന്നൊക്കെയർത്ഥമുള്ള 'ഗ്നാസോ' എന്ന നാമപദത്തിൽനിന്ന് രൂപപ്പെടുന്ന പദമാണ് 'ഗാസോ'. ഈ അർത്ഥതലത്തിൽ വിശുദ്ധ കുർബ്ബാനയെ സൂചിപ്പിക്കുവാനും ഈ വാക്കുപയോഗിക്കുന്നു..... "നിന്റെ സമൃദ്ധമായ ശ്രീഭണ്ഡാരം തുറന്ന് നിന്റെ ഇടവകയിലെ ആടുകളിൽ...." എന്ന് വിശുദ്ധ കുർബ്ബാനയിലെ ഒരു സെദ്റായിൽ ചൊല്ലുന്നുണ്ട്. 'ശ്രീഭണ്ഡാരം' എന്നതിന് സുറിയാനിയിൽ തത്തുല്യമായ പദം 'ബസ്ഗാസോ' എന്നുതന്നെയാണ്. വി. ബലി അളവറ്റ അനുഗ്രഹങ്ങളുടെ കലവറയാണ് എന്നത് സന്ദേശിക്കുന്നു. 'ഗ്നാസോ' എന്നതിൽനിന്ന് രൂപപ്പെടുന്ന മറ്റൊരു വാക്കാണ് 'ഗ്നീസോ'. സുറിയാനി സംഗീതത്തിലെ ഒരു വിഭാഗമാണിത്. 'യോഗാത്മക ഗീതങ്ങൾ' (Mystical hymns) എന്നാണിതിന്റെ അർത്ഥം.

സുറിയാനി സംഗീതത്തിലെ രാഗവൈവിദ്ധ്യത്തിന്റെ ഭണ്ഡാഗാരമായ എക്കാറായേയും വിശേഷിപ്പിക്കുന്നത് 'ബസ്ഗാസോ' എന്നുതന്നെയാണ്. സഭാസംഗീതത്തിന്റെ ഭണ്ഡാഗാരം (The treasury of Chants) എന്നാണിത് അറിയപ്പെടുന്നത്. അമൂല്യങ്ങളായ രേഖകളും വസ്തുക്കളും സൂക്ഷിക്കുന്ന അറകളെയും 'ബസ്ഗാസോ' എന്നറിയപ്പെടുന്നു. പഴയ സെമിനാരിയിൽ ചെപ്പേടുകളും മറ്റ് അമൂല്യരേഖകളും സൂക്ഷിച്ചിരുന്ന ഒരറയുണ്ടായിരുന്നു. അതിനെ 'ബസ്ഗാസാ' എന്ന് വിളിച്ചിരുന്നു. ഒരു ഓശാന ഞായറാഴ്ച ആംഗ്ലിക്കൻ മിഷനറിമാർ ബസ്ഗാസാ കുത്തിത്തുറന്ന് ചെപ്പേടുകളും മറ്റ് രേഖകളും അപഹരിച്ചത് മലങ്കര സഭാ ചരിത്രത്തിലെ കറുത്ത അദ്ധ്യായമാണ്.

ഫാ. മാത്യു വർഗീസ്, റോം

ഓർമ്മയുടെ ഒൻപതാം വർഷം
04 – 01 – 2015

ശ്രീ. സി. ഇ. കുരുവിള
ചുങ്കത്തിൽപറമ്പിൽ (ഗ്രേസ് ഹൗസ്)
വാഴൂർ

ജനുവരി നാലിന് നെടുമാവ് സെന്റ് പോൾസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ വി. കുർബ്ബാനയും ഓർമ്മ പ്രാർത്ഥനയും നടത്തി.

Inserted by:-
സന്തപ്ത കുടുംബാംഗങ്ങൾ

അ|തി|ഥി

സുറിയാനി ഭാഷയുടെ കുലപതി

സുറിയാനി ഭാഷയും സാഹിത്യവും ഹൃദയത്തോട് ചേർത്ത് പിടിച്ചിരിക്കുന്ന മഹാവ്യക്തിത്വമാണ് ഡോ. സെബാസ്റ്റ്യൻ ബ്രോക്ക്. സീരിയിൽ നടന്ന ലോക സുറിയാനി സമ്മേളനത്തിന് നേതൃത്വം നൽകുവാനാണ് അദ്ദേഹം കോട്ടയത്ത് എത്തിയത്.

സുറിയാനി, ആരാധനാ ഭാഷയായി സ്വീകരിച്ച 'സുറിയാനി ക്രിസ്ത്യാനികൾ' സുറിയാനി ഭാഷയിലും സാഹിത്യത്തിലും കൂടുതൽ ഗവേഷണവും പഠനവും നടത്തി ഭാഷയ്ക്ക് പുതുജീവൻ പകരണമെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹവുമായി നടത്തിയ കൂടിക്കാഴ്ചയിൽ നിന്നും...

ആംഗ്ലിക്കൻ പാരമ്പര്യത്തിൽ ജനിച്ചു വളർന്ന താങ്കൾ എങ്ങനെ സുറിയാനി ഭാഷയിലും പാരമ്പര്യങ്ങളിലും ആകൃഷ്ടനായി?

ഉപരിപഠന നാളുകളിൽ പഴയനിയമവും സെപ്റ്റുജിന്റും പഠിക്കേണ്ട ആവശ്യം വന്നു. പിന്നീട് ഡോക്ടറൽ പഠന സമയത്ത് ഹീബ്രു, അരമായ ഭാഷകൾ പഠിച്ചു. സുറിയാനി പഠനവും ചെറുതായി നടത്തി. എന്നാൽ എനിക്ക് ആദ്യം അതൽ വലിയ താത്പര്യം തോന്നിയില്ല. എന്നാൽ ബർമിംഗ്ഹാം യൂണിവേഴ്സിറ്റിയിൽ ഇറാക്ക്, കൽദയ പ്രദേശങ്ങളിൽ നിന്നുള്ള സുറിയാനി ഭാഷയിലുള്ള 600-ൽ അധികം മികച്ച കയ്യെഴുത്ത് പ്രതികളുടെ ശേഖരം ഉണ്ടായിരുന്നു. ഞാൻ അവിടെ മണിക്കൂറുകൾ ചിലവഴിക്കുമായിരുന്നു. കൂടാതെ സുറിയാനി പാരമ്പര്യത്തിലുള്ള അനേകം സ്നേഹിതരും ഉണ്ടായിരുന്നു. ഈ സ്നേഹിതൻമാരും, കൈയെഴുത്തു പ്രതികളുമാണ് സുറിയാനി ഭാഷയിലേക്ക് വരുവാൻ എന്നെ സഹായിച്ചത്.

കിഴക്കൻ-പടിഞ്ഞാറൻ സുറിയാനി പാരമ്പര്യങ്ങളിലെ വ്യത്യാസങ്ങൾ എങ്ങനെ കാണുന്നു

പാരമ്പര്യങ്ങളിൽ കാര്യമായ വ്യത്യാസം ഉണ്ട് എന്ന് പറയാനാകില്ല. പ്രധാന വ്യത്യാസം ഉച്ചാരണങ്ങളിലാണ്. എനിക്ക് രണ്ട് പാരമ്പര്യങ്ങളിലും ഉള്ള പരിശീലനം ഉണ്ട്. ഉച്ചാരണങ്ങളിലല്ലാതെ കാര്യമായ വ്യത്യാസം ഞാൻ കാണുന്നില്ല.

സുറിയാനി ഭാഷയുടെ പ്രധാന പ്രത്യേകതകൾ എന്തെല്ലാമാണ്?

രണ്ട് പ്രധാന പ്രത്യേകതകളെപ്പറ്റി പറയാം.

ഒന്ന്, പദ്യങ്ങളുടെ പ്രാധാന്യം.

പ്രധാന ദൈവശാസ്ത്ര തത്ത്വങ്ങൾ പദ്യങ്ങളായി ക്രമീകരിച്ചിരിക്കുന്നു. ജീവനുള്ള പദ്യങ്ങൾ എന്നതാണ് പ്രധാന പ്രത്യേകത. സുറിയാനി ഉച്ചാരണം (Chanting) വളരെ പ്രത്യേകത നിറഞ്ഞതാണ്. ഗ്രീക്ക് പാരമ്പര്യത്തിൽ നിന്ന് സ്വാധീനം ഉൾക്കൊണ്ടിട്ടുണ്ട് എന്ന് കരുതുന്നു.





ഡോ. സെബാസ്റ്റ്യൻ പോൾ ബ്രോക്ക്

ലോക പ്രശസ്ത സുറിയാനി ഭാഷാ പണ്ഡിതൻ (77) ജനനം ലണ്ടനിൽ. സുറിയാനി ഭാഷാ അദ്ധ്യാപനത്തിൽ ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ റീഡർ ആയിരുന്നു. ബ്രിട്ടീഷ് അക്കാദമിയുടെ ലെവർഹ്യൂം പ്രൈസ് (2009), ബ്രിട്ടീഷ് അക്കാദമിയുടെ 'ഫെല്ലോ' തുടങ്ങി നിരവധി ബഹുമതികൾ ലഭിച്ചു. സുറിയാനി ഭാഷ, സംസ്ക്കാരം, ചരിത്രം, വേദശാസ്ത്രം തുടങ്ങിയ മേഖലകളിൽ എഴുതിയ ഗവേഷണ പ്രബന്ധങ്ങൾ അന്താരാഷ്ട്ര പ്രശസ്തി നേടി. 20-ൽപ്പരം ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. ഇപ്പോൾ ഇംഗ്ലണ്ടിൽ പോൾഫ്സൺ കോളജിൽ ഫെല്ലോ ആയി സേവനം അനുഷ്ഠിക്കുന്നു.

രണ്ട്, ആശ്രമ സാഹിത്യം. പൗരസ്ത്യ സുറിയാനി ആശ്രമങ്ങളിൽ, ചില തർജ്ജമകൾ പാശ്ചാത്യ രീതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് ആശ്ചര്യമാണ്. നിനവേയിലെ ഇസഹാക്ക്, അപ്രേം എന്നീ പിതാക്കന്മാർ വളരെ സംഭാവനകൾ സുറിയാനി സാഹിത്യത്തിന് നൽകിയിട്ടുണ്ട്. ആശ്രമങ്ങളിൽ നിന്നാണ് ഭൂരിഭാഗം ആരാധനാ സാഹിത്യ രചനകളും ഉണ്ടായിട്ടുള്ളത്.

സുറിയാനി ഭാഷയുടെ ഉത്ഭവത്തെക്കുറിച്ച് എന്താണ് അഭിപ്രായം?

സുറിയാനി ഭാഷ ഒരു ഡയലറ്റ് ആണ്. അരമായ ഭാഷയിൽ നിന്നുള്ള അനേക ഡയലറ്റുകൾ ഉള്ളതുപോലെ. ഹീബ്രു സ്ക്രിപ്റ്റ് യഥാർത്ഥത്തിൽ അരമായ തന്നെയാണ്. ബി.സി. 10-ാം നൂറ്റാണ്ടു മുതൽ അരാമായ ഭാഷ എഴുതപ്പെട്ടിരുന്നു എന്നാണ് കരുതുന്നത്.

സുറിയാനി ഒരു ദേവഭാഷയായി കാണുന്നു; സാഹത്യം രൂപപ്പെടുന്നത് ആശ്രമങ്ങളിൽ... എന്താണ് ഇതിനു കാരണം?

അത് പൂർണ്ണമായി ശരിയല്ല. ആദ്യകാലത്ത് കയ്യെഴുത്ത് പ്രതികളിൽ തത്ത്വശാസ്ത്രം, വൈദ്യം, ശാസ്ത്രം ആദിയായവയെക്കുറിച്ചുള്ള വിവരണങ്ങൾ ഉണ്ടായിരുന്നു. സെക്കുലർ വിദ്യാഭ്യാസം സുറിയാനിയിൽ നടത്തിയിരുന്ന കാലം ഉണ്ടായിരുന്നു. ഏതാണ്ട് 13-ാം നൂറ്റാണ്ടു മുതൽ വ്യത്യാസം കാണുന്നു. അധിനിവേശമാണ് പിന്നീട് സുറിയാനി ഭാഷയ്ക്ക് പ്രശ്നമാവുന്നത്. അറബി പ്രധാന ഭാഷയായിതീർന്നു. (ബ്രിട്ടീഷ് അധിനിവേശ കാലത്ത് ഇംഗ്ലീഷ് ഭാഷ കടന്നുവരുന്നതുപോലെ) അറബി ഭാഷ സുറിയാനിയെ ഇല്ലായ്മ ചെയ്തു എന്നു പറയാം.

സുറിയാനി പാരമ്പര്യം ഉണ്ടായിരുന്നിടങ്ങൾ യുദ്ധങ്ങൾ മൂലം ഇല്ലാതാവുന്നു. സുറിയാനി ഭാഷയുടെയും പാരമ്പര്യത്തിന്റെയും ഭാവി എങ്ങനെ കാണുന്നു?

പടിഞ്ഞാറൻ ഏഷ്യയിലെ ക്രിസ്ത്യാനികളുടെ സ്ഥിതി പരിതാപകരമാണ്. വേദനിപ്പിക്കുന്ന സംഭവങ്ങളാണ് കേൾക്കുന്നത്. ഇത് സുറിയാനി ഭാഷ പ്രക്ഷേപണം ചെയ്യുന്നതിന് പ്രധാന തടസ്സമായി ആവിർഭവിക്കുവാൻ സാധ്യതയുണ്ട്. എക്യുമെനിക്കൽ രംഗത്തും മറ്റും ഇത് പ്രധാന പ്രശ്നമായി ഉയർത്തിക്കൊണ്ടു വരേണ്ടതാണ്. യൂറോപ്പിൽ ഇത് ഇല്ലായ്മയിലേക്ക് വരുന്നു. പുതിയ സ്ഥലങ്ങളിൽ സഭകൾ വ്യാപിക്കുമ്പോൾ (ഉദാഹരണത്തിന് ചൈന) അങ്ങനെയുള്ളിടത്ത് സുറിയാനി, ആരാധനാ ഭാഷയായോ മറ്റോ വ്യാപിപ്പിക്കാനുള്ള ശ്രമം ചെയ്യണം.

ഭാരതത്തിലെ ക്രിസ്തീയ സഭകൾക്ക് ഇക്കാര്യത്തിൽ വളരെ വലുതായ സംഭാവനകൾ നൽകുവാൻ കഴിയും. ഭാരതത്തിലെ സുറിയാനി പാരമ്പര്യം ഉള്ള സഭകളിൽ-ഓരോ ദേവാലയങ്ങളിലും സുറിയാനി ഭാഷ കൈകാര്യം ചെയ്യുവാൻ അറിയാവുന്ന, മലയാളത്തിലേക്ക് തർജ്ജമ ചെയ്യാൻ കഴിയുന്ന ചെറു സമൂഹങ്ങൾ ഉണ്ടാവണം. അതുപോലെ സുറിയാനി ഭാഷയിലെ ആശയങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതും സുറിയാനി ഭാഷയ്ക്കും പാരമ്പര്യത്തിനും ഗുണം ചെയ്യും. കൂടാതെ ഇതിന്റെ ആശയങ്ങൾ പ്രചരിപ്പിക്കുവാൻ ഉള്ള വ്യക്തികളും സ്ഥാപനങ്ങളും ഉണ്ടാവണം. സംസാരിക്കാൻ ആളില്ലാതെ വരുമ്പോൾ ഭാഷ മരിക്കും... സ്വാഭാവികമാണ്.

നസ്രാണി എന്ന പദത്തെ പറ്റി...?

ക്രിസ്തു നസ്രേത്തിൽ നിന്നുള്ളവൻ എന്ന അർത്ഥത്തിൽ 'നസ്രായൻ' എന്ന് വിളിക്കപ്പെട്ടു. എന്നാൽ നസ്രാണി എന്ന പദം. പേർഷ്യൻ സാമ്രാജ്യത്തിൽ ക്രിസ്ത്യാനികളെ വിളിച്ചിരുന്ന പേരാണ്. ക്രിസ്ത്യാനികളെ രക്തസാക്ഷികൾ എന്ന് വിളിക്കപ്പെട്ടിരുന്ന അതേ രീതിയിലാണ് 'നസ്രായ'-എന്നും 'നസ്രാണി' എന്നും വിളിക്കപ്പെട്ടിരിക്കുന്നത്. സെമിറ്റിക്ക് രൂപത്തിലാണ് വ്യത്യാസം കാണുന്നത്.

സുറിയാനിഭാഷയിലെ സ്ത്രീ എഴുത്തുകാരെപ്പറ്റി...?

കൃത്യമായി പറയാവുന്ന സ്ത്രീ എഴുത്തുകാരില്ല. അക്കാലത്തെ പ്രത്യേകത, പുരുഷ മേധാവിത്വമാണ്. വിദ്യാഭ്യാസത്തിന്റെ കുറവ് ഭാഷാപഠനത്തോടുള്ള താല്പര്യമില്ലായ്മ, ഭാഷയും സാഹിത്യവും സംവേദിപ്പിക്കുന്നതിലുള്ള അകാര്യക്ഷമത എന്നിവ എല്ലാം കാരണമായിട്ടുണ്ട്. സ്ത്രീകളും സുറിയാനി ഭാഷ പഠിക്കുവാൻ മുന്നോട്ടു വരണം. ഭാഷയിൽ വ്യുൽപ്പത്തി നേടുവാൻ നൈപുണ്യം പുരുഷന്മാരേക്കാൾ സ്ത്രീകൾക്കാണ്.

- ഫാ. ദീപു ഫിലിപ്പ്

വേദമൊഴികൾ

Breaking The Word

ഫാ. ഫിലിപ്പ് തരകൻ തേവലക്കര

2015 ജനുവരി 18

ദനഹായ്ക്കു ശേഷം രണ്ടാം ഞായർ

വി: യോഹ. 1:43–51

ഫിലിപ്പോസിനെ യേശു ശിഷ്യത്വത്തിലേക്ക് വിളിക്കുന്നതും പ്രസ്തുത ദൗത്യം ഏറ്റെടുത്ത ഫിലിപ്പോസ് നഥനിയേലിനെ ക്രിസ്തു ശിഷ്യത്വത്തിലേക്ക് കൂട്ടിക്കൊണ്ടു വരുന്നതുമാണ് വേദഭാഗം.

പ്രവാചകന്മാരുടെ എഴുത്തുകൾ ഒരു വ്യക്തിയെ എങ്ങനെ വഴി നടത്തുന്നുവെന്ന് ഫിലിപ്പോസിന്റെ വാക്കുകൾ വെളിപ്പെടുത്തുന്നു. മനുഷ്യജീവിതം കണ്ടെത്തലുകളുടേതാണ്. പുതിയ ഗ്രഹങ്ങളും ശാസ്ത്രീയ നേട്ടങ്ങളും കണ്ടെത്തുവാൻ വെമ്പൽകൊള്ളുന്ന യുഗമാണിത്. എന്നാൽ ആദ്ധ്യാത്മിക അന്വേഷണം ഈ കാലയളവിൽ നടക്കണം. ന്യായപ്രമാണങ്ങളും പ്രവാചകന്മാരുടെ പുസ്തകങ്ങളും ഫിലിപ്പോസിനെ കൊണ്ടുചെന്നെത്തിക്കുന്നത് യേശുവിലേക്കാണ്. ഒരു വിശ്വാസിയെ ക്രിസ്തുവിന്റെ രണ്ടാംവരവിലേക്ക് ഒരുക്കുക എന്ന ദൗത്യം വി: വേദപുസ്തകത്തിനും ആരാധനാക്രമങ്ങൾക്കുമുണ്ട്. ഈ ഉത്തരവാദിത്വം ഭംഗിയായി നിറവേറ്റുന്നിടത്താണ് വിശ്വാസജീവിതം സാർത്ഥകമാകുന്നത്. ഫിലിപ്പോസിന്റെ ശിഷ്യത്വം തന്നിൽ അവസാനിക്കുന്നില്ല. പുതിയ കാലത്തിന്റെ ശിഷ്യത്വം അവനവനിൽ ഒതുങ്ങുന്നു. നിസ്വാർത്ഥരായ എത്രയോ ഗുരുക്കന്മാർ എത്രയോ വ്യക്തിത്വങ്ങളെ കണ്ടെത്തി വളർത്തുന്നു. എന്നാൽ നിരവധിപ്പേർ തങ്ങളിൽ ഒതുങ്ങുന്നു. ഇങ്ങനെയുള്ളവർക്ക് അവശേഷിപ്പിക്കാൻ ഒന്നുമില്ല. എന്നാൽ നഥനിയേലിനെ കൂട്ടിക്കൊണ്ടുവരുന്ന ഫിലിപ്പോസ് തന്റെ ശിഷ്യത്വത്തിന്റെ മഹത്വം വർദ്ധിപ്പിക്കുന്നു.

1. എന്നെക്കുറിച്ച് യേശുതമ്പുരാന്റെ അഭിപ്രായമെന്താണ്?

'നഥനിയേൽ അടുക്കൽ വരുന്നത് യേശുകണ്ടു. ഇതാ സാക്ഷാൽ യിസ്രയേല്യൻ. ഇവനിൽ കപടം ഇല്ല എന്ന് അവനെ കുറിച്ച് പറഞ്ഞു' (യോഹ. 1:47,48) നഥനിയേലിനെക്കുറിച്ചുള്ള യേശുവിന്റെ അഭിപ്രായം ഇതാണ്. എന്നെക്കുറിച്ച് യേശുവിന്റെ അഭിപ്രായം എന്താണ്? അഭിപ്രായം ഉണ്ടാക്കുന്നത് വിലയിരുത്തുന്ന ആളല്ല. വിലയിരുത്തപ്പെടേണ്ട ആളാണ് ഉണ്ടാക്കേണ്ടത്. സമൂഹത്തിൽ ഒരു വ്യക്തി പുലർത്തുന്ന നിലവാരമാണ് പ്രധാനം. നിലവാരമാണ് നിലപാടുകൾ നിശ്ചയിക്കുന്നത്. ഫിലിപ്പോസ് നഥനിയേലിനെ കാണുന്നതിനു മുമ്പേ യേശു നഥനിയേലിനെ കണ്ടെത്തുന്നു. സൂര്യനെപ്പറ്റി പറയുന്നത് 'കർമ്മസാക്ഷി' എന്നാണ്. ഭൂമിയിൽ നടക്കുന്ന എല്ലാ നന്മകളുടേയും തിന്മകളുടേയും മൂകസാക്ഷിയായി നിൽക്കുന്നത് സൂര്യനാണ്. ഓരോ മനുഷ്യനേയും അവനവന്റെ പ്രവർത്തിക്ക് തക്കവണ്ണം വിലയിരുത്തുന്ന സാക്ഷിയാണ് ദൈവം. പ്രസിദ്ധ ചിത്രകാരനായ വാൻഗോഗിന്റെ 'വിതക്കാരൻ' എന്ന ചിത്രം വിശ്വപ്രസിദ്ധമാണ്. ആ ചിത്രത്തിൽ സൂര്യൻ പ്രത്യക്ഷമാണ്. വിതക്കാരൻ ഗോതമ്പ് വിതയ്ക്കുമ്പോൾ സൂര്യൻ അതിന് സാക്ഷിയാണ്. വി വേദപുസ്തകത്തിലെ വിതക്കാരന്റെ ഉപമ വാൻഗോഗിനെ സ്വാധീനിച്ചതിന്റെ ഫലമാണ് ഈ ചിത്രം. ഗോതമ്പ് പുതിയ ജീവന്റെ പ്രതീകമാണ്. കർമ്മസാക്ഷിയായ യേശുനഥനിയേലിനെ ഹൃദയം കൊണ്ട് കണ്ടെത്തുമ്പോൾ നഥനിയേൽ പുതുജീവന്റെ തുടിപ്പ് അനുഭവിക്കുകയാണ്. അത്തിയുടെ കീഴിൽ ഇരിക്കുമ്പോൾ കണ്ടു എന്നതിനെപ്പറ്റി വ്യത്യസ്ത അഭിപ്രായങ്ങൾ നിലവിലുണ്ട്. അത്തി വൃക്ഷത്തിന്റെ ചുവട്ടിൽ ദൈവവചനം ധ്യാനിക്കുമ്പോൾ കണ്ടതിനെക്കുറിച്ചാകാം, ഫിലിപ്പോസ് യേശുവിന്റെ അടുക്കൽനിന്ന് ചെന്നപ്പോൾ അത്തിവൃക്ഷത്തിന്റെ ചുവട്ടിൽവച്ചാണ് നഥനിയേലിനെ കാണുകയും സംഭാഷിക്കുകയും ചെയ്തത് എന്ന സൂചന. ശിശുവധ കാലത്ത് നഥനിയേലിനെ അമ്മ അത്തി വൃക്ഷത്തിന്റെ ചുവട്ടിൽ ഒളിച്ചുവച്ച് രക്ഷപ്പെടുത്തിയത് എന്നതിനെക്കുറിച്ചുള്ള സൂചനയാകാം. എന്തു തന്നെയായാലും കപടത ഇല്ലാത്ത നഥനിയേൽ പുതിയ ലോകത്തിന് മാതൃകയാണ്. എന്താണ് ഇന്നത്തെ സമൂഹത്തിന്റെയും യഥാർത്ഥ മുഖം. മുഖംമൂടികളുടെ ലോകത്ത് മുഖംമൂടി വലിച്ചു കീറുന്ന ദൈവത്തിന്റെ അഭിപ്രായത്തിന് ഏറെ പ്രാധാന്യമുണ്ട്. ദൈവമേ ഞാനാരാണെന്ന് നിനക്കറിയാം. പാപിനിയായ സ്ത്രീയെ കല്ലെറിയാൻ വന്ന ജനത്തിന്റെ മുഖം മൂടി വലിച്ചുകീറിയതുപോല നിന്റെ മുമ്പിൽ എന്റെ മുഖംമൂടി അഴിഞ്ഞുവീഴുന്നു. നിന്റെ മുമ്പിൽ നീതിമാനാകാൻ എന്നെ സഹായിക്കണമേ എന്നതാകണം ഓരോ ഭക്തന്റെയും പ്രാർത്ഥന.

2. ദൈവത്തിന് ഞാൻ എന്ത് നൽകും?

'നഥനയേൽ അവനോട് നസ്രേത്തിൽ നിന്ന് വല്ല നന്മയും വരുമോ' (വി:യോഹ: 1:46). പഴയ നിയമത്തിലൊന്നും പരാമർശിക്കാത്ത നസ്രേത്ത് എന്ന ഗ്രാമത്തിൽ നിന്ന് പ്രതീക്ഷകൾ വിടരുമോ എന്നാണ് ചിന്തിക്കുന്നത്. പ്രതീക്ഷിക്കാത്തിടത്തുനിന്ന് നന്മ സൃഷ്ടിക്കുവാൻ ദൈവത്തിന് കഴിയും. ദൈവത്തിൽ നിന്ന് നന്മ പ്രവഹിക്കും. ദൈവത്തിൽനിന്ന് നന്മ ലഭിക്കും. എപ്പോൾ ലഭിക്കും എവിടെനിന്ന് ലഭിക്കും എന്നതിനെക്കുറിച്ച് നമ്മൾ ആകുലരാണ് എന്നാൽ നാം ദൈവത്തിന് എന്ത് കൊടുക്കും. ദൈവം നസ്രേത്തിലൂടെ നൽകിയ നന്മയ്ക്ക് നഥനിയേൽ സ്വയം കാഴ്ചയായി സമർപ്പിക്കുകയാണ്. നമ്മുടെ ജീവിതമാണ് ദൈവത്തിന് കാഴ്ചയായി നൽകേണ്ടത്. പക്ഷേ, വിശ്വാസമാണ് ഈ കാഴ്ചയർപ്പണത്തിന്റെ അടിസ്ഥാനം. വിശ്വാസത്തിൽ നിറഞ്ഞുനിൽക്കുന്ന നഥനിയേൽ പറയുന്നു: ' റബ്ബീ' നീ ദൈവപുത്രനും യിസ്രയേലിന്റെ രാജാ

വുമാകുന്നു. എന്ന് (യോഹ: 49,50) ഉത്തരം പറയുന്നു.

നാം യേശുവിലേക്ക് ചെല്ലുമ്പോൾ യേശു നമ്മളിലേക്കിറങ്ങിവരും. യേശു എന്നിലേക്ക് വരുമ്പോഴാണ് നമുക്ക് മനസ്സിലാകുന്നത് ഞാൻ മരിച്ചിട്ടില്ലെന്ന്. ആത്മീയമായി മരിച്ച സക്കായിയും പാപിനിയായ സ്ത്രീയും ശാരീരികമായി മരിച്ച ലാസറും, വിധവയുടെ മകനും തങ്ങൾ മരിച്ചിട്ടില്ലായെന്ന് അറിയുന്നത് യേശു അവരിലേക്കിറങ്ങുമ്പോഴാണ്. യേശു നഥനിയിലേക്കിറങ്ങി. അവനിൽ പുതുജീവന്റെ അനുഭവമുണ്ടായി. അതിന്റെ വെളിച്ചത്തിലാണ് ക്രിസ്തു ദൈവത്തിന്റെ പുത്രനാണെന്ന ചിന്ത ഉണ്ടായി. നാം നമ്മെ തന്നെ ദൈവത്തിന് സമർപ്പിക്കുമ്പോഴാണ് ദൈവമഹത്വും സത്യവും മനസ്സിലാക്കാൻ സാധിക്കുന്നത്. ദൈവം തന്ന സമൃദ്ധികളിൽ നിന്ന് ധാരാളം പേർ കാഴ്ചകൾ കൊണ്ടുവരുന്നു. എന്നാൽ എത്ര പേർക്ക് സ്വയം കാഴ്ചയായി തീരുവാൻ കഴിയുന്നുണ്ട്.

ക്രിസ്തുവിന്റെ ക്രൂശുമരണം ഈ അർപ്പണത്തിന്റെ മൂർത്തഭാവമാണ്. ചരിത്രത്തെ ചോരകൊണ്ട് ചുവപ്പിച്ചവരാണ് രക്തസാക്ഷികൾ എങ്കിൽ ചരിത്രത്തെ ചോരകൊണ്ട് വെളിപ്പിച്ചതായിരുന്നു ക്രിസ്തുവിന്റെ രക്തസാക്ഷിത്വം. നഥനിയേലിന്റെ ശിഷ്യത്വം കാലത്തെ വെളുപ്പിക്കാനായിരുന്നു. നസ്രേത്തിലെ നന്മ മാത്രമല്ല നമ്മിലെ നന്മ ദൈവത്തിന് സമർപ്പിക്കുന്നിടത്താണ് ജീവിതം അർത്ഥപൂർണ്ണമാകുന്നത്. നിന്റെ വഴികളിൽ എന്നെ ജീവിപ്പിക്കേണമേ (സങ്കീർത്തനങ്ങൾ 119:37) എന്ന് സങ്കീർത്തനക്കാരൻ പ്രാർത്ഥിക്കുന്നത് ഈയർത്ഥത്തിലാണ്. എന്റെ വഴികളിൽ അല്ല നിന്റെ വഴികളിൽ എന്നെ കാണുന്ന ദിനങ്ങളായി ഓരോ ഭക്തനും പ്രാർത്ഥിക്കുവാൻ കഴിയട്ടെ.

2015 ജനുവരി 25

ദനഹായ്ക്കു ശേഷം മൂന്നാം ഞായർ

വി: യോഹന്നാൻ 3:1 – 12

യേശുവും നിക്കോദിമോസുമായുള്ള സംഭാഷണമാണ് വേദവായനാഭാഗം. യേശു ക്രിസ്തുവിൽ ആകൃഷ്ടരായി ധാരാളംപേർ വിശ്വാസത്തിലേക്കുവന്നു. അങ്ങനെ വന്നവരുടെ പ്രതിനിധിയായാണ് നിക്കോദിമോസ്. ഇദ്ദേഹം പരീശനും ഉപദേഷ്ടാവും സന്നിദ്രിം സംഘത്തിലെ അംഗവുമായിരുന്നു. യഹൂദാ മതവ്യവസ്ഥയെ ഭയന്നാകണം രാത്രിയിൽ യേശുവിന്റെ അടുത്തേയ്ക്ക് വരുന്നത്. അജ്ഞാനത്തിന്റെ അന്ധകാരത്തിൽനിന്ന് നന്മയുടെ വെളിച്ചത്തിലേക്ക് പ്രയാണം ചെയ്യാനുള്ള അടങ്ങാത്ത ആഗ്രഹമാണ് നിക്കോദിമോസിനെ യേശുവിന്റെ സന്നിധിയിലെത്തിക്കുന്നത്.

'എല്ലാവർക്കും തിമിരം മങ്ങിയ കാഴ്ചകൾ കണ്ടുമടുത്തു കണ്ണടകൾ വേണം കണ്ണടകൾ വേണം'

(മുരുകൻ കാട്ടാക്കട)

നമ്മുടെ അന്ധതയുടെ മേൽ വെളിച്ചം വീശാനായി കണ്ണടകൾ വേണം. നിക്കോദിയോസ് തന്റെ അന്ധതയെ ദൂരീകരിക്കാൻ ക്രിസ്തു എന്ന കാഴ്ചയിലേക്ക് രാത്രിയിൽ എത്തുന്നു. ഇത് നിക്കോദിമോസിനെ കാഴ്ചപ്പാടുള്ളവനാക്കി തീർക്കുന്നു.

1. ഇരുട്ടിന്റെ നടുവിൽ ധന്യത നൽകുന്ന ക്രിസ്തു സാന്നിദ്ധ്യം

വിളക്കുകൾ എന്നും വഴികാട്ടികളാണ്. കടലോരത്തെ വിളക്കുമാടങ്ങൾ കപ്പലുകൾക്ക് വഴികാട്ടികളാണ്. ഇവിടെ മതോപദേഷ്ടാവിന് ക്രിസ്തു വിളക്കായി തീരുന്നു. ശൗലിനെ ക്രിസ്തു തേടുമ്പോൾ ശൗലിന്റെ മനസ്സ് നിറയെ ദുഷ്ടതയായിരുന്നു. അതായത് ആത്മീയമായി അന്ധനായിരുന്നു. അനന്യാസ് എത്തുവോളം അവന്റെ ശാരീരിക കാഴ്ചയും നഷ്ടമായി. ആ ദിവസങ്ങളിലെ ശൗലിന്റെ അന്ധത വെളിച്ചത്തിന്റെ മൂല്യമെന്തെന്നുള്ള പഠിപ്പിക്കൽ കൂടിയായിരുന്നു. എന്നാൽ ശൗൽ ഉണർന്നത് ക്രിസ്തുവിലേക്കായിരുന്നു. ക്രിസ്തുവിനേക്കാൾ മറ്റ് പലതിനേയും സ്നേഹിക്കുന്നവർ എത്തിച്ചേരുന്നത് കൂരിരിട്ടിലാണ്. നെൽസൺ ബങ്കർ ഹങ്ങ് മഹാഭാഗ്യശാലിയായിരുന്നു. ലോകത്തെ ഏറ്റവും വലിയ പണക്കാരിൽ ഒരാളായി. ലിബിയയിൽ 80 ലക്ഷം ഏക്കർ എണ്ണപ്പാടം. ലോകത്തെ വെള്ളിവ്യാപാരത്തിന്റെ പകുതി വരുതിയിൽ. എന്നാൽ ഹങ്ങ് മരിച്ചപ്പോൾ പരമദരിദ്രനായിരുന്നു. എണ്ണപ്പാടം സർക്കാർ ഏറ്റെടുത്തു. വെള്ളിക്കച്ചവടം പൊളിഞ്ഞു. 88-ാം മത്തെ വയസ്സിൽ അദ്ദേഹം മരിച്ചത് ഡാളളിലെ വൃദ്ധസദനത്തിൽ. സമ്പത്ത് പരമ യാഥാർത്ഥ്യമല്ലെന്ന് തിരിച്ചറിയണം. സമ്പത്ത് സൗകര്യം തരും. എന്നാൽ അത് സന്തോഷം തരില്ല. എന്നാൽ സന്തോഷത്തിന്റെ ഉറവിടമായ ക്രിസ്തുവിനെയാണ് നിക്കോദിമോസ് അന്വേഷിച്ചത്. 'എപ്പോഴും സന്തോഷിപ്പിൻ' എന്നാണ് പൗലോസ് ശ്ലീഹാ പറയുന്നത്. സന്തോഷത്തിന്റെ അനുഭവത്തിൽനിന്ന് സന്താപത്തിലേക്കുള്ള യാത്രയല്ല ജീവിതം. വി വേദപുസ്തക ഭാഷയിൽ ക്രിസ്തുവിൽ സന്തോഷിക്കാനുള്ള ആഹ്വാനമാണത് ചെയ്യുന്നത്.

2. വീണ്ടും ജനനം

'പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാൺമാൻ ആർക്കും കഴിയുകയില്ല' (യോഹ: 3:3) പുതുതായ ജനനം ഉയരത്തിൽനിന്ന് അല്ലെങ്കിൽ ദൈവത്തിൽനിന്ന് ഉളവാകുന്നതാണ്. അത് ഉരുവാകുന്നത് വെള്ളത്തിൽനിന്നും ആത്മാവിൽനിന്നുമാണ്. വി മാമോദീസായിലൂടെയാണ് വീണ്ടും ജനനം നടക്കുന്നത്. റോമർ 6:3 മുതലുള്ള വാക്യങ്ങളിൽ വി പൗലോസ് ശ്ലീഹ ഇത് വിശദീകരിക്കുന്നത് കാറ്റിന്റെ ഉദാഹരണത്തിൽക്കൂടി പരിശുദ്ധാത്മാവിനാലുള്ള വീണ്ടും ജനനത്തെ വിശദീകരിക്കുന്നു. പരിശുദ്ധ മാമോദീസാമുങ്ങിയ പലരും അതിന്റെ ആഴവും അർത്ഥവും വേണ്ടവിധത്തിൽ മനസ്സിലാക്കാതെ ബോൺ എഗയിൻ പ്രസ്ഥാനങ്ങളുടെ പിറകെ നടക്കുന്നത് സങ്കടകരമാണ്. നിക്കോദിമോസ് വീണ്ടും ജനത്തെ ലോക ഭാഷയിലാണ് ആദ്യം എടുക്കുന്നത്. അതുകൊണ്ടാണ് അമ്മയുടെ ഉദരത്തിൽനിന്ന് വീണ്ടും ജനിക്കുന്നത് എങ്ങനെയെന്ന് ചോദിക്കുന്നത്.

നാളിതുവരെയുള്ള വീണ്ടും ജനനത്തിന്റെ അനുഭവം നാം നിലനിർത്തണം. അതിന് നിർമ്മല ഹൃദയം അനിവാര്യമാണ്. ചിന്തകളിലെ നന്മ, പ്രവൃത്തിയിലെ വിശുദ്ധി, ജീവിതത്തിലെ നിഷ്ഠ, സ്നേഹപൂർവ്വമായ പെരുമാറ്റം, വിശ്വാസസ്ഥിരത ഇവയെല്ലാം വീണ്ടും ജനനത്തിന്റെ സ്വഭാവങ്ങളാണ്. യേശു തന്റെ പ്രവർത്തനങ്ങൾ പരിശുദ്ധാത്മാവിലൂടെ തുടർന്ന് പോകുന്നതുപോലെ ഓരോരുത്തരുടേയും പ്രവർത്തനങ്ങൾ പരിശുദ്ധാത്മാവിലാകുമ്പോൾ വീണ്ടും ജനനത്തിന്റെ അനുഭവം നിലനിർത്തുവാൻ സാധിക്കും.

2015 ഫെബ്രുവരി 1

വാങ്ങിപ്പോയ വൈദികരുടെ ഞായറാഴ്ച

വി: മത്തായി 24:42 – 51

ക്രൈസ്തവ ജീവിതം പ്രത്യാശനിർഭരമാണ്. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനായി ഒരുങ്ങിയിരിക്കുക എന്നത് ആത്മീയ ജീവിതത്തിന്റെ ലക്ഷ്യമാണ്. ലക്ഷ്യം തെറ്റിയവന്റെ ജീവിതം നിരാശാജനകമാണ്. പ്രസ്തുത ലക്ഷ്യത്തിലേക്ക് എത്തണമെങ്കിൽ ജാഗ്രത അനിവാര്യമാണ്. പരസ്യശുശ്രൂഷക്ക് മുമ്പ് മരുഭൂമിയിൽ ഉപവസിച്ചു വരുന്ന യേശുവിനെ പരീക്ഷിക്കാൻ പിശാച് കാത്ത് നിൽക്കുന്നതുപോലെ ഓരോ ഭക്തന്റെയും ആത്മീയ പരിസരങ്ങൾക്ക് സമീപം പിശാചുണ്ട്. മൃദുലവികാരങ്ങളുടേയോ, മറ്റ് പ്രലോഭനങ്ങളുടെയോ രൂപത്തിലാകും പ്രസ്തുത കാത്ത് നിൽപ്പ്. ഇവിടെ തളർന്നുപോകുന്നവന്റെ ജീവിതം അപകടത്തിലേക്കാണ് നീങ്ങുന്നത്. കർത്താവിന്റെ വരവ് അപ്രതീക്ഷിത സമയത്താകാം. വരവിന്റെ സമയത്ത് അലക്ഷ്യമായി വിഹരിക്കുന്നവർക്ക് തിരസ്കരണമായിരിക്കും നേരിടേണ്ടിവരിക. അവന്റെ ശിഷ്യത്വത്തിലെ രണ്ട് സാധ്യതകളേയും ഈ വേദഭാഗം വിലയിരിത്തുന്നുണ്ട്. വിശ്വസ്തമായി സേവിക്കാനുള്ള സാധ്യത ഒരു വശത്ത്, ഉത്തരവാദിത്തങ്ങളിൽനിന്ന് ഒളിച്ചോടാനുള്ള താൽപ്പര്യം മറുവശത്ത്. ഈ സ്വാതന്ത്ര്യത്തിന് നടുവിൽ ഓരോരുവനും സ്വീകരിക്കുന്ന നിലപാടുകളാണ് വിശ്വാസജീവിതത്തിന്റെ ലക്ഷ്യപ്രാപ്തി നിർണ്ണയിക്കുന്നത്. അലസതയും ജാഗ്രതയും തമ്മിലുള്ള യുദ്ധത്തിനൊടുവിൽ ആര് ജയിക്കും?

1. ഉണർന്നിരിക്കുന്നത് എന്തിന്?

'നിങ്ങളുടെ കർത്താവ് ഏത് ദിവസത്തിൽ വരുന്നുവെന്ന് അറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനായി ഒരുങ്ങുന്ന തീർത്ഥാടകസംഘമാണ് സഭ. ഓരോ വിശ്വാസിക്കും ഈ ജാഗ്രത ആവശ്യമാണ്.' ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ (വി മത്തായി 24:4). ലക്ഷ്യത്തിൽ വ്യതിചലിപ്പിക്കാൻ പിശാച് പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ദൈവത്തിന്റെ നിർദ്ദേശങ്ങളിൽ ആദ്യമാതാപിതാക്കൾ പുലർത്തേണ്ട ഉണർവും ജാഗ്രതയും നഷ്ടപ്പെടുന്നിടത്താണ് ഏദൻ അവർക്ക് നഷ്ടമാകുന്നത്. ഏദൻ തോട്ടം ഒരു ഉട്ടോപ്യൻ ചിന്തയല്ല. നമ്മൾ വസിക്കുന്ന ഓരോ ഇടങ്ങളും ഏദൻതോട്ടമാണ്. അവിടെ വിലക്കുകളും സ്വാതന്ത്ര്യവുമുണ്ട്. വിശ്വാസിയുടെ വിലക്കുകൾ അതിലംഘിക്കുവാൻ ഏദൻതോട്ടത്തിൽ പാമ്പിന്റെ വേഷം കെട്ടിയ പിശാച് പുതിയ വേഷങ്ങൾ കാലത്തിനും സംസ്കാരത്തിനുമനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നു. പിശാചിന്റെ ഈ തന്ത്രം തിരിച്ചറിയാൻ അറിവും പക്വതയും വിവേകവും നാം ആർജ്ജിക്കണം. അത് ആർജ്ജിക്കണമെങ്കിൽ നമ്മിൽ ഉണർവും ജാഗ്രതയും വേണം. ഇന്ദ്രിയങ്ങളും മനസ്സും ചിന്തയും വിവേകത്തിൽ നിന്നകലുമ്പോഴാണ് ഉണർവ്വും ജാഗ്രതയും നഷ്ടമാകുന്നത്. ഒരു നിമിഷംകൊണ്ട് വികാരത്തിന്മേലുള്ള ജാഗ്രത നഷ്ടമായി കുറ്റകൃത്യങ്ങളിൽ അകപ്പെട്ട് ജീവിതത്തിന്റെ വസന്തം നഷ്ടപ്പെടുന്ന എത്രയോ പേരുണ്ട്. ക്രിസ്തുവിനെ സ്വീകരിക്കാൻ ഒരുങ്ങുക എന്നാൽ ഒരു നിമിഷത്തെ ജാഗ്രതയല്ല. ജാഗ്രതയുടെ നീളം ഒരു ജീവിത കാലയളവ് മുഴുവനുണ്ട്. അതിനിടയിലെ ഓരോ പിഴവും അപകടകരമാണ്. ഈ ജാഗ്രതയുടെ കരുത്ത് എന്തെന്ന് ചോദിച്ചാൽ ദൈവസ്നേഹമാണ്. (റോമർ 8:38,39) 'ജീവിതത്തിന്റെ ചില നിമിഷങ്ങളിൽ ജാഗ്രത നഷ്ടപ്പെട്ടവർ തിരിച്ച് വരുന്നത് ദൈവസ്നേഹത്തിന്റെ കരുത്തിലാണ്. ദവീദ് രാജാവ്, പാപിനിയായ സ്ത്രീ, സക്കായി ഇവരെല്ലാം ആ സ്നേഹത്തിന്റെ നന്മ അനുഭവിച്ചവരാണ്.

2. വിശ്വസ്തർ ആര്?

'എന്നാൽ യജമാനൻ തന്റെ വീടുകൾക്ക് തൽസമയത്ത് ഭക്ഷണം കൊടുക്കേണ്ടതിന് അവരുടെ മേൽ ആക്കിവച്ച വിശ്വസ്തത ബുദ്ധിമാനായ ദാസൻ ആര്?' (വി മത്തായി 24:45)

ക്രിസ്തുവിന്റെ അനുയായികൾ പുലർത്തേണ്ട ജീവിതധാർമ്മികതയും ഉത്തരവാദിത്വവും ഉണർത്തുന്ന ചോദ്യമാണിത്. ഒരു വീടിന്റെ ഭക്ഷണ ചുമതലയിലേക്ക് ഒരാൾ വളരണമെങ്കിൽ അതിന്റെ അടിസ്ഥാനം അയാൾ വിശ്വസ്തതയുള്ളവനായിരിക്കണം. ഉത്തരവാദിത്വത്തങ്ങൾ സമർപ്പണത്തോടെ ചെയ്യുന്നവനാണ് വിശ്വസ്തൻ. ഉത്തരവാദിത്വത്തങ്ങൾ ആർജ്ജവത്തോടെ നിർവ്വഹിച്ച് വിശ്വസ്തയുടെ മൂർത്തഭാവമായി മാറിയ ക്രിസ്തു തന്നെയാണ് ക്രിസ്ത്യാനിയുടെ മാതൃക. വൈദികഗണവും വിശ്വാസസമൂഹവും വിശ്വസ്തതയുടെ നിറരൂപങ്ങളായിത്തീരണം. അതൊരു രൂപപ്പെടലാണ്. പുഴു പൂമ്പാറ്റയായി മാറാൻ പുഴുവിനും പൂമ്പാറ്റയ്ക്കുമിടയിൽ കൊക്കൂൺ എന്ന ധ്യാനമുണ്ട്. ഈ ധ്യാനത്തിനൊടുവിലാണ് പുഴു പൂമ്പാറ്റയായി തീരുന്നത്. ഈ ധ്യാനം നമുക്കും ആവശ്യമാണ്. വിശ്വാസിയുടെ പ്രത്യക്ഷലക്ഷണം വിശ്വസ്തതയാണെന്ന് നാം തിരിച്ചറിയണം. ഇത് നഷ്ടപ്പെടുന്ന സമൂഹത്തെ നോക്കിയാണ് ദാവീദ് രാജാവ് ആകുലപ്പെടുന്നത്. 'വിശ്വസ്തന്മാർ മനുഷ്യപുത്രന്മാരിൽ കുറഞ്ഞിരിക്കുന്നു' (സങ്കീ: 12:1) വിശ്വസ്തത നഷ്ടപ്പെടുന്നടിത്താണ് യൂദ ഒറ്റുകാരനാകുന്നത്. ലോകത്തോടും പ്രപഞ്ചത്തോടും മനുഷ്യൻ വിശ്വസ്തനാകണം. കുടുംബജീവിതത്തിന്റെ അടിസ്ഥാനം വിശ്വസ്തതയാണ്. വിശ്വാസ്തത നഷ്ടപ്പെട്ട കുടുംബജീവിതത്തിൽ ചെറിയ കാര്യങ്ങൾക്കുപോലും ജീവിതത്തെ തകർക്കാനുള്ള ശക്തി കൈവരും. മനുഷ്യൻ ദൈവസന്നിധിയിൽ വിശ്വസ്തനല്ലെങ്കിൽ ചെറിയ പ്രലോഭനങ്ങൾപോലും അവനെ കീഴ്പ്പെടുത്തുവാൻ സാധിക്കും. പാർക്കുന്നദേശത്തോട് വിശ്വസ്തത പുലർത്തുന്നവരാകണം. എത്രയോ ചെറുപ്പക്കാരാണ് പിറന്ന നാടിനെ തീവ്രവാദ പ്രവർത്തനങ്ങളിലൂടെ ഒറ്റുകൊടുക്കുന്നത്. 'ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല' (വി മത്തായി 24:35) ഒരിക്കലും ഉതിർന്ന് പോകാത്ത വചനം ദൈവമനുഷ്യബന്ധങ്ങളിൽ നന്മ പകരുന്നു. ക്രിസ്തുവിന്റെ കാര്യവിചാരകരാണ് നാം. അത് ഭംഗിയായി നിർവ്വഹിക്കണം. വീട്ടുകാർക്ക് ഭക്ഷണം വിഭജിച്ചു കൊടുക്കുക എന്ന പ്രയോഗത്തിലൂടെ സഭകളുടെ നേതൃത്വം വഹിക്കുന്നവർ എങ്ങനെ വർത്തിക്കണമെന്ന സന്ദേശമിതിലുണ്ട്.

2015 ഫെബ്രുവരി 8

എല്ലാ വാങ്ങിപ്പോയവരുടെയും ഞായറാഴ്ച

വി: ലൂക്കോ. 12:32 – 48

ഓർത്തോഡോക്സ് വിശ്വാസത്തിൽ 'ഓർമ്മ' എന്ന പദത്തിന് വിശാലമായ അർത്ഥമാണുള്ളത്. അവരുടെ സാന്നിദ്ധ്യവും സംബന്ധവും അനുഭവിച്ചറിയുന്ന സന്ദർഭമാണിത്. ഇഹലോകവാസം ഒരു പ്രവാസമോ പരദേശവാസമോ ആകുന്നു. അതുകൊണ്ടാണ് വിശുദ്ധ പൗലോസ് ശ്ലീഹ പറയുന്നത്.

ST. MARY'S EMBROIDERY

Palace Road, Changanacherry-686101, Kerala

Prop: SAJU CHACKO

✆ 0481-2425444,
Res. 2724224, 2727788
(Mob.) 9447136388

കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.

വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു

വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോട് കൂടെ ഇരിപ്പാൻ എനിക്ക് കാംഷയുണ്ട്.' (ഫിലി 1:23) കർത്താവിനോട് കൂടെ സജീവരായിരിക്കുന്ന വാങ്ങിപ്പോയവർ ശരീര പ്രകാരം സന്നിഹിതരല്ലെങ്കിലും ആത്മാവിൽ അവർ നമ്മോടൊപ്പം ജീവിക്കുന്നു.

ഒരുക്കമുള്ള ജീവിതത്തെപ്പറ്റി വേദഭാഗത്ത് പരാമർശിക്കുന്നു. യഹൂദാപാരമ്പര്യത്തിൽ പെസഹാ ഭക്ഷിച്ചവർ 'അരകെട്ടി'യിരുന്നു. അരകെട്ടുക എന്ന പ്രയോഗം അതുമായി ബന്ധപ്പെട്ടതാകാം. സജ്ജമായിരിക്കുക എന്നതാണ് പ്രായോഗിക അർത്ഥം. ഒരുങ്ങിയിരിക്കുക എന്നാൽ ഈ പശ്ചാത്തലത്തിൽ അധാർമ്മികമായി ജീവിതത്തിൽ നിന്നുള്ള ഒഴിഞ്ഞിരുന്നുകൊണ്ട് വിശുദ്ധിയിലും സത്യത്തിലും ദൈവത്തെ മുൻനിർത്തി ജീവിതം നയിക്കുക എന്നതാണ്. തദവസരത്തിൽ യുഗാന്ത്യത്തെക്കുറിച്ച് പ്രത്യാശയുള്ളവരുമായിരിക്കണം.

1. നിക്ഷേപാ എന്ത്? എവിടെ?

നിക്ഷേപം ജീവിതത്തിന്റെ സുരക്ഷിതത്വവുമായി ബന്ധപ്പെട്ടിരിക്കുന്നു. അത് നാളത്തേയ്ക്കുള്ള കരുതലാണ്. ഉറുമ്പ് അതിന്റെ ഭക്ഷണം മഴക്കാലത്തേയ്ക്ക് സുരക്ഷിത സ്ഥാനങ്ങളിൽ നിക്ഷേപിക്കുന്നു. തേനീച്ച അതിന്റെ ഭക്ഷണം ശേഖരിച്ച് സൂക്ഷിച്ചുവയ്ക്കുന്നു. മനുഷ്യജീവികളിൽപ്പോലും നിക്ഷേപത്തിനുള്ള (ഭക്ഷണമാണെങ്കിൽപ്പോലും) വാസനകാണുന്നു. ടാക്സ് അടച്ചും അടയ്ക്കാതെയും സ്വദേശത്തും വിദേശത്തും 'നിക്ഷേപിച്ച് ' ജീവിതം സുരക്ഷിതമാക്കാൻ ശ്രമിക്കുന്ന കാലമാണിത്.

ഇവിടെയാണ് മരണാനന്തര ജീവിതത്തിന്റെ നിക്ഷേപത്തെപ്പറ്റി പ്രതിപാദിക്കുന്നത് ഭൂമിയിൽ ഓരോരുവനും ചെയ്യുന്ന സൽപ്രവർത്തിയാണ് സ്വർഗ്ഗത്തിലെ നിക്ഷേപം. ഭൂമിയിൽ സൽപ്രവർത്തി ചെയ്ത് സ്വർഗ്ഗത്തിൽ കൊട്ടാരം പണിതയാളാണ് വി മാർത്തോമാശ്ലീഹ. സ്വർഗ്ഗീയ നിക്ഷേപത്തെപ്പറ്റിയുള്ള ബോധം മനുഷ്യനിലെ ആർത്തി കുറയ്ക്കാൻ അനിവാര്യമാണ്. ആർത്തി സംസ്കാരം ആഴത്തിൽ നമ്മളെ കീഴടക്കുന്നു. ആർത്തി മനുഷ്യനെ അന്ധനാക്കുന്നു. അങ്ങനെയുള്ളപ്പോൾ ധാർമ്മിക മൂല്യങ്ങൾ കടപുഴകുന്നു. എന്നാൽ സ്വർഗ്ഗീയ നിക്ഷേപത്തെപ്പറ്റിയുള്ള ബോധം നമ്മിൽ ആദർശവും മിതത്വവും പക്വതയും കൈവരുത്തുന്നു.

നിക്ഷേപവും ഹൃദയവും തമ്മിലുള്ള ബന്ധം അവിഭാജ്യമാണ്. നിക്ഷേപം ജഡികമാണെങ്കിൽ ഹൃദയവിചാരങ്ങൾ ജഡികമായിരിക്കും. നിക്ഷേപം സ്വർഗ്ഗീയമാണെങ്കിൽ ഹൃദയവിചാരങ്ങൾ സ്വർഗ്ഗീയമാകും. സ്വത്തിനുവേണ്ടി പരസ്പരം പോരടിച്ചുവീഴുന്ന സഹോദരന്മാർ, സ്വത്ത് എഴുതിവാങ്ങി മാതാപിതാക്കളെ തെരുവിലറിക്കിവിടുന്നവർ ഇവരൊക്കെ ഭൗമിക നിക്ഷേപത്തിൽ കണ്ണുമഞ്ഞളിച്ചവരാണ്. 'നിങ്ങളുടെ പൊന്നും വെള്ളിയും കറപിടിച്ചു' (വി യാക്കോബ 5:3) എന്ന് യാക്കോബ് ശ്ലീഹാ പറയുന്നത്. ഭൂമിയിലെ നിക്ഷേപത്തിന്റെ അന്യായ മാർഗ്ഗങ്ങളെ വിമർശിക്കാനാണ്. യെഹസ്ക്കേൽ 18:31 ൽ പറയുന്നു മനുഷ്യന് വേണ്ട സമ്പാദ്യങ്ങൾ പുതിയ ഹൃദയവും പുതിയ ആത്മാവുമാണ്. ഇവയുണ്ടെങ്കിൽ സ്വർഗ്ഗത്തിൽ കൂട്ടുകൂടുവാൻ കഴിയും.

'കേവലം ഒരു മൂഢനാം
വനചോരനായ മനുഷ്യനെ ദിവ്യനാം കവിയാക്കിനീ
ഇതിഹാസമൊന്നു രചിക്കുവാൻ' (സുന്ദർ തറയിൽ, മാനിഷാദ)

വേടനെ കവിയാക്കുന്ന ദിവ്യതയാണ് ഇവിടെ പരാമർശിക്കുന്നത്. ഭൗമലോകത്തിൽ മുഴുകി ആയുസ്സ് കളയുന്ന നമ്മളെ നിത്യലോകത്തിന്റെ നന്മകളെ വെളിപ്പെടുത്തി ദിവ്യരാക്കുന്ന അനുഭവമാണ് നിക്ഷേപത്തെപ്പറ്റിയുള്ള ക്രൈസ്തവ ബോധം.

2. ദൈവേഷ്ടം ചെയ്യുന്നവരാകുക

'യജമാനന്റെ ഇഷ്ടം അറിഞ്ഞിട്ട് ഒരുങ്ങാതെയും അവന്റെ ഇഷ്ടം ചെയ്യാതെയുമിരിക്കുന്ന ദാസന് വളരെ അടികൊള്ളും' വി ലൂക്കോ 12:47)

പിതാവിന്റെ ഇഷ്ടം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നവനെയാണ് ഭാരതീയ പാരമ്പര്യത്തിൽ ഉത്തമപുത്രനായി കണക്കാക്കുന്നത്. പിതാവിന്റെ ഇഷ്ടം അറിഞ്ഞിട്ടും പ്രതികരിക്കാത്തവർ അധമന്മാരാണ്. കുരിശിന്റെ തീവ്രത അനുഭവിക്കുന്നതിന് മുമ്പ് ഗത്സമനയിൽ പ്രാർത്ഥിക്കുന്ന ക്രിസ്തു ദൈവേഷ്ടത്തിന്റെ നിറവേറലിനായാണ് അർത്ഥിക്കുന്നത്. ഫിലിപ്പ്യർ 3:20 ൽ നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു എന്ന് വി പൗലോസ് ശ്ലീഹാ പറയുന്നു. നമ്മൾ സ്വർഗ്ഗത്തിലെ പൗരന്മാരാണെങ്കിൽ ആ രാജ്യത്തിന്റെ അധിപതിയായ ദൈവത്തിന്റെ ഇഷ്ടം അനുസരിക്കാൻ ഓരോരുത്തരും ബാധ്യസ്ഥരാണ്. യഹുദമതത്തിൽ ശിഷ്യൻ ഗുരുവിനെ സമീപിക്കുന്നത് 'തോറാ' പഠിക്കുവാനുള്ള ലക്ഷ്യത്തോടെയാണ്. യേശു ശിഷ്യന്മാരേ വിളിച്ചത് നിരുപാധികവും പരിപൂർണ്ണവുമായ സ്വയാർപ്പണം സ്വീകരിക്കുവാനാണ്. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവർ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിക്കുവിൻ. എന്നാൽ നിങ്ങളുടെ ആത്മാക്കൾ ആശ്വസം കണ്ടെത്തും. (വി മത്തായി 11:29) വൈദേഷ്ടം ചെയ്യുന്നവരുടെ ആത്മാക്കൾ നിശ്ചയമായും ആശ്വാസം കണ്ടെത്തും. ദൈവേഷ്ടം ചെയ്യുന്നതിന്റെ ഫലം നശ്വരലോകത്ത് നിന്ന് നിത്യലോകത്തിലേക്ക് വ്യാപിക്കുന്നതുമാണ്. സഹജീവികളിലെ ദൈവികത കണ്ടെത്തുകയും മാനിക്കുകയും അവരോടും താൻ വസിക്കുന്ന പ്രപഞ്ചത്തോടും ആത്മീയ സമീ

50–ാം വിവാഹ വാർഷികം



വി.എ. വറുഗീസ് സാറാമ്മ വറുഗീസ്
വയലിക്കൊല്ലാട്ട്, മീനടം

സ്നേഹാശംസകളോടെ
രാജൻ വറുഗീസ്, പൊന്നമ്മ രാജൻ, എഡിസൺ, സാന്ദ്ര, ജേക്കബ് കൊച്ചേരി, റീനാ ജേക്കബ്, ജെറാൾഡ്, ജെനിയ

പനം രൂപപ്പെടുകയും ചെയ്യുന്നവനാണ് ദൈവേഷ്ടം ചെയ്യുന്നത്.

യന്ത്രങ്ങൾ നമുക്ക് സമൃദ്ധി നൽകിയെങ്കിലും നിരന്തരം ആവശ്യങ്ങളിലേക്ക് കൊണ്ടുപോയി. അറിവുകൾ നമ്മെ ദോഷൈക ദൃക്കുകളാക്കി. നമ്മുടെ സാമർത്ഥ്യം നമ്മെ കഠിനഹൃദയരും ദയാരഹിതരും ആക്കി. നമ്മൾ വളരെ കൂടുതൽ ചിന്തിക്കുകയും വളരെ കുറവ് അനുഭവിച്ച് അറിയുകയും ചെയ്യുന്നു. യന്ത്രങ്ങളെക്കാൾ നമുക്ക് ആവശ്യം ഈശ്വരീയതയിൽ അധിഷ്ഠിതമായ മാനവികതയാണ്. സാമർത്ഥ്യത്തേക്കാൾ ആവശ്യം ദയയും സൗമ്യതയുമാണ്. ഈ ഗുണങ്ങളില്ലെങ്കിൽ ജീവിതം ഹിംസാത്മകമാകും. എല്ലാം നഷ്ടപ്പെടുകയും ചെയ്യും.

അതുകൊണ്ട് ദൈവേഷ്ടം ചെയ്യുക എന്നാൽ സമൂഹത്തിന്റെ സർഗ്ഗാത്മകത വീണ്ടെടുത്ത് ജീവിക്കുക എന്നാണ്. ദൈവരാജ്യം മനുഷ്യരിലാണെന്നാണ് പറയുന്നത്. അത് ഒരു മനുഷ്യനോ ഒരു കൂട്ടം മനുഷ്യരിലോ അല്ല. മനുഷ്യരുടെയെല്ലാം ഉള്ളിലാണ്. അത് പ്രകാശിക്കണമെങ്കിൽ സ്വേച്ഛയേക്കാൾ ദൈവേച്ഛയ്ക്ക് പ്രാധാന്യം നൽകണം.

ഫോൺ: 9633519075

■

LUCKY

MARRIAGE BUREAU

M. : 8082667420 | THOMAS KURIAN | M. : 9870447439

A/25, 2nd Floor, Bhandup Indl., Estate, Pannalal Compound,
L. B. S. Marg, Bhandup (W), Mumbai-400 078.

SUNDAY HOLIDAY

SGF

St. George Fabricators

ISO 9001:2008 QMS CERTIFIED

We Undertake All Kinds of
Fabrication, Machinery, Erection,
Maintenance, Civil Works,
Ship Repairing Transport,
Earth Moving & Crane Service Etc.

Kasaliya Indra Nagar, Tisk,
Usgao-Goa, Pin: 403 406
Tel.: Offi.: 2345116, 9823546632, 9423308065
Res.: 2344115, Fax:2345116
E-mail: st.georgefabricators@gmail.com

ആദ്ധ്യാത്മിക തേജസ്സിന്റെ...

29-ാം പേജിൽ നിന്നു തുടർച്ച...

നിക സജ്ജീകരണങ്ങളോടു കൂടി വിപുലീകരിക്കപ്പെട്ടതും, മലങ്കര സഭാ ഭരണഘടനയും, കാതോലിക്കാസ്ഥാനവും അർത്ഥശങ്കക്കിടയില്ലാതെ അംഗീകരിച്ചുകൊണ്ട് ഇൻഡ്യയുടെ പരമോന്നത നീതിപീഠത്തിൽ നിന്ന് 1995 ജൂൺ മാസം 20-ാം തീയതി സുപ്രധാന വിധി വന്നതും പ. ബാവാ തിരുമേനിയുടെ ഭരണകാലത്തെ പൊൻതൂവലുകളാണ്.

ഓറിയന്റൽ ഓർത്തഡോക്സ് സഭകളുമായും സഭാ തലവൻമാരുമായുമുള്ള സുദൃഢമായ ബന്ധം കാലാകാലങ്ങളിലെ ഇൻഡ്യൻ പ്രധാനമന്ത്രിമാർ പ്രസിഡന്റുമാർ വൈസ്പ്രസിഡന്റുമാർ, സംസ്ഥാനമുഖ്യമന്ത്രിമാർ, ഗവർണർമാർ, മന്ത്രിമാർ, മതനേതാക്കന്മാർ എന്നിവരുമായുള്ള വ്യക്തിബന്ധങ്ങൾ മലങ്കരസഭയുടെ യശസ് ഉയർത്തുവാൻ ഉപോൽബലകമായി.

'ഒരുവൻ എത്രമാത്രം ഉയരത്തിലെത്തുന്നുവൊ അത്രയും അയാൾ ഏകാകിയാണ്', ഇൻഡ്യൻ പ്രധാനമന്ത്രിയായിരുന്ന എ.ബി. വാജ്പേയിയുടെ വാക്കുകളാണിവ. അധികാരത്തിന്റെ ഉത്തുംഗശൃംഗങ്ങളിൽ വിരാജിക്കുന്നവരെ സംബന്ധിച്ച് ഒരു പരിധിവരെ ഇതൊരു യാഥാർത്ഥ്യമാണ്. ദൈവത്തിന്റെ പവിത്രപാണികളിൽ താൻ സുരക്ഷിതനാണ് എന്ന ഉൾബോധം അദ്ദേഹത്തിന്റെ വാക്കിലും, ചിന്തയിലും പ്രകടമായിരുന്നു എങ്കിലും വടക്കൻ ദേശങ്ങളിലെ ദേവാലയങ്ങളിൽ ഉരുണ്ടുകൂടിയ കനത്ത കാർമേഘ പാളികൾ പലപ്പോഴും അദ്ദേഹത്തെ അസ്വസ്ഥനാക്കി. ഇത്തരം സന്ദർഭങ്ങളിൽ അധികമാരും ആശ്വാസം പകർന്നു നൽകുവാൻ ശ്രമിച്ചില്ല. അനുരഞ്ജനത്തിന് പ്രാമുഖ്യം നൽകികൊണ്ടുള്ള പ. പിതാവിന്റെ സമീപനം ബലഹീനതയായി പലരും വ്യാഖ്യാനിച്ചു.

'എത്രത്തോളം ഞാൻ എന്റെ ഉള്ളിൽ വിചാരം പിടിച്ച് എന്റെ ഹൃദയത്തിൽ ദിവസംപ്രതി ദുഃഖം അനുഭവിക്കേണ്ടി വരും' (സങ്കീ. 13:2) എന്ന് ദൈവസന്നിധിയിൽ വിലപിക്കുന്ന സങ്കീർത്തനക്കാരന്റെ പ്രതിനിധി എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കാം. രാത്രിയാമങ്ങളിൽ ദൈവസന്നിധിയിൽ കണ്ണുനീരോടെ മുട്ടുകുത്തി പ്രാർത്ഥിച്ച് പ്രതിസന്ധികൾ ദൈവസന്നിധിയിൽ സമർപ്പിച്ച പുരോഹിത ശ്രേഷ്ഠന്റെ കരുണാർദ്രഭാവം മനോമുകരത്തിൽ തെളിഞ്ഞു നിൽക്കുന്നു. ■

ഗവേഷണ പ്രബന്ധം: വിജയികൾ

പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ 'അന്തർദേശീയ എക്യുമെനിക്കൽ ദർശനം' എന്ന ഗവേഷണ പ്രബന്ധത്തിനുള്ള മാർത്തോമ്മൻ അവാർഡ് നേടിയ ഡോ. എം. കുര്യൻ തോമസ് (30,000 രൂപായും പ്രശസ്തിപത്രവും). രണ്ടാം സ്ഥാനം നേടിയ വിന്നി കെ.കോശി, കൈതയിൽ, വാകത്താനം (12,000 രൂപായും പ്രശസ്തി പത്രവും)
വാഷിങ്ടൺ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി സുവർണ്ണ ജൂബിലിയോടനുബന്ധിച്ചാണ് അഖില മലങ്കര അടിസ്ഥാനത്തിൽ ഗവേഷണ പ്രബന്ധ മത്സരം നടത്തിയത്.

റി|പ്പോ|ർ|ട്ട്

INAMS

സുവിശേഷം ഇന്ത്യൻ സാഹചര്യത്തിൽ

ഐനാംസ് 61–ാമത് കോൺഫറൻസ്

സുവിശേഷം ഇന്ത്യൻ സാഹചര്യത്തിൽ എങ്ങനെ ഫലപ്രദമാക്കാം? പുത്തൻ രാഷ്ട്രീയ പശ്ചാത്തലത്തിൽ മതപരിവർത്തനത്തെക്കുറിച്ചുള്ള വാദകോലാഹലങ്ങൾ ശക്തിപ്പെടുന്നു. ഇന്ത്യൻ ഭരണഘടനയിൽ കേന്ദ്രീകരിച്ചുള്ള മതപ്രവർത്തനങ്ങളുടെ സ്വാതന്ത്ര്യം ഹനിക്കപ്പെടുമോ. ബഹുസ്വരമായ ഇന്ത്യൻ പശ്ചാത്തലത്തിൽ ക്രിസ്തീയ സാന്നിധ്യത്തിന്റെ വിവിധ തലങ്ങൾ അന്വേഷിച്ച് പുനയിൽ ഐനാംസിന്റെ 61-ാമത് കോൺഫ്രൻസ് സമ്മേളിച്ചു. സുവിശേഷം സമകാലീക സാഹചര്യത്തിൽ എന്ന വിഷയം സമഗ്രമായി വിലയിരുത്തി.

നാം എക്കാലവും മാർത്തോമ്മായുടെ പൈതൃകത്തിലും ശ്രേഷ്ഠ മായ ആരാധനയിലും ഊറ്റം കൊണ്ടാണ് കഴിഞ്ഞുവരുന്നത്. എന്നാൽ ഇൻഡ്യൻ സഭയ്ക്ക് ഈ സമൂഹത്തിൽ നിർവഹിക്കേണ്ട ചുമതല വ്യക്തികളായും സഭയായും ക്രിസ്തുവിന്റെപേരിൽ എങ്ങനെ നാം ഇടപെടുന്നു എന്ന് പുനർചിന്തിക്കേണ്ട കാലമായി. നമുക്കവസരമുണ്ട്. ഒസ്താത്തിയോസ് തിരുമേനി മതംമാറ്റത്തെക്കാൾ മനംമാറ്റത്തിനു പ്രാധാന്യം കൊടുത്തുവെന്ന് ആവർത്തിക്കുന്ന നാം അദ്ദേഹം മനസ്സിൽ സൂക്ഷിച്ചിരുന്ന പ്രതീക്ഷകളെ തിരിച്ചറിഞ്ഞ് പ്രവർത്തിക്കേണ്ടതല്ലേ. ക്രിസ്തുവിനെ രക്ഷിതാവെന്ന് ലജ്ജകൂടാതെ എവിടെയും പ്രഘോഷിക്കുവാൻ കഴിയുമ്പോൾ നാം മാർത്തോമ്മായുടെ പാരമ്പര്യത്തിന് അവകാശികളാകും.

ഗീവറുഗീസ് മാർ കൂറീലോസ് മെത്രാപ്പോലീത്ത

നമ്മുടെ ജീവിതലക്ഷ്യം സ്വർഗ്ഗീയപിതാവിന്റെ സത്ഗുണപരിപൂർണ്ണതയിൽ എത്തുക എന്നുള്ളതാണ്. പാപംമൂലം നഷ്ടമായ സാദൃശ്യം മാമോദീസായിൽക്കൂടിയും സഭാജീവിതത്തിൽക്കൂടിയും നാം വീണ്ടെടുക്കണം.

ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത

യേശുക്രിസ്തുവിനെ കർത്താവായി ഹൃദയത്തിൽ വിശുദ്ധീകരിക്കാൻ കഴിയാത്തതിനാലാണ് സുവിശേഷത്തിൽ നാം പരാജയപ്പെടുന്നത്. ആവശ്യക്കാരിലേക്ക് വേദനയിലും വിശപ്പിലും ഇറങ്ങിച്ചെല്ലുവാനുള്ള മനഃസാക്ഷി നമുക്കുണ്ടായാൽ മാത്രമേ അർത്ഥപൂർണ്ണമായ സുവിശേഷം നിർവഹിക്കുവാൻ കഴിയൂ.

ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്താ

മിഷനോടു താല്പര്യമുള്ളവരെയാണ് ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി വിളിച്ചുവരുത്തിക്കൊണ്ടിരുന്നത്. മിഷൻകേന്ദ്രങ്ങളെ പരിചയപ്പെടുത്തിക്കൊടുക്കുക എന്നതാണ് പ്രധാന ഉദ്ദേശ്യം. ക്രിസ്തുവിന്റെ അന്ത്യ നിർദ്ദേശമായ ലോകമൊക്കെയും പോയി തന്റെ സ്നേഹവും ഉപദേശവും പ്രസംഗിച്ച് എല്ലാജാതികളെയും ശിഷ്യരാക്കിക്കൊള്ളുക എന്നതായിരുന്നു തന്റെ പ്രവർത്തന ശൈലി.

പ്രൊഫ. ഡി. മാത്യു

കൊളോണീകരണക്കാർ സുവിശേഷീകരണത്തിന്റെ മറവിൽ നാടിനെ അടിമപ്പെടുത്തിയ ചരിത്രം ഓർമ്മയുള്ള ഭാരതസമൂഹം നമ്മുടെ സുവിശേഷത്തെയും സംശയത്തോടെ മാത്രമേ കാണുകയുള്ളു. എന്തു മാതൃകയാണ് നാം സ്വീകരിക്കേണ്ടത്. മുറിവേറ്റവനെ കരുതുന്ന ക്രിസ്തുവിന്റെ മാർഗ്ഗം നമുക്കിന്നും തള്ളിക്കളയുവാൻ കഴിയുകയില്ല. വേദപുസ്തകം ശരിയായി കാലത്തിനനുസരിച്ച് വ്യാഖ്യാനിക്കുവാൻ കഴിയണം.

പ്രൊഫ. കെ.സി. മാണി

ആനുകാലികജീവിതസാഹചര്യത്തിൽ സഭാമക്കളുടെ മിഷനും ദൗത്യവും സഭയുടെ പാരമ്പര്യത്തിൽ നിന്നുകൊണ്ട് പഠിക്കുവാനാണ് നാം ശ്രമിക്കുന്നത്. മിഷന് അതിൽത്തന്നെ ഒരു ഒറിജിനും ഇനിഷ്യേറ്റീവും ഉണ്ട്. അത് ദൈവത്തിൽനിന്നാണ് വരുന്നത്. മോശയെ വിളിക്കുമ്പോഴും സക്കായിയെ മരത്തിൽനിന്നു വിളിക്കുമ്പോഴും ശൗലിന്റെ വിളിയിലും ദൈവത്തിന്റെ ഇനിഷ്യേറ്റീവ് വ്യക്തമാണ്. ജീവന്റെ അപ്പവും പാപമോചനവും സമാധാനവും പൂർണ്ണമാണ്. അതു ലഭിച്ചിട്ടില്ലാത്തവർക്ക് പങ്കുവച്ച് വർദ്ധിപ്പിക്കുവാനാണ് നാം പോകേണ്ടത്. അപ്പോൾ മാത്രമേ ആരാധന പൂർണ്ണമാകയുള്ളു.

യേശു പറയുന്ന സഭയുടെ അടിസ്ഥാനം മിഷനാണ്. വിളക്കു കത്തിച്ച് പറയിൻ കീഴല്ല തണ്ടിന്മേലത്രേ വെയ്ക്കേണ്ടത്. സഭയുടെ ആരംഭം മിഷനിൽ കൂടിയാണ്. സദ്പ്രവൃത്തി ദൈവമഹത്വത്തിനായി സുവിശേഷമാകണം. അപ്പൊസ്തലപ്രവൃത്തികൾ വ്യക്തി, കുടുംബം, സമൂഹം എന്നിങ്ങനെ സദ്വാർത്ത (Gospel)എത്തിക്കുന്നതിന്റെ ചരിത്രമാണ്. ഇന്ന് നമ്മുടെ ഒരു സങ്കല്പം വാക്കുകളിൽക്കൂടിയുള്ള സുവിശേഷം പ്രത്യേക തരം സമൂഹങ്ങളുടെയും സഭകളുടെയും ചുമതലയാണെന്ന് തോന്നും. നമുക്ക് സാമൂഹ്യപ്രവർത്തനവും പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഇടയിലെ മറ്റുക്ഷേമപ്രവർത്തനവും മാത്രമേ പറഞ്ഞിട്ടുള്ളു എന്നാണ്. എന്നാൽ ഒരു ഉന്നതധാർമ്മികമൂല്യം ജീവിതത്തിൽ പകർത്തി തിന്മയിൽ നിന്നകന്ന് പൂർണ്ണത നേടി സമൂഹത്തിനുവെളിച്ചം കാണിച്ചുകൊടുക്കുന്ന മാതൃക വളരണം.

ലോകചരിത്രത്തിൽ ഓർത്തഡോക്സ് സഭകളെല്ലാം ശക്തമായ സുവിശേഷപാരമ്പര്യമുള്ളവരാണ്. റഷ്യൻ

ഓർത്തഡോക്സ് സഭ വടക്കേഅമേരിക്ക, അലാസ്കാ, ജപ്പാൻ എന്നിവിടങ്ങളിൽ ശക്തമായ പ്രവർത്തനം നടത്തി. ആഫ്രിക്കൻരാജ്യങ്ങളിലൊക്കെ കോപ്റ്റിക് സഭയിന്ന് ശക്തമായി പ്രവർത്തിക്കുന്നുണ്ട്. ഈസ്റ്റേൺ (ബൈസന്റയിൻ) സഭയുടെ പ്രവർത്തനം ലോകമെമ്പാടും വ്യാപിച്ചു കിടക്കുന്നതാണ്.

ഓർത്തഡോക്സ് സുവിശേഷം സമൃദ്ധിയുടെ സുവിശേഷത്തിന്റെയല്ല (Prosperity Gospel). അംഗസംഖ്യയിലുള്ള വർദ്ധനവിൽക്കൂടി സഭയുടെ കൊമ്പുയർത്താനും ബാബേൽഗോപുരം പണിയാനുമല്ല ദൈവരാജ്യം പണിയുന്നതിനുവേണ്ടിയാണ് ക്രിസ്തുവിന്റെ സന്ദേശം ആത്മാവിൽ ഉൾക്കൊള്ളേണ്ടത്.

ഫാ. ഡോ. കെ. ഗീവറുഗീസ്, നാഗപ്പൂർ

മിഷൻ ദൈവത്തിന്റേതാണ്. ശിഷ്യത്വത്തിലേക്കു രൂപാന്തരപ്പെടുത്തുക എന്നത് ഒസ്താത്തിയോസ് തിരുമേനിതൊട്ട് സഭ സ്വീകരിക്കാൻ ആഗ്രഹിക്കുന്ന തലമാണ്. യേശുവിന്റെ സുവിശേഷം ദൈവരാജ്യം സമീപിച്ചിരിക്കുന്നു മാനസാന്തരപ്പെടുക എന്നതാണ്. ഓർത്തഡോക്സിയും അതാണ് ഊന്നൽ കൊടുക്കുന്നതെന്ന് പലരിൽനിന്നും നാം കേട്ടുകഴിഞ്ഞു. ഈ ദൗത്യം ആരെയാണ് ഏല്പിച്ചിരിക്കുന്നത്? അപ്പൊസ്തലന്മാരെ ഈരണ്ടീരണ്ടായി അയയ്ക്കുന്നതായി വി.മത്തായിശ്ലീഹായും 72 അറിയിപ്പു കാരെ അയയ്ക്കുന്നതായി വി.ലൂക്കോസും പറയുമ്പോൾ അത് വ്യക്തികളെയല്ല സഭയെ തന്നെയാണെന്നതിൽ ഉറപ്പുണ്ട്. ഒസ്താത്തിയോസ് തിരുമേനി പതിനാലാമത്തെ വയസ്സിൽ ക്രിസ്തുവിനെ പ്രത്യേകമായി ഉൾക്കൊണ്ടു എന്നത് അദ്ദേഹത്തിന്റെ അനുഭവമാകാം. എന്നാൽ അതാണ് ക്രിസ്തുവിൽ തന്റെ ആദ്യാനുഭവം എന്ന് പറയുവാൻ കഴിയില്ല. അത് ആർക്കായാലും തിരിച്ചറിവിൽ വരുന്ന വ്യത്യാസം ഒരുതുടർച്ചയാണ്. അതുവരെയുള്ള സഭാജീവിതം വ്യർത്ഥമെന്നു പറയാൻ കഴിയില്ല. അതുകൊണ്ടുതന്നെ വ്യക്തിക്ക് എന്തെങ്കിലും തിരിച്ചറിവ് ലഭിക്കുന്നുണ്ട് എന്നുവരികിൽ അതും സഭയിൽ നിന്നാണ്. സാഹചര്യങ്ങൾ എന്തായാലും വേദപുസ്തകം നാം വായിക്കുന്നു രക്ഷിക്കപ്പെട്ടവരെ സഭയോടു ചേർത്തു. സഭയെ സഭയാക്കിത്തീർക്കാനുള്ള പ്രക്രിയയിൽ പങ്കുചേരാം എന്നുമാത്രമേ അനുഭവം ലഭിച്ചവർക്ക് കരണീയമായിട്ടുള്ളു.

സഭയിൽ നിന്ന് വിട്ടൊരു അറിവിന്റെ വഴിയിൽ പോകുന്നതും ശരിയല്ല. നാംസിന്റെയും ഇന്നത്തെ കാലത്തിന്റെ ദൗത്യം സഭയെ സഭയാക്കുന്നതിലാണ്. സഭയുടെ രൂപാന്തരത്തിന് നാംസിന് പലതും ചെയ്യാനുണ്ട്. തിന്മയോടു ചേരാതെ അതു കാണുമ്പോൾ അതിനെ എതിർക്കുന്നതിനാണ് ശ്രമിക്കേണ്ടത്. ദൈവരാജ്യത്തിന്റെ പ്രഖ്യാപനം ആർക്കെങ്കിലും തീവ്രമായി ചെയ്യേണ്ടതുണ്ടെന്നു തോന്നുന്നെങ്കിൽ അതു ശരിയാണ്. പക്ഷെ അത് ഒരു വഴിമാത്രമാണ്. ഉന്നതമായ ജീവിതനിലവാരം കാക്കുന്നതും ക്രിസ്തുവിനോട് താദാത്മ്യംപ്രാപിക്കുന്നതും മറ്റൊരു വഴിതന്നെയാണ്. നാം തന്നെ സുവിശേഷമായി തീരുക എന്നതിന്റെ പ്രാധാന്യം കുറയ്ക്കരുത്. പക്ഷേ ദൈവീകരണപ്രക്രിയയിൽ (Theosis)വളരുവാൻ വളരെയേറെ മുന്നോട്ടു പോകേണ്ടതുണ്ട്. നന്മ (Charity) ചെയ്യുന്നതും ഒരളവിൽ സുവിശേഷമാണ്. നമ്മുടെ കൺമുമ്പിൽ നമുക്കു മാത്രമായി ചെയ്യാൻ സാധിക്കുന്ന നന്മയുടെ അവസരങ്ങൾ ധാരാളം മുന്നിലെത്താറുണ്ട്. നമ്മുടെ മാനസിക ന്യായീകരണങ്ങളിൽക്കൂടി ഓരോതവണയും അതിൽ നിന്നൊഴിയാനാണ് നാം ശ്രമിക്കുക.

ഫാ. ഡോ. ഒ. തോമസ്

ഫാ. വിനീത് കോശി മട്ടയ്ക്കൽ, പ്രൊഫ.ഡോ. ഫീലിപ്പോസ് ജോഷ്വ, പ്രൊഫ. ഡോ. വത്സമ്മ ശാമുവേൽ, കെ.വി.കോശി, അലക്സ്, ബിജു ഏബ്രഹാം എന്നിവരും പ്രബന്ധം അവതരിപ്പിച്ചു. പൂന മേഖലയിലെ ഏഴുപള്ളികൾ പ്രത്യേകിച്ച് ദെഹു റോഡ്, പൂന, കഡ്കി, ചിഞ്ചുവാഡ് ഇടവകചുമതലക്കാർ, വന്ദ്യ കെ.ഐ.ഫിലിപ്പ് റമ്പാച്ചൻ, വന്ദ്യ സിൽവാനിയോസ് റമ്പാച്ചൻ, ഫാ. ജോഷ്വ, ഫാ. ഗീവറുഗീസ് പൊന്നോല, സിസ്റ്റർ എലിസബത്ത്, മാത്യൂസ് ഡി. മാത്യൂസ് ഐനാംസിന്റെ ജനറൽ സെക്രട്ടറി പ്രൊഫ. പി.കെ. കുര്യൻ, ട്രഷറാർ തോമസ് എ. കോശി, സാറാമ്മ സിറിയക് എന്നിവർ നേതൃത്വം നല്കി. അംഗങ്ങളുടെ ദശാംശം ബാലികാഭവനു നല്കി.

തോമസ് പോൾ, സെക്രട്ടറി ഐനാംസ്

■

ഭദ്രാസന സെക്രട്ടറി



മാവേലിക്കര ഭദ്രാസന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ഫാ. എബി ഫിലിപ്പ് കാർത്തികപ്പള്ളി. കരുവാറ്റ മാർ യാക്കോബ് ബുർദാന പള്ളി വികാരിയാണ്.

ഒന്നാം റാങ്കും സ്വർണ്ണ മെഡലും

അണ്ണാ യൂണിവേഴ്സിറ്റിയുടെ ബി.ടെക് (കെമിക്കൽ) പരീക്ഷയിൽ ഒന്നാം റാങ്കും സ്വർണ്ണ മെഡലും നേടിയ മോനാ മേരി വർഗീസ് (സെന്റ് മൈക്കിൾ എഞ്ചിനീയറിംഗ് കോളജ്, കലയാർകോവിൽ). ചെങ്ങന്നൂർ ഭദ്രാസനത്തിലെ തോട്ടപ്പുഴ മാർ ഗ്രിഗോറിയോസ് ഇടവകയിൽ നീലങ്കേരിൽ മത്തായി വർഗീസിന്റെയും ലിസിയുടെയും മകളാണ്. സൺഡേസ്ക്കൂൾ ഏഴ്,ആറ് ക്ലാസുകളിലെമത്സര പരീക്ഷകളിൽ അഖില മലങ്കര തലത്തിൽ ഒന്നുംരണ്ടും റാങ്കുകൾ (2006, 2005) നേടിയിരുന്നു.

ഒന്നാം റാങ്ക്

എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്നും എം.ബി.ബി.എസിന് (MBBS)ഒന്നാം റാങ്ക് കരസ്ഥമാക്കിയ റെനി ബെന്നി. കുന്നംകുളം ഭദ്രാസനത്തിൽ കൊണ്ടാഴി സെന്റ് ജോർജ് പള്ളിയിൽ ഇടിഞ്ഞിക്കുഴിയിൽ ബെന്നി പൗലോസിന്റെ മകൾ.

വിജയികൾ

സൺഡേ സ്ക്കൂൾ സെൻട്രൽ സോൺ ഹയർസെക്കണ്ടറി പ്രസംഗ മൽസരത്തിൽ രണ്ടാം സ്ഥാനം നേടിയ എബി എം. പോൾ ഇടത്തറ പുന്നവേലി സെന്റ് ജോൺസ് പള്ളി ഇടവകാംഗവും ഫാ. പോൾ ഏബ്രഹാമിന്റെയും ഡെയ്സി പോളിന്റെയും മകനുമാണ്.



പ്രസംഗ മൽസരം സൺഡേ സ്ക്കൂൾ സോണൽ തലത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ജിത്തു എം. സന്തോഷ്. പിറവന്തൂർ സെന്റ് മേരീസ് ഇടവകയിൽ പുലിത്തിട്ടയിൽ അഡ്വ. സന്തോഷ് പി. ഏബ്രഹാമിന്റെ മകൻ.

സൺഡേ സ്ക്കൂൾ സെൻട്രൽ സോൺ സീനിയർ സംഗീത മത്സരത്തിന് ഒന്നാം സ്ഥാനം ലഭിച്ച നേഹാ സൂസൻ ജോർജ് തൃക്കോതമംഗം സെന്റ് ജെയിംസ് ഇടവകയിൽ നരിമറ്റത്തിൽ ജോർജ് വർക്കിയുടെയും ലിനി എം.നൈനാന്റെയും മകൾ.



സൺഡേ സ്ക്കൂൾ സെൻട്രൽ സോൺ ജൂണിയർ സംഗീത മത്സരത്തിന് രണ്ടാം സ്ഥാനം നേടിയ ജൂവൽ ജോസഫ് കുറിയാക്കോസ് ചക്കുംചിറയിൽ. തോട്ടയ്ക്കാട് മാർ അപ്രേം പള്ളി. ഇടവകാംഗം.

സൺഡേ സ്ക്കൂൾ സെൻട്രൽ സോൺ ജൂണിയർ സംഗീത മത്സരത്തിന് ഒന്നാം സ്ഥാനം നേടിയ ജൂനിയാ അന്നാ ജോൺ. പുറമറ്റം സെ. മേരീസ് ഊർശ്ലേം സൺഡേ സ്ക്കൂൾ വിദ്യാർത്ഥിനി. ഫാ. ജോൺ ചാക്കോയുടേയും സൂസന്റേയും മകൾ.

ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

സമ്യഗ്

ദർശനം

ബുദ്ധൻ ബോധോദയം ഉണ്ടായിട്ട് ഏഴ് ദിവസങ്ങൾ കഴിഞ്ഞിട്ടും ഒന്നും സംസാരിച്ചില്ല. ദൈവങ്ങൾ വളരെ വേവലാതിപ്പെട്ടു. അവർ ഭൂമിയിൽ ഇറങ്ങിവന്ന് ബുദ്ധന് മുന്നിൽ തലകുനിച്ച് അദ്ദേഹത്തോട് സംസാരിക്കണമെന്ന് ആവശ്യപ്പെട്ടു.കാരണം സഹായം ലഭിക്കേണ്ടവർ വളരെയേറെ ഉണ്ടായിരുന്നു. ബുദ്ധൻ അവരോട് പറഞ്ഞു. "ഞാൻ അതിനെക്കുറിച്ച് ചിന്തിച്ചു. പക്ഷെ രണ്ട് സാധ്യതകളെ ഉള്ളൂ. ഒന്നാമത്തേത് ഞാൻ സംസാരിക്കാം. പക്ഷേ മനസ്സിലാക്കുന്നത് വളരെ കുറച്ച് പേർ മാത്രമായിരിക്കും. ഭൂരിപക്ഷത്തിനും മനസ്സിലാവില്ല. ഒരു പക്ഷെ തൊണ്ണൂറ്റൊൻപത് ശതമാനം ആളുകൾക്കും ഒന്നും മനസ്സിലാവില്ല. അങ്ങനെ എന്റെ പരിശ്രമത്തിന്റെ തൊണ്ണൂറ്റൊൻപത് ശതമാനവും വ്യർഥാവിലാകും".

"എന്നെ ഉൾക്കൊള്ളാൻ പ്രാപ്തരായ ഒരു ശതമാനത്തോട് ഞാൻ സംസാരിക്കാതെ തന്നെ എന്റെ ഉൾക്കാഴ്ച സംസാരിക്കും അധികം താമസിയാതെ അവർ അവരുടെ വഴി കണ്ടെത്തുകയും ചെയ്യും അവരുടെ ധിക്ഷണ അപ്രകാരമുള്ളതാണ്. അവർസത്യത്തിന്റെ തീവ്രകാമുകരാണ് അവർക്കെന്നെ മനസ്സിലാക്കാൻ കാരണമിതാണ്."

"തൊണ്ണൂറ്റി ഒൻപത് ശതമാനം ഒരിക്കലും എന്നെ ഉൾക്കൊള്ളില്ല. എന്നെ ഉൾക്കൊള്ളാൻ പ്രാപ്തരായ ഒരു ശതമാനമാകട്ടെ. ഞാൻ സംസാരിച്ചാലും ഇല്ലെങ്കിലും ഏത് വിധവും എന്നെ ഉൾക്കൊള്ളും അപ്പോൾ ഞാൻ സംസാരിക്കുന്നതെന്തിനാണ്?"

ദൈവങ്ങൾ പ്രയാസത്തിലായി അവർ പറഞ്ഞു കേൾക്കൂ. നിങ്ങൾ പറഞ്ഞത് ശരിയാണ്. നിങ്ങളെ അൽപ്പം പോലും ഉൾക്കൊള്ളാനാകാത്ത ആളുകൾ ഉണ്ട് നിങ്ങൾ ഒന്നും ഉരിയാടാതെ നിങ്ങളെ മനസ്സിലാക്കാൻ കഴിയുന്നവരുമുണ്ട്. എന്നാൽ ഇതിന് രണ്ടിനുമിടയിലുള്ള മനുഷ്യർ ഉണ്ടെന്ന് നിങ്ങൾക്ക് നിഷേധിക്കാനാവുമോ? നിങ്ങൾ സംസാരിച്ചാൽ അത് മനസ്സിലാവുകയും സംസാരിക്കാതിരുന്നാൽ ഒരിക്കലും മനസ്സിലാകാതിരിക്കുകയും അവരെ നിഷേധിക്കുന്നത് നിങ്ങൾക്ക് എങ്ങനെ ന്യായീകരിക്കാനാവും?

ബുദ്ധൻ പറഞ്ഞു "നിങ്ങൾ പറഞ്ഞത് ശരിയാണ്. ദശലക്ഷത്തിലൊരുവൻ സഹായിക്കപ്പെടേണ്ടവനായി ഉണ്ട് " ദൈവങ്ങൾ പറഞ്ഞു ആ ആളെ സഹായിക്കാനുള്ള കടമ നിങ്ങൾക്കുണ്ട് " അതിന് ശേഷമാണ് ബുദ്ധൻ സംസാരിക്കാൻ തുടങ്ങിയത്.

"വാചാലമാകുന്നതാണ് ഏറ്റവും മഹത്തായ കാര്യമെന്ന്
ധരിച്ച് വശാകുന്ന ലോകത്താണ് നാം ജീവിക്കുന്നത്.
സത്യത്തിലേക്കു മൗനിയാകുന്നവരെ
നമുക്ക് കണ്ടെത്താൻ പ്രയാസവുമാണ്.
മൗനം ഭേദിക്കപ്പെടാത്തതിന്റെ ശക്തി
നമ്മെ ആര് ബോധ്യപ്പെടുത്തും.
നമ്മെപ്പറ്റി നാവുകൾ പറയുന്നതിനപ്പുറം
മൗനത്തിന് പറയാനുണ്ടാകും
എന്ന് നമ്മൾ എന്ന് തിരിച്ചറിയും."

E-mail: fr.thirumangalam@gmail.com

വേദശാസ്ത്രം



ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ ആദ്ധ്യാത്മികതാ ദർശനം

ഫാ.ഡോ.ജേക്കബ് കുര്യൻ
(പ്രിൻസിപ്പാൾ, ഓർത്തഡോക്സ് വൈദിക സെമിനാരി)

ആരാധനയുടെ അർത്ഥവും പ്രസക്തിയും:

പ്രപഞ്ചരഹസ്യം രണ്ടുപദങ്ങളിൽ പൗരസ്ത്യ പിതാക്കന്മാർ സംക്ഷേപിക്കുന്നുവെന്ന് മാർ ഗ്രീഗോറിയോസ് കണ്ടെത്തി: Theurgia യും Leitourgia യും.

സൃഷ്ടികർമ്മത്തിനും പരിപാലനത്തിനും ദൈവത്തിന്റെ പ്രവർത്തനം ('Theurgia') നടക്കുമ്പോൾ, സൃഷ്ടിയുടെ ദൈവത്തോടുള്ള പ്രതികരണത്തിന് ആരാധന ('Leitourgia') എന്നുപറയുന്നു. (Leitourgia യിൽനിന്നാണ് Liturgy ഉണ്ടായത്). സൃഷ്ടിയുടെ ദൈവത്തോടുള്ള പ്രതികരണത്തെ മാർ ഗ്രീഗോറിയോസ് മറ്റൊരു പദപ്രയോഗം കൊണ്ട് ഇംഗ്ലീഷിൽ വിശേഷിപ്പിച്ചു: "Joy of Freedom of the children of God" ("ദൈവമക്കളുടെ സ്വാതന്ത്ര്യത്തിന്റെ ആനന്ദം") എന്ന്.

ദൈവസാന്നിദ്ധ്യബോധത്തിൽ, മനുഷ്യർക്ക് സൃഷ്ടിയുടെ മുഴുവൻ പുരോഹിത സ്ഥാനത്തുനിന്ന് സ്നേഹത്തോടെയും സ്വാതന്ത്ര്യത്തോടെയും "അബ്ബാപിതാവേ" എന്ന് വിളിക്കുവാൻ അവകാശം ഉണ്ട്. ആരാധന, യാചനയല്ല. ആരാധന അതിൽതന്നെ സമ്പൂർണ്ണമായ സ്വാതന്ത്ര്യ പ്രകടനമാണ്. ഇതുകൊണ്ടാണ്, ആരാധന സ്ഥലകാല പരിമിതികൾക്കപ്പുറത്തേക്ക് മനുഷ്യനെ പ്രവേശിപ്പിക്കുന്നു എന്ന് മാർ ഗ്രീഗോറിയോസ് എടുത്തുപറഞ്ഞത്.

"Joy of Freedom" എന്ന മാർ ഗ്രീഗോറിയോസിന്റെ ആദ്യഗ്രന്ഥം, പ്രായപൂർത്തിയായെന്നവകാശപ്പെടുന്ന ആധുനിക മനുഷ്യന് ആരാധനയുടെ ആവശ്യം എന്ത് എന്ന ചോദ്യത്തിനുള്ള പ്രതികരണമായിട്ടാണ് എഴുതിയിട്ടുള്ളത്. ഒരു ആശ്രിതന്റെയോ, അടിമയുടെയോ ആവശ്യംപറയൽ അല്ല ആരാധന എന്നും, മക്കളുടെ പക്വതയും പ്രായപൂർത്തിയും മാതാപിതാക്കളെ സ്നേഹിക്കുവാനുള്ള അവകാശവും സ്വാതന്ത്ര്യവും ആയിരിക്കുന്നതുപോലെ, സ്വർഗ്ഗീയപിതാവിന്റെയടുക്കലുള്ള ദൈവമക്കളുടെ സ്നേഹത്തിലുള്ള സ്വാതന്ത്ര്യവും അതിന്റെ ആനന്ദവുമാണ് ആരാധനയെന്നും അതാണ് പൗരസ്ത്യാരാധനയുടെ മൂലമന്ത്രമെന്നും പറഞ്ഞപ്പോൾ അത് അനേകം ഹൃദയങ്ങളിൽ കുളിരേകി. അതിന്റെ ബാക്കിയായിട്ട് അദ്ദേഹം പൗരസ്ത്യാരാധനയുടെ ചില വിശിഷ്ട സ്വഭാവങ്ങൾക്കൂടി എടുത്തുപറഞ്ഞു: അവയിൽ ചിലത് മാത്രം എടുത്തുദ്ധരിക്കട്ടെ.

1. ചരിത്രത്തിനപ്പുറവും, ഇപ്പുറവുമുള്ള സമസ്ത ദൈവസൃഷ്ടിയും പങ്കുചേരുന്ന അനുഭവം. അതിൽ, കാർമ്മികരോ, പാട്ടുകാരോ മാത്രമായിട്ടല്ല, ജീവിച്ചിരിക്കുന്നവരും, വാങ്ങിപ്പോയവരും, അദൃശ്യഗണങ്ങളും പങ്കുകാരാകുന്നു. ക്രിസ്തുവിന്റെ സമ്പൂർണ്ണ ശരീരത്തെക്കുറിച്ചുള്ള അവബോധം ഉറപ്പാക്കുന്നതാണ് പൗരസ്ത്യാരാധന.

2. ഭാഷയിൽ മാത്രമല്ല ആരാധനാ സംവിധാനത്തിലെല്ലാം തദ്ദേശീയ രൂപഭാവങ്ങൾക്ക് പ്രസക്തി.

3. ഐക്കോണുകളിൽകൂടി, ദൈവിക സാന്നിദ്ധ്യത്തിന്റെയും, രക്ഷാചരിത്രത്തിന്റെയും പ്രതീകാത്മക ആവിഷ്ക്കരണവും ഒരു പ്രത്യേക പങ്കാളിത്തവും.

4. വേദവചനങ്ങളുടെയും, വചന ശക്തിയുടെയും സമ്പന്നത

5. മൂർത്തരൂപങ്ങളും, ക്രിയകളും, പ്രതീകങ്ങളും, ദൈവസന്നിധിയിലെ ഒരു വിശുദ്ധ കർമ്മത്തിന്റെ അനുഭവം പ്രദാനം ചെയ്യുന്നു.

6. എല്ലാ ആരാധനാസന്ദർഭങ്ങളും, മനുഷ്യന്റെ സമഗ്ര ജീവിതാവസ്ഥയുടെ സമർപ്പണം ആകുന്നു. രോഗം, സാമൂഹ്യ രാഷ്ട്രീയ സാഹചര്യങ്ങൾ, ജീവിത പ്രശ്നങ്ങൾ എന്നിവയെല്ലാം, അവയ്ക്കുള്ള ദൈവിക പദ്ധതിപ്രകാരമുള്ള അതിജീവനത്തിന്നായിട്ടുള്ള പ്രാർത്ഥനകളും യാചനകളും ധാരാളം ഉൾക്കൊള്ളുന്നു. എന്നാൽ മനുഷ്യൻ ആത്യന്തികമായി, ദൈവികജീവന്റെ പങ്കാളിത്തത്തിലേക്ക് വരണം എന്ന ഊന്നൽ അതിനോട് ചേർത്ത് വ്യക്തമാക്കുന്നു.

7. എല്ലാ ആരാധനാനുഭവങ്ങളും കേന്ദ്രീകരിച്ചിരിക്കുന്നത് **വി. കുർബ്ബാനയിലാണ്.** വി. കുർബ്ബാന, ഒരു കർമ്മാനുഷ്ഠാനം എന്നതിലപ്പുറമായി, ദൈവത്തിന്റെ സ്നേഹപ്രവാഹമാകുന്ന Theurgia യും സൃഷ്ടിയുടെ സ്നേഹ പ്രതികരണമാകുന്ന Leiturgia യും ആയി, ആത്യന്തിക ദൈവമനുഷ്യ (സൃഷ്ടി) സമന്വയവർത്തനം (Synergeia) എന്ന പരമനന്മയിലേക്ക് എല്ലാറ്റിനെയും രൂപാന്തരപ്പെടുത്തിക്കൊണ്ടിരിക്കുന്നു എന്ന് പറഞ്ഞുകൊണ്ടാണ് മാർ ഗ്രീഗോറിയോസ് ആരാധനയെക്കുറിച്ചുള്ള തന്റെ വാക്കുകൾ പൂർത്തീകരിച്ചിട്ടുള്ളത്. ഈ ഉൾക്കാഴ്ചയുടെ അടിസ്ഥാനത്തിലാണ്, **മാനവീയതയുടെ മുഴുവൻ കൗദാശികത്വത്തെക്കുറിച്ച്** (Sacramental Humanism) അദ്ദേഹം

തന്റെ പരിസ്ഥിതി ദർശനത്തിൽ സൂചി പ്പിക്കുന്നത്.

മാർ ഗ്രീഗോറിയോസിന്റെ ആദ്ധ്യാത്മികതാ ദർശനത്തിന് ഭാരതീയവും ആധുനികവുമായ ഒരു വിശേഷണക്കുറിപ്പ്

മാർ ഗ്രീഗോറിയോസിന്റെ ആദ്ധ്യാത്മികതാ ദർശനത്തിന് രണ്ടു സാഹചര്യങ്ങളിൽ പ്രത്യേക പ്രാധാന്യം ഉണ്ട്. ഒന്ന്, ഭാരതത്തിന്റെ ദാർശനികവും ആദ്ധ്യാത്മികവുമായ സാഹചര്യം. രണ്ട്, ആഗോളവത്കൃത സമൂഹത്തിന്റെയും നവകോളണിവൽക്കരണമുന്നേറ്റങ്ങളുടെയും സാഹചര്യം.

ഭാരതത്തിന്റെ ദാർശനികവും ആദ്ധ്യാത്മികവുമായ സാഹചര്യത്തെ അകംപുറം കണ്ട് വിലയിരുത്തുവാൻ മാർ ഗ്രീഗോറിയോസിനു കഴിഞ്ഞു. ഡോ. എസ്. രാധാകൃഷ്ണൻ എങ്ങനെയാണോ പാശ്ചാത്യദർശനത്തെ വിലയിരുത്തിയത് ഏതാണ്ട് അതുപോലെ ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസും ഭാരതീയ ദർശനത്തെ വിലയിരുത്തി. ശ്രീ ശങ്കരന്റെ അദ്വൈതവേദാന്തത്തെയും, ബുദ്ധദർശനത്തെയും ആണ് പ്രധാനമായും അദ്ദേഹം അടുത്തുകണ്ടത്. വിലയിരുത്തലിൽ ഡോ. രാധാകൃഷ്ണനും, മാർ ഗ്രീഗോറിയോസും തമ്മിൽ ഒരു വലിയ അന്തരം ഉണ്ടായിരുന്നു. ഡോ. രാധാകൃഷ്ണൻ പാശ്ചാത്യ ദർശനങ്ങളുടെ ആഴമില്ലായ്മയെ കണ്ടെത്തിയപ്പോൾ, ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് ഭാരതീയ ദർശനങ്ങളുടെ ആഴം കണ്ട് അത്ഭുതപ്പെടുകയും, പൗരസ്ത്യ ക്രൈസ്തവ ദാർശനികഭാവങ്ങൾക്ക് ചരിത്രപരമായ ഒരു ബന്ധം ഭാരതീയ ദർശനങ്ങളോട് ഉണ്ടെന്ന് ഉറപ്പിച്ചുപറയുകയും ചെയ്തു. പ്രച്ഛന്ന ബുദ്ധനാണ്, ശ്രീ ശങ്കരൻ എന്ന് നിരൂപണം ചെയ്തവരുടെ വഴിയിലൂടെ അല്ലെങ്കിലും, ഭാരതീയ ചിന്തയുടെ മഹത്തായ സ്രോതസ് ബുദ്ധദർശനമാണെന്ന് മാർ ഗ്രീഗോറിയോസ് പ്രഖ്യാപിച്ചു. ബുദ്ധദർശനത്തിന്റെ സമഗ്രത അതിന്റെ 'അദ്വയ' വീക്ഷണത്തിലുണ്ടെന്നും, അതിൽ ആദ്ധ്യാത്മികതയും ഭൗതികതയും, ആരാധനയും സാമൂഹ്യധർമ്മവും, ഒരു സമഗ്രസംഗ്രാഹിത്വഭാവത്തോടെ ഉൾക്കൊണ്ടിരിക്കുന്നുവെന്നും തിരിച്ചറിഞ്ഞപ്പോൾ, അവിടെയാണ് ആധുനികത അന്വേഷിക്കുന്ന യഥാർത്ഥ അന്തർദീപനം (Enlightenment- പ്രബുദ്ധത) കുടികൊള്ളുന്നത് എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഈ അന്തർദീപനത്തെ **പരിസ്ഥിതി രമ്യതയുടെ** താക്കോലായും, **സർവ്വമതസംഗ്രാഹിത്വത്തിന്റെ** വാതിലായും, നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിന്റെ ഉൾത്തീയായും, വിശ്വപുരുഷത്വമായ ക്രിസ്തുവിങ്കലേക്കുള്ള **സത്യസോപാനമായും** വിശേഷിപ്പിക്കുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല.

"ആധുനിക" ചിന്താലോകത്തിന്റെ രോഗാതുരതയ്ക്ക് പാശ്ചാത്യ ലോകം തന്നെ കണ്ടെത്തിയ മറുമരുന്നായിട്ടാണ് ഉത്തരാധുനികതയെ പലരും വിശേഷിപ്പിക്കുന്നത്. ആധുനികതയുടെ മുഖമുദ്രകളായ 'വസ്തുവൽക്കരണം' (Objectification), വിഘടനം (Fragmentation), ഉപഭോഗസംസ്കാരം (Consumer Culture), പരിസ്ഥിതിദോഷം (Eco-injustice), തദ്ദേശീയതാവഗണന (Disregard to the Indigenous), ആൺഭരണം (Patriarchy) മുതലായവയെ അതിജീവിക്കുവാനുള്ള ഒരു രീതിശാസ്ത്രം ഫ്രോയിഡും, മാർക്യൂസും, ഗാദമറും ഡിൽറ്റായിയും ഒക്കെ വഴിതെളിച്ച ആധുനിക രീതിശാസ്ത്രങ്ങളിലുണ്ടെന്നുള്ള പ്രതീക്ഷ വെറും വ്യാമോഹമാണെന്ന് മാർ ഗ്രീഗോറിയോസ് ദീർഘദർശനം ചെയ്തു. കാരണം അവയിലും വൈകാരികതയുടെ ഒരു കാല്പനികഭാവമാണ് മൗലികമായ ആത്മദർശനത്തെക്കാൾ ഇടംപിടിച്ചത്. ദൈവം, മനുഷ്യൻ, പ്രപഞ്ചം എന്നിവയുടെ സമഗ്രബന്ധത്തിൽ, സ്വയശൂന്യവൽക്കരണത്തിലൂടെ സ്വയം തിരിച്ചറിയുകയും രൂപപ്പെടുകയും ചെയ്യുന്ന ഒരാത്മദർശനത്തിനു മാത്രമേ ഭാവിഭാഗധേയവുമായി സന്ധിക്കാനാവൂ എന്നതാണ് മാർ ഗ്രീഗോറിയോസിന്റെ ആദ്ധ്യാത്മികതാദർശനത്തിന്റെ മൂലമന്ത്രം. ■

അവാർഡ്

അഖിലേന്ത്യ അവാർഡീ റ്റീച്ചേഴ്സ് ഫെഡറേഷന്റെ 'ഗുരുശ്രേഷ്ഠാ' പുരസ്ക്കാരത്തിന് അർഹനായ ജോൺ കെ. മാത്യു. തഴക്കര എം.എസ്. സെമിനാരി അധ്യാപകനും മാവേലിക്കര ഭദ്രാസന സൺഡേസ്ക്കൂൾ ഡയറക്ടറുമാണ്.

ഉത്തരങ്ങൾ
'പരിശുദ്ധ ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതിയൻ ബാവ'
ക്വിസ് – നവംബർ ലക്കം

1. ഉലഹന്നാൻ, നൈത്തി; 2. 1874 ജൂൺ 16; 3. കുറിച്ചി ബാവാ, കല്ലാശ്ശേരി ബാവാ, കുണ്ടറ ബാവാ, വലിയ ബാവാ; 4. 9-ാം വയസിൽ, പരുമല സെമിനാരിയിൽ, 5. കടവിൽ പൗലൂസ് മാർ അത്താനാസ്യോസ്; 6. 1898 നവംബർ 24; 7. 1929 ഫെബ്രുവരി 15; (മായൽത്തോ പെരുനാൾ); മാർ ഏലിയ കത്തീഡ്രൽ, കോട്ടയം. 8. പഴയ സെമിനാരി (1932* ഏപ്രിൽ 22); 9. പരിശുദ്ധ ഇഗ്നാത്തിയോസ് അബ്ദേദ് മശിഹാ രണ്ടാമൻ. 1912 സെപ്തംബർ 8 ഞായർ; 10. പറുദൈസാ, രഹസ്യ പ്രാർത്ഥനകൾ, മംദാന, പരിശുദ്ധ സഹദേൻമാരുടെ ചരിത്രം, മാർ യൂഹാനോൻ മംദാന; 11. പരിശുദ്ധ സഹദേൻമാരുടെ ചരിത്രം; 12. യൽദോ മാർ ബസേലിയോസ് മഫ്രിയാന; 13. 1951 ഡിസംബർ 21-ാം തീയതി കാതോലിക്കാ കക്ഷിയുടെ റിവ്യൂഹർജി തള്ളികൊണ്ട് തിരുകൊച്ചി ഹൈക്കോടതി വിധി പ്രഖ്യാപിച്ചപ്പോൾ കൽക്കട്ടയിൽ നിന്നു അയച്ച സന്ദേശം; 14. 1934 ഡിസംബർ 26; 15. 1964 ജനുവരി 3

ഉപകാരസ്മരണ



Inserted By:-

ഫാ. വി. എം. ഏബ്രഹാം വാഴയ്ക്കൽ

സെന്റ് ഗ്രിഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാ ഇടവക - കുവൈറ്റ്

2014-15 ലേക്കുള്ള ധനസഹായ അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു

അപേക്ഷകരുടെ ശ്രദ്ധയ്ക്ക്

1) വീട് വെയ്ക്കുന്നതിനുള്ള ധനസഹായം

250 sq.ft. ഉള്ള ഒരു വീടിന് 1,00,000/- രൂപാ ധനസഹായം ലഭിക്കുന്നതാണ്. സ്വന്തമായി ഭൂമിയുള്ളവരുടെ അപേക്ഷ മാത്രമേ പരിഗണിക്കു. ഉടമസ്ഥാവകാശത്തിന്റെ ശരിയായ രേഖകൾ അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. അപേക്ഷകന്റെ പേരിൽ വേറെ വീടില്ലായെന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

2) വിവാഹ ധനസഹായം

സഹായനിധി 40,000/- രൂപാ ആയിരിക്കുന്നതാണ്. വിവാഹ ദേശക്കുറി ലഭിച്ച തിനു ശേഷം മാത്രമേ തുക ലഭിക്കയുള്ളു.

3) വീട് നന്നാക്കുന്നതിനുള്ള ധനസഹായം

സഹായനിധി സാഹചര്യം അനുസരിച്ച പരമാവധി 20,000/- രൂപ ആയിരിക്കുന്നതാണ്.

4) മറ്റു ധനസഹായങ്ങൾ

മറ്റു ധനസഹായങ്ങളായ ചികിത്സാ, വിദ്യാഭ്യാസം എന്നിവയ്ക്കുള്ള അപേക്ഷയോടൊപ്പം ഇടവക വികാരിയുടെ സാക്ഷ്യപ്പെടുത്തുന്ന കത്ത്, ബന്ധപ്പെട്ട മറ്റു രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്

നിബന്ധനകൾ

ക്രമ നമ്പർ 1,2,3. എന്നിവയുടെ അപേക്ഷകളോടൊപ്പം ഇടവക വികാരിയുടെയും, മാനേജിംഗ് കമ്മറ്റിയംഗങ്ങളുടേയും, അതതു ഭദ്രാസന മെത്രാപ്പോലീത്തായുടെയും സാക്ഷ്യപ്പെടുത്തുന്ന കത്ത് ഹാജരാക്കേണ്ടതാണ്.

അപേക്ഷ ലഭിക്കേണ്ട അവസാന തീയതി - 28, ഫെബ്രുവരി, 2015

എന്ന് ഇടവകയ്ക്കുവേണ്ടി,

സാബു ഏലിയാസ്
സെക്രട്ടറി.

അപേക്ഷ അയയ്ക്കേണ്ട വിലാസം:
St.Gregorios Indian Orthodox Maha Edavaka (B17)
P.O.Box. 80, Safat 13001, Kuwait

ധനസഹായ അപേക്ഷാഫോറം

ഏത് സഹായത്തിന് അപേക്ഷിക്കുന്നു :- ....

പേര്:- .... വയസ്സ്:- ....

വിദ്യാഭ്യാസ യോഗ്യത:- ....

തോഴിൽ:- ....

മേൽവിലാസം:- ....

....

....

പിൻകോഡ് :- .... ഫോൺ :- ....

ഇടവക:- .... ഫോൺ :- ....

വികാരി:- .... ഫോൺ :- ....

ഭദ്രാസനം:- ....

അപേക്ഷകന്റെ പ്രതിമാസ വരുമാനം: .... ഭൂസ്വത്ത് വിവരം :- ....

ഇതിനുമുമ്പ് ഈ ഇടവകയിൽ നിന്ന് സഹായം ലഭിച്ചിട്ടുണ്ടോ :- ....

ഉണ്ടെങ്കിൽ ഏതുവർഷം :- .... എന്താവശ്യത്തിന് :- ....

എത്ര തുക ലഭിച്ചു :- ....

കുടുംബാംഗങ്ങളുടെ പൂർണ്ണ വിവരം

പേര്	അപേക്ഷകനുമായുള്ള ബന്ധം	വയസ്സ്	തൊഴിൽ	വാർഷിക വരുമാനം

അപേക്ഷകന്റെ ഒപ്പ് .... തീയതി ....

പുസ്തകശാല

പ. ഗീവർഗീസ് രണ്ടാമൻ ബാവാ...

കെ. വി. മാമ്മൻ



സഭാ ചരിത്രത്തിൽ 70 വർഷത്തെ അനുഭവ പശ്ചാത്തലത്തിൽ പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ യെക്കുറിച്ചുള്ള സമ്പൂർണ്ണ ജീവചരിത്രവും വിശകലനവും. ആശംസ-പ. കാതോലിക്കാ ബാവാ, അവതാരിക: ഡോ.യാക്കോബ് മാർ ഐറേനിയോസ്, കോട്ടയ്ക്കൽ പബ്ലിഷേഴ്സ്,മാങ്ങാനം, കോട്ടയം-18, വില-200, പേജ് 320.

ഗുരു ഗ്രീഗോറിയോസ്

ഫാ.ഡോ.കെ.എം. ജോർജ്ജ്

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ ജീവിതവും പ്രവർത്തനവും വെളിപ്പെടുത്തുന്നു. ഗുരുവിനെക്കുറിച്ച് ശിഷ്യന്റെ അനുസ്മരണങ്ങളും നിരീക്ഷണങ്ങളും. സോപാന ഓർത്തഡോക്സ് അക്കാദമി, ഞാലിയാകുഴി,കോട്ടയം,പേജ് 175, വില 125.

സാഹിത്യം സാന്ത്വനത്തിന്

ഡോ. കെ.എൻ. മാത്യു വൈദ്യൻ കോർഎപ്പിസ്ക്കോപ്പാ

കലയും സാഹിത്യവും സാന്ത്വനത്തിന് എന്ന ദർശനം പകരുന്ന കൃതി. കലാസാഹിത്യ രംഗത്ത് മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രതിഭകളെക്കുറിച്ചുള്ള വിവരണം. അവതാരിക: ഡോ. സി.ജെ.റോയ് ഹഗിയോസ് ബുക്സ്, മാവേലിക്കര-2, പേജ് 120, വില. 80.

പഴയ പുതിയ നിയമ പൊരുത്തം

ഇ.എം. പൈലി



പഴയ നിയമവും പുതിയ നിയമവും തമ്മിലുള്ള ബന്ധം വേദഭാഗ ഉദ്ധരണികളുടെയും ഒത്തുവാക്യങ്ങളുടെയും അടിസ്ഥാനത്തിൽ വിശദീകരിക്കുന്നു. വേദപുസ്തകം സൂക്ഷ്മതയോടെ വായിച്ചു പഠിക്കുന്നവർക്ക് ഉത്തമം. അവതാരിക ഫാ.ഡോ.റ്റി. ജെ.ജോഷ്വാ, എം.ഒ.സി. പബ്ലിക്കേഷൻസ്, കോട്ടയം. പേജ്. 96, വില 60

വാ|യ|ന



തിരുവചന വനിതകൾ

ഫാ. ഡോ. റ്റി. ജെ. ജോഷ്വ

സി.എസ്.എസ്. തിരുവല്ല, 150 രൂപ

മലയാള സാഹിത്യത്തിൽ സാന്ത്വന ദർശനം പകരുന്ന പ്രശസ്ത പ്രഭാഷകനും ദാർശനികനും വേദപണ്ഡിതനുമായ അഭിവന്ദ്യ ഡോ.റ്റി.ജെ. ജോഷ്വാ അച്ചന്റെ 'തിരുവചന വനിതകൾ' വായനയുടെ പുതിയ ലോകം തുറക്കുന്ന പ്രൗഢകൃതിയാണ്.

ബൈബിളിലെ മുപ്പത്തിയഞ്ച് വനിതകളുടെ ജീവിതവും പ്രവൃത്തിയും പുതിയ സാമൂഹിക ചരിത്ര പശ്ചാത്തലത്തിൽ ധ്യാനാത്മകമായി ഈ കൃതിയിൽ വിശകലനം ചെയ്തിരിക്കുന്നു.സ്ത്രീകൾക്കു നേരെയുള്ള വിവിധതര അതിക്രമം, ഗാർഹിക പീഡനം, തിരസ്ക്കരണം എന്നിവ വർദ്ധിക്കുന്ന സാഹചര്യത്തിൽ ബൈബിളിലെ വനിതകളുടെ ജീവിതവും സാക്ഷ്യവും സ്ത്രീകളോടുള്ള ക്രിസ്തുവിന്റെ സമീപനവും സ്ത്രീകളുടെ നേതൃത്വത്തിനും പങ്കാളിത്തത്തിനും പുത്തൻ ഉണർവ് പകരുന്നു. പുതിയ-പഴയനിയമങ്ങളിലെ പ്രശസ്തരായ ഇരുപത്തിയേഴ് വനിതകളെക്കുറിച്ചും പേരുവെളിപ്പെടുത്തിയിട്ടില്ലാത്ത എട്ടുപേരെക്കുറിച്ചും സമഗ്രമായ പ്രതിപാദനങ്ങൾ ഇതിലുണ്ട്. വേദ വിശകലനത്തിൽ ബൈബിളിലെ തെരഞ്ഞെടുത്ത വനിതകളെക്കുറിച്ചുള്ള പാഠഭാഗങ്ങൾ, നാമവിശകലനം, നാമവിശേഷണം, കഥാപാത്രത്തിന്റെ വേദ പശ്ചാത്തല വിവരണങ്ങൾ, വ്യാഖ്യാനങ്ങൾ, പാഠഭാഗത്തിന്റെ സാമൂഹിക-രാഷ്ട്രീയ വേദശാസ്ത്ര പശ്ചാത്തല പഠനങ്ങൾ എന്നിവയ്ക്കുശേഷം വേദവിശകനങ്ങളിൽ നിന്നും ഉരുത്തിരിയുന്ന സന്ദേശങ്ങൾ അക്കമിട്ട് കാലികമായി അടയാളപ്പെടുത്തുന്ന വേദാപഗ്രഥന രീതിശാസ്ത്രമാണ് ഡോ. റ്റി. ജെ. ജോഷ്വാ അച്ചൻ നിർവ്വഹിച്ചിരിക്കുന്നത്. ഇത് ബൈബിൾ പ്രഭാഷണവും, ബൈബിൾ ക്ലാസ്സും എടുക്കുന്നവർക്കും, ബൈബിൾ സമഗ്രമായിപഠിക്കുവാൻ ആഗ്രഹിക്കുന്നവർക്കും പുത്തൻ ഉൾക്കാഴ്ച പകരും.

ബൈബിളിലെ ഉത്തമ സ്ത്രീ കഥാപാത്രങ്ങളുടെ വിശിഷ്ട സ്വഭാവങ്ങളും ശ്രേഷ്ഠ അനുഭവങ്ങളും വിചിന്തനം ചെയ്യുന്നതിനോടൊപ്പം അധമ സ്വഭാവം പ്രകടമാക്കിയ വേദ വനിതകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. 'സമൂഹത്തിൽ രണ്ടുതരം സ്വഭാവമുള്ള സ്ത്രീകളും ഉണ്ടല്ലോ. ഉത്തമ സ്ത്രീകളിൽ നിന്നും നന്മ ഉൾക്കൊള്ളുകയും അധമരെ തിരസ്ക്കരിക്കുവാൻ മുൻകരുതൽ എടുക്കുകയും ചെയ്യണ'മെന്നും ആഹ്വാനം ചെയ്യുന്നു. തിരുവചന വനിതകളിൽ ബൈബിളിലെ ഓരോ സ്ത്രീ കഥാപാത്രത്തെയും സമഗ്രമായി അവതരിപ്പിക്കുന്നു. ഏറ്റവും യോജ്യമായ തലക്കെട്ടുകളും വിശേഷണങ്ങളും നൽകിയതിനാൽ ഹൃദ്യത പകരുന്ന അവതരണമാണ്. ആൺകോയ്മ നിറഞ്ഞ സാമൂഹിക വ്യവസ്ഥിതിയിൽ ബൈബിളിലെ സ്ത്രീ കഥാപാത്രങ്ങളുടെ പ്രാതിനിധ്യവും നേതൃത്വവും നീതിപൂർവ്വം വ്യാഖ്യാനിച്ചിരിക്കുന്നതിനാൽ വായനക്കാർക്ക് സ്ത്രീകളോട് ആദരവും അംഗീകാരവും പകരുവാൻ പ്രേരണ നൽകും. ആഴമായ പഠനം, മനനം, ഗവേഷണം, എന്നിവയിലൂടെ 'തിരുവചനത്തിലെ വനിതകളുടെ സ്വഭാവവും നിർണായകമായ നിലപാടുകളും ഭാഷയുടെ സങ്കീർണ്ണതകളില്ലാതെ തെളിമയോടെ ഇതിൽ അവതരിപ്പിക്കുന്നു.

തിരുവചന വനിതകളുടെ സുഖകരമായ വായന ഹൃദയത്തിന് പകർന്നത് വിശുദ്ധിയുടെ സ്ത്രൈണ ദർശനമാണ്. യേശു സ്ത്രീകൾക്ക് നൽകിയ വിമോചനത്തിന്റെയും സുരക്ഷത്വത്തിന്റെയും പുത്തൻപ്രകാശമാണിത്. ക്രിസ്തു പകർന്ന സ്ത്രീപുരുഷ സമത്വത്തിന്റെയും, സ്ത്രീ പങ്കാളിത്തത്തിന്റെയും നേതൃത്വഘടന വായനക്കാർക്ക് പകരുന്ന മലയാളത്തിന്റെ സാന്ത്വന ദാർശനികനായ വന്ദ്യ. ഡോ. റ്റി. ജെ. ജോഷ്വാ അച്ചന് വനിതാസമൂഹത്തിന്റെ ഹൃദയപൂർവ്വമായ ആദരം.

- അഡ്വ. ജെയ്സി കരിങ്ങാട്ടിൽ

പിൻവഴി



കൊടുത്തു ഒരടി...
എനിക്കു അത് ഹിതമായി:
നിങ്ങൾക്കോ...?

ബോളിവുഡ് നടി ഗൗഫർഖാന്റെ വേഷം കണ്ട് അഖിൽ മാലിക്കിന് സഹിച്ചില്ല കൊടുത്തു ഒരടി...

(മലയാളമനോരമ-3/12/2014)

ചിലപ്പോഴൊക്കെ ചിലരുടെ വേഷവിധാനം കാണുമ്പോൾ തോന്നിയിട്ടുണ്ട് 'ഒരടി കൊടുക്കണം' എന്ന്. പക്ഷെ ഒരു പുരോഹിതൻ എന്ന നിലയിൽ ചില പരിമിതികൾ ഉള്ളതുകൊണ്ട് അങ്ങനെ ഒരു യജ്ഞത്തിന് ഒരുമ്പെട്ടിട്ടില്ല. അങ്ങനെ ഗൗഫർഖാനെ അടിച്ച അഖിൽ മാലിക്കിനെ പോലീസ് കസ്റ്റടിയിൽ എടുത്തു. എന്നാൽ അറസ്റ്റിലായ അഖിൽ മാലിക്ക് ഇങ്ങനെ അറിയിച്ചു "ഗൗഫർഖാൻ ഇനി ജീവിതത്തിൽ ഒരിക്കലും ഷോർട്ട്സ് ധരിക്കരുത്. അതിനാണു അടി കൊടുത്തത്. ഗൗഫർഖാന്റെ വേഷം കണ്ടപ്പോൾ എനിക്കും എന്തൊക്കെയോ തോന്നി. മറ്റു പുരുഷന്മാർക്കും അതു തോന്നിയിട്ടുണ്ടാവണം.യുവാക്കളുടെ തലച്ചോർ തകരാറിലാക്കുന്നവരാണ് ഇത്തരം വേഷം ധരിക്കുന്ന പെണ്ണുങ്ങൾ."

ആധുനിക സമൂഹത്തിൽ പല സ്ത്രീകളുടെയും യുവാക്കളുടെയും വസ്ത്രധാരണം കാണുമ്പോൾ തോന്നിയിട്ടുള്ളത് അവരിൽ ചിലർ എങ്കിലും ഏറ്റവും കുറച്ച തുണിക്കഷണം ധരിച്ച് തയ്യൽക്കാരെ എങ്ങനെ സഹായിക്കാം എന്നു ചിന്തിക്കുന്നവർ ആണെന്നാണ്. വസ്ത്രധാരണത്തിൽ പുരുഷന്മാരും സ്ത്രീകളും ഒക്കെ അൽപ്പം ശ്രദ്ധിക്കുക ആണെങ്കിൽ എത്രമനോഹരം ആയേനെ? ഈയടുത്തകാലത്ത് എന്റെ ഓഫീസിൽ ഒരു ചെറുപ്പക്കാരൻ സർട്ടിഫിക്കറ്റ് വാങ്ങാൻ വന്നു. അവന്റെ നില്പു കണ്ടപ്പോൾ എന്തോ ഒരു പന്തികേടുപോലെ എനിക്കു തോന്നി. കാരണം അവൻ ധരിച്ചിരുന്ന പാന്റ് ഇപ്പോൾ ഊർന്നുപോകും എന്നു ഞാൻ കരുതി. അതിനെക്കുറിച്ച് എന്റെ ആശങ്ക അറിയിച്ചപ്പോൾ അവൻ വളരെ നിസ്സാരമായി പറഞ്ഞു "അച്ചാ, ഇതു low waist pants ആണ്." ഊർന്നു പോകയില്ല. മറ്റൊരവസരത്തിൽ ഒരു പെൺകുട്ടി ധരിച്ചിരുന്ന വസ്ത്രം എനിക്കങ്ങോട്ട് പിടിച്ചില്ല. പാന്റ് പോലെ ഏതോ ഒന്ന് അവൾ ധരിച്ചിരുന്നു. എന്നാൽ അതു താഴോട്ട് കാൽ മുട്ടിന്റെ താഴെവരെ മാത്രം. കൂടെയുണ്ടായിരുന്ന അവളുടെ അമ്മയോട് എന്റെ നീരസം അറിയിച്ചപ്പോൾ ആ അമ്മ പറഞ്ഞു "അച്ചാ ഇതു 3/4 ആണ്. ഇതാണ് ഇപ്പോഴത്തെ ഫാഷൻ". ഏതായാലും അതു $^1/_2$ ആകാഞ്ഞത് നന്നായി എന്നു ആത്മഗതം ചെയ്തു.

പുരുഷൻ വസ്ത്രം ധരിക്കുന്നത് ശരീരം മറയ്ക്കാനും സ്ത്രീ അതു പ്രദർശിപ്പിക്കുവാനും എന്ന നിലയിലാണ് ഇന്നത്തെ കാലത്തെ വസ്ത്രധാരണരീതി പലപ്പോഴും കാണുന്നത്. ഇതു ഖേദകരമാണ്. വസ്ത്രശാലകൾ ഇന്നു കേരളത്തിൽ കൂണുപോലെ മുളച്ചുവരുന്നു. പക്ഷെ വസ്ത്രധാരണത്തിൽ വസ്ത്രത്തിന്റെ അളവും കുറഞ്ഞു കുറഞ്ഞുവരുന്നു. ഇന്നുകൗമാരക്കാരായ യുവതീയുവാക്കളുടെ വസ്ത്രധാരണരീതി കാണുമ്പോൾ അവർ എങ്ങനെ വികൃതമായി വസ്ത്രം ധരിക്കാമെന്ന് ഗവേഷണം ചെയ്യുകയാണെന്നു തോന്നും. സ്ത്രീകൾ താഴെ നിന്നും മുകളിലേയ്ക്കു വസ്ത്രം കുറയ്ക്കുമ്പോൾ പുരുഷൻ മുകളിൽ നിന്നും താഴേക്കു കുറയ്ക്കുന്നു.

എന്താണ് ഇങ്ങനെ ഒക്കെ സംഭവിക്കുന്നത്? കുറ്റപ്പെടുത്തലിന്റെ ചൂണ്ടുവിരൽ നീളുന്നത് യുവതീയുവാക്കളുടെയും കൗമാരക്കാരുടെയും നേർക്കാണെങ്കിലും മറ്റു നാലുവിരലുകളും മുതിർന്നവർക്കു നേരെയാണ് ചൂണ്ടുന്നതെന്നോർക്കണം.'മക്കളെ അച്ചടക്കത്തോടെ വളർത്തുന്നതിൽ ഇന്നു പല മാതാപിതാക്കളും തികഞ്ഞ പരാജയം തന്നെ. എന്നാൽ അവരിൽ പലരും പൊതുരംഗത്ത് വാചാലതയും മേധാവിത്വവും കാണിച്ചുവരുന്നു. പുതിയ ഗൃഹാന്തരീക്ഷത്തിൽ മുതിർന്നവർ ആജ്ഞാനുസാരികളും കുട്ടികൾ അധികാരികളും അമിത സ്വാതന്ത്ര്യം അനുഭവിക്കുന്നവരുമായി മാറിയിരിക്കുന്നു. ആവശ്യമില്ലാത്ത വസ്ത്രധാരണവും ഇഷ്ട ഭക്ഷണവും മാത്രമല്ലാ മൊബൈൽ ഫോണും ലാപ്ടോപ്പും പിന്നെ വേണ്ടിടത്തോളം പണവും കൊടുത്താണ് ഇന്നു പല മാതാപിതാക്കളും കുട്ടികളോടുള്ള സ്നേഹം പ്രടിപ്പിക്കുന്നത്. മക്കൾക്കു മുമ്പിൽ നിയന്ത്രണങ്ങളുടെയോ നിഷേധത്തിന്റെയോ നിലപാട് സ്വീകരിക്കാനുള്ള ധൈര്യം ഇന്നത്തെ മാതാപിതാക്കൾക്കില്ല. ഈ രീതി തുടർന്നാൽ ഇതു എവിടെ ചെന്നവസാനിക്കും? ആഴമായി ചിന്തിക്കുക.

പിൻവഴി

"ദൈവം മനുഷ്യരെ
സൃഷ്ടിച്ചു.
തുന്നൽക്കാരൻ
മാന്യന്മാരെ സൃഷ്ടിച്ചു."

ഫാ. സി. ജോൺ ചിറത്തിലാട്ട്

In Everloving Memory of

VARKEY KOCHU VARKEY	SARAMMA KOCHU VARKEY	ANNAMMA GEORGE
32nd Anniversary	8th Anniversary	10TH Anniversary
23rd July 2014	27th October 2014	30th January 2015



Gone but never forgotten
will meet in the heavenly abode.

Children and Grand Children

Chandraviruthil House, Thiruvalla

In Everloving Memory of



(22-01-1892 to 05-01-1960)

Rev. Father Samuel Mattathil

(S/o Sri. Varghese Kurien, Mattathil &
Manarcaud Pothanickal Smt. Annamma,
Thazhathangadi, Kottayam,
Former Managing Committe Member from
Cheriapalli, Kottayam)

Founder Vicar of Orthodox Syrian Church, Calicut, a dedicated missionary priest who was instrumental in establishing several Churches in Malabar and Wynad regions, a scholar of Syriac and Church Sacraments who handled 13 other languages easily.

(17-11-1909 to 25-04-1990)

Mrs. Mariamma Samuel

D/o Sri. Pavoonni Master, Chowalloor House
& Kunnamkulam Panakkal Smt. Achamma,
(Maliekkal), Thozhiyur, Kunnamkulam

Inserted By:

Children, Grand Children and Great Grand Children, Mattathil Family, a branch of Adangappuram, Kallooppara
Mob.9447456938, 0481-2570759

thumpamonpally
സെന്റ് മേരീസ്
ഓർത്തഡോക്സ് കത്തീഡ്രൽ
(ഭദ്രാസനദേവാലയം) തുമ്പമൺ
സ്ഥാപിതം A.D. 717
www.thumpamonpally.com
തുമ്പമൺ ഭദ്രാസന
ദേവാലയ പെരുന്നാൾ
ദർശനം 2015 ജനുവരി 16, 17
2015 ജനുവരി 3 മുതൽ 18 വരെ
(1190 ധനു 19 മുതൽ മകരം 4 വരെ)
വി.ദൈവമാതാവിന്റെ ഓർമ്മപ്പെരുന്നാൾ • പരി.ശീമോൻ മാർ ഇഗ്നാത്തിയോസ് അഹത്തള്ള പാത്രിയർക്കീസ് ബാവയുടെ 362-ാമത് ഓർമ്മപ്പെരുന്നാൾ • പരി.ബസ്സേലിയോസ് ഗീവർഗീസ് ദ്വിതിയൻ കാതോലിക്കാ ബാവയുടെ 51-ാമത് ശ്രാദ്ധപ്പെരുന്നാൾ, ഛായാചിത്രഘോഷയാത്ര, ചരമസുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപനം • വി.മൂന്നിൻമേൽകുർബ്ബാന
• വി.അഞ്ചിൻമേൽകുർബ്ബാന • ഹിന്ദി കുർബ്ബാന • സുവർണ്ണജൂബിലി സ്മാരക ഭവന കൂദാശ
• പാൽ-പാച്ചോർ നേർച്ച • കുടുംബസംഗമം • ബാലസംഗമം • ഭക്തിനിർഭരമായ വലിയറാസ
• ചരിത്രപ്രസിദ്ധമായ തുമ്പമൺപള്ളി കമ്പം • ശ്ലൈഹീക വാഴ്‌വ് • നാടകം
അഭി.ഗീവർഗീസ് മാർ കൂറിലോസ്, അഭി. ഡോ. യാക്കൂബ് മാർ ഐറേനിയോസ്,
അഭി. ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്, അഭി. ഡോ. ഗീവർഗീസ് മാർ യൂലിയോസ്
എന്നീ തിരുമേനിമാരുടെ മുഖ്യകാർമ്മികത്വത്തിൽ
വികാരി റവ. ഫാ. സാമുവൽ ജോൺതേവത്തുമണ്ണിൽ, 9495523359

St. Mary's Orthodox Church
Ghala, Muscat

(A Parish under Ahmedabad Diocese of The Malankara Orthodox Syrian Church)

പ്രഥമ ഇടവക പെരുന്നാൾ സപ്ലിമെന്റ്



H.H. Moran Mar Baselios Marthoma Paulose II Bava



H.G. Dr. Geevarghese Mar Yulios



H.G. Geevarghese Mar Coorilos



Fr. Titus John (Main Speaker)

Fr. George Varghese (Vicar)

P.C. Cherian (Hon. Trustee)

K.C. Thomas (Secretary)

Mathew Ninan

Thomas Daniel

(General Convenors)

ഇടവക: ഒരു അവലോകനം

- ബാബു വർഗ്ഗീസ്, മുളമൂട്ടിൽ

2014 ഏപ്രിൽ മാസം ഒന്നാം തീയതി മലങ്കര സഭയ്ക്ക് അഹമ്മദാബാദ് ഭദ്രാസനത്തിൻ കീഴിൽ മസ്ക്കറ്റിലെ ഗാല ചർച്ച് കോംപ്ലക്സിൽ ഒരു ഇടവക കൂടി പ. ദൈവമാതാവിന്റെ നാമത്തിൽ രൂപീകൃതമായി.

1991 മേയ് മാസം 15–ാം തീയതി ബുധനാഴ്ച വൈകിട്ട് അന്നത്തെ മാർ ഗ്രീഗോറിയോസ് ഇടവക വികാരിയായിരുന്ന പരേതനായ ജോൺ വി. ജോൺ കോറെപ്പിസ്ക്കോപ്പ ആദ്യമായി ഗാല ഗുഡ് ഷെപ്പേർഡ് ഹാളിൽ വച്ച് വി. കുർബ്ബാന അർപ്പിച്ചു. ബുധനാഴ്ചകളിൽ വൈകിട്ട് 7 മണിക്ക് തുടങ്ങുന്ന ആരാധന സമീപ പ്രദേശങ്ങളിൽ പ്രത്യേകിച്ച് ക്യാമ്പുകളിൽ കഴിയുന്ന വിശ്വാസികൾക്ക് വളരെയധികം അനുഗ്രഹപ്രദമായിരുന്നു. അന്നു തുടങ്ങിയ ചെറിയ ആരാധനാ കൂട്ടായ്മയാണ് വളർച്ചയുടെ വിവിധ ഘട്ടങ്ങൾ പിന്നിട്ട് ഒരു സ്വതന്ത്ര ഇടവകയായി രൂപം പ്രാപിച്ചത്. 2010 ഓഗസ്റ്റ് മുതൽ എല്ലാ മാസത്തിലേയും 4–ാമത്തെ ചൊവ്വാഴ്ചകളിൽ വൈകിട്ട് ഗുഡ് ഷെപ്പേർഡ് ഹാളിൽ വച്ച് പ്രാർത്ഥനാ യോഗങ്ങൾ മുടക്കം കൂടാതെ നടന്നു വരുന്നു. 2011 മാർച്ച് മാസം 18–ാം തീയതി ഇടവക മെത്രാപ്പോലീത്താ അഭി. ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് തിരുമേനി ഈ പ്രാർത്ഥനാ യോഗത്തെ "മോർത്ത മറിയം മലങ്കര ഓർത്തഡോക്സ് കോൺഗ്രിഗേഷൻ" എന്ന് നാമകരണം ചെയ്ത് പ്രഖ്യാപനം നടത്തി. 2013 ജൂൺ മാസം 8–ാം തീയതി മുതൽ എല്ലാ ശനിയാഴ്ചകളിലും രാവിലെ വി. കുർബ്ബാന അർപ്പിച്ചു വരുന്നു.

2014 ജനുവരിയിൽ അഭി. ഇടവക മെത്രാപ്പോലീത്താ ഈ കോൺഗ്രിഗേഷനെ, 2014 ഏപ്രിൽ ഒന്നു മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം **"സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച്"** എന്ന പേരിൽ ഒരു സ്വതന്ത്ര ഇടവകയായി പ്രഖ്യാപിച്ചുകൊണ്ട് കൽപ്പന പുറപ്പെടുവിച്ചു. 2014 ഏപ്രിൽ മാസം 2–ാം തീയതി ബുധനാഴ്ച വൈകിട്ട് മാർ ഗ്രീഗോറിയോസ് മഹാഇടവകയിൽ നിന്നും പകർന്നു നൽകിയ ദീപശിഖയിൽ നിന്നും പ. മദ്ബഹായിലേക്ക് ദീപം തെളിയിച്ചു കൊണ്ട് ഇടവകയുടെ ഔപചാരികമായ ഉത്ഘാടനം ഇടുക്കി ഭദ്രാസനാധിപൻ അഭി. മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ നിർവ്വഹിക്കുകയും വി. കുർബ്ബാന മദ്ധ്യേ പ്രഖ്യാപനം നടത്തുകയും ചെയ്തു.

139 അംഗങ്ങളുമായി തുടങ്ങിയ ഈ ഇടവകയിൽ ഇന്ന് 235 സജീവ അംഗങ്ങളുണ്ട്. 2014–ലെ ഹാശാ ആഴ്ച ശുശ്രൂകളും ക്രിസ്തുമസ് കാരൾ സർവീസും ഭംഗിയായി നടത്തുവാൻ ദൈവകൃപയാൽ സാധിച്ചു. ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ ആത്മീയ സംഘടനകളായ സണ്ടേസ്ക്കൂൾ, യുവജന പ്രസ്ഥാനം, സ്ത്രീ സമാജം, ആമോസ് എന്നിവയുടെ പ്രവർത്തനങ്ങൾ തുടങ്ങുകയും ഇടവകയുടെ നാനോന്മുഖമായ വികസന പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിക്കുകയും ചെയ്യുന്നു. സഭയുടെ ആരാധനാ സംഗീതത്തിന് പ്രാമുഖ്യം നൽകിക്കൊണ്ട് രൂപീകരിച്ച ക്വയർ സ്തുത്യർഹമായി പ്രവർത്തിക്കുന്നു. തുടക്കത്തിൽ ഇടവകയുടെ പ്രവർത്തനത്തിന് നേതൃത്വം നൽകിയ മാർ ഗ്രീഗോറിയോസ് മഹാ ഇടവക വികാരി റവ. ഫാ. ജോജി ജോർജ്ജ്, ഈ ഇടവകയുടെ വികാർ ഇൻ–ചാർജ്ജായിരുന്ന റവ. ഫാ. ബിനു ജോൺ തോമസ്സ് എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു. കഴിഞ്ഞ നവംബർ 1–ാം തീയതി മുതൽ ഇടവകയുടെ മുഴുവൻ സമയ വികാരിയായി റവ. ഫാ. ജോർജ്ജ് വർഗ്ഗീസ് ചാർജ്ജ് എടുക്കുകയും ഇടവകയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ സ്തുത്യർഹമായ നേതൃത്വം നൽകുകയും ചെയ്യുന്നു. ട്രസ്റ്റി ശ്രീ. പി.സി. ചെറിയാൻ, സെക്രട്ടറി ശ്രീ. കെ.സി. തോമസ്സ് എന്നിവരുടെ നേതൃത്വത്തിൽ 14 അംഗ കമ്മിറ്റി ഇടവകയുടെ മുന്നോട്ടുള്ള പ്രവർത്തനത്തിന് ചുക്കാൻ പിടിക്കുന്നു. ഈ ഇടവകയിലെ സീനിയർ അംഗവും ഇടവക രൂപകരണത്തിന് മുൻപന്തിയിൽ നിന്നവരിലൊരാളുമായ ശ്രീ. മാത്യു നൈനാൻ ഭദ്രാസന കൗൺസിലിലും ശ്രീ. ബാബു വർഗ്ഗീസ് ഭദ്രാസന അസംബ്ലിയിലും അംഗങ്ങളായി പ്രവർത്തിക്കുന്നു.

ഈ ഇടവകയുടെ പ്രഥമ പെരുന്നാളും, കൺവൻഷനും ഫുഡ് ഫെസ്റ്റിവലും ജനുവരി 10 മുതൽ 16 വരെ വിവിധ പരിപാടികളോടെ കൊണ്ടാടുന്നു. മുംബൈ ഭദ്രാസന മെത്രാപ്പോലീത്ത **അഭി. ഗീവർഗ്ഗീസ് മാർ കൂറീലോസ് തിരുമേനി** ഈ വർഷത്തെ പെരുന്നാൾ ശുശ്രൂഷകൾക്ക് പ്രധാന കാർമ്മികത്വം വഹിക്കുന്നു. വചന ശുശ്രൂഷക്ക് **റവ. ഫാ. ടൈറ്റസ് ജോൺ കൊട്ടാരക്കര** നേതൃത്വം നൽകും. പ. ദൈവമാതാവിന്റെ മദ്ധ്യസ്ഥത നമുക്ക് കാവലും കോട്ടയുമായിരിക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

പ്രോഗ്രാം

10-01-2015 Saturday
- **6.30 am** പ്രഭാത നമസ്ക്കാരം, വി. കുർബ്ബാന
- **9.30 am** കൊടിയേറ്റ്

11-01-2015 Sunday to 13-01-2015 Tuesday
- **7.30 pm** സന്ധ്യാ നമസ്ക്കാരം, ഗാനശുശ്രൂഷ, വചനശുശ്രൂഷ

14-01-2015 Wednesday
- **7.00 pm** സന്ധ്യാ നമസ്ക്കാരം, വി. കുർബ്ബാന, വചനശുശ്രൂഷ

15-01-2015 Thursday
- **7.30pm** സന്ധ്യാ നമസ്ക്കാരം, ഗാനശുശ്രൂഷ വചന ശുശ്രൂഷ, റാസ, ആശീർവാദം

16-01-2015 Friday
- **6.30 am** പ്രഭാത നമസ്ക്കാരം, വി. കുർബ്ബാന (പ്രധാന കാർമ്മികൻ: **അഭി. ഗീവർഗ്ഗീസ് മാർ കൂറീലോസ് തിരുമേനി**)
- **9.30 am** നേർച്ച വിളമ്പ്, പൊതുസമ്മേളനം, ആത്മീയ സംഘടനകളുടെ കലാപരിപാടികൾ (ഉദ്ഘാടനം: **ക്യാപ്റ്റൻ രാജു**)

ഫുഡ് ഫെസ്റ്റിവൽ, ആദ്യഫല ശേഖരണവും ലേലവും

THE MALANKARA SABHA,
CATHOLICATE ARAMANA, KOTTAYAM-686 004
Published on 10/January/2015

RNI No. 3076/1948, Reg. No. KL/KTM/ 39/2015-17
[redacted]
Licensed to Post [redacted]

PRINTED AND PUBLISHED BY FR. DEEPU PHILIP, CATHOLICATE ARAMANA, DEVALOKAM ON BEHALF OF ORTHODOX VISWASA PARIPALANA SAMITHY, DEVALOKAM, KOTTAYAM. AND PRINTED AT CATHOLICATE PRESS, DEVALOKAM KOTTAYAM AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004, CHIEF EDITOR FR. JOHN THOMAS KARINGATTIL

Rs. 15/-